# ഹയർ സെക്കണ്ടറി തുല്യത കോഴ്സ്

**(HIGHER SECONDARY EQUIVALENCY COURSE)**

ഒന്നാം വർഷം

(FIRST YEAR)

XI

# ചരിത്രം

**(HISTORY)**

## സ്വയംപഠന സാമഗ്രി

(SELF - LEARNING MATERIAL)


കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

Department of General Education

തയാറാക്കിയത്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2020

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും. ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by:*

**Kerala State Literacy Mission Authority (KSLMA)**

'Aksharam', Near Pettah Govt. Boys HSS, Pettah P.O., Thiruvananthapuram-24
Ph: Off. (0471) 2472253/2472254 Tele-Fax : (0471) 2462252)
E-mail : info.kslma@kerala.gov.in, Web: www.literacymissionkerala.org.

**State Council of Educational Research and Training (SCERT)**

Poojappura, Thiruvananthapuram-695012, Kerala
Website: www.scertkerala.gov.in e-mail: scertkerala@gmail.com
Phone: 0471 - 234183, Fax : 0471 - 234869

| | | |
|---|---|---|
| First Edition | : | 2015 |
| Second Edition | : | 2018 |
| Third Edition | : | 2018 |
| Fourth Edition | : | 2020 |
| Typesetting & Layout | : | KSLMA |
| Cover design | : | KSLMA |
| Printed at | : | |
| Price | : | **Rs. 80.00** |

(C) Department of Education, Government of Kerala

# ആമുഖം

*പ്രിയ പഠിതാക്കളേ,*

*ചരിത്ര രചനയിലൂടെയും ചരിത്രം പഠിക്കുന്നതിലൂടെയും മനുഷ്യന്റെ കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ചും നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവയെക്കുറിച്ചും നമുക്ക് അറിയാൻ കഴിയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ വർത്തമാനകാല ജീവിതത്തെ രൂപപ്പെടുത്തുകയും ഭാവി പ്രവർത്തനത്തിനുള്ള കാഴ്ചപ്പാട് വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ചരിത്രബോധമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിലൂടെ മാത്രമെ സാമൂഹികബോധവും ജനാധിപത്യബോധവുമുള്ള ഒരു തലമുറയെ രൂപപ്പെടുത്താൻ നമുക്ക് കഴിയുകയുള്ളൂ.*

*കേരളത്തെയും ഇന്ത്യയെയും ലോകത്തെയും സംബന്ധിച്ച് നിരവധി ചരിത്ര വസ്തുതകൾ നിങ്ങൾപരിചയപ്പെട്ടിട്ടുണ്ട്. ആദിമ മനുഷ്യന്റെ ആവിർഭാവം മുതൽ ആധുനികലോകം വരെയുള്ള ലോകചരിത്രവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളാണ് XI-ാം ക്ലാസ്സിലെ ചരിത്ര "സ്വയംപഠന സാമഗ്രി"യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പലതും മുൻ ക്ലാസ്സുകളിൽ പഠിച്ചതിന്റെ തുടർച്ചയോ വളർച്ചയോ ആണ്. പ്രാദേശികവും തദ്ദേശിയവുമായ ചരിത്ര വസ്തുതകളുമായി ബന്ധപ്പെടുത്തി അന്വേഷണാത്മകവും ഗവേഷണാത്മകവുമായ ഒരു പഠന രീതി നിങ്ങൾ സ്വയം പഠനത്തിനായി അവലംബിക്കേണ്ടതായുണ്ട്. ചരിത്രപഠനം കൂടുതൽ സർഗാത്മകവും ആകർഷകവുമാക്കാൻ ഈ സ്വയംപഠന സാമഗ്രി നിങ്ങൾ പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷക്കട്ടെ.*

ആശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51. ക. മൗലിക കർത്തവ്യങ്ങൾ– താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്.**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക.

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക.

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

(ഘ) രാജ്യത്തെ കാത്തു സൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദ വും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

(ച) നമ്മുടെ സംസ്കാര സമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം നിലനിർത്തുകയും ചെയ്യുക.

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നത തലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിന്നാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടികൾക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

## പഠിതാക്കളോട്

നവസാക്ഷരർ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ തുടങ്ങി ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാതെ പോയവർക്ക് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ തുടർപഠനത്തിന് കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി അവസരം നൽകിവരുന്നു. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 1998ൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടികളിൽ ശ്രദ്ധേയവും ജനകീയവുമാണ് തുല്യതാ പരിപാടി. നാലാംതരം, ഏഴാംതരം, പത്താംതരം തുല്യതയിലൂടെ വിജയിച്ച ആയിരക്കണക്കിനാളുകൾക്ക് ഉപരിപഠനത്തിനും ഔദ്യോഗിക സ്ഥാനക്കയറ്റത്തിനും ഈ പദ്ധതി സഹായകമായിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണമായി ലഭിക്കാത്തവരും പല കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും ജീവിതോപാധിയെന്ന നിലയിൽ വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ് തുല്യതാ പഠനത്തിലെ ബഹുഭൂരിപക്ഷം പഠിതാക്കളും. മറ്റ് പാഠപുസ്തകങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്വയം പഠനസാമഗ്രികളാണ് സാക്ഷരതാ മിഷൻ തയാറാക്കിയിട്ടുള്ളത്. അവരുടെ അനുഭവങ്ങളും അറിവും പരിഗണിച്ചുകൊണ്ട്, ജീവിതത്തെ ആഴത്തിൽ മനസ്സിലാക്കാനും വസ്തുനിഷ്ഠമായി സമീപിക്കാനും കഴിയുന്ന പഠനരീതിയാണ് സ്വയംപഠനസാമഗ്രികളിൽ സ്വീകരിച്ചുവരുന്നത്.

ഹയർസെക്കണ്ടറി തുല്യതാ കോഴ്സിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക് സഹകരണത്തോടെ, പരിചയസമ്പന്നരായ അധ്യാപകരുടെയും അനൗപചാരിക വിദ്യാഭ്യാസവിദഗ്ധരുടെയും മേൽനോട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മുതിർന്നവരുടെ ബോധനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിരവധി ശില്പശാലകളിലൂടെയാണ് പഠനസാമഗ്രികൾ തയാറാക്കിയിട്ടുള്ളത്. സ്ഥിതിസമത്വം, സാമൂഹിക നീതി, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയ മൂല്യങ്ങൾ ഉറപ്പിക്കുക, തൊഴിൽ സംരംഭകത്വശേഷിക്ക് സഹായകമായ നേതൃപാടവം, ആശയവിനിമയശേഷി, സംഘാടക നൈപുണി തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുക എന്നിവ പഠനത്തിന്റെ ലക്ഷ്യമാണ്. പരീക്ഷാ നടത്തിപ്പ്, മൂല്യനിർണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഹയർസെക്കണ്ടറി ഡയറക്ടറേറ്റാണ് നിർവഹിക്കുന്നത്.

കേരളത്തിന് പുറമേ ലക്ഷദ്വീപിലും ഗൾഫ് നാടുകളിലും മലയാളികൾ ഉള്ള ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലും ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് ആരംഭിക്കും. പത്താംതരം തുല്യതാ കോഴ്സ് വിജയിച്ച മുഴുവൻ പഠിതാക്കൾക്കും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താംതരം വിജയിച്ച് 22 വയസ്സ് പൂർത്തിയായവർക്കും ഹയർസെക്കണ്ടറി തുല്യതാ കോഴ്സിൽ ചേർന്ന് പഠിക്കാവുന്നതാണ്.

അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ കേരളസമൂഹത്തിന്റെ സമഗ്രപുരോഗതിക്കും നവകേരള സൃഷ്ടിക്കും അവസരമൊരുക്കുന്ന കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയോടൊപ്പം തുടർന്നും സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. പി.എസ്. ശ്രീകല**
ഡയറക്ടർ
കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# സ്വയംപഠന സാമഗ്രി നിർമ്മാണ ശില്പശാലയിൽ പങ്കെടുത്തവർ

### അധ്യാപകർ

| | |
|---|---|
| 1. അബ്ദുൽ അസീസ്.വി.പി | വി.പി.കെ.എം.എം.എച്ച്.എസ്.എസ്, പുതൂർ, മലപ്പുറം |
| 2. ഡോ. രമാദേവി.ബി | റിട്ട.പ്രൊഫ. എം.ജി.കോളേജ്, തിരുവനന്തപുരം |
| 3. ഡോ. ഉഷ കുമാരി.കെ.ആർ | റിട്ട.പ്രൊഫ. എൻ.എസ്.എസ്.കോളേജ്,തിരുവനന്തപുരം |
| 4. ഡോ ഉദയകുമാരി.എസ് | റിട്ട. പ്രൊഫ.എസ്.എൻ. കോളേജ്, കൊല്ലം |
| 5. പ്രൊഫ. രമ രാജൻ | റിട്ട. പ്രൊഫ.എസ്.എൻ. കോളേജ്, കൊല്ലം |
| 6. യൂസഫ് കുമാർ.എസ്സ്.എം | ജി.എം.ബി.എച്ച്.എസ്.എസ്, ആറ്റിങ്ങൽ |
| 7. സജീവ് കുമാർ. | ജി.ജി.എച്ച്.എസ്.എസ്, കന്യാകുളങ്ങര, തിരുവനന്തപുരം |
| 8. ജ്യോതിഷ് കുമാർ.ബി | എം.ജി.എച്ച്.എസ്.എസ്, ഇടത്തറ, പത്തനാപുരം. |

### വിദഗ്ധ സമിതി

| | |
|---|---|
| ലുക്മാനുൽ ഹക്കീം.കെ | അസി.പ്രൊഫ., മഹാരാജാസ് കോളേജ്,എറണാകുളം |
| വിക്രമൻ നായർ.കെ | റിട്ട.ഹയർസെക്കണ്ടറി പ്രിൻസിപ്പൽ<br>എസ്സ്.എം.വി.എച്ച്.എസ്സ്.എസ്സ്, തിരുവനന്തപുരം |

### അക്കാദമിക് ചുമതല

**മനോജ്.കെ.വി** — റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

### സാങ്കേതിക സഹായം

**ഡോ.വി.രഘു** — പ്രൊഫസർ & ഡീൻ (റിട്ട.)
RGNIYD ഗവൺമെന്റ് ഓഫ് ഇന്ത്യ

### കോർഡിനേഷൻ

**കെ.അയ്യപ്പൻ നായർ** — അസി.ഡയറക്ടർ (തുല്യത & അക്കാദമിക്)
സംസ്ഥാന സാക്ഷരതാമിഷൻ

### കോർഡിനേഷൻ സഹായം

| | |
|---|---|
| **റിയാന അൻസാരി** | പ്രോഗ്രാം ഓഫീസർ, സംസ്ഥാന, സാക്ഷരതാമിഷൻ |
| **ബീന.എ.ആർ** | പ്രോഗ്രാം ഓഫീസർ, സംസ്ഥാനസാക്ഷരതാമിഷൻ |
| **എം.എം.ഷറഫുദീൻ** | കോർഡിനേറ്റർ(തുല്യത), സംസ്ഥാന സാക്ഷരതാമിഷൻ |

# ഉള്ളടക്കം

1. ആദ്യകാല സമൂഹങ്ങൾ ........ 9–21

2. റോമാസാമ്രാജ്യം ........ 22–33

3. മധ്യപൗരസ്ത്യ ദേശത്തെ ഇസ്ലാം ........ 34–53

4. മംഗോളിയൻ സാമ്രാജ്യം ........ 54–63

5. ഫ്യൂഡലിസം ........ 64–78

6. നവോത്ഥാനം ........ 79–89

7. അധിനിവേശവും ചെറുത്തു നിൽപ്പും ........ 90–101

8. വ്യവസായ വിപ്ലവം ........ 102–112

9. ആധുനികതയിലേക്ക് ........ 113–121

10. യുദ്ധവും സമാധാനവും ........ 122–132

1

# ആദ്യകാല സമൂഹങ്ങൾ

## ആമുഖം

മനുഷ്യപരിണാമത്തിന്റെ വിവിധഘട്ടങ്ങൾ, ആദിമ മനുഷ്യന്റെ ജീവിതസവിശേഷതകൾ, ലോകത്തിലെ ആദ്യത്തെ നാഗരിക സംസ്കാരമായ മെസൊപ്പൊട്ടാമിയയിലെ നഗരജീവിതം, നഗരജീവിതത്തിൽ എഴുത്തുവിദ്യയ്ക്കുള്ള പ്രാധാന്യം എന്നിവയാണ് ഈ പാഠഭാഗത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്. മനുഷ്യ പരിണാമത്തിന്റെ ഓരോഘട്ടത്തിലുമുണ്ടായ മാറ്റങ്ങളും അവയുടെ കാലഘട്ടവും തിരിച്ചറിയാൻ ഇത് പഠിതാവിനെ സഹായിക്കും. ആദിമമനുഷ്യൻ ഭക്ഷണം ശേഖരിച്ച രീതികൾ, അവരുടെ വാസസ്ഥലം, ഉപകരണങ്ങളുടെ നിർമ്മാണത്തിലും ഉപയോഗത്തിലുമുണ്ടായ പുരോഗതി, സംസാരഭാഷയുടെ വികാസം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ പഠിതാവിലുണ്ടാക്കാൻ ഈ പാഠഭാഗത്തിന് കഴിയും. ആദിമ മനുഷ്യന്റെ ജീവിതത്തെയും ആദിമ മനുഷ്യനിൽ നിന്നും ഇന്നത്തെ മനുഷ്യനിലേക്കുള്ള പരിണാമത്തെയും കുറിച്ചറിയുന്നതും വിശകലനം ചെയ്യുന്നതും ചരിത്രപഠനത്തിൽ പരമപ്രധാനമാണ്.

## പഠനനേട്ടങ്ങൾ

- മനുഷ്യപരിണാമത്തിന്റെ വിവിധ ഘട്ടങ്ങൾ പട്ടികപ്പെടുത്തുന്നു.
- ആദിമമനുഷ്യന്റെ ജീവിതരീതികൾ വിശകലനം ചെയ്യുന്നു.
- മെസൊപ്പൊട്ടാമിയയിലെ നഗരജീവിതത്തെ വിശദമാക്കുന്നു.
- നഗരജീവിതത്തിൽ എഴുത്തുവിദ്യയുടെ പ്രാധാന്യം തിരിച്ചറിയുന്നു.
- ആദിമമനുഷ്യന്റെ ജീവിതത്തെയും അതിന്റെ പുരോഗതിയെയും വിലമതിക്കുന്നു.



പാഠഭാഗത്ത് തന്നിട്ടുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ. അവ പ്രാചീന മനുഷ്യന്റെ ചിത്രങ്ങളാണ്. ഈ അവസ്ഥയിൽ നിന്നും ഇന്നത്തെ മനുഷ്യനിലേക്കുള്ള മാറ്റം എങ്ങനെയായിരുന്നുവെന്ന് ചിന്തിച്ചിട്ടുണ്ടോ? അത് എങ്ങനെയായിരുന്നുവെന്ന് നോക്കാം.

ഇന്നേക്ക് ഏകദേശം 36 ദശലക്ഷം വർഷങ്ങൾക്കു മുൻപാണ് ഭൂമിയിൽ മനുഷ്യന്റെ ആവിർഭാവം ഉണ്ടായത്. ആദ്യകാല മനുഷ്യർ പ്രൈമേറ്റുകൾ എന്നാണ് അറിയപ്പെട്ടത്. പ്രൈമേറ്റുകൾക്ക് ശേഷം ആവിർഭവിച്ച മനുഷ്യർ ഹൊമിനോയിഡുകൾ എന്നറിയപ്പെട്ടു. 24 ദശലക്ഷം വർഷങ്ങൾക്കു മുൻപാണ് അവർ രൂപം കൊണ്ടത്. അവർ നാലുകാലുകളിലാണ് നടന്നത്. അടുത്തതായി രൂപംകൊണ്ട വിഭാഗം ഹൊമിനിഡുകൾ എന്നറിയപ്പെട്ടു. 5.6 ദശലക്ഷം വർഷങ്ങൾക്കു മുൻപാണ് അവർ രൂപം കൊണ്ടത്. ഹൊമിനിഡുകൾക്ക് ഹൊമിനോയിഡുകളിൽ നിന്നും നിരവധി വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അവയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു.

- വലിപ്പം കൂടിയ തലച്ചോർ
- ചുരുങ്ങിയ താടിയെല്ല്
- ചെറിയ പല്ലുകൾ
- ഇരുകാലുകളിലും നിവർന്നു നടന്നു

**1. ഹൊമിനിഡുകളും ഹൊമിനോയിഡുകളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?**

ഹൊമിനിഡുകളെ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവ ആസ്ട്രലോപിത്തേക്കസ്, ഹോമോ എന്നിങ്ങനെ അറിയപ്പെട്ടു.

| ആസ്ട്രലോപിത്തേക്കസ് | ഹോമോ |
|---|---|
| 5.6 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ഉത്ഭവിച്ചു | 2.5 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ഉത്ഭവിച്ചു. |
| ചെറിയ തലച്ചോറ് | വലിയ തലച്ചോറ് |
| ഉന്തിയ താടി | ചുരുങ്ങിയ താടി |
| വലിയ പല്ലുകൾ | ചെറിയ പല്ലുകൾ |

ഹോമോയെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ മൂന്നായി തരം തിരിച്ചിരിക്കുന്നു.

| ഹോമോ വിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| ഹോമോ ഹബിലിസ് | ഉപകരണ നിർമാതാവ് |
| ഹോമോ ഇറക്ടസ് | നിവർന്നു നടക്കുന്നയാൾ |
| ഹോമോ സാപ്പിയൻസ് | വിവേകിയായ മനുഷ്യൻ |

**2. മനുഷ്യന്റെ പരിണാമത്തിന്റെ വിവിധഘട്ടങ്ങൾ, അവയുടെ കാലം, സവിശേഷതകൾ എന്നിവ പട്ടികപ്പെടുത്തുക.**

## ആദിമമനുഷ്യജീവിതം

ആദിമ മനുഷ്യൻ ഭക്ഷണം നേടിയിരുന്നതെങ്ങനെയെന്നും താമസിച്ചിരുന്നത് എവിടെയായിരുന്നുവെന്നും എന്തെല്ലാം ഉപകരണങ്ങളും ആയുധങ്ങളും ഉണ്ടാക്കിയിരുന്നുവെന്നും എങ്ങനെയാണ് ആശയവിനിമയം നടത്തിയിരുന്നതെന്നും പരിശോധിക്കാം.

**ഭക്ഷണം നേടിയിരുന്ന മാർഗങ്ങൾ:-**

വേട്ടയാടിയും ചത്ത ജീവികളുടെ മാംസമെടുത്തും മത്സ്യബന്ധനം നടത്തിയുമാണ് ആദിമമനുഷ്യർ ഭക്ഷണം നേടിയിരുന്നത്. വിത്തുകൾ, കുരുവുകൾ, കിഴങ്ങുകൾ, പഴങ്ങൾ തുടങ്ങിയവയാണ് ശേഖരിച്ച് ഭക്ഷിച്ചിരുന്നത്. സ്വാഭാവികമായി ചത്തുപോയതോ

അല്ലെങ്കിൽ മറ്റ് മൃഗങ്ങൾ കൊന്നതോ ആയ മൃഗങ്ങളുടെ മാംസവും മജ്ജയും അവർ ഭക്ഷിച്ചിരുന്നു. ഇന്നേക്ക് ഏകദേശം 500,000 വർഷങ്ങൾക്ക് മുൻപാണ് മനുഷ്യൻ വേട്ടയാടൽ ആരംഭിച്ചത്. മത്സ്യബന്ധനത്തിനും ആദിമമനുഷ്യൻ പ്രാധാന്യം കൽപ്പിച്ചിരുന്നുവെന്ന് കണ്ടെടുത്തിട്ടുള്ള മത്സ്യങ്ങളുടെ എല്ലുകളിൽ നിന്നും മനസിലാക്കാം.

**വാസസ്ഥലങ്ങൾ:-**

ഭക്ഷ്യവിഭവങ്ങൾ ധാരാളമായി ഉണ്ടായിരുന്ന സ്ഥലങ്ങളിലാണ് ആദിമമനുഷ്യന്റെ അധിവാസം കൂടുതലായി ഉണ്ടായിരുന്നത്. ആദിമമനുഷ്യൻ ആദ്യം മരച്ചില്ലകളിലാണ് കൂടുതൽ സമയവും ചെലവഴിച്ചിരുന്നത്. ഏകദേശം 400,000 വർഷങ്ങൾക്ക് മുൻപ് ഗുഹകളും, തുറസ്സായസ്ഥലങ്ങളും വാസസ്ഥലങ്ങളായി ഉപയോഗിക്കാൻ തുടങ്ങി.

**തീയുടെ ഉപയോഗം:-**

പല സ്ഥലങ്ങളിലും ഗുഹകൾക്കുള്ളിൽ അടുപ്പുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് ആദിമ മനുഷ്യൻ തീ ഉപയോഗിച്ചിരുന്നു എന്നതിനുള്ള തെളിവാണ്. തീ ഗുഹക്കുള്ളിൽ പ്രകാശവും ചൂടും നൽകി. തീ ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യാനും കഴിഞ്ഞു. ഇവയ്ക്കു പുറമേ ശിലായുധങ്ങൾ രൂപപ്പെടുത്താനും വന്യജീവികളെ ആട്ടിയോടിക്കാനും ആദിമ മനുഷ്യനെ സഹായിച്ചു.



*പ്രാചീനകാലഘട്ടത്തിലെ ഉപകരണങ്ങൾ*

മനുഷ്യന്റെ ശിലായുധങ്ങളുടെ നിർമ്മാണത്തിനും ഉപയോഗത്തിനുമുള്ള ആദ്യ തെളിവുകൾ എത്യോപ്യയിൽ നിന്നും കെനിയയിൽ നിന്നുമാണ് ലഭിച്ചത്. ആദ്യത്തെ ശിലായുധ നിർമാതാക്കൾ ആസ്ട്രലോപിത്തേക്കസ് ആയിരുന്നു. ഏകദേശം 35,000 വർഷങ്ങൾക്കു മുൻപ് ഉപകരണ നിർമാണത്തിലും, മൃഗങ്ങളെ കൊല്ലുന്ന രീതിയിലും പുരോഗതിയുണ്ടായി. മൃഗങ്ങൾക്ക് നേരെ എറിയാൻ കഴിയുന്ന കുന്തങ്ങൾ, അമ്പ്, വില്ല് തുടങ്ങിയവ നിർമ്മിക്കപ്പെട്ടു. ഇങ്ങനെ കിട്ടുന്ന മൃഗങ്ങളുടെ മാംസം, എല്ല് എന്നിവ നീക്കം ചെയ്ത് ഉണക്കി പുകച്ച് സൂക്ഷിക്കുന്ന രീതി ഇക്കാലത്താരംഭിച്ചു. രോമത്തോലുള്ള മൃഗങ്ങളെ പിടിച്ച് അവയുടെ രോമം ഉപയോഗിച്ച് വസ്ത്രങ്ങൾ നിർമ്മിച്ചു. തുന്നൽ സൂചിയുടെ കണ്ടുപിടുത്തം ഇക്കാലത്തെ ശ്രദ്ധേയമായ പുരോഗതിയായിരുന്നു. ഉളി പോലുള്ള ആയുധങ്ങൾ നിർമ്മിക്കുകയും അവ ഉപയോഗിച്ച് എല്ലുകളിലും, മാനുകളുടെയും ആനകളുടെയും കൊമ്പിലും മരത്തിലും കൊത്തുപണികൾ ചെയ്യുകയും ചെയ്തു.

## ആശയവിനിമയ രീതികൾ

ഭാഷയുടെ വികാസത്തെ സംബന്ധിച്ച് നിരവധി അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. ഹൊമിനിഡുകൾ ആംഗ്യഭാഷയാണ് ആദ്യം ഉപയോഗിച്ചിരുന്നത്.

- സംസാരഭാഷയ്ക്കുമുമ്പ് ശബ്ദങ്ങൾകൊണ്ടാണ് ആശയവിനിമയം നടത്തിയിരുന്നത്.
- പ്രൈമേറ്റുകളുടെ ശബ്ദങ്ങൾ പുറപ്പെടുവിക്കലിൽ നിന്നാണ് സംസാര ഭാഷ ഉത്ഭവിച്ചത്.
- സംസാരം സാധ്യമാക്കുന്ന ചില സവിശേഷതകൾ ഹോമോഹബിലിസിന്റെ തലച്ചോറിന് ഉണ്ടായിരുന്നു. അതിനാൽ 2 ദശലക്ഷം വർഷങ്ങൾക്കു മുൻപാണ് സംസാരഭാഷ ആവിർഭവിച്ചത് എന്നു കരുതുന്നു.
- ശബ്ദപഥ (Vocal tract)ത്തിന്റെ വികാസം മനുഷ്യനിലുണ്ടായത് 200,000 വർഷങ്ങൾക്കുമുമ്പാണ്. അതിനാൽ ഈ കാലഘട്ടത്തിലാണ് സംസാര ഭാഷ ഉത്ഭവിച്ചത്.
- ഇന്നേക്ക് ഏകദേശം 400,000 വർഷങ്ങൾക്കുമുമ്പ് കലയുടെവികാസത്തോടൊപ്പമാകാം ഭാഷ വികസിച്ചു വന്നത്.

സ്പെയിനിലെ അൾട്ടാമിറ ഗുഹയിൽ നിന്നും, ഫ്രാൻസിലെ ലസ്കോ, ഷോവെ ഗുഹകളിൽനിന്നും നിരവധി ഗുഹാചിത്രങ്ങൾ കണ്ടെടുത്തിട്ടുണ്ട്. കാട്ടുപോത്ത്, കുതിര, മാൻ, സിംഹം, കരടി, പുള്ളിപ്പുലി തുടങ്ങിയവയുടെ ചിത്രങ്ങളാണ് അതിലുള്ളത് ഈ ചിത്രങ്ങൾ ഏകദേശം 30,000 വർഷങ്ങൾക്കു മുൻപുള്ളതാണ്.

**3. പ്രാചീന ഗുഹകളിലെ ചിത്രങ്ങൾ മൃഗങ്ങളുടേത് ആയത് എന്തുകൊണ്ട്?**

മനുഷ്യനെക്കുറിച്ച് പഠിക്കുന്ന രണ്ട് ശാസ്ത്രശാഖകളാണ് നരവംശശാസ്ത്രവും വംശീയശാസ്ത്രവും.

### നരവംശ ശാസ്ത്രം (Anthropology)

മനുഷ്യസംസ്കാരത്തെയും പരിണാമത്തിന്റെ വിവിധ ഘട്ടങ്ങളെയും ആ കാലത്തു നേടിയ വിവിധ പുരോഗതികളെയും കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ.

### വംശീയശാസ്ത്രം (Ethnography)

സമകാലികവംശീയ വിഭാഗങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ. അവരുടെ ജീവസന്ധാരണരീതികൾ, സാങ്കേതികവിദ്യ, സ്ത്രീയുടെയും പുരുഷന്റെയും ധർമ്മങ്ങൾ, ആചാരങ്ങൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുന്നു.

ഏകദേശം 10,000വർഷങ്ങൾക്കുമുൻപ് മനുഷ്യൻ മൃഗങ്ങളെ ഇണക്കി വളർത്താനും കൃഷി ചെയ്യാനും പഠിച്ചു. ഏകദേശം 4500 വർഷങ്ങൾക്കുമുൻപ് ഇവ കൂടുതൽ വ്യാപിച്ചു. ഭക്ഷണം ശേഖരിച്ചിരുന്ന മനുഷ്യൻ ഭക്ഷ്യോൽപ്പാദനം ആരംഭിച്ചത് മനുഷ്യചരിത്രത്തിലെ ശ്രദ്ധേയമായ വഴിത്തിരിവായിരുന്നു. 10,000 വർഷങ്ങൾക്കു മുൻപ് കൃഷിയും

മൃഗങ്ങളെ ഇണക്കി വളർത്തലും ആരംഭിച്ച പ്രദേശമായിരുന്നു ഇന്നത്തെ ഇറാനും ഇറാക്കും അതിന്റെ സമീപപ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഫലഭൂയിഷ്ടമായ പ്രദേശം (Fertile crescent). ഇവിടെയാണ് ലോകത്തിലെ ആദ്യത്തെ നാഗരിക സംസ്കാരമായ മെസൊപ്പൊട്ടാമിയൻ സംസ്കാരം ആവിർഭവിച്ചത്.

**4. ഭക്ഷ്യോൽപ്പാദനത്തിനു മുമ്പുള്ള ആദിമ മനുഷ്യന്റെ ജീവിതം വിലയിരുത്തുക ?**


**മെസൊപ്പൊട്ടാമിയൻ സംസ്കാരം**

യൂഫ്രട്ടീസ്, ടൈഗ്രീസ് നദികൾക്കിടയിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ് മെസൊപ്പൊട്ടാമിയ. ലോകത്ത് നഗരജീവിതം ആരംഭിച്ചത് ഇവിടെയാണ്. ഇന്നത്തെ ഇറാക്ക് ഉൾക്കൊള്ളുന്ന പ്രദേശമാണിത്. നദികൾക്കിടയിലുള്ള പ്രദേശം എന്നാണ് മെസൊപ്പൊട്ടാമിയ എന്ന വാക്കിന്റെ അർഥം. ഉർ, ഉറുക്ക്, മാരി തുടങ്ങിയവ മെസൊപ്പൊട്ടാമിയയിലെ പ്രധാന നഗരങ്ങളായിരുന്നു. നാഗരിക സംസ്കാരത്തിന്റെ ആവിർഭാവത്തിന് അവിടത്തെ ഭൂമിശാസ്ത്രം പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

*മെസൊപ്പൊട്ടാമിയയിലെ ജനങ്ങൾ പ്രധാനമായും വെങ്കലം കൊണ്ടുള്ള ഉപകരണങ്ങളും ആയുധങ്ങളുമാണ് ഉപയോഗിച്ചത്. ചെമ്പിന്റെയും വെളുത്തീയത്തിന്റെയും മിശ്രിതമാണ് വെങ്കലം. ഇവിടത്തെ നഗരങ്ങൾ ഉയർന്നുവന്നത് വെങ്കലം ഉപയോഗിച്ച കാലഘട്ടത്തിലാണ്. അതിനാൽ മെസൊപ്പൊട്ടാമിയൻ സംസ്കാരം വെങ്കലയുഗ സംസ്കാരം എന്നറിയപ്പെടുന്നു.*




*മെസൊപ്പൊട്ടാമിയയുടെ ഭൂമിശാസ്ത്രം കാണിക്കുന്ന ഭൂപടം*




പുൽമേടുകളിലും സമതലങ്ങളിലും മലഞ്ചെരുവുകളിലും മേഞ്ഞുനടന്ന ആടുകൾ, ചെമ്മരിയാടുകൾ എന്നിവയിൽ നിന്നും മാംസവും പാലും കമ്പിളിരോമവും ലഭിച്ചു.

- നദികളിൽനിന്ന് മത്സ്യം ധാരാളമായി ലഭിച്ചു.
- വേനൽക്കാലത്ത് ഈന്തപ്പനകളിൽ നിന്ന് പഴങ്ങൾ ലഭിച്ചു.

**5. മെസൊപ്പൊട്ടാമിയയിൽ ഒരു നാഗരിക സംസ്കാരം വളർന്നു വന്നതിൽ അവിടുത്തെ ഭൂമിശാസ്ത്രം വഹിച്ച പങ്ക് പരിശോധിക്കുക.**

**നഗരജീവിതം:-**

ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ സമ്പന്നമായിരുന്നുവെങ്കിലും ധാതുവിഭവങ്ങളിൽ മെസൊപ്പൊട്ടാമിയ പിന്നിലായിരുന്നു. അതിനാൽ അവർ തങ്ങളുടെ കൈവശമുള്ള തുണിത്തരങ്ങൾ, കാർഷികോൽപ്പന്നങ്ങൾ എന്നിവ നല്കി പകരമായി ഇറാൻ, തുർക്കി എന്നിവിടങ്ങളിൽ നിന്നും തങ്ങൾക്കാവശ്യമായ തടി, ചെമ്പ്, വെള്ളി, സ്വർണം, ചിപ്പി, വിവിധതരം കല്ലുകൾ എന്നിവ വാങ്ങി. ദക്ഷിണ മെസൊപ്പൊട്ടാമിയയിലെ ജനങ്ങളാണ് ഇത്തരം വിനിമയങ്ങളിൽ മുന്നിട്ടു നിന്നത്. ദക്ഷിണ മെസൊപ്പൊട്ടാമിയയിലെ നദികളും കനാലുകളും കച്ചവടത്തിനനുകൂലമായ ഗതാഗത സൗകര്യമൊരുക്കി. യൂഫ്രട്ടീസ് നദിയായിരുന്നു അതിൽ സുപ്രധാനം.

**6. മറ്റു പ്രദേശങ്ങളുമായുള്ള ഉൽപ്പന്നങ്ങളുടെ വിനിമയത്തിൽ ദക്ഷിണ മെസൊപ്പൊട്ടാമിയയിലെ ജനങ്ങൾ മുന്നിട്ട് നിന്നത് എന്തുകൊണ്ടാവാം?**

ബി. സി. 5000 മുതൽ ദക്ഷിണ മെസൊപ്പൊട്ടാമിയയിൽ മനുഷ്യാധിവാസ കേന്ദ്രങ്ങൾ വികസിച്ചുവന്നു. ഇവ പിന്നീട് നഗരങ്ങളായി മാറി. മൂന്നുതരം നഗരങ്ങളാണ് പ്രധാനമായും ഉണ്ടായിരുന്നത്.

- ക്ഷേത്രങ്ങൾക്കു ചുറ്റുമായി വളർന്നുവന്ന നഗരങ്ങൾ
- വ്യാപാരകേന്ദ്രങ്ങളായി വളർന്നുവന്ന നഗരങ്ങൾ
- രാജകീയനഗരങ്ങൾ

ആരാധനയുടെ കേന്ദ്രബിന്ദു ദൈവമായിരുന്നു. കൃഷിപ്പാടങ്ങൾ, മത്സ്യബന്ധനം, ഇടയസമൂഹം എന്നിവയുടെയെല്ലാം ഉടമ തത്ത്വത്തിൽ ദൈവമായിരുന്നു. പ്രകൃതിദത്തമായ ഫലഭൂയിഷ്ടി ഉണ്ടായിരുന്നുവെങ്കിലും കൃഷി ചില പ്രതിബന്ധങ്ങൾ നേരിട്ടു. യൂഫ്രട്ടീസ് നദിയിലെ വെള്ളപ്പൊക്കം, യൂഫ്രട്ടീസിന്റെ കൈവഴികൾ ഗതിമാറിയൊഴുകുന്നത്, മുകൾഭാഗത്ത് താമസിക്കുന്നവർ നദീജലത്തെ തങ്ങളുടെ പാടത്തേക്ക് വഴിതിരിച്ചു വിടുന്നത്, കൈവഴികളിലെ എക്കൽമണ്ണ് നീക്കം ചെയ്യാത്തത് തുടങ്ങിയവയായിരുന്നു അവ. ഇതിൽ മനുഷ്യൻ സൃഷ്ടിക്കന്ന തടസ്സങ്ങൾ പലപ്പോഴും യുദ്ധങ്ങൾക്കു കാരണമായി. യുദ്ധത്തിൽ വിജയിച്ച മുഖ്യന്മാർ ക്ഷേത്രങ്ങൾ മോടിപിടിപ്പിച്ചു. ഇത്തരം മുഖ്യന്മാർ അല്ലെങ്കിൽ രാജാക്കന്മാർ പിൽക്കാലത്ത് ഉയർന്നപദവിയും അധികാരവും ഉള്ളവരായി മാറി. ഇവർ വിപുലമായ സൈന്യത്തെ നിലനിറുത്തി. ഇവർ ജനങ്ങളെക്കൊണ്ടും യുദ്ധത്തിൽ പിടിക്കുന്ന തടവുകാരെക്കൊണ്ടും പണിയെടുപ്പിച്ച് ക്ഷേത്രങ്ങൾ നിർമ്മിച്ചു. മെസൊപ്പൊട്ടാമിയയിലെ പ്രധാനപ്പെട്ട ഒരു ക്ഷേത്രനഗരമായിരുന്നു ഉറുക്ക്.

ദക്ഷിണ മെസൊപ്പൊട്ടാമിയയിലെ നഗരങ്ങളിൽ ഒരു ന്യൂനപക്ഷമായ ഉയർന്ന ഭരണവർഗം സമ്പത്തിന്റെ ഭൂരിഭാഗവും കൈയ്യടക്കി. അണുകുടുംബങ്ങളാണ് അവിടെ നിലനിന്നിരുന്നത്. മെസൊപ്പൊട്ടാമിയയിലെ നഗരങ്ങൾ ആസൂത്രിതമായിരുന്നില്ല. ഉർനഗരത്തിൽ ഒരു ശ്മശാനം ഉണ്ടായിരുന്നു.

ബി.സി. 2000 ആകുമ്പോഴേക്കും രാജ്യതലസ്ഥാനമായ മാരി വികസിച്ച് വന്നു. യൂഫ്രട്ടീസ് നദിയുടെ തീരത്താണ് ഇത് സ്ഥിതി ചെയ്തിരുന്നത്. ഇവിടെ കർഷകരും ഇടയന്മാരും ജീവിച്ചിരുന്നു. അവർ തമ്മിൽ സാധനങ്ങൾ കൈമാറ്റം ചെയ്തു. അവർ തമ്മിൽ പലപ്പോഴും സംഘട്ടനങ്ങളും നടന്നിരുന്നു. വ്യാപാരത്തിന്റെ കേന്ദ്രമായിരുന്നു മാരി. സൈനികമായി ശക്തമായിരുന്നില്ലെങ്കിലും സാമ്പത്തികമായി മാരി ഉന്നത നിലയിലായിരുന്നു.

പടിഞ്ഞാറൻ മരുഭൂമിയിലെ നാടോടി സമുദായങ്ങൾ ദക്ഷിണഭാഗത്തെ കാർഷികമേഖലയിലേക്ക് കടന്നു കയറുമായിരുന്നു. ഇവർ പിന്നീട് സമ്പന്നരാവുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. അക്കാഡിയന്മാർ, അമോറൈറ്റുകൾ, അസ്സീറിന്മാർ,

അർമേനിയക്കാർ തുടങ്ങിയവർ അക്കൂട്ടത്തിൽപ്പെട്ടവരായിരുന്നു. ചുരുക്കത്തിൽ മറ്റു ജനവിഭാഗങ്ങൾക്കും സംസ്കാരങ്ങൾക്കുമായി തുറന്നിട്ടതായിരുന്നു മെസൊപ്പൊട്ടാമിയൻ സംസ്കാരം. മെസൊപ്പൊട്ടാമിയൻ ജനത മറ്റെന്തിനെക്കാളും നഗരജീവിതത്തിന് പ്രാധാന്യം നൽകിയിരുന്നു.

**7. മെസൊപ്പൊട്ടാമിയയിലെ നഗരജീവിതത്തെ ഇന്നത്തെ നഗര ജീവിതവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

**എഴുത്ത് വിദ്യയുടെ ആവിർഭാവം**

മെസൊപ്പൊട്ടാമിയയിലെ നഗരജീവിതത്തിൽ എഴുത്ത് വിദ്യക്ക് ശ്രദ്ധേയമായ സ്ഥാനമാണുള്ളത്. ബി.സി. 3200ലാണ് ആദ്യത്തെ മെസൊപ്പൊട്ടാമിയൻ ഫലകം എഴുതപ്പെട്ടത്. ഇതിൽ ചിത്രങ്ങളെപ്പോലെയുള്ള ചിഹ്നങ്ങളും അക്കങ്ങളുമാണുള്ളത്. സമൂഹത്തിന് സാധനങ്ങളുടെ വിനിമയത്തിന്റെ രേഖകൾ സൂക്ഷിക്കേണ്ടിവന്നപ്പോഴാണ് എഴുത്ത് വിദ്യ ആവിർഭവിച്ചത്. അവർ കളിമൺ പലകയിലാണ് എഴുതിയിരുന്നത്. അക്ഷരങ്ങൾക്ക് ആപ്പിന്റെ ആകൃതിയായിരുന്നു. അതിനാലത് ക്യൂണിഫോം എന്നറിയപ്പെട്ടു. ഒരു ക്യൂണിഫോം ചിഹ്നം ഒരു അക്ഷരത്തെയാണ് പ്രതിനിധാനം ചെയ്തിരുന്നത്. നനഞ്ഞ കളിമൺ ഫലകം ഉണങ്ങുന്നതിന് മുമ്പ് അറ്റം കൂർത്ത നാരായം കൊണ്ടാണ് അവർ എഴുതിയിരുന്നത്.



*ക്യൂണിഫോം ഫലകം*

**8. ക്യൂണിഫോം ഫലകങ്ങൾ ധാരാളമായി എഴുതപ്പെട്ടിരുന്നത് എന്തുകൊണ്ടായിരിക്കാം?**

എഴുത്ത് വിദ്യയുടെ ആവിർഭാവം മനുഷ്യപുരോഗതിയെ വളരെയധികം സഹായിച്ചിട്ടുണ്ട്. നഗരജീവിതവും വ്യാപാരവും, എഴുത്തുവിദ്യയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടായിരുന്നു. രാജാക്കന്മാരാണ് വ്യാപാരത്തെയും എഴുത്ത് വിദ്യയെയും നിയന്ത്രിച്ചിരുന്നത്. വിവരങ്ങൾ ശേഖരിച്ച് വയ്ക്കാനും, സന്ദേശങ്ങൾ അയക്കാനും എഴുത്ത് വിദ്യ സഹായിച്ചു. ഇതിനുപുറമേ മെസൊപ്പൊട്ടാമിയയിലെ നാഗരിക സംസ്കാരത്തിന്റെ ചിഹ്നമായിരുന്നു അവരുടെ എഴുത്ത് വിദ്യ.

## ശാസ്ത്രരംഗം

ശാസ്ത്രരംഗത്ത് മെസൊപ്പൊട്ടാമിയക്കാർ നിരവധി സംഭാവനകൾ നല്കി. അതിന് അവരെ പ്രധാനമായും സഹായിച്ചത് എഴുത്ത് വിദ്യയായിരുന്നു. ഗണിതശാസ്ത്രം, കാലം കണക്കാക്കൽ എന്നിവയിൽ അവർ ശ്രദ്ധേയമായ സംഭാവനകൾ നൽകി.

ഗുണനം, ഹരണം, ക്ഷേത്രഗണിതം, വർഗമൂലം, കൂട്ടുപലിശ എന്നിവ രേഖപ്പെടുത്തിയ ഫലകങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

ഭൂമിക്കുചുറ്റുമുള്ള ചന്ദ്രന്റെ ഭ്രമണത്തെ അടിസ്ഥാനമാക്കി അവർ ഒരു വർഷത്തെ 12 മാസങ്ങളായും ഒരു മാസത്തെ 4 ആഴ്ചകളായും ഒരു ദിവസത്തെ 24 മണിക്കൂറുകളായും ഒരു മണിക്കൂറിനെ 60 മിനിട്ടുകളായും തിരിച്ചിരുന്നു. സൂര്യഗ്രഹണത്തെയും ചന്ദ്രഗ്രഹണത്തെയും അവർ വർഷം, മാസം, ദിവസം എന്നിവയുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിരുന്നു. നക്ഷത്രങ്ങളെയും രാത്രി ആകാശത്തു കാണുന്ന നക്ഷത്ര സമൂഹങ്ങളെയും നിരീക്ഷിച്ച് അവയുടെ സ്ഥാനം രേഖപ്പെടുത്തിയിരുന്നു. ഈ നേട്ടങ്ങൾ നേടാൻ മെസൊപ്പൊട്ടാമിയക്കാരെ സഹായിച്ചത് എഴുത്ത് വിദ്യയായിരുന്നു.

**9. മെസൊപ്പൊട്ടാമിയക്കാരുടെ നേട്ടങ്ങളുടെയെല്ലാം അടിസ്ഥാനം എഴുത്ത് വിദ്യയായിരുന്നു. എന്തുകൊണ്ട്? വിശദമാക്കുക.**

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തര സൂചികകൾ

1. തലച്ചോർ, താടിയെല്ല്, പല്ലുകൾ, നിവർന്നു നടക്കൽ എന്നിവയിലെ വ്യത്യാസങ്ങൾ.
2. പ്രൈമേറ്റുകൾ-ഹൊമിനോയിഡുകൾ-ഹൊമിനിഡുകൾ-ആസ്ട്രലോപിത്തേക്കസ്-ഹോമോ -ഹോമോഹബിലിസ്-ഹോമോ ഇറക്ടസ്-ഹോമോ സാപ്പിയൻസ്.
3. മൃഗങ്ങളെ വേട്ടയാടിയിരുന്നു-മനുഷ്യരുടെ സംഗമസ്ഥലമായിരുന്നു ഗുഹകൾ.
4. ഭക്ഷണശേഖരണം-വേട്ടയാടൽ-മത്സ്യബന്ധനം-മരച്ചില്ലകളിലെയും ഗുഹകളിലെയും വാസം- ശിലായുധങ്ങളുടെ നിർമ്മാണവും ഉപയോഗവും-ഗുഹകളിൽ മൃഗങ്ങളുടെ ചിത്രങ്ങൾ വരച്ചു.
5. ദക്ഷിണ മെസൊപ്പൊട്ടാമിയ-നദികളിലെ എക്കൽമണ്ണ്-മരുഭൂമി-ജലസേചനം-കൃഷി-നഗരങ്ങളുടെ ആവിർഭാവം.
6. കൃഷിയും വ്യാപാരവും പുരോഗതി പ്രാപിച്ചു-ധാതു വിഭവങ്ങൾ കുറവായിരുന്നു.
7. ഉൽപ്പന്നങ്ങളുടെ കൈമാറ്റം-ക്ഷേത്രങ്ങൾ-വ്യാപാരകേന്ദ്രങ്ങൾ-രാജാക്കന്മാർ-കർഷകർ-ഇടയന്മാർ-എഴുത്ത് വിദ്യ.
8. കളിമൺ ഫലകങ്ങൾ ഉണങ്ങുന്നതിന് മുൻപ് എഴുതണമായിരുന്നു-ഓരോ ചിഹ്നവും ഓരോ അക്ഷരത്തെ പ്രതിനിധീകരിക്കുന്നു.
9. ഗണിത ശാസ്ത്രം-വാനനിരീക്ഷണം-വ്യാപാരം-വിനിമയത്തിന്റെ രേഖപ്പെടുത്തൽ.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ആസ്ട്രലോപിത്തേക്കസും ഹോമോയും തമ്മിലുള്ള വ്യത്യാസങ്ങൾ ചൂണ്ടി കാണിക്കുക.
2. ആദിമമനുഷ്യന്റെ ജീവിതത്തിന്റെ സവിശേഷതകൾ വിശദമാക്കുക.
3. മെസൊപ്പൊട്ടാമിയയിലെ ഭൂമിശാസ്ത്ര സവിശേഷതകൾ ജനജീവിതത്തെ സ്വാധീനിച്ചതെങ്ങനെ?
4. മെസൊപ്പൊട്ടാമിയയിലെ നഗരജീവിതത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.
5. മെസൊപ്പൊട്ടാമിയയിലെ നഗരജീവിതം, വ്യാപാരം, എഴുത്ത് വിദ്യ എന്നിവ തമ്മിലുള്ള ബന്ധം വിശദമാക്കുക.
6. ക്യൂണീഫോം എഴുത്ത് വിദ്യയുടെ സവിശേഷതകൾ പരിശോധിക്കുക.
7. ക്യൂണീഫോം എഴുത്ത് വിദ്യ മെസൊപ്പൊട്ടാമിയയുടെ പുരോഗതിക്ക് സഹായിച്ചതെങ്ങനെ?
8. ഗണിത-വാനനിരീക്ഷണ ശാസ്ത്രരംഗങ്ങളിൽ മെസൊപ്പൊട്ടാമിയക്കാരുടെ മികവ് വിശദമാക്കുക.
9. മനുഷ്യൻ ആവിർഭവിച്ചു എന്നു കരുതുന്ന ഭൂഖണ്ഡം

   a) ഏഷ്യ b) അമേരിക്ക c) ആസ്ട്രേലിയ d) ആഫ്രിക്ക.

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1 നടത്തം, പല്ലുകൾ, തലച്ചോറ്, താടിയെല്ല്.

2. ഭക്ഷണം തേടിയിരുന്നു, ഉപകരണങ്ങൾ ഉണ്ടാക്കി ഉപയോഗിച്ചു, വാസസ്ഥലങ്ങൾ, ആശയവിനിമയം, ഭാഷ.
3. പുൽമേട്, സമതലങ്ങൾ, മരുഭൂമി, നദികൾ, തൊഴിലുകൾ.
4. എഴുത്ത് വിദ്യ, വ്യാപാരം, ക്ഷേത്രങ്ങൾ, നദീഗതാഗതം.
5. നഗരജീവിതം, രേഖകൾ, എഴുത്തുവിദ്യ, വിനിമയം, വ്യാപാരം.
6. ആപ്പിന്റെ ആകൃതി, കളിമൺ ഫലകങ്ങൾ, ഓരോ അക്ഷരത്തിനും ഓരോ മുദ്ര.
7. വിനിമയത്തിന്റെ രേഖപ്പെടുത്തൽ, ശാസ്ത്ര വികസനം, ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം. ഗുണനം, ഹരണം, ക്ഷേത്രഗണിതം, വർഗമൂലം, കൂട്ടുപലിശ, ജ്യോതിശാസ്ത്രം.
8. ഗുണനം, ഹരണം, ക്ഷേത്രഗണിതം, വർഗമൂലം, കൂട്ടപലിശ, ജ്യോതിശാസ്ത്രം.
9. ആഫ്രിക്ക.

## സംഗ്രഹം

മനുഷ്യപരിണാമം വിവിധഘട്ടങ്ങളിലൂടെയായിരുന്നു. മനുഷ്യന്റെ ഉത്ഭവം ആഫ്രിക്കയിലായിരുന്നു. പ്രൈമേറ്റുകൾ, ഹൊമിനോയിഡുകൾ, ഹൊമിനിഡുകൾ, ആസ്ട്രലോപിത്തേക്കസ്, ഹോമോ എന്നിവ മനുഷ്യപരിണാമത്തിന്റെ വിവിധഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നു. ആദിമ മനുഷ്യൻ ഭക്ഷണം നേടുന്നതിന് വിവിധ രീതികൾ സ്വീകരിച്ചിരുന്നു. തീയുടെ കണ്ടുപിടിത്തവും ഉപയോഗവും ആദിമ മനുഷ്യൻ മനസ്സിലാക്കി. മരച്ചില്ലകൾ മുതൽ ഗുഹകൾ വരെ ആദിമ മനുഷ്യർ വാസസ്ഥലങ്ങളായി ഉപയോഗിച്ചു. അവർ ഉപകരണങ്ങൾ നിർമ്മിക്കുകയും ആശയവിനിമയത്തിനായി ഭാഷ വികസിപ്പിക്കുകയും ചെയ്തു. ലോകത്തിന്റെ ആദ്യത്തെ നാഗരിക സംസ്കാരമായിരുന്നു മെസൊപ്പൊട്ടാമിയൻ സംസ്കാരം. മെസൊപ്പൊട്ടാമിയയിലെ നഗരജീവിതം, വ്യാപാരം, എഴുത്ത് വിദ്യ എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ക്യൂണിഫോം ലിപി മെസൊപ്പൊട്ടാമിയക്കാരുടെ പുരോഗതിക്ക് സഹായിച്ചു.

## തുടർ പ്രവർത്തനങ്ങൾ/മൂല്യനിർണയ പ്രവർത്തനങ്ങൾ

- പ്രാചീന മനുഷ്യന്റെ ജീവിതം വെളിപ്പെടുത്തുന്ന ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം നിർമ്മിക്കുക.
- ആദിമമനുഷ്യന്റെ ജീവിതത്തിന്റെ സവിശേഷതകളെകുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

  സൂചനകൾ:-

- ഭക്ഷണം തേടൽ, വാസസ്ഥലം, ഉപകരണ നിർമ്മാണം, ആശയവിനിമയം.
- മെസൊപ്പൊട്ടാമിയയിലെ നഗരജീവിതം, വ്യാപാരം, എഴുത്ത് വിദ്യ എന്നിവ തമ്മിലുള്ള പരസ്പര ബന്ധം വെളിവാക്കുന്ന ഒരു ലേഖനം തയ്യാറാക്കുക.

## ഇന്റേൺഷിപ്പ്

ഒരു പ്രദേശത്തെ ജനങ്ങളുടെ തൊഴിൽ, വിശ്വാസം, കല-സാഹിത്യ-ശാസ്ത്ര രംഗത്തെ സംഭാവനകൾ ഭരണവ്യവസ്ഥ തുടങ്ങിയവയെകുറിച്ച് അന്വേഷണം നടത്തി അവ രൂപപ്പെടുന്നതിൽ അവിടത്തെ ഭൂമിശാസ്ത്രം വഹിച്ച സ്വാധീനം കൂടി ഉൾപ്പെടുത്തി ഒരു പഠന റിപ്പോർട്ട് തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെ ടേണ്ടതുണ്ട് |
|---|---|---|---|
| മനുഷ്യ പരിണാമത്തിന്റെ വിവിധ ഘട്ടങ്ങളെ പട്ടികപ്പെടുത്താൻ | | | |
| ആദിമമനുഷ്യന്റെ ജീവിത രീതികൾ വിശകലനം ചെയ്യാൻ | | | |
| മനുഷ്യന്റെ ഉത്ഭവത്തെ സംബന്ധിച്ച വിവിധ അഭിപ്രായങ്ങളെ കണ്ടെത്താൻ | | | |
| മെസപ്പൊട്ടാമിയയിലെ നഗരജീവിതത്തെ വിശദമാക്കാൻ | | | |
| നഗര ജീവിതത്തിൽ എഴുത്തുവിദ്യയുടെ പ്രാധാന്യത്തെ തിരിച്ചറിയാൻ | | | |
| ആദിമ മനുഷ്യ ജീവിതത്തേയും അതിന്റെ പുരോഗതിയേയും വിലമതിക്കാൻ | | | |

## തുടർവായനയ്ക്ക്

- മനുഷ്യൻ സ്വയം നിർമ്മിക്കുന്നു-ഗോർഡൻ ചൈൽഡ്
- ശാസ്ത്രം ചരിത്രത്തിൽ- ജെ.ഡി.ബർണൽ
- ലോകചരിത്രം(വാല്യം-1)-കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- ചരിത്രത്തിൽ എന്ത് സംഭവിച്ചു - ഗോർഡൻ ചൈൽഡ്
- http://www.becominghuman.org
- Becoming Humans (PBS Nova Documentary).
- http://www.mesopotamia.co.uk/

2

# റോമാസാമ്രാജ്യം



## ആമുഖം

പ്രാചീന ലോകത്തെ ശക്തമായ സാമ്രാജ്യങ്ങളിലൊന്നായ റോമാ സാമ്രാജ്യത്തെക്കുറിച്ചാണ് ഈ പാഠഭാഗത്ത് പ്രതിപാദിക്കുന്നത്. സാമ്രാജ്യത്തിന്റെ രൂപീകരണം, രാഷ്ട്രീയ സ്ഥിതിഗതികളും ഭരണ സമ്പ്രദായവും, സാമ്പത്തിക പ്രവർത്തനങ്ങളും സാമ്പത്തിക പുരോഗതിയും സാംസ്കാരിക ജീവിതം, സാമൂഹികജീവിതം തുടങ്ങിയവയും ഇവിടെ വിശദമായി ചർച്ച ചെയ്യുന്നു. സാമ്രാജ്യത്തിന്റെ രൂപീകരണത്തിനും വ്യാപനത്തിനും വഴിതെളിച്ച ഘടകങ്ങൾ, സാമ്രാജ്യം നേരിട്ട വെല്ലുവിളികൾ, ലോകസംസ്കാരത്തിന് റോമിന്റെ സംഭാവനകൾ എന്നിവയെക്കുറിച്ച് ധാരണ നേടാൻ ഈ പാഠഭാഗം പഠിതാവിനെ സഹായിക്കും. പ്രാചീനലോകത്തെ ഭരണവ്യവസ്ഥയെയും മനുഷ്യജീവിതത്തിന്റെ പുരോഗതിയെയും മനുഷ്യൻ നേരിട്ട വെല്ലുവിളികളെയും കുറിച്ച് വ്യക്തമായ ധാരണ നേടാൻ ഇതിലൂടെ കഴിയും.

## പഠനനേട്ടങ്ങൾ

- പ്രാചീന റോമിന്റെ രാഷ്ട്രീയസ്ഥിതി വിശകലനം ചെയ്യുന്നു.
- റോമാസാമ്രാജ്യവും ഇറാനിയൻ സാമ്രാജ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുന്നു.
- റോമിൽ സമാധാനം സ്ഥാപിക്കുന്നതിൽ അഗസ്റ്റസ് സീസർ വഹിച്ച പങ്ക് വിലയിരുത്തുന്നു.
- റോമിന്റെ സാംസ്കാരിക പുരോഗതി വിലയിരുത്തുന്നു.
- അടിമത്ത വ്യവസ്ഥിതിയെ വിമർശനാത്മകമായി വിലയിരുത്തുന്നു.
- സമൂഹത്തിൽ നിലനിന്നിരുന്ന വ്യത്യസ്ത ശ്രേണികളെ കണ്ടെത്തി വിശദമാക്കുന്നു.
- പിൽക്കാല സാമ്രാജ്യത്തെ വിലയിരുത്തുന്നു.




*റോമാ സാമ്രാജ്യത്തിന്റെ ഭൂപടം*

ചിത്രം ശ്രദ്ധിക്കൂ. പ്രാചീന ലോകത്തെ ശക്തമായ സാമ്രാജ്യങ്ങളിലൊന്നായ റോമിന്റെ വിസ്തൃതി കാണിക്കുന്ന ഭൂപടമാണിത്. മെഡിറ്ററേനിയൻ കടലിനു ചുറ്റുമുള്ള പ്രദേശങ്ങളിലാണ് റോമാസാമ്രാജ്യം വ്യാപിച്ചിരിക്കുന്നത്. വടക്ക് റൈൻ, ഡാന്യൂബ് നദീതടങ്ങളും തെക്ക് സഹാറാ മരുഭൂമിയുമായിരുന്നു ഈ വിശാലമായ സാമ്രാജ്യത്തിന്റെ അതിരുകൾ. റോമാ സാമ്രാജ്യത്തിന്റെ ചരിത്രത്തെ രണ്ട് ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു.

| | |
|---|---|
| ആദിമ റോമൻസാമ്രാജ്യം | 3-ാം നൂറ്റാണ്ടുവരെ |
| പിൽക്കാല റോമൻ സാമ്രാജ്യം | 3-ാം നൂറ്റാണ്ടിനുശേഷം 7-ാം നൂറ്റാണ്ടു വരെ |

പ്രാചീന ലോകത്തെ മറ്റൊരു ശക്തമായ സാമ്രാജ്യം ഇറാനിയൻ സാമ്രാജ്യമായിരുന്നു. യൂഫ്രട്ടീസ് നദിയായിരുന്നു ഇവയെ വേർതിരിച്ചിരുന്നത്. ഇവ തമ്മിൽ ചില വ്യത്യാസങ്ങൾ നിലനിന്നിരുന്നു.

| റോമാ സാമ്രാജ്യം | ഇറാനിയൻ സാമ്രാജ്യം |
|---|---|
| സാംസ്കാരിക വൈവിധ്യങ്ങൾ കൂടുതൽ | സാംസ്കാരിക വൈവിധ്യങ്ങൾ കുറവ് |
| വ്യത്യസ്ത ജനവിഭാഗങ്ങൾ | ഇറാനിയൻ വർഗത്തിൽപെട്ട ജനങ്ങൾ |
| ധാരാളം ഭാഷകൾ ഉണ്ടായിരുന്നു. | അരാമിക് ഭാഷ സംസാരിച്ചു. |

**1. പ്രാചീനലോകത്ത് നിലനിന്നിരുന്ന രണ്ട് ശക്തങ്ങളായ സാമ്രാജ്യങ്ങളായിരുന്നു റോമും ഇറാനും. എന്നാൽ അവ തമ്മിൽ നിരവധി വ്യത്യാസങ്ങളുണ്ടായിരുന്നു. സമർഥിക്കുക.**

## രാഷ്ട്രീയ ജീവിതം.

പ്രത്യക്ഷ ഭരണത്തിന്റെ വ്യാപനം ആദിമറോമാസാമ്രാജ്യത്തിന്റെ സവിശേഷതയായിരുന്നു. ആശ്രിതരാജ്യങ്ങളെ പ്രവിശ്യകളായി റോമാസാമ്രാജ്യത്തിൽ ലയിപ്പിച്ചു. ബി.സി. 27-ൽ റോമിൽ അധികാരത്തിൽ വന്ന ഒക്ടേവിയൻ എന്ന അഗസ്റ്റസ് സീസർ അവിടെ നിലനിന്ന റിപ്പബ്ലിക്കൻ ഭരണം അവസാനിപ്പിക്കുകയും പ്രിൻസിപ്പേറ്റ് ഭരണത്തിന് തുടക്കം കുറിക്കുകയും ചെയ്തു.



*അഗസ്റ്റസ് സീസർ- ശില്പം*

| റിപ്പബ്ലിക്ക് | പ്രിൻസിപ്പേറ്റ് |
|---|---|
| ബി.സി. 509 മുതൽ ബി.സി. 27 വരെ | ബി.സി. 27 മുതൽ |
| അഗസ്റ്റസ് സീസർ നിർത്തലാക്കി | അഗസ്റ്റസ് സീസർ സ്ഥാപിച്ചു. |
| സമ്പന്ന വർഗത്തിൽപ്പെട്ട പ്രഭുക്കന്മാരടങ്ങിയ സെനറ്റിന്റെ നിയന്ത്രണം | ചക്രവർത്തി ഭരണാധികാരി |
| പ്രഭുത്വ ഭരണം | പ്രിൻസെപ് എന്നാൽ പ്രഥമ പൗരൻ എന്നർഥം |

**2. പ്രിൻസിപ്പേറ്റ് ഭരണത്തിൽ പരമാധികാരി ചക്രവർത്തിയായിരുന്നു എന്തുകൊണ്ട്?**

ചക്രവർത്തിയും സെനറ്റും കഴിഞ്ഞാൽ റോമൻ ഭരണത്തിൽ അടുത്ത സ്ഥാനം സൈന്യത്തിനായിരുന്നു. റോമിന്റെ സൈന്യം നിരവധി സവിശേഷതകളുള്ളതായിരുന്നു. അവ എന്തൊക്കെയായിരുന്നുവെന്നു നോക്കാം.

- വേതനം നൽകിയിരുന്നു.
- പ്രൊഫഷണൽ സൈന്യം.
- 25 വർഷം സേവനം അനുഷ്ഠിക്കണം.
- റോമിലെ ഏറ്റവും വലിയ സംഘടിത വിഭാഗം.
- ചക്രവർത്തിമാരുടെ വിധിപോലും നിർണയിച്ചിരുന്ന ശക്തമായ വിഭാഗം.
- സേവന-വേതന വ്യവസ്ഥകൾക്കായി പലപ്പോഴും പ്രക്ഷോഭങ്ങൾ നടത്തി.

റോമിന്റെ ചരിത്രം രചിച്ചിരുന്നത് പ്രഭുവർഗത്തിൽപ്പെട്ട സെനറ്റർമാരായിരുന്നു. അതിനാൽ ചക്രവർത്തിയുടെയും സൈന്യത്തിന്റെയും സെനറ്റർമാരോടുള്ള പെരുമാറ്റത്തിന്റെയും പരിഗണനയുടെയും ഇടപെടലിന്റെയും അടിസ്ഥാനത്തിലായിരുന്നു ചരിത്രത്തിൽ അവർക്ക് സ്ഥാനം ലഭിച്ചിരുന്നത്.

**3. റോമാസാമ്രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ മൂന്ന് പ്രധാന ഘടകങ്ങളായിരുന്നു ചക്രവർത്തി, പ്രഭുവർഗം, സൈന്യം എന്നിവ. പ്രസ്താവന സാധൂകരിക്കുക.**

പ്രിൻസിപ്പേറ്റ് ഭരണത്തെ തുടർന്നുള്ള രണ്ടു നൂറ്റാണ്ടുകാലം റോമിൽ സമാധാനത്തിന്റെ കാലമായിരുന്നു. അഗസ്റ്റസ് അടിസ്ഥാനമിട്ട ഇത് പാക്സ്റൊമാന അല്ലെങ്കിൽ റോമൻ സമാധാനം എന്നറിയപ്പെടുന്നു. എ.ഡി. 2-ാം നൂറ്റാണ്ടാകുമ്പോൾ റോമാസാമ്രാജ്യം അതിന്റെ വളർച്ചയുടെ ഉന്നതിയിലെത്തി. 60 ലക്ഷം ജനങ്ങളും വൈവിധ്യമാർന്ന പ്രദേശങ്ങളും അടങ്ങിയ വിശാലമായ റോമാസാമ്രാജ്യത്തെ നിയന്ത്രിച്ച് ഭരിക്കാൻ ചക്രവർത്തിയെ സഹായിച്ചത് സാമ്രാജ്യത്തിന്റെ നഗരവൽക്കരണമായിരുന്നു.

- ഭരണത്തിന്റെ അടിത്തറ കാർത്തേജ്, അലക്സാണ്ട്റിയ, ആന്റിയോക്ക് തുടങ്ങിയ മെഡിറ്ററേനിയൻ നഗരകേന്ദ്രങ്ങളായിരുന്നു.
- നഗരങ്ങൾ വഴിയാണ് പ്രവിശ്യകളിലെ ഗ്രാമങ്ങളിൽ നിന്ന് ഗവൺമെന്റ് നികുതിപിരിച്ചത്.
- ഗവൺമെന്റിന്റെ വരുമാനത്തിന്റെ നല്ലൊരു പങ്കും ഗ്രാമങ്ങളിൽ നിന്നാണ് ലഭിച്ചിരുന്നത്.
- പ്രവിശ്യകളിലെ ഉപരിവർഗം ഭരണത്തിലും നികുതിപിരിവിലും റോമൻ ഭരണകൂടവുമായി സഹകരിച്ചു.

- പ്രവിശ്യകളിലെ ഉയർന്ന വർഗത്തിൽപ്പെട്ടവരായിരുന്നു സൈനികമേധാവികൾ.
- ഗല്ലിനസ്സിനെപ്പോലുള്ള ചക്രവർത്തിമാർ ഈ ഉപരിവർഗത്തെ സഹായിച്ചു.
- പ്രവിശ്യകളുടെ പ്രാധാന്യം വർധിച്ചതോടെ ഇറ്റലിയുടെ പ്രാധാന്യം കുറഞ്ഞു.

**4. പ്രവിശ്യകളിലെ ഉപരിവർഗത്തിന് ഭരണത്തിന്റെയും സൈന്യത്തിന്റെയും മേധാവികളായി മാറാൻ കഴിഞ്ഞതെങ്ങനെ? പരിശോധിക്കുക.**

ഗ്രാമങ്ങൾ ഉൾപ്പെടുന്ന പ്രദേശവും സ്വന്തമായ മജിസ്ട്രേട്ടുമാരും നഗരസഭയും ഉള്ള നഗര കേന്ദ്രങ്ങളെയാണ് റോമാക്കാർ പട്ടണം എന്നു വിളിച്ചത്. ഗ്രാമങ്ങൾ പട്ടണങ്ങളുടെ അധികാരപരിധിയിലായിരുന്നു. മെച്ചപ്പെട്ട ഭക്ഷ്യവിതരണമാണ് നഗരങ്ങളിൽ നില നിന്നിരുന്നത്. പൊതു കുളിമുറികൾ റോമൻ നഗര ജീവിതത്തിലെ പ്രധാന സവിശേഷതകളിലൊന്നായിരുന്നു.

## മൂന്നാം നൂറ്റാണ്ടിലെ പ്രതിസന്ധി

എ.ഡി. മൂന്നാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യം ശക്തമായ ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ചു. വിദേശ ആക്രമണങ്ങളായിരുന്നു ഇതിന്റെ അടിസ്ഥാന കാരണം. അവ ഏതൊക്കെയായിരുന്നുവെന്ന് നോക്കാം.

- ഇറാനിൽ അധികാരത്തിൽ വന്ന സസാനിയൻ രാജവംശം റോമാസാമ്രാജ്യത്തിന് ഭീഷണിയായി.
- ഇറാനിയൻ സൈന്യം 60,000 വരുന്ന റോമൻ സൈന്യത്തെ നശിപ്പിച്ചതായും ആന്റിയോക്ക് നഗരം പിടിച്ചെടുത്തതായും ഇറാൻ ഭരണാധികാരിയായ ഷപൂർ ഒന്നാമൻ അവകാശപ്പെടുന്നുണ്ട്.
- ജർമാനിക് വർഗത്തിൽപ്പെട്ട ഗോത്ര ജനത റൈൻ- ഡാന്യൂബ് അതിർത്തിയിലേക്ക് നുഴഞ്ഞുകയറി.
- എ.ഡി. 233 മുതൽ 280 വരെയുള്ള കാലഘട്ടത്തിൽ നിരന്തരം ആക്രമണങ്ങൾ നേരിടേണ്ടി വന്നു.
- ബാർബേറിയൻമാരുടെ ആക്രമണമുണ്ടായി.
- ഡാന്യൂബ് നദിക്കപ്പുറമുള്ള ഭൂരിഭാഗം പ്രദേശങ്ങളും റോമാക്കാർ ഉപേക്ഷിച്ചു.
- 47 വർഷത്തിനുള്ളിൽ 25 ചക്രവർത്തിമാർ മാറി മാറി സിംഹാസനത്തിലെത്തി.

**5. മൂന്നാം നൂറ്റാണ്ടിലെ പ്രതിസന്ധി റോമാസാമ്രാജ്യത്തെ ബാധിച്ചതെങ്ങനെ? പരിശോധിക്കുക.**

## സാംസ്കാരിക ജീവിതം:-

റോമാസാമ്രാജ്യത്തിലെ സാംസ്കാരിക ജീവിതം എങ്ങനെയായിരുന്നുവെന്ന് നോക്കാം.

- അണുകുടുംബങ്ങളായാണ് റോമൻ ജനത താമസിച്ചിരുന്നത്.
- സ്ത്രീകൾ ഭർത്താക്കന്മാരുടെ നിയന്ത്രണത്തിലാണ് കഴിഞ്ഞിരുന്നത്.
- സ്ത്രീകൾക്ക് പിതാവിന്റെ സ്വത്തിന്മേൽ സ്വതന്ത്രമായ ഉടമസ്ഥാവകാശം ഉണ്ടായിരുന്നു.
- പ്രാഥമികമായ സാക്ഷരതാനിരക്ക് വിവിധപ്രദേശങ്ങളിൽ വ്യത്യസ്തമായിരുന്നു.
- നഗരങ്ങളിൽ സാക്ഷരത വ്യാപകമായിരുന്നു.
- ആരാധനാമൂർത്തികൾ, ഭാഷകൾ, വസ്ത്രം, അലങ്കാരരീതികൾ, ഭക്ഷണം, ആവാസ മാതൃകകൾ എന്നിവയിൽ വൈവിധ്യങ്ങൾ നിലനിന്നിരുന്നു.
- സമീപ പൂർവദേശത്ത് അരാമെയ്ക്, ഈജിപ്റ്റിൽ കോപ്റ്റക്, സ്പെയിനിൽ സെൽറ്റിക്, ഉത്തരആഫ്രിക്കയിൽ പ്യൂണിക് എന്നീ ഭാഷകളാണ് സംസാരിച്ചിരുന്നത്.

**6. റോമാസാമ്രാജ്യം വൈവിധ്യങ്ങളുടെ നാടായിരുന്നു. എന്തുകൊണ്ട്?**


## സാമ്പത്തിക വികാസം

സമ്പന്നമായ ഭൗതിക സാഹചര്യങ്ങൾ റോമിൽ സാമ്പത്തിക വികസനത്തിന് വഴി തെളിച്ചു. ഖനികൾ, ക്വാറികൾ, ഇഷ്ടികക്കളങ്ങൾ, ഒലിവെണ്ണ നിർമ്മാണ ഫാക്ടറികൾ എന്നിവ അവിടെ ധാരാളമായി ഉണ്ടായിരുന്നു. ഗോതമ്പ്, വീഞ്ഞ്, ഒലിവെണ്ണ തുടങ്ങിയവ വൻതോതിൽ ഉപയോഗിക്കുകയും കച്ചവടം ചെയ്യുകയും ചെയ്തിരുന്നു. വീഞ്ഞും ഒലിവെണ്ണയും അംഫോറ എന്നറിയപ്പെട്ട ഭരണികളിലാണ് കൊണ്ടുവന്നിരുന്നത്. ഫലഭൂയിഷ്ഠമായ നിരവധി പ്രദേശങ്ങൾ റോമിൽ ഉണ്ടായിരുന്നു. ഇവിടങ്ങളിൽ ജനസാന്ദ്രത കൂടുതലായിരുന്നു. പല സ്ഥലങ്ങളിൽ നിന്നും ഗോതമ്പ് റോമിലേക്ക് കയറ്റി അയച്ചിരുന്നു. കച്ചവടത്തിന്റെ വളർച്ച കൃഷിയും വ്യവസായവും ശക്തിപ്പെടുത്തുന്നതിന് കാരണമായി.

എന്നാൽ റോമാസാമ്രാജ്യത്തിന്റെ പല ഭാഗങ്ങളും പിന്നോക്കാവസ്ഥയിലായിരുന്നു. നാടോടികളായ ഇടയന്മാർ അവിടെ ഉണ്ടായിരുന്നു. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിച്ചു. പട്ടണത്തിൽ അധ്വാനങ്ങളിലേർപ്പെട്ടത് ഭൂരിഭാഗവും അടിമകളായിരുന്നു. സമ്പന്നരും ദരിദ്രരും തമ്മിൽ വലിയ അന്തരം നിലനിന്നിരുന്നു. ചെറുകൃഷി സ്ഥലങ്ങളെ പ്രഭുക്കന്മാരുടെ വൻ കൃഷിഭൂമികൾ വിഴുങ്ങി. വ്യവസായ രംഗത്തെ ഉൽപ്പാദന സമ്പ്രദായത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായില്ല.

**7. റോമിന്റെ സാമ്പത്തികവികാസം അസന്തുലിതമായിരുന്നു എന്നു പറയുന്നതെന്തുകൊണ്ട്?**

## അടിമത്തം



*അടിമത്ത സമ്പ്രദായം (ചിത്രകാരന്റെ ഭാവനയിൽ)*

റോമാസാമ്രാജ്യത്തിൽ ആഴത്തിൽ വേരൂന്നിയ ഒരു സമ്പ്രദായമായിരുന്നു അടിമത്തം. പണിയെടുക്കാനായി അടിമകളെ പണം നൽകി കമ്പോളങ്ങളിൽ നിന്ന് വാങ്ങുകയും വിൽക്കുകയും അവരെക്കൊണ്ട് തോട്ടങ്ങളിലും മറ്റും എല്ലുമുറിയെ പണിയെടുപ്പിക്കുകയും ചെയ്തിരുന്ന വ്യവസ്ഥിതിയായിരുന്നു ഇത്. റിപ്പബ്ലിക്കൻ കാലഘട്ടത്തിൽ ഇറ്റലിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും അടിമകളെക്കൊണ്ട് പണിയെടുപ്പിച്ചിരുന്നു. ഇറ്റലിയുടെ 7.5 ദശലക്ഷം വരുന്ന ജനസംഖ്യയിൽ 3 ദശലക്ഷം അടിമകളായിരുന്നു. റോമിലെ ഉപരിവർഗം അടിമകളോട് ക്രൂരമായി പെരുമാറി. യുദ്ധത്തടവുകാരെയാണ് റോമാക്കാർ അടിമകളാക്കിയിരുന്നത്.

**8. മനുഷ്യചരിത്രത്തിലെ ഏറ്റവും ദുരന്തപൂർണമായ വ്യവസ്ഥയായിരുന്നു അടിമത്തം എന്ന പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?**

## സാമൂഹ്യശ്രേണികൾ:-

റോമൻചരിത്രകാരനായ റ്റാസിറ്റസ് ആദിമറോമാസാമ്രാജ്യത്തിലെ സാമൂഹ്യ വിഭാഗങ്ങളെ അഞ്ചായി തരം തിരിച്ചിരിക്കുന്നു.

| | |
|---|---|
| 1 സെനറ്റർമാർ | ശക്തരും സമ്പന്നരുമായ ഇറ്റാലിയൻ കുടുംബാംഗങ്ങൾ |
| 2 അശ്വാരൂഢ വിഭാഗത്തിലെ പ്രമുഖർ | ഭൂഉടമകൾ |
| 3 ആദരണീയവിഭാഗം | മധ്യവർഗം, ഉദ്യോഗസ്ഥർ, വ്യാപാരികൾ |
| 4 ഹ്യുമിലിയോറസ് | കീഴാളവർഗം-ഗ്രാമങ്ങളിലെ പണിക്കാർ, തൊഴിലാളികൾ, താൽക്കാലിക തൊഴിലാളികൾ |
| 5 അടിമകൾ | ഏറ്റവും താഴെത്തട്ടിലുള്ളവർ |

**9. റോമൻ സമൂഹം സമത്വാധിഷ്ഠിതമായിരുന്നോയെന്ന് വിമർശനാത്മകമായി വിലയിരുത്തുക**

ഭരണരംഗത്ത് പ്രാചീനറോമാക്കാർ നിരവധി സംഭാവനകൾ നൽകി. റിപ്പബ്ലിക്കൻ ഭരണ രീതിയായിരുന്നു അതിൽ സുപ്രധാനം. ഒരു കേന്ദ്രീകൃത ഭരണരീതിയായിരുന്നു അവിടെ നിലനിന്നിരുന്നത്. എന്നാൽ അഴിമതിയും സ്വേഛാധിപത്യ സ്വഭാവവും റോമൻ ഭരണത്തിൽ കടന്നു കൂടിയിരുന്നു. ഗവൺമെന്റിനെതിരായ പ്രതിഷേധങ്ങളെ അവർ ശക്തമായി അടിച്ചമർത്തി. എന്നാൽ ചക്രവർത്തിമാരുടെ ഏകാധിപത്യത്തെ ചെറുക്കുന്ന പലനിയമങ്ങളും അവിടെ നിലനിന്നിരുന്നു.

**10. ആധുനിക ഭരണവ്യവസ്ഥകളുമായി റോമൻ ഭരണത്തെ താരതമ്യം ചെയ്യുക.**

**പിൽക്കാല സാമ്രാജ്യം:-**

റോമാസാമ്രാജ്യത്തിന്റെ 4 മുതൽ 7 നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തെയാണ് പിൽക്കാല സാമ്രാജ്യം എന്നുവിശേഷിപ്പിക്കുന്നത്. ഈ കാലഘട്ടത്തിൽ രാഷ്ട്രീയ-മത-ഭരണ-സാമ്പത്തിക രംഗങ്ങളിൽ നിരവധി മാറ്റങ്ങളുണ്ടായി.

| | |
|---|---|
| **രാഷ്ട്രീയം** | മാറ്റങ്ങൾക്ക് ഡയോക്ലീഷ്യൻ ചക്രവർത്തി തുടക്കം കുറിച്ചു.<br>സാമ്രാജ്യവിസ്തൃതി വർധിച്ചു.<br>സൈനിക തലവന്മാർക്ക് സ്വയംഭരണാധികാരം.<br>കോട്ടകൾകെട്ടി അതിർത്തികൾ സംരക്ഷിച്ചു. |
| **മതം** | കോൺസ്റ്റന്റയിൻ ക്രിസ്തുമതത്തെ ഔദ്യോഗികമതമായി പ്രഖ്യാപിച്ചു.<br>ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം മതത്തിന്റെ ആവിർഭാവം.<br>ക്ഷേത്രങ്ങളും ആരാധനാലയങ്ങളും പണികഴിപ്പിച്ചു. |
| **ഭരണം** | മാറ്റങ്ങൾക്ക് കോൺസ്റ്റന്റയിൽ തുടക്കം കുറിച്ചു.<br>നാണയങ്ങൾപരിഷ്കരിച്ചു. സൊളിഡസ് എന്ന പുതിയ നാണയം നടപ്പിലാക്കി.<br>സ്വർണനാണയങ്ങൾ പ്രചരിപ്പിച്ചു.<br>തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിളിൽ സ്ഥാപിച്ചു.<br>പുതിയ സെനറ്റ് രൂപീകരിച്ചു. |
| **സാമ്പത്തികം** | വ്യവസായവളർച്ച<br>സ്ഫടിക ഫാക്ടറികൾ, എണ്ണമില്ലുകൾ എന്നിവയിലെ നിക്ഷേപം, നഗരങ്ങളുടെ പുരോഗതി. |



*കോൺസ്റ്റന്റയിന്റെ ശില്പം*

**11. പിൽക്കാല റോമാസാമ്രാജ്യത്തിൽ വിവിധരംഗങ്ങളിലുണ്ടായ മാറ്റങ്ങൾ വിലയിരുത്തുക.**

എ.ഡി. 3-ാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു.

| | |
|---|---|
| റോമാസാമ്രാജ്യം | പശ്ചിമ റോമാസാമ്രാജ്യം |
| എ.ഡി. 3-ാം നൂറ്റാണ്ട് | പൗരസ്ത്യ റോമാസാമ്രാജ്യം |

പശ്ചിമറോമാസാമ്രാജ്യം ശിഥിലീകരിക്കപ്പെട്ടപ്പോൾ പൗരസ്ത്യറോമാസാമ്രാജ്യം പുരോഗതി കൈവരിച്ചു. ജസ്റ്റീനിയൻ ചക്രവർത്തിയാണ് പൗരസ്ത്യ റോമാസാമ്രാജ്യത്തെ പുരോഗതിയിലേക്ക് നയിച്ചത്. ബൈസാന്റിയൻ സാമ്രാജ്യം എന്നറിയപ്പെട്ട പൗരസ്ത്യ റോമാസാമ്രാജ്യം എ.ഡി. 1453 വരെ നിലനിന്നിരുന്നു.

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക.

1. സാംസ്കാരിക വൈവിധ്യം-ജനവിഭാഗങ്ങൾ-ഭാഷ-ഭരണസമ്പ്രദായം.
2. അഗസ്റ്റസ്-സെനറ്റിനെ നിയന്ത്രിച്ചു-ചക്രവർത്തി ഭരണമാധികാരി.
3. പ്രിൻസിപ്പേറ്റ്-ചക്രവർത്തി പരമാധികാരി - ചക്രവർത്തിക്കു താഴെ സെനറ്റ് - പ്രഭുവർഗം -ചരിത്ര രചന- സെനറ്റിനു താഴെ സൈന്യം-സൈന്യം ചക്രവർത്തിയുടെ പോലും വിധി നിർണയിച്ചു.
4. പ്രവിശ്യകളിലെ ഉപരിവർഗം പ്രവിശ്യകളിലെ ഭരണത്തിലും നികുതിപിരിവിലും റോമൻ ഭരണകൂടത്തെ സഹായിച്ചു. അവരായിരുന്നു സൈനികമേധാവികൾ.
5. വിദേശാക്രമണങ്ങൾ-പ്രദേശങ്ങൾ നഷ്ടപ്പെട്ടു-ഭരണമാറ്റം.
6. കുടുംബം-സ്ത്രീ പുരുഷബന്ധം-സാക്ഷരത-ഭാഷ-വിശ്വാസം-വൈവിധ്യങ്ങൾ.
7. സാമ്പത്തികമായി അഭിവൃദ്ധി നേടിയ സ്ഥലങ്ങൾ-പിന്നോക്കപ്രദേശങ്ങൾ-അടിമകൾ- സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം.

8. അടിമത്തം-ചൂഷണം-സമ്പന്നരുടെ ക്രൂരത.

9. സാമൂഹ്യ ശ്രേണികൾ-സെനറ്റർമാർ, ഭൂഉടമകൾ, മധ്യവർഗം, കീഴാളർ, അടിമകൾ.

10. റിപ്പബ്ലിക് - ചക്രവർത്തി-കേന്ദ്രീകൃതഭരണം-അഴിമതി-സ്വേഛാധിപത്യം.

11. രാഷ്ട്രീയം - മതം - ഭരണം - സാമ്പത്തികം.

## വിലയിരുത്തൽ ചോദ്യങ്ങൾ:-

1. റോമൻ സെനറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
2. റോമിന്റെ പുരോഗതിക്ക് അവിടത്തെ നഗരവൽക്കരണം സഹായകമായോ? പരിശോധിക്കുക.
3. റിപ്പബ്ലിക്കൻ കാലഘട്ടത്തിൽ നിന്നും പ്രിൻസിപ്പേറ്റ് കാലഘട്ടം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?
4. മൂന്നാം നൂറ്റാണ്ടിൽ റോമിലുണ്ടായ പ്രതിസന്ധിയെകുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
5. റോമൻ സമൂഹത്തിൽ സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനം വിശകലനം ചെയ്യുക.
6. റോമൻ ചക്രവർത്തിമാരായ ഡയക്ലീഷ്യനും കോൺസ്റ്റന്റയിനും ഭരണരംഗത്ത് വരുത്തിയ മാറ്റങ്ങൾ വിശദമാക്കുക.
7. ചുവടെ തന്നിട്ടുള്ള പട്ടികയിൽ എ കോളത്തിനനുയോജ്യമായി ബി കോളം ക്രമീകരിക്കുക.

| എ | ബി |
|---|---|
| പ്രിൻസിപ്പേറ്റ് ഭരണം | റോമൻ നാണയം |
| ക്രിസ്തുമതത്തെ ഔദ്യോഗിക മതമായി അംഗീകരിച്ചു. | ഒലിവെണ്ണ വ്യാപാരം നടത്താൻ ഉപയോഗിക്കുന്ന ഭരണി. |
| സൊളിഡസ് | അഗസ്റ്റസ് സീസർ |
| അംഫോറ | കോൺസ്റ്റന്റയൻ |

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. സമ്പന്ന പ്രഭുവർഗം-റിപ്പബ്ലിക്ക് ഭരണത്തെ നിയന്ത്രിച്ചു.
2. നഗരകേന്ദ്രങ്ങൾ-നികുതി-ഗ്രാമങ്ങൾ-ഉയർന്ന വർഗം-സൈനികമേധാവികൾ-ചക്രവർത്തിമാർ-പ്രവിശ്യകളുടെ പ്രാധാന്യം വർദ്ധിച്ചു.
3. ബി.സി. 27-അഗസ്റ്റസ് സീസർ-ചക്രവർത്തി പരമാധികാരിയായി-സെനറ്റിന്റെ പ്രാധാന്യം കുറഞ്ഞു.

4. സൈനിക ആക്രമണങ്ങൾ-സസാനിയൻ രാജവംശം-ഇറാനിയൻ സൈന്യം-ജർമാനിക്ഗോത്രം ബാർബേറിയൻ ആക്രമണം-ചക്രവർത്തിമാരുടെ മാറ്റം.

5. അണുകുടുംബം-ഭർത്താക്കന്മാരുടെ നിയന്ത്രണം-പിതാവിന്റെ സ്വത്തിൽ സ്വതന്ത്ര ഉടമസ്ഥാവകാശം.

6. സാമ്രാജ്യ വിസ്തൃതി വർധിച്ചു-സൈനിക തലവന്മാർക്ക് സ്വയം ഭരണാധികാരം-അതിർത്തിയിൽ കോട്ടകൾ-ക്രിസ്തുമതം ഔദ്യോഗികമതം-ആരാധനാലയങ്ങൾ-നാണയപരിഷ്ക്കാരം-തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിൾ.

7.

| | |
|---|---|
| പ്രിൻസിപ്പേറ്റ് ഭരണം | അഗസ്റ്റസ് സീസർ |
| ക്രിസ്തുമതത്തെ ഔദ്യോഗികമതമായി അംഗീകരിച്ചു. | കോൺസ്റ്റന്റയിൻ |
| സൊളിഡസ് | റോമൻ നാണയം |
| അംഫോറ | ഒലിവെണ്ണ വ്യാപാരം നടത്താൻ ഉപയോഗിക്കുന്ന ഭരണി. |

## സംഗ്രഹം:-

റോമാസാമ്രാജ്യത്തെ ആദിമ റോമാസാമ്രാജ്യമെന്നും പിൽക്കാല റോമാസാമ്രാജ്യമെന്നും രണ്ടായിതിരിച്ചിരിക്കുന്നു. അഗസ്റ്റസ് സീസർ പ്രിൻസിപ്പേറ്റ് ഭരണത്തിന് തുടക്കം കുറിച്ചു. പ്രിൻസിപ്പേറ്റ് ഭരണത്തെ തുടർന്നുള്ള രണ്ടു നൂറ്റാണ്ടുകാലം റോമിൽ സമാധാനത്തിന്റെ കാലമായിരുന്നു. സമീപപ്രദേശങ്ങളെ പ്രവിശ്യകളായി ചേർത്തുകൊണ്ട് റോമാസാമ്രാജ്യം വിപുലമാക്കി പ്രവിശ്യകളിൽ പ്രത്യക്ഷഭരണം നടപ്പിലാക്കി. വിശാലമായ സാമ്രാജ്യത്തെ നിലനിറുത്തുന്നതിൽ നഗരവൽക്കരണം സുപ്രധാന പങ്കുവഹിച്ചു. നിരവധി സാംസ്കാരിക വൈവിധ്യങ്ങൾ റോമിൽ നിലനിന്നിരുന്നു. റോം സാമ്പത്തികമായി ശക്തി പ്രാപിച്ചെങ്കിലും സമൂഹത്തിൽ നിരവധി ശ്രേണികൾ നിലനിന്നിരുന്നു. എ.ഡി.മൂന്നാം നൂറ്റാണ്ടിൽ റോം ഒരു വൻ പ്രതിസന്ധിയിലായി. അടിമത്ത സമ്പ്രദായം റോമിൽ നിലനിന്നിരുന്നു. പിൽക്കാല റോമാസാമ്രാജ്യത്തിന്റെ ഘട്ടത്തിൽ രാഷ്ട്രീയം-മതം-ഭരണം-സാമ്പത്തികം എന്നീ രംഗങ്ങളിൽ ശ്രദ്ധേയമായ മാറ്റങ്ങളുണ്ടായി.

## തുടർപ്രവർത്തനങ്ങൾ/തുടർമൂല്യനിർണയ പ്രവർത്തനങ്ങൾ

- റോമാസാമ്രാജ്യത്തിന്റെ സാമ്പത്തിക-സാമൂഹിക ജീവിതത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് അതിനെ റോമിൽ നിലനിന്നിരുന്ന റിപ്പബ്ലിക്കൻ ഭരണവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- അടിമത്ത വ്യവസ്ഥ ചിത്രീകരിക്കുന്ന ചിത്രങ്ങൾ, സിനിമകൾ, പുസ്തകങ്ങൾ എന്നിവ ശേഖരിച്ച് അവയുടെ അടിസ്ഥാനത്തിൽ അടിമത്ത വ്യവസ്ഥയെ വിശദീകരിക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| പ്രാചീന റോമിന്റെ രാഷ്ട്രീയ സ്ഥിതി വിശകലനം ചെയ്യാൻ | | | |
| റോമാസാമ്രാജ്യവും, ഇറാനിയൻ സാമ്രാജ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്താൻ | | | |
| പ്രിൻസിപ്പേറ്റ് ഭരണവും, റിപ്പബ്ലിക്കൻ ഭരണവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്താൻ | | | |
| റോമിൽ സമാധാനം സ്ഥാപിക്കുന്നതിൽ അഗസ്റ്റസ് സീസർ വഹിച്ച പങ്ക് വിലയിരുത്താൻ | | | |
| അടിമത്ത വ്യവസ്ഥിതിയുടെ ചൂഷണ സ്വഭാവത്തെ വിലയിരുത്താൻ | | | |
| റോമിൽ നിലനിന്നിരുന്ന വ്യത്യസ്ത ശ്രേണികളെ താരതമ്യം ചെയ്യാൻ | | | |
| പിൽക്കാല റോമാ സാമ്രാജ്യത്തിലെ മാറ്റങ്ങളെ വിശദീകരിക്കാൻ | | | |

## തുടർവായനയ്ക്ക്

- The Story of Civilization: Arjun Dev
- ലോകചരിത്രം (ഒന്നാംവാല്യം); കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.
- Ancient Rome: The Rise and Fall of an Empire (BBC Documentary)

3

# മധ്യപൗരസ്ത്യദേശത്തെ ഇസ്ലാം

## ആമുഖം

ഇസ്ലാമിന്റെ ആവിർഭാവവും വ്യാപനവുമാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. ഈ അധ്യായത്തിൽ ഉപയോഗിക്കുന്ന ഇസ്ലാമികം എന്ന വാക്ക് ഇസ്ലാമിലെ സംശുദ്ധമായ മത തത്വത്തെ മാത്രമല്ല, ഇസ്ലാമുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെടാനിടയായ എല്ലാ സമൂഹത്തെയും സംസ്കാരത്തെയും കൂടിയാണ് സൂചിപ്പിക്കുന്നത്.

ഈ പാഠഭാഗത്തിലൂടെ സഞ്ചരിക്കുമ്പോൾ നിങ്ങൾ ആദ്യം കടന്നുപോവുന്നത് ഇസ്ലാമിന്റെ ആദ്യകാലത്തിലൂടെയും തുടർന്നുള്ള ഖലീഫ ഭരണകാലഘട്ടത്തിലൂടെയുമാണ്. ഇവിടെ ഇസ്ലാമിന്റെ വ്യാപനവും ആഭ്യന്തര കലാപങ്ങളും ചർച്ചയ്ക്കു വിധേയമാക്കപ്പെടുന്നുണ്ട്. തുടർന്ന് ഉമവിയാക്കകളുടെ ഭരണകാലവും അബ്ബാസിയ വിപ്ലവവും വിശദീകരിക്കുന്നു. ഭരണക്രമത്തിലെ ഖലീഫാ സംവിധാനത്തിന്റെ തകർച്ചയും സുൽത്താൻ ഭരണത്തിന്റെ ആവിർഭാവവും കുരിശുയുദ്ധങ്ങളും ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്. ഇസ്ലാമിന്റെ സംഭാവനകൾ എന്ന ശീർഷകത്തിലൂടെ വിജ്ഞാനം, സംസ്കാരം, നിയമം, സൂഫിസം എന്നീ മേഖലകൾ അനാവരണം ചെയ്യുന്നു.

## പഠനനേട്ടങ്ങൾ

- ഇസ്ലാമിന്റെ ആവിർഭാവത്തെയും വ്യാപനത്തെയും കുറിച്ച് വിലയിരുത്തുന്നു.
- അറേബ്യൻ ഗോത്രജീവിതത്തിന്റെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.
- മക്കാപട്ടണത്തിന്റെ മതപരവും വാണിജ്യപരവും സാംസ്കാരികവുമായ പ്രാധാന്യം തിരിച്ചറിയുന്നു.
- പ്രവാചകാനന്തര ഇസ്ലാമിക രാഷ്ട്രം നേരിട്ട പ്രശ്നങ്ങളെ വിശദമാക്കുന്നു.
- ആദ്യത്തെ നാല് ഖലീഫമാരുടെ കാലഘട്ടത്തിലെ ഭരണ രീതി വിശകലനം ചെയ്യുന്നു.
- ഉമയ്യദുകളുടെ ഭരണസംവിധാനത്തെ വിമർശനാത്മകമായി വിലയിരുത്തുന്നു.
- അബ്ബാസിയാക്കളുടെ വിപ്ലവത്തെ വിശകലനം ചെയ്യുന്നു.
- ഖലീഫാ ഭരണത്തിന്റെ ക്രമവും സുൽത്താൻ ഭരണക്രമവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുന്നു.
- വൈജ്ഞാനിക, സാംസ്കാരിക, ദാർശനിക, നിയമമേഖലകളിലുള്ള ഇസ്ലാമിന്റെ സംഭാവനകളെ വിലയിരുത്തുന്നു.

ചരിത്രത്തെ മനസ്സിലാക്കുന്നത് സ്രോതസ്സുകളിലൂടെയാണ് (sources). സി.ഇ. 600നും 1200നും ഇടയിലുള്ള മധ്യകാലഘട്ടത്തിലെ ഇസ്ലാമിക ചരിത്രത്തിന്റെ പ്രധാനപ്പെട്ട സ്രോതസ്സുകൾ താഴെപ്പറയുന്നവയാണ്.

- താരീഖ് (Chronicles) കാലക്രമമനുസരിച്ചുള്ള സംഭവ വിവരണങ്ങൾ.
- സീറ - ചരിത്രാംശങ്ങൾ അടങ്ങുന്ന ജീവചരിത്രക്കുറിപ്പുകൾ.
- ഹദീസ് - പ്രവാചകചര്യയുടേയും (ഉപദേശങ്ങളുടെയും) ഉദ്ബോധനങ്ങളുടേയും രേഖകൾ.
- തഫ്സീർ - ഖുർആൻ വ്യാഖ്യാനങ്ങൾ (Commentaries).

## ഇസ്ലാമിന്റെ ആവിർഭാവം

### വിശ്വാസം, സമുദായം, രാഷ്ട്രീയം

സി.ഇ. 612 മുതൽ സി.ഇ. 632 വരെയുള്ള കാലഘട്ടത്തിലാണ് മുഹമ്മദ് നബി ഇസ്ലാം മതം പ്രബോധനം നടത്തിയത്. ഏകദൈവാരാധകരായ വിശ്വാസികൾ മാത്രം ഉൾപ്പെട്ട ഒരു സമുദായമാണ് ഇസ്ലാമിന്റെ അടിസ്ഥാനം. മുഹമ്മദ് നബിയുടെ തൊഴിൽ കച്ചവടമായിരുന്നു. ആറാം നൂറ്റാണ്ടിൽ അറേബ്യൻ സംസ്കാരം അറേബ്യൻ ഉപദ്വീപിലും ദക്ഷിണ സിറിയയിലും മെസൊപ്പൊട്ടേമിയയുടെ ചില ഭാഗങ്ങളിലും മാത്രമായി ഒതുങ്ങി നിന്നിരുന്നു.

അറബികൾ ഗോത്രങ്ങൾ (qafila) ആയി വിഭജിക്കപ്പെട്ടിരുന്നു. ഓരോ ഗോത്രത്തിനും ഒരു ഗോത്രത്തലവൻ ഉണ്ടായിരുന്നു. ധൈര്യം, ജ്ഞാനം, ദയ തുടങ്ങിയ ഉന്നതഗുണങ്ങൾ കൂടി കണക്കിലെടുത്തായിരുന്നു ഗോത്രത്തലവന്മാരെ നിശ്ചയിച്ചിരുന്നത്.

അറേബ്യൻ ഗോത്രജീവിതത്തിന്റെ പ്രത്യേകതകൾ എന്തെന്ന് നമുക്ക് പരിശോധിക്കാം.

- ഓരോ ഗോത്രത്തിനും ആരാധനാമൂർത്തികളായി പ്രത്യേകം ദേവന്മാരും ദേവതമാരും ഉണ്ടായിരുന്നു.
- പല അറേബ്യൻ ഗോത്രങ്ങളും നാടോടികളായിരുന്നു (bedouins).
- ഭക്ഷണത്തിനും (പ്രധാനമായും ഈന്തപ്പഴം) ഒട്ടകങ്ങൾക്കുള്ള തീറ്റയ്ക്കുമായി വരണ്ടപ്രദേശങ്ങളിൽ നിന്നും മരുപ്പച്ച തേടിയുള്ള യാത്രകൾ അവരുടെ സാമൂഹികജീവിതത്തിന്റെ ഭാഗമായിരുന്നു.
- ചിലർ നഗരങ്ങളിൽ വാസമുറപ്പിക്കുകയും കച്ചവടത്തിലും കൃഷിയിലും വ്യാപൃതരാവുകയും ചെയ്തു.

മക്കയിലെ ഖുറൈശി ഗോത്രത്തിലാണ് മുഹമ്മദ് ഉൾപ്പെട്ടിരുന്നത്. സമചതുരസ്തംഭത്തിന്റെ ആകൃതിയിലുള്ള മക്കയിലെ മുഖ്യദേവാലയം (കഅ്ബ) നിയന്ത്രിച്ചിരുന്നത് ഖുറൈശികളായിരുന്നു.

**1. അറബ് ഗോത്ര ജീവിതത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക?**

മക്കയ്ക്ക് പുറത്തുള്ള ഗോത്രങ്ങളും കഅ്ബയെ വിശുദ്ധ ദേവാലയമായി കരുതി തങ്ങളുടെ മൂർത്തികളെയും കഅ്ബയിൽ പ്രതിഷ്ഠിച്ച് വർഷംതോറും തീർഥയാത്ര നടത്തിപ്പോന്നു.


കഅ്ബ– മെക്ക

മതപരവും സാംസ്കാരികവും വാണിജ്യപരവുമായി പ്രാധാന്യം അർഹിക്കുന്ന പ്രദേശമാണ് മക്ക. മക്കയുടെ പ്രാധാന്യം പരിശോധിക്കാം

- യെമനിനും സിറിയക്കും ഇടയിലുള്ള വാണിജ്യപാതയിൽ സ്ഥിതി ചെയ്യുന്നു.
- മക്കയിലെ ദേവാലയം ഒരു പരിരക്ഷിത (ഹറം) കേന്ദ്രമായിരുന്നു.
- ഇവിടെ അക്രമങ്ങൾ വിലക്കിയിട്ടുണ്ട്.
- എല്ലാ സന്ദർശകർക്കും സുരക്ഷ ഉറപ്പാക്കിയിരുന്നു.
- തീർഥാടനവും വാണിജ്യവും വിവിധ ഗോത്രങ്ങളുടെ കൂടിച്ചേരലിനും വിശ്വാസങ്ങളുടെ പരസ്പര വിനിമയത്തിനും കാരണമായി.

**2. മക്കാപട്ടണം മതപരവും വാണിജ്യപരവും സാംസ്കാരികപരവുമായി പ്രാധാന്യമർഹിക്കുന്നു. സമർഥിക്കുക?**

ബഹുദൈവാരാധകരായ അറബികൾ ജൂതന്മാരിലൂടെയും ക്രിസ്ത്യാനികളിലൂടെയും ഏകദൈവസങ്കല്പത്തെക്കുറിച്ച് നേരിയ ധാരണ നേടിയിരുന്നു. എന്നാൽ തനത് ഗോത്രദൈവങ്ങളിലും മൂർത്തികളിലുമുള്ള അവരുടെ വിശ്വാസം വളരെ ദൃഢമായിരുന്നു.

സി.ഇ. 612-നോടടുപ്പിച്ച് മുഹമ്മദ് നബി ദൈവദൂതൻ (റസൂൽ) ആയി സ്വയം പ്രഖ്യാപിക്കുകയും അള്ളാഹു മാത്രമാണ് ആരാധനയ്ക്ക് അർഹൻ എന്ന് ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. അദ്ദേഹം നിർദേശിച്ച ആരാധനാക്രമങ്ങൾ വളരെ ലളിതമായിരുന്നു.

- അഞ്ചുനേരത്തെ നമസ്കാരം (സ്വലാത്ത്).
- സമ്പത്തിന്റെ നിശ്ചിതഭാഗം പാവപ്പെട്ടവർക്ക് വിതരണം ചെയ്യൽ (സക്കാത്ത്).
- സത്യസന്ധത പുലർത്തുക.
- മോഷ്ടിക്കാതിരിക്കുക.

പൊതുവായ മതവിശ്വാസങ്ങളും മൂല്യങ്ങളും ഉൾക്കൊള്ളുന്ന വിശ്വാസികളുടെ ഒരു സമുദായം (ഉമ്മത്ത്) കെട്ടിപ്പടുക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഏകദൈവവിശ്വാസവും മുഹമ്മദ് നബിയുടെ പ്രവാചകത്വം ഉൾക്കൊള്ളുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെയുമാണ് ഈ പുതിയ സമുദായത്തിൽ അംഗമായി തീരുന്നത്. മുഹമ്മദ് നബി നിർദേശിച്ച അടിസ്ഥാനവിശ്വാസപ്രമാണങ്ങൾ അംഗീകരിക്കുന്നവരെ മുസ്ലീങ്ങൾ എന്ന് വിളിക്കപ്പെട്ടു. ഈ ലോകത്ത് സമൂഹം/സമുദായത്തിന്റെ വിഭവങ്ങളിൽ നിന്നുള്ള പങ്കും പരലോകത്ത് അന്ത്യവിധിയുടെ നാളിൽ മോക്ഷവും ലഭിക്കുമെന്ന് വിശ്വാസപരമായ ഉറപ്പ് മുസ്ലീങ്ങൾക്കുണ്ടായിരുന്നു.

മുഹമ്മദ് നബി പരിചയപ്പെടുത്തിയ വിശ്വാസപ്രമാണങ്ങളെയും ആരാധനാനുഷ്ഠാനങ്ങളെയും സമ്പന്നരായ മക്കാ നിവാസികൾ എതിർത്തു. എന്തുകൊണ്ടായിരിക്കും അവർ മുഹമ്മദ് നബിയെ എതിർത്തത്?

- ഏകദൈവവിശ്വാസം തങ്ങളുടെ ആരാധനാ മൂർത്തികളുടെ സ്ഥാനം നഷ്ടപ്പെടുത്തുമെന്ന് സമ്പന്നരായ മക്കാനിവാസികൾ തിരിച്ചറിഞ്ഞു.
- മക്കയുടെ സമൃദ്ധിക്ക് ഭീഷണിയാകുമെന്ന് കരുതി.
- മക്കയുടെ പരമപ്രധാനമായ സ്ഥാനത്തെ ബാധിക്കുമെന്ന് മനസ്സിലാക്കി.

ഇക്കാരണത്തിൽ മുഹമ്മദ് നബി പരിചയപ്പെടുത്തിയ വിശ്വാസപ്രമാണങ്ങളെയും ആരാധനാനുഷ്ഠാനങ്ങളെയും അവർ ശക്തമായി എതിർത്തു. മക്കാനിവാസികളുടെ എതിർപ്പും അതിക്രമങ്ങളും നബിയെയും അനുയായികളെയും സി.ഇ. 622ൽ മദീനയിലേക്ക് പലായനം (ഹിജ്റ) ചെയ്യാൻ നിർബന്ധിതരാക്കിത്തീർത്തു. നബി മദീനയിൽ എത്തിച്ചേർന്ന ദിവസമാണ് മുസ്ലീം കലണ്ടറിന്റെ (ഹിജ്റ) ആരംഭം.

**3. മുഹമ്മദ് നബിയെയും അനുയായികളെയും സമ്പന്നരായ മക്കാനിവാസികൾ എതിർത്തു. എന്തുകൊണ്ട്?**

മദീനയിലെത്തിയ പ്രവാചകനെ മദീന നിവാസികൾ ആഹ്ലാദത്തോടെ സ്വീകരിച്ചു. അനുകൂലമായ സാഹചര്യത്തിൽ ഇസ്ലാം തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും ഏറെ താമസിയാതെ ഒരു ഇസ്ലാമിക ഭരണവ്യവസ്ഥ മദീന കേന്ദ്രമായി സ്ഥാപിക്കപ്പെടുകയും ചെയ്തു.

## ഖലീഫാ ഭരണകാലം-വ്യാപനവും ആഭ്യന്തരകലാപവും

മുഹമ്മദ് നബിയുടെ മരണശേഷം ആരാണ് ഇസ്ലാമിക ഭരണത്തെ നയിക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തമായ തത്വങ്ങളോ ധാരണയോ ഉണ്ടായിരുന്നില്ല. സി.ഇ.632-ൽ നബിയുടെ മരണശേഷം ഭരണപിന്തുടർച്ച സംബന്ധിച്ച പുതിയ മാർഗങ്ങൾ ആരായാൻ അനുയായികൾ നിർബന്ധിതരായി. അവയിൽ വ്യാപകമായി അംഗീകരിക്കപ്പെട്ടത് ഖലീഫ ഭരണമായിരുന്നു. ഇത് പ്രകാരം മുസ്ലീംസമുദായത്തിന്റെ നേതാവ് (അമീറ് ഉൽ-മുഅ്മിനീൻ) പ്രവാചക പ്രതിനിധി (Khalifa) ആയി കണക്കാക്കപ്പെട്ടു. ആദ്യത്ത നാലു ഖലീഫമാരും (632-61) തങ്ങളുടെ സ്ഥാനം അന്വർഥമാക്കും വിധം ഖുർആനും പ്രവാചകചര്യയും പിൻതുടർന്ന് നീതിയുക്തമായി ഭരണം നടത്തി.

**ഖലീഫമാർ**

1. അബൂബക്കർ.
2. ഉമർ.
3. ഉസ്മാൻ.
4. അലി.

മുഹമ്മദ് നബിയുടെ മരണത്തെതുടർന്ന് ഇസ്ലാമിക രാഷ്ടം വ്യത്യസ്തമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നു. അവ എന്തെന്ന് നമുക്ക് മനസ്സിലാക്കാം.


- ഇസ്ലാമിക രാഷ്ട്രത്തിന്റെ ഭാഗമായ പല ഗോത്രങ്ങളും വിഘടന സ്വഭാവം പ്രകടിപ്പിച്ചു.
- ചില ഗോത്രങ്ങൾ ഇസ്ലാമിന്റെ മാതൃക പിന്തുടർന്ന് തങ്ങളുടേതായ സമുദായങ്ങൾ രൂപീകരിക്കാൻ ശ്രമിച്ചു.
- ചിലർ പുതിയ പ്രവാചകന്മാരായി അവരോധിച്ചു.

ആദ്യ ഖലീഫയായ അബൂബക്കർ ഇത്തരം പ്രവണതകൾ അടിച്ചമർത്തുകയും ആഭ്യന്തര സമാധാനം ഉറപ്പു വരുത്തുകയും ചെയ്തു.

**4. മുഹമ്മദ് നബിയുടെ മരണാനന്തരം ഇസ്ലാമിക രാഷ്ട്രം വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിച്ചു. പ്രസ്താവന സാധൂകരിക്കുക?**

രണ്ടാം ഖലീഫയായ ഉമർ സമുദായത്തിന്റെ അധികാര വ്യാപനത്തിന് വ്യക്തമായ നയങ്ങൾ രൂപീകരിച്ചു. പടിഞ്ഞാറ് ബൈസാന്റിയൻ സാമ്രാജ്യം മുതൽ കിഴക്ക് സസാനിയൻ സാമ്രാജ്യം വരെയുള്ള വിപുലമായ പ്രദേശങ്ങൾ കീഴടക്കാൻ അദ്ദേഹം പദ്ധതിയിട്ടു. ബൈസാന്റിയൻ സാമ്രാജ്യം ക്രിസ്തുമതത്തെയും സസാനിയൻ സാമ്രാജ്യം ഇറാനിലെ പൗരാണികമതമായ സൊരാഷ്ട്രിയൻ മതത്തെയുമാണ് പ്രോത്സാഹിപ്പിച്ചുപോന്നത്. അറബികളുടെ അധികാരവ്യാപന കാലഘട്ടത്തിൽ ഈ രണ്ട് സാമ്രാജ്യങ്ങളും മതസംഘർഷങ്ങളും പ്രഭുക്കന്മാർ തമ്മിലുള്ള ആഭ്യന്തരകലാപങ്ങളും മൂലം ദുർബലമായി തീർന്നിരുന്നു. യുദ്ധങ്ങളും ഉടമ്പടികളും മുഖേന അറബികൾക്ക് ഈ പ്രദേശങ്ങളെ ഇസ്ലാമിക രാഷ്ട്രത്തോട് എളുപ്പത്തിൽ കൂട്ടിച്ചേർക്കാൻ സാധിച്ചു (637 -42). അറബികൾക്ക് സിറിയ, ഇറാഖ്, ഇറാൻ, ഈജിപ്ത് എന്നിവയെ മദീനയുടെ അധീനതയിൽ കൊണ്ടുവരാൻ സാധിച്ചു. യുദ്ധതന്ത്രങ്ങളും മതോത്സുകതയും, കീഴ്പ്പെടുത്തേണ്ട രാജ്യങ്ങളുടെ ആഭ്യന്തര ദൗർബല്യങ്ങളും അറബികളുടെ വിജയത്തിന് മുഖ്യകാരണങ്ങളായി. മധ്യേഷ്യയിലേക്കുള്ള അധികാരവ്യാപന ശ്രമങ്ങൾ നടന്നത് മൂന്നാം ഖലീഫയായ ഉസ്മാന്റെ ഭരണകാലത്താണ്. മുഹമ്മദ് നബിയുടെ മരണശേഷം ഒരു ദശകത്തിനകം തന്നെ നൈൽ നദിക്കും ഓക്സസ് നദിക്കും ഇടയിലുള്ള വിശാലമായ ഭൂപ്രദേശങ്ങൾ ഇസ്ലാമികഭരണത്തിന് കീഴിലായി.

**5. നൈലിനും ഓക്സസിനും ഇടയിലുള്ള പ്രദേശം ഇസ്ലാമിക ഭരണത്തിന് കീഴിലായത് എങ്ങനെ? പരിശോധിക്കുക.**




*പശ്ചിമേഷ്യ- ഭൂപടം*

ഈ പ്രദേശങ്ങളിലെ ഭരണസമ്പ്രദായം എങ്ങിനെ എന്ന് പരിശോധിക്കാം.

തങ്ങളുടെ അധീനതയിൽ വന്ന പ്രദേശങ്ങളിൽ ഖലീഫമാർ പുതിയ ഭരണസമ്പ്രദായം ഏർപ്പെടുത്തി. ഗവർണർമാരെയും (അമീറുകൾ) ഗോത്രമുഖ്യന്മാരേയും (അഷ്റഫുകൾ) ഭരണനേതൃത്വം ഏൽപ്പിച്ചു. മുസ്ലീങ്ങളിൽ നിന്നുള്ള നികുതിയും യുദ്ധ മുതലിന്റെ അർഹമായ വിഹിതവുമായിരുന്നു കേന്ദ്ര ഖജനാവി (ബൈത്തുൽമാൽ) ന്റെ മുഖ്യവരുമാനം.

ഭരണവർഗത്തിനും പട്ടാളക്കാർക്കും യുദ്ധമുതലിന്റെ പങ്കും പ്രതിമാസവേതനവും ലഭിച്ചിരുന്നു. മുസ്ലീങ്ങളല്ലാത്തവരിൽ നിന്ന് ഖറജ്, ജസിയ തുടങ്ങിയ നികുതികൾ ഈടാക്കി അവരുടെ സ്വത്തവകാശവും മതസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെട്ടു. ജൂതന്മാരെയും ക്രിസ്ത്യാനികളെയും സംരക്ഷിത വിഭാഗമായി പ്രഖ്യാപിക്കുകയും അവരുടെ സമുദായപ്രവർത്തനങ്ങൾക്ക് പൂർണസ്വാതന്ത്ര്യം നൽകുകയും ചെയ്തു.

രാജ്യാതിർത്തി വിസ്തൃതമാകുംതോറും അറബികൾക്ക് രാജ്യത്തിനകത്തുനിന്നു തന്നെ ഒരുപാട് വെല്ലുവിളികൾ നേരിടേണ്ടി വന്നു.

ഏതൊക്കെയായിരുന്നു ആ വെല്ലുവിളികൾ?

- വിഭവങ്ങളുടെ വിതരണത്തെ ചൊല്ലിയുള്ള വിയോജിപ്പുകൾ.
- അധികാര വിഭജനത്തെ ചൊല്ലിയുള്ള സംഘർഷങ്ങൾ.
- മക്കക്കാരുടെ ഭരണപരമായ അപ്രമാധിത്വത്തിലുള്ള എതിർപ്പുകൾ.
- ഇറാഖ്, ഈജിപ്ത് എന്നിവടങ്ങളിൽ നിന്നുള്ള എതിർപ്പുകൾ.

ഇറാഖിലെയും ഈജിപ്തിലെയും വിമതവിഭാഗങ്ങൾ മദീനയിലെ വിമതരുമായി ചേരുകയും ഉസ്മാന്റെ കൊലപാതകത്തിന് അത് വഴിതെളിക്കുയും ചെയ്തു. ഉസ്മാന്റെ മരണശേഷമാണ് അലി നാലാം ഖലീഫയായത്. അലിയുടെ ഭരണകാലത്ത് മുസ്ലീങ്ങളുടെ വിഭാഗീയത ശക്തമായി. മക്കയിലെ പ്രഭുവർഗത്തിൽപെട്ട ചില വിഭാഗക്കാർക്കെതിരെ അലി ചെയ്യേണ്ടിവന്ന രണ്ട് യുദ്ധങ്ങൾ വിഭാഗീയതയുടെ ആക്കം കൂട്ടി. അലിയെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും രണ്ട് വിരുദ്ധ സംഘങ്ങളാവുകയും പിന്നീട് ഇത് ഇസ്ലാമിനകത്തെ സുന്നി, ഷിയ വിഭാഗീയതയ്ക്ക് കാരണമാവുകയും ചെയ്തു. അലി കുഫ പട്ടണത്തെ ഭരണകേന്ദ്രമാക്കി മാറ്റി. ഇതിനിടയിൽ മുഹമ്മദ്നബിയുടെ പത്നിയായ ആയിഷയുടെ നേതൃത്വത്തിൽ അലിയ്ക്കെതിരെ നടന്ന സൈനിക നീക്കത്തെ സി.ഇ. 657-ലെ ഒട്ടക യുദ്ധത്തിൽ (Battle of Camel) അലി പരാജയപ്പെടുത്തി. അതേസമയം ഉസ്മാന്റെ ബന്ധുവും സിറിയയിലെ ഗവർണറുമായിരുന്ന മുആവിയയുടെ നേതൃത്വത്തിൽ നടത്തിയ കലാപത്തെ അടിച്ചമർത്താൻ അലി പ്രയാസപ്പെട്ടു.

വടക്കെ മൊസൊപ്പൊട്ടാമിയയിലെ സിഫിൻ എന്ന സ്ഥലത്തുവെച്ച് അലിയുടെയും മുആവിയയുടെയും സൈന്യങ്ങൾ ഏറ്റുമുട്ടി. അലിയുടെ സൈന്യത്തെ രണ്ട് വിരുദ്ധസംഘങ്ങളായി വിഭജിക്കാൻ മുആവിയയുടെ കുതന്ത്രങ്ങൾക്ക് സാധിച്ചു. ഒരു

വിഭാഗം അലിയോടുള്ള കൂറ് തുടർന്നപ്പോൾ രണ്ടാമത്തെ വിഭാഗം അലിയെ വിട്ട് മറുപക്ഷത്ത് ചേർന്നു. അലിയുടെ സൈന്യത്തിൽ നിന്ന് വിട്ടുപോന്നവർ ഖാരിജകൾ (Kharji) എന്നറിയപ്പെട്ടു. ഏറെ വൈകാതെ കുഫയിലെ ഒരു പള്ളിയിൽ വെച്ച് അലി ഒരു ഖാരിജിയാൽ വധിക്കപ്പെട്ടു. അലിയുടെ മരണശേഷം അദ്ദേഹത്തിന്റെ മകനായ ഹുസൈനെ ഖലീഫയാക്കാനുള്ള അലിയുടെ അനുയായികളുടെ ശ്രമങ്ങൾ വിജയിച്ചില്ല. ശക്തനായ മുആവിയ സി.ഇ. 661-ൽ സ്വയം ഖലീഫയായി പ്രഖ്യാപിച്ചു. ഇത് ഉമയ്യദ് രാജവംശത്തിന്റെ സ്ഥാപനത്തിന് കാരണമായി. ഈ രാജവംശം സി.ഇ. 750 വരെ ഭരണം നടത്തി. ഉമയ്യദ് ഭരണത്തിന് ഇസ്ലാമിക രാഷ്ട്രത്തിൽ തലപൊക്കിയിരുന്ന വിഭാഗീയ പ്രവണതകളെ അടിച്ചമർത്താനും ഇസ്ലാമിക പ്രവിശ്യകളുടെ രണ്ടാം ഏകീകരണം (Second round consolidation) ഫലപ്രദമായി നടപ്പിലാക്കാനും സാധിച്ചു.

## ഉമയ്യദുകളും ഭരണ ഏകീകരണവും

ഉമയ്യദ് രാജവംശത്തിലെ ഒന്നാം ഖലീഫ മുആവിയ ആണെന്ന് നാം മനസ്സിലാക്കിയല്ലോ. സി.ഇ. 661 മുതൽ 750 വരെയുള്ള കാലങ്ങളിൽ ഉമയ്യദ് രാജവംശമാണ് ഇസ്ലാമിക രാഷ്ട്രത്തെ ഡാമാസ്കസ് തലസ്ഥാനമാക്കി ഭരിച്ചത്.

- ആദ്യകാല ഖലീഫമാരുടെ ഭരണരീതി പിന്തുടരാതെ ബൈസാന്റിയൻ ചക്രവർത്തിമാരുടെ ഭരണസ്ഥാപനങ്ങളെയാണ് അദ്ദേഹം മാതൃകയാക്കിയത്.
- ഖലീഫാസ്ഥാനം പരമ്പരാഗതമാക്കിയത് മുആവിയയാണ്.
- മുആവിയ സ്വപുത്രനെ തന്റെ പിൻഗാമിയായി പ്രഖ്യാപിച്ചു
- ജനായത്തക്രമത്തിൽ നിന്ന് ഏകാധിപത്യത്തിലേക്ക് ഖിലാഫത്ത് സംവിധാനത്തിന്റെ മാറ്റം പ്രകടമായി.
- ഇസ്ലാമിന്റെ ആരംഭദശയിലുണ്ടായിരുന്ന ലളിതമായ ഭരണക്രമത്തിൽ നിന്ന് വ്യതിചലിച്ച് പുതുസമ്പ്രദായങ്ങൾ കൊണ്ടുവന്നു.
- ഐക്യത്തിന് വേണ്ടി ആഹ്വാനം ചെയ്യുകയും ഇസ്ലാമിന്റെ പേരിൽ നടക്കുന്ന കലാപങ്ങളെ അടിച്ചമർത്തുകയും ചെയ്തു.
- ഭരണത്തിൽ ക്രൈസ്തവ ഉപദേഷ്ടാക്കളെയും സ്വരാഷ്ട്രിയൻ ഉദ്യോഗസ്ഥന്മാരെയും നിയമിച്ചു.
- അറബ് സാമൂഹിക സ്വത്വം നിലനിർത്തി.

അബ്ദുൾ മാലിക്കിന്റെ (685–705) ഭരണകാലത്ത് അറബ് -ഇസ്ലാമിക സ്വത്വ ചിഹ്നങ്ങൾക്ക് പ്രാധാന്യം നൽകി. ഇതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു.

- അറബി ഭരണഭാഷയാക്കി.
- ഇസ്ലാമിക നാണയ വ്യവസ്ഥ നടപ്പിലാക്കി.
- ജറുസലേമിൽ 'ഡോം ഓഫ് ദി റോക്' (Dom of the Rock) പണികഴിപ്പിച്ചു.



ഇസ്ലാമിക നാണയങ്ങൾ



ഡോം ഓഫ് ദി റോക്

## അബ്ബാസിയാ വിപ്ലവം (Abbasid Revolution)

ഒരു കേന്ദ്രീകൃത മുസ്ലീം രാഷ്ട്രം സ്ഥാപിക്കുന്നതിൽ ഉമയ്യദുകൾ വിജയിച്ചെങ്കിലും ആ വിജയത്തിന് അവർ കനത്ത വില കൊടുക്കേണ്ടി വന്നു. സി.ഇ. 750-ൽ ദഅ്വ (dawa) എന്ന് അറിയപ്പെട്ട ഒരു സംഘടിത വിഭാഗം ഉമയ്യദുകളെ അട്ടിമറിച്ചു. അബാസിയാക്കളെ അധികാരത്തിൽ പ്രതിഷ്ഠിച്ചു. ഈ വംശവും മക്കക്കാരായിരുന്നു. ഉമയ്യദ് വംശത്തിന്റെ ഏകാധിപത്യ പ്രവണതകൾക്കെതിരെ ശക്തമായ പ്രതിഷേധം അഴിച്ചുവിട്ടുകൊണ്ടാണ് അധികാരമാറ്റം സാധിച്ചത്. മുഹമ്മദ് നബിയുടെ അമ്മാവനായ അബ്ബാസിന്റെ പിൻഗാമികളാണ് അബ്ബാസിയാക്കൾ.

അബ്ബാസിയ വിപ്ലവത്തിലേക്ക് നയിച്ച പ്രധാന സാഹചര്യങ്ങൾ പരിശോധിക്കാം

- മുഹമ്മദ് നബിയുടെ യഥാർഥ പിൻഗാമികളെന്ന് അവകാശപ്പെട്ട അവർക്ക് ഉമവ്വിയ ഭരണത്തിൽ അസംതൃപ്തരായ വിവിധ വിഭാഗം ജനങ്ങളുടെ വ്യാപകമായ പിന്തുണ ലഭിച്ചു.
- പ്രവാചകകുടുംബത്തിൽപ്പെട്ട തങ്ങളുടെ നേതാക്കളിലൊരാൾ ഉമയ്യദുകളുടെ കിരാതഭരണത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുമെന്ന് അബ്ബാസിയാക്കൾ വാഗ്ദാനം ചെയ്തു.
- ഇസ്ലാമിന്റെ നഷ്ടപ്പെട്ട യശസ്സ് പുനഃസ്ഥാപിച്ച് പ്രവാചക കാലഘട്ടത്തിലെ യഥാർഥ ഇസ്ലാമാക്കി തീർക്കാമെന്ന് അവർ ജനങ്ങളെ ബോധ്യപ്പെടുത്തി.
- ഇറാഖിൽ വേരുകളുള്ള അറബി പടയാളികളിൽ ഭൂരിഭാഗവും സിറിയക്കാരുടെ മേധാവിത്വത്തിൽ അസംതൃപ്തരായിരുന്നു.
- ഉമയ്യദുകൾ വാഗ്ദാനം നൽകിയിരുന്ന നികുതിയിളവും മറ്റാനുകൂല്യങ്ങളും ലഭിക്കാത്തതിൽ ഖുരാസനിലെ സാധാരണജനങ്ങൾ അമർഷത്തിലായിരുന്നു.

ഇറാനികളായ മുസ്ലീങ്ങൾ ഉമയ്യദു ഭരണത്തിൻ കീഴിൽ ശക്തമായിത്തീർന്ന അറബികളുടെ വംശീയബോധത്തേയും വിവേചനത്തേയും എതിർക്കാൻ തക്കംപാർത്തിരിക്കുകയായിരുന്നു.

ഇറാനിയനായ അബു മുസ്ലീം എന്ന അടിമയുടെ നേതൃത്വത്തിലുള്ള സൈന്യം അവസാന ഉമയ്യദ് ഖലീഫയായ മർവാനെ സാബ് നദിക്കരയിലെ യുദ്ധത്തിൽ ( Battle Of the Zab) പരാജയപ്പെടുത്തി.

**6. അബ്ബാസിയ വംശത്തിന് ഇസ്ലാമിക രാഷ്ട്രത്തിന്റെ അധികാരം ലഭിച്ചതെങ്ങനെ? പരിശോധിക്കുക.**

ഉമയ്യദ് വംശത്തിൽ നിന്ന് അബ്ബാസിയ വംശത്തിലേക്ക് ഖലീഫാഭരണം മാറിയെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. അബ്ബാസിയ ഭരണത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് നോക്കാം.

- സൈന്യത്തിലും ഭരണസ്ഥാപനങ്ങളിലും ഗോത്രപരിഗണനകൾക്കതീതമായി ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കാൻ അബ്ബാസിയ ഭരണാധികാരികൾ ശ്രദ്ധിച്ചു.
- അറബ് സ്വാധീനം കുറയുകയും ഇറാനീയൻ സംസ്കാരത്തിന്റെ പ്രാധാന്യം വർധിക്കുകയും ചെയ്തു.
- തലസ്ഥാനം ബാഗ്ദാദിലേക്ക് മാറ്റി.
- ഇറാഖുകാർക്കും ഖുരാസൻകാർക്കും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കി.
- ഇസ്ലാമിക സ്ഥാപനങ്ങളുടെയും പണ്ഡിതൻമാരുടെയും സംരക്ഷണത്തിന് മുന്തിയ പരിഗണന നൽകി.
- ഇസ്ലാമിക ഭരണ രീതികൾക്ക് പ്രാധാന്യം നൽകി.

എന്നിരുന്നാലും ഉമയ്യദുക്കളുടെ രാജാധിപത്യം തകർത്തെറിയുന്നതിൽ ഊറ്റം കൊണ്ടിരുന്ന അബ്ബാസിയാക്കൾ അതേ സംവിധാനം നിലനിർത്താൻ നിർബന്ധിതരായി.

ഇതിന്റെ പ്രത്യേകതകൾ എന്തൊക്കെയെന്ന് നമുക്ക് പരിശോധിക്കാം.

- കേന്ദ്രീകൃത ഭരണം നിലനിർത്തി.
- കോട്ടകൊത്തളങ്ങൾ നിലനിർത്തി.
- പ്രൗഢമായ രാജകീയ ചടങ്ങുകൾ തുടർന്നുപോന്നു.

**7. ഉമയ്യദ് - അബ്ബാസിയ ഭരണത്തെ താരതമ്യം ചെയ്യുക?**

## ഖലീഫാ ഭരണത്തിന്റെ തകർച്ചയും സുൽത്താൻ ഭരണത്തിന്റെ തുടർച്ചയും

ഒൻപതാം നൂറ്റാണ്ടോടുകൂടി അബ്ബാസിയ ഭരണം ക്ഷയിച്ചു തുടങ്ങി. ഇതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കാം.

- സൈന്യത്തിലും ഉദ്യോഗസ്ഥവൃന്ദങ്ങളിലും തലപൊക്കിയ അറബ്-ഇറാൻ വംശീയവിഭാഗീയത ബാഗ്ദാദിന് വിദൂരപ്രവിശ്യകളുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെടാൻ കാരണമായി.
- ഖലീഫാ ഹാറൂൺ അൽറഷീദിന്റെ പുത്രന്മാരായ അമീനിന്റെയും മഌമൂനിന്റെയും അനുയായികൾ തമ്മിലുള്ള സംഘർഷങ്ങൾ സി.ഇ. 810ൽ ആഭ്യന്തര കലാപമായി പരിണമിച്ചു.
- തുർക്കികളായ അടിമ ഉദ്യോഗസ്ഥർക്ക് (Mamluks) പ്രാമുഖ്യമുള്ള അധികാര കേന്ദ്രത്തിന്റെ ഉദയത്തിന് വഴിതെളിയിച്ചു.
- അധികാരത്തിനുവേണ്ടി ഷിയാ-സുന്നി വടംവലികൾ വീണ്ടും തലപൊക്കി.

950-നും 1200-നും ഇടയിൽ ഇസ്ലാമിക സമൂഹം ഐക്യപ്പെട്ടിരുന്നത് ഒരു പൊതുഭരണത്തിൻ കീഴിലോ സാംസ്കാരിക വിനിമയത്തിനുള്ള ഒരു പൊതുഭാഷയുടെ (അറബിക്) അടിസ്ഥാനത്തിലോ ആയിരുന്നില്ല. പൊതുവായ ചില സാമ്പത്തിക സാംസ്കാരിക പ്രത്യേകതകളും രീതികളുമാണ് അവരുടെ പൊതുസ്വത്വം രൂപപ്പെടുത്തിയിരുന്നത്. ഇക്കാലത്തെ രാഷ്ട്രീയശൈഥില്യവും അധികാര വടംവലികളും പൊതുസമൂഹത്തിന്റെ സാംസ്കാരികമായ കൈമാറ്റങ്ങളെ ബാധിച്ചില്ല.

മറ്റ് സാംസ്കാരിക പ്രത്യേകതകളെ നമുക്ക് പരിചയപ്പെടാം.

- പേർഷ്യൻ ഉന്നത ഇസ്ലാമിക സംസ്കാരത്തിന്റെ ഭാഷയായി.
- വ്യത്യസ്ത ബൗദ്ധികപാരമ്പര്യങ്ങൾ പിന്തുടരുന്നവർ തമ്മിൽ പക്വമായ സംവാദങ്ങൾ നടന്നു.

- മദ്ധ്യപൗരസ്ത്യ ഇസ്ലാമിക ലോകത്ത് കലാകാരന്മാരുടെയും പണ്ഡിതന്മാരുടെയും കച്ചവടക്കാരുടെയും സ്വതന്ത്രമായ സഞ്ചാരവും പരസ്പര വിനിമയവും നടന്നു.

ഉന്നതമായ ആശയങ്ങളും ചിന്താരീതികളും ആചാരമര്യാദകളും വിദൂരസ്ഥങ്ങളും ഒറ്റപ്പെട്ടതുമായ ഗ്രാമങ്ങളിൽ വരെ എത്താൻ ഈ സാഹചര്യങ്ങൾ സഹായിച്ചു. ഗ്രാമനിവാസികൾ കൂട്ടത്തോടെ ഇസ്ലാംമതം ആശ്ലേഷിച്ചു. ഉമയ്യദ്-അബ്ബാസിയ കാലഘട്ടത്തിൽ വെറും 10% മാത്രമായിരുന്ന മുസ്ലീം ജനസംഖ്യ അഭൂതപൂർവമായി വർധിച്ചു. ഒരു മതമെന്ന നിലയിലും സാംസ്കാരികവ്യവസ്ഥ എന്ന നിലയിലും ഇസ്ലാം വളർച്ച പ്രാപിച്ചു.

**8. സി.ഇ. 950 നും 1200 നും ഇടയിലുള്ള ഇസ്ലാമിക ലോകം ഉന്നതമായ സാംസ്കാരിക വൈജ്ഞാനിക കേന്ദ്രമായിരുന്നു. സമർഥിക്കുക.**

## കുരിശുയുദ്ധങ്ങൾ

പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള നൂറ്റാണ്ടുകളിൽ യൂറോപ്പിലെ ക്രൈസ്തവരും അറബി രാഷ്ട്രങ്ങളും തമ്മിൽ നിരന്തരം സംഘർഷങ്ങളിലേർപ്പെട്ടു. ഈ സംഘർഷങ്ങൾ കുരിശുയുദ്ധം എന്നറിയപ്പെട്ടു.

- ക്രിസ്ത്യാനികൾ വിശുദ്ധഗ്രന്ഥത്തിന് (ബൈബിൾ അഥവാ ഇൻജീൽ) ഉടമകളായിരുന്നതുകൊണ്ട് ഗ്രന്ഥം നൽകപ്പെട്ടവർ (People of the book or Ahl-ul-Kitab) എന്ന നിലക്ക് അവരോട് മുസ്ലീങ്ങൾ തങ്ങളുടെ മതം അനുശാസിക്കും വിധം ബഹുമാനം വച്ചുപുലർത്തി.
- ക്രൈസ്തവരുടെ മതസ്വാതന്ത്ര്യവും പൗരാവകാശസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെട്ടിരുന്നു.
- കച്ചവടക്കാർ, തീർഥാടകർ, അംബാസഡർമാർ, യാത്രികർ തുടങ്ങിയ നിലകളിൽ ഇസ്ലാമിക സാമ്രാജ്യത്തിലെവിടെയും അവർക്ക് സ്വതന്ത്രമായി വിഹരിക്കാമായിരുന്നു.

ബൈസാന്റിയൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നതും ക്രിസ്ത്യാനികൾ വിശുദ്ധഭൂമിയായി കരുതിയിരുന്നതുമായ പാലസ്തീൻ ഇക്കാലത്ത് ഇസ്ലാമിക സാമ്രാജ്യത്തിന്റെ ഭാഗമായി തീർന്നു. ജറുസലേം അറബികളുടെ അധീനതയിലായത് എഡി.638ൽ ആണ്. യേശുവിന്റെ കുരിശാരോഹണവും പുനരുത്ഥാനവും (Resurrection) നടന്നതെന്ന് വിശ്വസിക്കപ്പെടുന്ന പ്രദേശമാണ് ജറുസലേം. വിശുദ്ധഭൂമിയായി കരുതിയ ജറുസലേമിലെ അറേബ്യൻ അധീശത്വം യൂറോപ്പിലെ ക്രൈസ്തവരുടെ ഇടയിൽ മുസ്ലീങ്ങളോട് ശത്രുതാമനോഭാവം വളർത്തി. ജറുസലേം നഗരം മുസ്ലീങ്ങളുടെ നിയന്ത്രണത്തിൽ നിന്നും മോചിപ്പിക്കേണ്ടത് അടിയന്തര ആവശ്യമായി പാശ്ചാത്യർ കണക്കാക്കി.

സി.ഇ. 11-ാം നൂറ്റാണ്ടിലാണ് ഈ ശത്രുതാ മനോഭാവം കൂടുതൽ ശക്തമായത്. അതിന്റെ കാരണങ്ങൾ പരിശോധിക്കാം.

- യൂറോപ്പിലെ നോർമനുകളും, ഹംഗറിക്കാരും, ചില അടിമവർഗങ്ങളും ഉൾപ്പെടെ വലിയൊരു വിഭാഗം ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനത്തിന് വിധേയരായി. ഇപ്രകാരം വിപുലീകരിക്കപ്പെട്ട ക്രിസ്തുമതം മുസ്ലീങ്ങളെ മുഖ്യ എതിരാളികളായി കണക്കാക്കി.
- പടിഞ്ഞാറൻ യൂറോപ്പിലെ സാമൂഹിക സാമ്പത്തിക മാറ്റങ്ങൾ.
- യൂറോപ്പിലെ പീസ് ഓഫ് ഗോഡ് പ്രസ്ഥാനം കുരിശുയുദ്ധങ്ങൾക്ക് അനുകൂലമായ സാഹചര്യമൊരുക്കി.
- ക്രിസ്തുവിന്റെ പുണ്യസ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന അവിശ്വാസികൾക്കെതിരെയുള്ള പോരാട്ടത്തിൽ പങ്ക് ചേരുന്നവർക്ക് പാപമോചനവും യുദ്ധത്തിൽ മരണമടയുന്നവർക്ക് പറുദീസയും പോപ്പ് വാഗ്ദാനം ചെയ്തു.

1092-ൽ സെൽജുക് സുൽത്താനായ മാലിക് ഷാ ബാഗ്ദാദിൽ മരണപ്പെട്ടതോടെ അദ്ദേഹത്തിന്റെ സാമ്രാജ്യം ശിഥിലമായി. ഈ അവസരം മുതലെടുത്ത് ബൈസാന്റിയൻ ചക്രവർത്തിയായ അലക്സിയസ് ഒന്നാമൻ ഏഷ്യാമൈനറും വടക്കൻ സിറിയയും തിരിച്ചു പിടിക്കാൻ ഒരുങ്ങി. ഈ ശ്രമം ക്രിസ്ത്യാനികളുടെ ആത്മവീര്യം വർധിപ്പിച്ചു. 1095-ൽ ബൈസാന്റിയൻ ചക്രവർത്തിയെ പിൻതാങ്ങി വിശുദ്ധയുദ്ധത്തിൽ പങ്കുചേരാൻ ക്രിസ്ത്യാനികളോട് പോപ്പ് അർബൻ രണ്ടാമൻ ആഹ്വാനം ചെയ്തു. കിഴക്കൻ മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ തീരദേശസമതലങ്ങളാണ് പടിഞ്ഞാറൻ യൂറോപ്പിലെ ക്രിസ്ത്യാനികൾ മുഖ്യമായും ലക്ഷ്യമിട്ടത്. ഈ ആക്രമണങ്ങൾ പിന്നീട് കുരിശുയുദ്ധങ്ങൾ എന്നറിയപ്പെട്ടു.

പ്രധാനമായും മൂന്ന് കുരിശുയുദ്ധങ്ങളാണ് നടന്നത്.

| | | |
|---|---|---|
| ഒന്നാം കുരിശു യുദ്ധം | - | 1098-99 |
| രണ്ടാം കുരിശു യുദ്ധം | - | 1145-49 |
| മൂന്നാം കുരിശു യുദ്ധം | - | 1189 |

കുരിശുയുദ്ധങ്ങൾ ക്രിസ്ത്യൻ - മുസ്ലീം ബന്ധത്തിൽ ദൂരവ്യാപകമായ ഫലം സൃഷ്ടിച്ചു.

- കുരിശു യുദ്ധക്കാരിൽ നിന്നുള്ള കയ്പേറിയ അനുഭവങ്ങൾ ഇസ്ലാമിക രാഷ്ട്രങ്ങളെ തങ്ങളുടെ ക്രിസ്ത്യൻ പ്രജകളോട് കർക്കശമായ മനോഭാവം വെച്ച് പുലർത്താൻ പ്രേരിപ്പിച്ചു.
- കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വാണിജ്യബന്ധത്തിൽ ഇറ്റാലിയൻ കച്ചവട സമൂഹത്തിന്റെ സ്വാധീനം വർധിപ്പിച്ചു.

**9. കുരിശു യുദ്ധങ്ങളുടെ പ്രത്യാഘാതങ്ങൾ വിശദമാക്കുക?**

## വിജ്ഞാനവും സംസ്കാരവും

മറ്റ് ജനങ്ങളുമായുള്ള സമ്പർക്കത്തിലൂടെ മുസ്ലീങ്ങളുടെ മതപരവും സാമൂഹികവുമായ അനുഭവങ്ങൾ വർധിച്ചു. ദൈവവുമായും ലോകവുമായും ബന്ധപ്പെട്ട പല പ്രശ്നങ്ങളും മുസ്ലീം പണ്ഡിതർ ചർച്ച ചെയ്യാൻ തുടങ്ങി. സ്വകാര്യ- പൊതുജീവിതത്തിൽ ഒരു മുസ്ലീം എങ്ങനെ പെരുമാറണം? സൃഷ്ടിയുടെ ലക്ഷ്യമെന്താണ്? ദൈവം അവന്റെ സൃഷ്ടികളിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നുവെന്ന് ആർക്കെങ്കിലും അറിയുമോ? പ്രപഞ്ച രഹസ്യങ്ങൾ എങ്ങനെ മനസ്സിലാക്കാം? ഈ ചോദ്യങ്ങൾക്കെല്ലാം പണ്ഡിതരായ മുസ്ലീങ്ങൾ ഉത്തരം നൽകി.

- ഖുറാനിൽ നിന്നുള്ള ജ്ഞാനവും പ്രവാചകന്റെ മാതൃകാപരമായ പെരുമാറ്റവുമാണ് ദൈവഹിതമറിയാനും ലോകത്തെ നയിക്കാനുള്ള ഏക മാർഗമെന്ന് അവർ പറഞ്ഞു.
- പണ്ഡിതന്മാരിൽ ചിലർ ഇസ്ലാമിക നിയമങ്ങൾ (ശരിഅത്ത്) ക്രോഡീകരിക്കുകയും നിയമസംഹിത തയാറാക്കുകയും ചെയ്തു.
- നിയമസംഹിതകൾ തയാറാക്കിയപ്പോൾ പണ്ഡിതന്മാർ യുക്തിചിന്തക്ക് പ്രാധാന്യം നൽകി.

നിയമ സമ്പ്രദായത്തിന്റെ സ്രോതസ്സുകൾ, രീതികൾ എന്നിവ വ്യാഖ്യാനിക്കുന്നതിൽ ഉണ്ടായ വീക്ഷണ വ്യത്യാസം നാല് കർമ്മശാസ്ത്ര സരണികൾ രൂപം പ്രാപിക്കുന്നതിന് കാരണമായി. ഇവ പ്രമുഖരായ നാല് കർമ്മശാസ്ത്ര പണ്ഡിതൻമാരുടെ നാമധേയത്തിലാണ് അറിയപ്പെട്ടത്.

- മാലിക്കി
- ഹനഫി
- ഷാഫി
- ഹൻബലി

മധ്യകാല ഇസ്ലാമിനെ കുറിച്ച് മനസ്സിലാക്കുമ്പോൾ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സൂഫിസം. സന്യാസ ജീവിതം (Asceticism), ആജ്ഞേയവാദം (Mysticism) എന്നിവയിലൂടെ ദൈവത്തെ ആഴത്തിൽ മനസ്സിലാക്കുന്നതിനാണ് സൂഫികൾ ശ്രമിച്ചത്.

സൂഫിസത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയെന്ന് നോക്കാം.

- ഭൗതികജീവിതത്തോടും സുഖസൗകര്യങ്ങളോടും സമൂഹം കാണിച്ച തൃഷ്ണയെ സൂഫികൾ നിരാകരിച്ചു.
- സൂഫികൾ ആജ്ഞേയവാദികളും സർവേശ്വരവാദികളും (Pantheism) ആയിരുന്നു. മനുഷ്യന്റെ ആത്മാവ് അതിന്റെ സൃഷ്ടാവിനോടൊപ്പം ഒത്തുചേരണം എന്ന ചിന്താഗതിയാണിത്.

- ദൈവത്തെ ആഴത്തിൽ മനസ്സിലാക്കുന്നതിനാണ് സൂഫികൾ ശ്രമിച്ചത്.
- ദൈവത്തോടുള്ള തീവ്രസ്നേഹമാണ് ദൈവവുമായി ഒത്തുചേരുന്നതിനുള്ള പ്രധാന മാർഗം.
- പരമമായ ആനന്ദം ലഭിക്കുന്നതിനും സ്നേഹത്തിന്റെയും വികാരത്തിന്റെയും ഭാവങ്ങൾ ഉണർത്തുന്നതിനും സൂഫികൾ സംഗീതാത്മകമായ ഏകതാളങ്ങൾ ഉപയോഗിച്ചിരുന്നു.
- സൂഫിസം ജനകീയമാവുകയും യാഥാസ്ഥിക ഇസ്ലാമിന് വെല്ലുവിളി ഉയർത്തുകയും ചെയ്തു.

**10. സൂഫിസത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക?**

മറ്റ് കലാവൈജ്ഞാനിക മേഖലകളിലും ശക്തമായ പുരോഗതി ഈ കാലഘട്ടത്തിൽ ഉണ്ടായി. തത്വചിന്ത, വൈദ്യശാസ്ത്രം. ഗണിതശാസ്ത്രം, സാഹിത്യം, കവിത, ചരിത്രം, ഭൂമിശാസ്ത്രം, വാസ്തുശാസ്ത്രം, പരിഭാഷ എന്നിങ്ങനെ വ്യത്യസ്തങ്ങളായ മേഖലകളിലായിരുന്നു മധ്യകാല ഇസ്ലാം കനത്ത സംഭാവനകൾ നൽകിയത്.

ദൈവം, പ്രപഞ്ചം എന്നിവയെ കുറിച്ച് ഇസ്ലാമിക തത്വചിന്തകന്മാരും ശാസ്ത്രജ്ഞന്മാരും ഒരു സമാന്തര വീക്ഷണം വളർത്തിയെടുക്കുകയുണ്ടായി. ഗ്രീക്ക് ദർശനത്തിന്റെയും ശാസ്ത്രത്തിന്റെയും സ്വാധീനമാണ് ഇതിന് കാരണമായത്. ഗ്രീക്ക് സിറിയൻ ഭാഷകളിലുള്ള പുസ്തകങ്ങൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് ഉമയ്യദ് -അബ്ബാസിദ് ഖലീഫമാർ പണ്ഡിതന്മാരെ ചുമതലപ്പെടുത്തിയിരുന്നു. അൽ-മഅ്മൂനിന്റെ കാലഘട്ടത്തിൽ പരിഭാഷപ്പെടുത്തൽ ഒരു സുസംഘടിത പ്രവർത്തനമായിരുന്നു.

- അരിസ്റ്റോട്ടലിന്റെ കൃതികൾ, യൂക്ലിഡിന്റെ എലിമെന്റ്സ് (Elements), ടോളമിയുടെ 'അൽമാഗെസ്റ്റ് (Almagest) എന്നീ കൃതികൾ ശ്രദ്ധേയമായിരുന്നു.
- ജ്യോതിശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം എന്നിവയിലുള്ള ഇന്ത്യൻ കൃതികൾ അറബി ഭാഷയിലേക്ക് ഇക്കാലത്ത് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി.

തന്നിട്ടുള്ള പട്ടികയിലൂടെ നമുക്ക് മധ്യകാല ഇസ്ലാമിന്റെ വൈജ്ഞാനിക മേഖലകളിൽ തിളങ്ങി നിന്ന പണ്ഡിതന്മാരെകുറിച്ചും അവരുടെ സംഭാവനകളെ കുറിച്ചും മനസ്സിലാക്കാം.

| പേര് | പ്രദേശം | മേഖല | പുസ്തകം |
|---|---|---|---|
| ഇബനുസീന | ബുഖാറ | വൈദ്യം,തത്വചിന്ത | കാനൻ ഓഫ് മെഡിസിൻ |
| അബുനവാസ് | പേർഷ്യ | കവിത | - |
| രുദക്കി | പേർഷ്യ | ഗസൽ, റുബായി | - |
| ഫിർദൗസി | ഗസ്നി | കാവ്യം | ഷാനാമ |
| ജാഹിസ് | ബസറ | കഥ | കിത്താബ്-അൽ-ബുഖാല |
| ബാലദുരി | പേർഷ്യ | ചരിത്രം | പ്രഭുക്കന്മാരുടെ വംശചരിതം |
| തബരി | പേർഷ്യ | ചരിത്രം | പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും ചരിത്രം |
| മസൂദി | ബാഗ്ദാദ് | ചരിത്രം ഭൂമിശാസ്ത്രം | മൂരജ് അൽദഹാബ |
| അൽബറൂനി | മധ്യേഷ്യ | ചരിത്രം | ഇന്ത്യാ ചരിത്രം |
| മുഖദസ്സി | പലസ്തീൻ | ഭൂമിശാസ്ത്രം | അഹസൻ-അൽ -ടക്കാസീം |

പത്താം നൂറ്റാണ്ടോടെ ഉയർന്നുവന്ന ഇസ്ലാമിക ലോകത്തിന്റെ ബാഹ്യചിഹ്നങ്ങൾ മതപരമായ കെട്ടിടങ്ങളായിരുന്നു. മുസ്ലീം പള്ളികൾ, ദേവാലയങ്ങൾ, ശവകുടീരങ്ങൾ എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. സ്പെയിൻ മുതൽ മധ്യേഷ്യ വരെ കാണപ്പെടുന്ന ഈ കെട്ടിടങ്ങളെല്ലാം ഒരേ മാതൃകയിലാണ് നിർമ്മിച്ചിരിക്കുന്നത്. ഈ നിർമ്മിതികളുടെ പ്രധാനപ്പെട്ട വാസ്തുശില്പ പ്രത്യേകതകളാണ് താഴെ കൊടുത്തിരിക്കുന്നത്.

- താഴികക്കുടങ്ങൾ
- കമാനങ്ങൾ
- മിനാരങ്ങൾ
- തുറസായ നടുമുറ്റങ്ങൾ

**11. ഇസ്ലാമിക വാസ്തുശില്പ കലയുടെ പ്രത്യേകതകൾ എന്തൊക്കെ?**

ഈ കാലഘട്ടത്തിലെ മുസ്ലീം പള്ളികൾക്ക് വ്യത്യസ്തമായ വാസ്തു ശില്പ ഘടന ഉണ്ടായിരുന്നു. ഈ വ്യത്യസ്തതകൾ പരിശോധിക്കാം.

- മേൽപുര സ്തംഭാകൃതിയിലാണ്.

- ഓരോ പള്ളിയിലും തുറസ്സായ നടുമുറ്റങ്ങളുണ്ടായിരുന്നു.
- നടുമുറ്റത്ത് ഒരു ജലധാരയോ കുളമോ ഉണ്ടായിരുന്നു.
- കമാനാകൃതിയിലുള്ള ഹാളിന് പ്രാർഥിക്കാനെത്തിയവരുടെ നീണ്ട നിരയെയും ഇമാമിനെയും (Prayer leader) ഉൾക്കൊള്ളാനുള്ള വലിപ്പം ഉണ്ടായിരുന്നു.
- മിഹ്റാബും മിമ്പറുമാണ് മറ്റ് രണ്ട് പ്രത്യേകതകൾ. നമസ്കാരത്തിന് നേതൃത്വം നൽകുന്ന സ്ഥലമാണ് മിഹ്റാബ്. വെള്ളിയാഴ്ച ഉച്ചയ്ക്കുള്ള പ്രാർഥനാ സമയത്ത് ഉത്ബോധനാ പ്രസംഗം നടത്തുന്നതിനുള്ള പീഠമാണ് മിമ്പർ.

ഈ കാലഘട്ടത്തിലെ മറ്റ് പ്രധാന നിർമ്മിതികൾ താഴെപ്പറയുന്നവയാണ്.

- ആശുപത്രികൾ
- മരുഭൂകൊട്ടാരങ്ങൾ
- രാജകീയ നഗരങ്ങൾ

മരഭൂകൊട്ടാരങ്ങൾക്ക് ഉദാഹരണമാണ് പലസ്തീനിലെ കിർബത്ത് അൽ മഫ്ജറും ജോർദാനിലെ ഖുസയർ അംമ്രയും. രാജകീയ നഗരത്തിന് ഉദാഹരണമാണ് സമാറ.

ഈ കാലഘട്ടത്തിലെ രണ്ട് പ്രധാന കലാരൂപങ്ങൾ ചുവടെ തന്നിരിക്കുന്നു.

- കാലിഗ്രാഫി
- അറബെസ്ക്ക്

എഴുത്തിന്റെ ചേതോഹരമായ കലയാണ് കാലിഗ്രാഫി. ഖുറാന്റെ കയ്യെഴുത്ത് പ്രതികളിലാണ് ഈ കല ഏറ്റവും മികച്ച രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ളത്.



*കാലിഗ്രാഫി*

ജ്യോമട്രിക് ഡിസൈനുകളും സസ്യങ്ങളുടെ ഡിസൈനുകളുമുള്ള ചിത്രപണിയാണ് അറബെസ്ക്ക്.

ഇസ്ലാമിക നാടുകളുടെ ചരിത്രം മാനവ സംസ്കാരത്തിന്റെ മൂന്ന് പ്രധാന തലങ്ങളെ ഒരുമിച്ച് കൊണ്ടുവന്നു. മതം, സമുദായം, രാഷ്ട്രം എന്നിവ ഏഴാം നൂറ്റാണ്ടിൽ ലയിച്ച് ഒന്നായിത്തീരുന്നത് നമുക്ക് കാണാൻ കഴിയും. എന്നാൽ ഇവ പിൽക്കാലത്ത് വേർപെട്ടുപോവുകയും രാഷ്ട്രത്തിന്റെയും ഭരണകൂടത്തിന്റെയും മേൽ മതത്തിന്റെ സ്വാധീനം പരിമിതമാവുകയും ചെയ്തു.

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. പ്രത്യേകം ആരാധനാമൂർത്തികൾ - നാടോടി ജീവിതം - മരുപ്പച്ചകൾ തേടിയുള്ള യാത്രകൾ - കച്ചവടത്തിലും കൃഷിയിലും താൽപ്പര്യം.
2. മക്ക ദേവാലയം ഒരു പരിരക്ഷിത കേന്ദ്രം - ആക്രമണങ്ങൾ വിലക്കി - സന്ദർശകർക്ക് സുരക്ഷ - ഗോത്രങ്ങളുടെ കൂടിച്ചേരൽ.
3. ഏകദൈവ വിശ്വാസം - ആരാധനാമൂർത്തികളുടെ സ്ഥാനം - മക്കയുടെ സമൃദ്ധിക്ക് ഭീഷണി.
4. ഗോത്രങ്ങളുടെ വിഘടന സ്വഭാവം - സ്വതന്ത്ര സമുദായം രൂപീകരിക്കാനുള്ള ശ്രമം - പുതിയ പ്രവാചകന്മാർ.
5. ഉമർ - ബൈസാന്റിയൻ സസാനിയൻ സാമ്രാജ്യങ്ങൾ - പ്രഭുക്കന്മാർ തമ്മിലുള്ള ആഭ്യന്തര കലാപങ്ങൾ - യുദ്ധങ്ങളും ഉടമ്പടികളും - ശത്രുരാജ്യങ്ങളുടെ ആഭ്യന്തര ദൗർബല്യങ്ങൾ.
6. മുഹമ്മദ് നബിയുടെ യഥാർഥ പിൻഗാമികൾ - ഉമയദുകളുടെ കിരാത ഭരണം- ഇസ്ലാമിന്റെ നഷ്ടപ്പെട്ട യശസ്സ് വീണ്ടെടുത്തു.
7. ഗോത്ര പരിഗണനകൾക്കതീതമായ ഉദ്യോഗസ്ഥ നിയമനം - അറബ് സ്വാധീനത്തിന്റെ കുറവ് - ഇറാനിയൻ മേധാവിത്വം - ഇറാഖികൾക്കും ഖുറസാൻകാർക്കും അർഹമായ പ്രാതിനിധ്യം - ഇസ്ലാമിക ഭരണരീതികൾക്ക് പ്രാധാന്യം.
8. പേർഷ്യൻ ഭാഷ - പക്വമായ സംവാദങ്ങൾ - സ്വതന്ത്രമായ സഞ്ചാരവും പരസ്പര വിനിമയവും.
9. ക്രിസ്ത്യൻ മുസ്ലീം ബന്ധത്തിൽ മാറ്റം വന്നു - ക്രിസ്ത്യൻ പ്രജകളോട് കർക്കശ മനോഭാവം - ഇറ്റാലിയൻ കച്ചവട സമൂഹത്തിന്റെ സ്വാധീനം വർധിച്ചു.
10. ദൈവത്തെ ആഴത്തിൽ മനസ്സിലാക്കി - ദൈവത്തോടുള്ള തീവ്രസ്നേഹം - സംഗീതാത്മകമായ ഏക താളങ്ങൾ.
11. മേൽപ്പുര സ്തംഭങ്ങൾ - താഴികക്കുടങ്ങൾ - മിനാരങ്ങൾ.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഇസ്ലാം മതത്തിന്റെ ഉത്ഭവം, വിശ്വാസം, സമുദായം, രാഷ്ട്രീയം എന്നിവയെക്കുറിച്ച് ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.
2. ഉമയ്യദുകളുടെ കീഴിലാണ് അറബ് സാമ്രാജ്യത്തിന്റെ രണ്ടാംവട്ട ഏകീകരണം സാധ്യമായത്. ചർച്ച ചെയ്യുക.
3. അബ്ബാസിയ ഭരണത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
4. ഇസ്ലാമിലെ നാല് കർമ്മശാസ്ത്ര സരണികൾ ഏവ?
5. കാലിഗ്രാഫി എന്നാലെന്ത്? വിശദീകരിക്കുക.

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ഏകദൈവാരാധകർ -മുഹമ്മദ് നബി – കച്ചവടം – അറബി ഗോത്രങ്ങൾ– ഗോത്ര ത്തലവൻ – ഇടയ ജീവിതം – ഖുറൈശി ഗോത്രം.
2. റിപ്പബ്ലിക് അടിസ്ഥാനമാക്കിയുള്ള ഇസ്ലാമിക ഭരണവ്യവസ്ഥ – മുആവിയ – ഏകാധിപത്യം – കലാപങ്ങളെ അടിച്ചമർത്തി.
3. ഗോത്ര പരിഗണനകൾക്കതീതമായി ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തു – അറബ് സ്വാധീനം കുറഞ്ഞു – ബാഗ്ദാദ് തലസ്ഥാനമായി.
4. മാലിക്കി – ഹനഫി – ഷാഫി– ഹൻബലി.
5. എഴുത്തിന്റെ ചേതോഹരമായ കല – കാലിഗ്രാഫി.

## സംഗ്രഹം

അറേബ്യൻ ജനത വിവിധ ഗോത്രങ്ങളായാണ് ജീവിച്ചിരുന്നത്. അറേബ്യയിൽ നിന്ന് ഇസ്ലാം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിച്ചു. പ്രവാചകനുശേഷം ഖലീഫാ ഭരണം നിലവിൽവന്നു. ഉമയ്യദുകളുടെ കാലത്ത് ഭരണം കേന്ദ്രീകൃതമായി. പിന്നീട് വന്ന അബ്ബാസിയാക്കൾ ഭരണത്തിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവന്നു. ഇസ്ലാം ലോകത്തിന്റെ വിജ്ഞാനത്തിനും, സംസ്കാരത്തിനും അനവധി സംഭാവനകൾ നൽകി.

## തുടർപ്രവർത്തനങ്ങൾ/തുടർ മൂല്യനിർണയ പ്രവർത്തനങ്ങൾ

വിജ്ഞാനം, സംസ്കാരം എന്നീ മേഖലകളിൽ മുസ്ലീങ്ങൾ നടത്തിയിട്ടുള്ള സംഭാവനകളെ കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

പരിഗണിക്കേണ്ട മേഖലകൾ

- നിയമ സമ്പ്രദായം
- സൂഫിസം
- സാഹിത്യം
- വാസ്തുശില്പകല

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെ ടേണ്ടതുണ്ട് |
|---|---|---|---|
| ഇസ്ലാമിന്റെ ആവിർഭാവത്തെക്കുറിച്ച് വിലയിരുത്താൻ | | | |
| അറേബ്യൻ ഗോത്ര ജീവിതത്തിന്റെ പ്രത്യേക തകൾ വിശകലനം ചെയ്യാൻ | | | |
| മക്കാപട്ടണത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ | | | |
| പ്രവാചകാനന്തര ഇസ്ലാം നേരിട്ട പ്രശ്നങ്ങളെ വിശദമാക്കാൻ | | | |
| ഖലീഫ ഭരണക്രമവും സുൽത്താൻ ഭരണക്രമ വും തമ്മിലുള്ള വ്യത്യാസം കണ്ടെത്താൻ | | | |
| ഇസ്ലാമിക രാഷ്ട്രത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളിലെ തലസ്ഥാനങ്ങൾ രേഖാഭൂപടത്തിൽ അടയാളപ്പെടുത്താൻ | | | |
| ഉമയ്യദുകളുടെ ഭരണസംവിധാനത്തെ വിമർശനാത്മകമായി വിലയിരുത്താൻ | | | |
| അബ്ബാസിയ വിപ്ലവത്തെ വിശകലനം ചെയ്യാൻ | | | |
| സാംസ്കാരിക മേഖലകളിലെ വ്യത്യസ്തത കളെ പട്ടികപ്പെടുത്താൻ | | | |

## തുടർ വായനയ്ക്ക്

- A Short History of the Saracens : Ameer Ali
- History of Arabs : Philip K. Hitty
- Islam : The Empire of Faith (PBS Documentary)
- Islam and Science : BBC Documentary

# 4

# മംഗോളിയൻ സാമ്രാജ്യം

## ആമുഖം

പ്രാചീന കാലത്തെ ശ്രദ്ധേയമായ സാമ്രാജ്യങ്ങളിലൊന്നായിരുന്ന മംഗോളിയൻ സാമ്രാജ്യത്തെക്കുറിച്ചാണ് ഈ പാഠഭാഗത്ത് പരാമർശിച്ചിരിക്കുന്നത്. ഇവർ നാടോടികളായാണ് ജീവിച്ചിരുന്നത്. ഇവർക്കിടയിൽ സാമ്പത്തികമായ വേർതിരിവുകളോ വികസിത ഭരണ സംവിധാനങ്ങളോ ഉണ്ടായിരുന്നില്ല. ഇത്തരത്തിലുള്ള ഒരു സമൂഹം സാമ്രാജ്യശക്തിയായി മാറിയതെങ്ങനെ എന്ന ധാരണ നേടാൻ ഇത് സഹായകമാകും. മംഗോളിയരുടെ സവിശേഷമായ യുദ്ധതന്ത്രങ്ങളും അവ ഒരു സാമ്രാജ്യശക്തിയാകാൻ അവരെ എങ്ങനെ സഹായിച്ചുവെന്നും ഇവിടെ ചർച്ച ചെയ്യുന്നുണ്ട്.

## പഠനനേട്ടങ്ങൾ

- മംഗോളിയൻ ജനതയെ ഏകോപിപ്പിച്ച ഘടകങ്ങളെ തിരിച്ചറിയുന്നു.
- മംഗോളിയൻ സാമ്രാജ്യം സ്ഥാപിക്കുന്നതിന് ചെങ്കിസ്ഖാൻ വഹിച്ച പങ്ക് വിശദമാക്കുന്നു.
- ചെങ്കിസ്ഖാന്റെ ഭരണനേട്ടങ്ങളെ വിശകലനം ചെയ്യുന്നു.
- ചെങ്കിസ്ഖാന് ശേഷമുള്ള മംഗോളിയൻ ചരിത്രം തിരിച്ചറിയുന്നു.
- മംഗോളിയൻ സാമ്രാജ്യത്തിന്റെ അധഃപതനം വിലയിരുത്തുന്നു.




*മംഗോളിയൻ സാമ്രാജ്യം- ഭൂപടം*

ലോകത്ത് നിലനിന്നിരുന്ന ശക്തമായ സാമ്രാജ്യങ്ങളിലൊന്നായ മംഗോളിയൻ സാമ്രാജ്യത്തിന്റെ ഭൂപടമാണ് ഇവിടെ നൽകിയിട്ടുള്ളത്.

മംഗോളിയൻ സാമ്രാജ്യത്തെക്കുറിച്ച് മനസ്സിലാക്കുന്നത് ഏറെ വിജ്ഞാനപ്രദമാണ്. നാടോടി ഗോത്രമായ മംഗോളിയർ അജയ്യമായ ഒരുശക്തിയായി വളർന്നതും ഒരു വലിയ സാമ്രാജ്യം സ്ഥാപിച്ചതും ചരിത്രവിസ്മയമാണ്. പല കാരണങ്ങൾ കൊണ്ടാണ് മംഗോളിയർ ഒരു ശക്തിയായി മാറിയത്.

മംഗോളിയർ വിവിധ ഗോത്രവിഭാഗക്കാരും വിവിധ ജനവിഭാഗങ്ങളുമായിരുന്നു. ടറ്റാർ, ബിട്ടാൻ, ടർക്കിക് എന്നിവയായിരുന്നു പ്രധാന ഗോത്രങ്ങൾ. ഇവർ സംസാരിച്ചിരുന്ന ഭാഷകൾ തമ്മിൽ നല്ല സാദൃശ്യമുണ്ടായിരുന്നു. ഭാഷകൾ തമ്മിലുള്ള സമാനതകൾ മംഗോളിയരെ തമ്മിൽ ഏകോപിപ്പിക്കുന്ന പ്രധാന കണ്ണിയായിരുന്നു. തനതായ മംഗോളിയൻ സംസ്ക്കാരം അവരെ തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റൊരു ഘടകമായിരുന്നു. മംഗോളിയ പ്രകൃതിരമണീയമായ ഒരു ഭൂപ്രദേശമായിരുന്നതുകൊണ്ടുതന്നെ നാടോടി ജീവിതത്തിന് ഏറ്റവും അനുയോജ്യമായിരുന്നു. വടക്ക് സൈബീരിയ മുതൽ തെക്ക്

ചൈന വരെ വ്യാപിച്ചു കിടന്നിരുന്ന മധ്യേഷ്യൻ പ്രദേശമായിരുന്നു മംഗോളിയ. അവിടെ നിലനിന്നിരുന്ന അച്ചടക്കവും ഏകോപനവും മംഗോളിയരെ തമ്മിൽ കൂടുതൽ ഇണക്കിചേർത്ത മറ്റൊരു ഘടകമായിരുന്നു.

**1. മംഗോളിയൻ ജനതയെ ഏകോപിപ്പിച്ച ഘടകങ്ങൾ വിശകലനം ചെയ്യുക**

ലോകം കണ്ട ജേതാക്കളിൽ പ്രധാനിയാണ് ചെങ്കിസ്ഖാൻ. ചൈന, ഇറാൻ, കിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിലെ വൻ സൈന്യങ്ങളുമായി യുദ്ധങ്ങൾ നടത്താനും ആധിപത്യം സ്ഥാപിക്കാനും ചെങ്കിസ്ഖാനു കഴിഞ്ഞു. മംഗോളിയർ ഒരു സാമ്രാജ്യം പടുത്തുയർത്തിയത് എങ്ങനെയായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം.



*ചെങ്കിസ്ഖാൻ*

ചെങ്കിസ്ഖാന്റെ നേതൃത്വത്തിൽ മംഗോളിയർ ഒരു വലിയ രാഷ്ട്രീയ ശക്തിയായി ഉയർന്നു വന്നു. അദ്ദേഹം യൂറോപ്പിലെയും ഏഷ്യയിലെയും രാജ്യങ്ങൾക്ക് ഒരു ഭീഷണിയായി വളർന്നു. മംഗോളിയരെ അടക്കി ഭരിക്കണമെന്ന് മാത്രമല്ല; ലോകം തന്നെ കീഴടക്കണമെന്നും ഒരു ആഗോള സാമ്രാജ്യം സ്ഥാപിക്കണമെന്നുമായിരുന്നു ചെങ്കിസ്ഖാന്റെ അഭിലാഷം.

ചെങ്കിസ്ഖാൻ കൈവരിച്ച നേട്ടങ്ങൾ എണ്ണമറ്റതാണ്. അദ്ദേഹത്തിന്റെ ജീവിതത്തെ പറ്റി നമുക്കൊന്നു പരിശോധിക്കാം. 1162-ലാണ് ചെങ്കിസ്ഖാൻ ജനിച്ചത്. ടെമുജിൻ എന്നായിരുന്നു യഥാർഥ നാമം. മംഗോളിയയുടെ വടക്കുഭാഗത്തുള്ള ഒനോൻ നദീതീരത്തായിരുന്നു ചെങ്കിസ്ഖാൻ ജനിച്ചുവളർന്നത്. ഗോത്രതലവനായ യെസുഗി ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. തീരെ ചെറിയ കുട്ടി ആയിരുന്നപ്പോൾ തന്നെ പിതാവ് നഷ്ടപ്പെട്ടു. മാതാവായ ഓലൻഎയ്ക്കാണ് ടെമുജിനെ വളർത്തി വലുതാക്കിയത്. കടുത്ത ജീവിതപോരാട്ടങ്ങളിലൂടയാണ് ജീവിതം കടന്നുപോയത്. നിരവധി തവണ ശത്രുക്കളുടെ ആക്രമണങ്ങൾക്ക് വിധേയനായി. ഭാര്യയെ കൊള്ളക്കാർ കടത്തികൊണ്ടുപോയതോടെ വിവാഹജീവിതവും തകർക്കപ്പെട്ടു. ജീവിതപോരാട്ടങ്ങൾ അദ്ദേഹത്തെ കൂടുതൽ ശക്തനാക്കി.

ടെമുജിന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു ബോഗുർച്ച, ജമുക്ക എന്നിവർ. ടെമുജിന്റെ മിത്രവും ബന്ധുവുമായിരുന്ന ജമുക്ക പിൽകാലത്ത് ടെമുജിന്റെ ഏറ്റവും വലിയ ശത്രുവായി മാറി. ടെമുജിന് മറ്റ് ഗോത്രവിഭാഗങ്ങളെ നേരിടേണ്ടിയും വന്നു. ജമുക്കയെ ആദ്യം തന്നെ പരാജയപ്പെടുത്തി. 1203-ൽ പുൽമേട് വ്യാപിച്ച പ്രദേശത്തെ പ്രബല വ്യക്തിയായി ഉയർന്നുവന്നു. 1206-ൽ സർവലോക ഭരണാധികാരിഎന്ന അർഥം വരുന്ന ചെങ്കിസ്ഖാൻ എന്ന നാമം സ്വീകരിച്ചു.

മംഗോളിയർ വ്യാപാരബന്ധത്തിന് കൂടുതൽ താൽപ്പര്യം പ്രകടിപ്പിച്ചു. ചൈനയുമായി സജീവമായ വ്യാപാരബന്ധം പുലർത്തിയതു വഴി മംഗോളിയർക്ക് രാഷ്ട്രീയ



*ചൈനയിലെ വൻമതിൽ*

മോഹങ്ങൾ ഉണ്ടായി. ഈ കച്ചവടബന്ധമാണ് പിൽക്കാലത്ത് ചൈനാ ആക്രമണത്തിന് വഴി തെളിച്ചത്. മംഗോളിയർ നിരവധി തവണ ചൈന ആക്രമിച്ചു. മംഗോളിയൻ ആക്രമണത്തിൽ നിന്നും ചൈനയെ സുരക്ഷിതമാക്കുന്നതിനായിരുന്നു ചൈന വൻമതിൽ പടുത്തുയർത്തിയത്. ഈ വൻമതിൽ ലോകാത്ഭുതങ്ങളിൽ ഒന്നായി ഇന്നും നിലനിൽക്കുന്നു.

മംഗോൾ ജനതയെ ഒന്നിപ്പിക്കുകയും മംഗോൾ സൈന്യത്തെ കൂടുതൽ ശക്തമാക്കുകയും ചെയ്തുകൊണ്ട് ആക്രമങ്ങളുടെ ഒരു പരമ്പരതന്നെ അദ്ദേഹം ആരംഭിച്ചു. ചെങ്കിസ്ഖാന്റെ ഏറ്റവും വലിയ ലക്ഷ്യം ചൈനയായിരുന്നു. അദ്ദേഹത്തിന്റെ ചൈനീസ് ആക്രമണ സമയത്ത് ചൈന മൂന്ന് മേഖലകളായി വിഭജിക്കപ്പെട്ടിരുന്നു. ഉത്തര പശ്ചിമപ്രവിശ്യകളിലെ സിയ (Hsi Hsia), ഉത്തര ചൈനയിലെ ചിൻ രാജവംശത്തിന്റെ അധീനപ്രദേശം, ദക്ഷിണചൈനയിലെ സുങ്ങ് രാജവംശത്തിന്റെ അധീനപ്രദേശം എന്നിവയായിരുന്നു അവ. 1209-ൽ ചെങ്കീസ്ഖാൻ സിയ പ്രദേശം കീഴടക്കി. അതിനുശേഷം 1213-ൽ വൻമതിൽ ആക്രമിച്ചു കൊണ്ട് ചിൻ അധീന പ്രദേശങ്ങൾ കീഴടക്കി. പീക്കിംഗ് ആക്രമിച്ച് കീഴ്പ്പെടുത്തിയത് ചെങ്കിസ്ഖാന്റെ വലിയ നേട്ടമായിരുന്നു. പിന്നീട് അദ്ദേഹം ഉത്തര ചൈന, ട്രാൻസ് ഓക്സിയാന, അഫ്ഗാനിസ്ഥാൻ, കിഴക്കൻ ഇറാൻ തുടങ്ങിയ രാജ്യങ്ങൾ ആക്രമിച്ച് കീഴടക്കാൻ ശ്രമിച്ചു. ക്വാരസാമിലെ രാജാവായ സുൽത്താൻ മുഹമ്മദ് മംഗോളിയൻ ദൂതന്മാരെ വധിച്ചത് ചെങ്കിസ്ഖാനെ കോപാകുലനാക്കി. മുഹമ്മദിനെതിരെ നിരവധി ആക്രമണങ്ങൾ നടത്തുകയും ക്വാരസാമിലെ നഗരങ്ങളെല്ലാം കീഴ്പ്പെടുത്തുകയും ചെയ്തു. നിഷാപൂർ ആക്രമണസമയത്ത് ഒരു മംഗോളിയൻ രാജകുമാരൻ വധിക്കപ്പെട്ടത് ചെങ്കിസ്ഖാനെ രോഷാകുലനാക്കി. പ്രതികാരം തീർക്കുന്നതിനായി നിഷാപൂർ നഗരം ചുട്ടെരിച്ചു. തികച്ചും ക്രൂര

മായി മൃഗങ്ങളെപ്പോലും കൊന്നുകളയാൻ അദ്ദേഹം ആജ്ഞാപിച്ചു. അതിനുശേഷം മംഗോൾ സൈന്യം ക്രിമിയ ആക്രമിച്ചു. ക്രിമിയൻ സൈന്യത്തെ പരാജയപ്പെടുത്തി അഫ്ഗാനിസ്ഥാനും, സിൻഡ് പ്രവശ്യയും കീഴടക്കി.

**2. മംഗോളിയൻ സാമ്രാജ്യം സ്ഥാപിക്കുന്നതിൽ ചെങ്കിസ്ഖാൻ വഹിച്ച പങ്ക് വിശദമാക്കുക**

സുസ്ഥിരമായ ഒരു ഭരണക്രമം സ്ഥാപിക്കാൻ ചെങ്കിസ്ഖാനു കഴിഞ്ഞു. വിവിധ ഗോത്രങ്ങളിൽ നിന്നുള്ള പ്രധാനികളെ മുഖ്യന്മാർ എന്നു വിളിച്ചിരുന്നു. ഭരണനിർവഹണത്തിനായി മുഖ്യന്മാർ ചേർന്ന് ഒരു അസംബ്ലി രൂപീകരിച്ചിരുന്നു. കുരിൽതായ് (Quriltai) എന്നാണ് ഇതിനെ വിളിച്ചിരുന്നത്. ഈ അസംബ്ലി രാജ്യത്തിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവഹിച്ചിരുന്നു. ചെങ്കിസ്ഖാന്റെ ഭരണപരിഷ്ക്കാരങ്ങളിൽ വളരെ പ്രധാനപ്പെട്ട സംഭാവനയാണ് കൊറിയർ സമ്പ്രദായം. നാം ഇപ്പോഴും ഉപയോഗിക്കുന്ന ഒരു പദമാണ് കൊറിയർ എന്നത്. വളരെയേറെ വിസ്തൃതമായ ഒരു സാമ്രാജ്യമായിരുന്നു ചെങ്കിസ്ഖാന്റേത്. നിശ്ചിത അകലങ്ങളിൽ കാവൽപ്പുര സ്ഥാപിച്ച് അശ്വാരൂഢരെയും സന്ദേശവാഹകരെയും നിയമിച്ചുകൊണ്ട് വിദൂരദേശങ്ങളെ അദ്ദേഹം കൂട്ടിയിണക്കി. ഇതിന്റെ നടത്തിപ്പിനായി ഒരു പ്രത്യേകതരം നികുതി സംവിധാനം ആവിഷ്ക്കരിച്ചു. മംഗോളിയർ അവരുടെ മൃഗസമ്പത്തിന്റെ പത്തിലൊന്ന് സൈന്യത്തിന് സംഭാവനയായി നൽകണമായിരുന്നു.

ഒരു രാജ്യത്തിന്റെ നിലനിൽപ്പിന് നിയമസംഹിത അത്യന്താപേക്ഷിതമാണ്. മംഗോളിയൻ സാമ്രാജ്യം നിലനിർത്തുന്നതിൽ ചെങ്കിസ്ഖാന്റെ നിയമസംഹിത പ്രധാനപങ്ക് വഹിക്കുകയുണ്ടായി. നിയമങ്ങൾ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. മംഗോളിയരെ തമ്മിൽ ഏകോപിപ്പിക്കാൻ ഈ നിയമസംഹിത വഴിതെളിച്ചു.

സുശക്തമായ ഒരു സൈനിക സംവിധാനം അദ്ദേഹം രൂപപ്പെടുത്തിയിരുന്നു. കുതിരപ്പടയായിരുന്നു ചെങ്കിസ്ഖാന്റെ ഏറ്റവും വലിയ ശക്തി. മംഗോളിയർ കുതിരസവാരിക്ക് ഏറെ താൽപ്പര്യം കാണിച്ചിരുന്നു. ഇത് സൈന്യത്തിന് കൂടുതൽ വീര്യവും ചലനാത്മകതയും നൽകി.

ദശാംശ സമ്പ്രദായത്തിലാണ് ചെങ്കിസ്ഖാൻ സൈന്യത്തെ സജ്ജമാക്കിയിരുന്നത്. പത്ത് പടയാളികളുടെ ഗുണിതങ്ങളായി പത്ത്, നൂറ്, ആയിരം, പതിനായിരം ഇങ്ങനെയായിരുന്നു ദശാംശസമ്പ്രദായം. സൈന്യത്തെ ഓരോ യൂണിറ്റുകളായി തരം തിരിച്ചു. പഴയ ഗോത്രസമ്പ്രദായം മാറ്റപ്പെട്ടു. നേരത്തെ നിലനിന്നിരുന്ന സൈന്യത്തെ പുതിയ യൂണിറ്റുകളായി തരംതിരിച്ചു. കർശനമായ നിയന്ത്രണം നിലനിന്നിരുന്നു. പതിനായിരം പടയാളികളുള്ള വലിയ യൂണിറ്റിൽ വിവിധ ഗോത്രങ്ങളെയും കുലങ്ങളെയും ഉൾപ്പെടുത്തി. സൈന്യത്തിന്റെ ഈ പുതിയ മുഖം അവരുടെ വിജയങ്ങൾക്ക് കാരണമായി. ചെങ്കിസ്ഖാൻ 1227-ൽ മരണപ്പെട്ടു.

**3. ചെങ്കിസ്ഖാന്റെ ഭരണനേട്ടങ്ങളെ വിശകലനം ചെയ്യുക**

| ചെങ്കിസ്ഖാൻ ജീവിതരേഖ | |
|---|---|
| 1167 | ജനനം |
| 1160 | അടിമത്തകാലം |
| 1180-90 | സഖ്യ രൂപീകരണം |
| 1203-27 | സാമ്രാജ്യവികസനം |
| 1206 | ചെങ്കിസ്ഖാനായി പ്രഖ്യാപിക്കപ്പെടുന്നു |
| 1227 | മരണം |

ചെങ്കിസ്ഖാന്റെ മരണശേഷമുള്ള മംഗോളിയരുടെ വളർച്ചയെ രണ്ട് ഘട്ടങ്ങളായി തരംതിരിക്കാം. 1236 മുതൽ 1242 വരെയുള്ള കാലയളവിൽ റഷ്യൻ പുൽപ്രദേശങ്ങൾ ലക്ഷ്യമാക്കിയുള്ള ആക്രമണപരമ്പര ബൽഗർ, കീവ്, പോളണ്ട്, ഹംഗറി എന്നിവിടങ്ങളിൽ ആധിപത്യം സ്ഥാപിക്കുന്നതിന് വഴിതെളിച്ചു. 1255-1300 കാലഘട്ടത്തിൽ ചൈന ആക്രമിച്ച് മൊത്തമായി പിടിച്ചെടുത്തു. ഇറാൻ, ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളും ആക്രമിക്കപ്പെട്ടു. ഈ ആക്രമണങ്ങൾക്ക് ശേഷം മംഗോൾ സാമ്രാജ്യം കൂടുതൽ സുശക്തമായി.

സൈനികഭരണത്തിനായി ചെങ്കിസ്ഖാൻ തന്റെ സാമ്രാജ്യത്തെ ഉലസ്സുകളായി വിഭജിച്ചിരുന്നു. ചെങ്കിസ്ഖാൻ ആക്രമണങ്ങളിലൂടെ സാമ്രാജ്യം വിപുലമാക്കികൊണ്ടിരുന്നു. ഉലസ്സുകളുടെ അതിരുകളും വ്യാപിച്ചുകൊണ്ടിരുന്നു. ചെങ്കിസ്ഖാന്റെ ഇളയ പുത്രനായ ജോച്ചിക്ക് റഷ്യൻ പുൽമേടുകളുടെ നിയന്ത്രണം നൽകി. മറ്റൊരു പുത്രനായ ചഗട്ടേയ്ക്ക് ട്രാൻസ്ഓക്സാനിയ പ്രദേശം നൽകി.

മൂന്നാമത്തെ പുത്രനായ ഒഗോഡിയയെയാണ് ചെങ്കിസ്ഖാൻ തന്റെ പിൻഗാമിയായി പ്രഖ്യാപിച്ചത്. തൊലയു എന്ന മകന് പരമ്പരാഗത ഭൂമികൾ വിഭജിച്ചു കൊടുത്തു.

| **മക്കൾ** | **ലഭിച്ച സ്ഥലം/സ്ഥാനം** |
|---|---|
| ജോച്ചി | റഷ്യൻ പുൽമേടുകൾ |
| ചഗട്ടേ | ട്രാൻസ്ഓക്സിയാന |
| തൊലയു | പരമ്പരാഗത ഭൂമികൾ |
| ഒഗോഡിയ | പിൻഗാമി |

മക്കൾക്ക് നാല് ഉലസ്സുകളുടെ ഭരണം വീതിച്ചു നൽകുമ്പോൾ ചെങ്കിസ്ഖാന് ഒരു വലിയ വീക്ഷണം ഉണ്ടായിരുന്നു. തന്റെ കാലശേഷവും മംഗോൾ സാമ്രാജ്യം ശക്തമായി നിലനിൽക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

### 4. ചെങ്കിസ്ഖാന് ശേഷമുള്ള മംഗോളിയൻ ചരിത്രം വിശദമാക്കുക

മംഗോൾ സാമ്രാജ്യം അധഃപതിക്കാൻ പല കാരണങ്ങൾ ഹേതുവായി. 1203-ന് ശേഷമുള്ള പതിറ്റാണ്ടുകളിൽ മംഗോൾ സൈന്യം തിരിച്ചടികളെ നേരിട്ടുകൊണ്ട് ദുർബലമാകാൻ തുടങ്ങി. 1260 ആയപ്പോഴേക്കും പാശ്ചാത്യശക്തികളിൽ നിന്നുള്ള ആക്രമണങ്ങളെ ചെറുത്തുനിൽക്കാൻ അവർക്ക് കഴിയാതെ വന്നു. ഈജിപ്ഷ്യൻ സേനയുമായുള്ള നിരന്തര ഏറ്റുമുട്ടൽ പരാജയത്തിന് കാരണമായി.

ചെങ്കിസ്ഖാന് ശേഷവും മംഗോൾ രാജവംശത്തിലുണ്ടായ പിന്തുടർച്ചാവകാശ തർക്കം അവരെ ദുർബലപ്പെടുത്തി. ചെങ്കീസ്ഖാന്റെ മക്കൾ യോജിപ്പോടെ മുന്നോട്ടു നീങ്ങിയില്ല.

ചെങ്കിസ്ഖാന്റെ പിൻഗാമികൾ ആഭ്യന്തരരാഷ്ട്രീയത്തിന് മുൻതൂക്കം നൽകുകയും പാശ്ചാത്യആക്രമണം ഉപേക്ഷിക്കുകയും ചെയ്തു. ജോച്ചിയും ഒഗോഡിയും ചേർന്ന് രണ്ട് തലമുറയോളം മംഗോൾ സാമ്രാജ്യം ഭരിച്ചു. മംഗോൾ പ്രതാപം വീണ്ടെടുക്കാൻ പിൻമുറക്കാർക്ക് കഴിഞ്ഞില്ല.

1260-കളിൽ ചൈന ആക്രമിച്ചു കീഴ്പ്പെടുത്താനുള്ള തൊലുയിടുകളുടെ അമിത താൽപ്പര്യം അവരുടെ വിനാശത്തിൽ കലാശിച്ചു.

ചൈനയിലേക്ക് കൂടുതൽ കേന്ദ്രീകരിച്ചത് വഴി സൈന്യം ദുർബലപ്പെട്ടു. പാശ്ചാത്യലോകത്ത് നിലയുറപ്പിച്ചിരുന്ന സൈന്യത്തെ ചൈനയിലേക്ക് പിൻവലിച്ചു. മംഗോളിയർക്കിടയിലെ ആഭ്യന്തരപോരാട്ടങ്ങളും ചൈന കീഴടക്കാൻ അവർ കാണിച്ച അമിത താൽപര്യവും മംഗോളിയരുടെ അധഃപതനത്തിന് വഴിതെളിച്ചു.

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. മംഗോളിയർ വിവിധ ഗോത്രങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. - പ്രധാന ഗോത്രങ്ങൾ - ടറ്റാർ, ബിട്ടാൻ, ടർക്കിക് - ഭാഷകൾ തമ്മിലുള്ള സാദൃശ്യം - തനതായ മംഗോളിയൻ സംസ്ക്കാരം - നാടോടി ജീവിതത്തിന് അനുകൂലമായ ഭൂപ്രകൃതി - മംഗോളിയൻ സൈന്യത്തിന്റെ സംഘടനാ സംവിധാനം.

2. ലോകം കണ്ട ജേതാക്കളിൽ പ്രധാനിയായിരുന്നു ചെങ്കിസ്ഖാൻ. ചെങ്കിസ്ഖാന്റെ ഉദയം - ജീവിത പോരാട്ടങ്ങൾ - മംഗോളിയർ ചെങ്കിസ്ഖാന്റെ നേതൃത്വത്തിൽ രാഷ്ട്രീയ ശക്തിയായി മാറുന്നു - യൂറോ-ഏഷ്യൻ രാജ്യങ്ങൾക്ക് ഭീഷണിയായി ചെങ്കിസ്ഖാൻ മാറുന്നു - ആഗോള സാമ്രാജ്യം സ്ഥാപിക്കുന്നതിനായിരുന്നു ചെങ്കിസ്ഖാൻ ആഗ്രഹിച്ചത്. വ്യാപാരബന്ധം വർധിപ്പിച്ചു - ചൈനീസ് ആക്രമണം - ആക്രമണങ്ങളുടെ പരമ്പര - സൈനിക നേട്ടങ്ങൾ.

3. സാമ്രാജ്യ സ്ഥാപനം - ഭരണസംവിധാനം - മുഖ്യ അസംബ്ലി - കുരിൽതായ് - കൊറിയർ സമ്പ്രദായം - സൈനികഭരണം - ദശാംശ സമ്പ്രദായം - നികുതി സമ്പ്രദായം - നിയമസംഹിത - യാസ

4. ചെങ്കിസ്ഖാന്റെ മരണം (1227) - സൈനികപരമായ തിരിച്ചടികൾ - ഈജിപ്ഷ്യൻ സൈന്യവുമായുള്ള നിരന്തരം ഏറ്റുമുട്ടൽ - പാശ്ചാത്യരാജ്യങ്ങളിൽ നിന്നുള്ള സൈനിക പിൻമാറ്റം - പിൻതുടർച്ചാവകാശ യുദ്ധങ്ങൾ - മക്കളുടെയിടയിലുണ്ടായ ആഭ്യന്തരയുദ്ധങ്ങൾ - ചൈനീസ് ആക്രമണം

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ചെങ്കിസ്ഖാന്റെ ആക്രമണങ്ങളെ പറ്റിയും സാമ്രാജ്യസ്ഥാപനത്തെപറ്റിയും പ്രതിപാദിക്കുക,

2. മംഗോളിയൻ ജനതയെ ഒന്നിപ്പിച്ച കണ്ണികൾ എന്തൊക്കെയെന്ന് പരിശോധിക്കുക,

3. ചെങ്കിസ്ഖാൻ ഒരു ആക്രമണകാരി മാത്രമായിരുന്നില്ല മഹാനായൊരു നേതാവുകൂടിയായിരുന്നു - സമർഥിക്കുക.

4. മംഗോളിയൻ സാമ്രാജ്യത്തിന്റെ അധഃപതന കാരണങ്ങളെപ്പറ്റി വിശദീകരിക്കുക.

5. ലോകസംസ്ക്കാരത്തിന് മംഗോളിയർ നൽകിയ സംഭാവനകൾ വിശകലനം ചെയ്യുക.

6. ചുവടെ തന്നിട്ടുള്ള പട്ടിക ക്രമപ്പെടുത്തുക.

| | |
|---|---|
| ജോച്ചി | പിൻഗാമി |
| ചഗട്ടേ | പരമ്പരാഗത ഭൂമികൾ |
| തൊലയു | റഷ്യൻ പുൽമേടുകൾ |
| ഒഗേഡിയ | ട്രാൻസ്ഓക്സിയാന |

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. അക്രമങ്ങളുടെ ഒരു പരമ്പര തന്നെ ചെങ്കിസ്ഖാൻ നടത്തി. ചൈനയിലെ ഉത്തരപശ്ചിമ പ്രവിശ്യയിലെ സിയ - ഉത്തര ചൈനയിലെ ചിൻ അധീന പ്രദേശങ്ങൾ - ദക്ഷിണ ചൈനയിലെ സുങ്ങ് അധീനപ്രദേശങ്ങൾ - വൻമതിൽ ആക്രമണം - പീക്കിംങ്ങ് - ട്രാൻസ്ഓക്സിയാന - അഫ്ഗാനിസ്ഥാൻ - കിഴക്കൻ ഇറാൻ - ഖുരസാം - നിഷാപൂർ - ക്രിമിയ - സിൻഡ്.

2. മംഗോളിയർ വിവിധ ഗോത്രവിഭാഗക്കാരും വിവിധ ജനവിഭാഗങ്ങളുമായിരുന്നു. ഇവർ സംസാരിച്ചിരുന്ന ഭാഷകൾ ടറ്റാർ, ബിട്ടാൻ, ടർക്കിക്ക് എന്നിവ തമ്മിലുള്ള സാദൃശ്യം - തനതായ മംഗോളിയൻ സംസ്ക്കാരം - മംഗോളിയരുടെ ഇടയിലുള്ള അച്ചടക്കവും ഏകോപനവും.

3. മംഗോളിയരുടെ ഏറ്റവും ശക്തനായ ഭരണാധികാരി - അദ്ദേഹം നടപ്പിലാക്കിയ ഭരണപരിഷ്ക്കാരങ്ങൾ - കൊറിയർ സമ്പ്രദായം, നിയമസംഹിത, ദശാംശസമ്പ്രദായം - ലോകം കീഴടക്കുക എന്ന ആഗ്രഹം - മംഗോളിയർ ചെങ്കിസ്ഖാന്റെ നേതൃത്വത്തിൽ രാഷ്ട്രീയ ശക്തിയായി മാറുന്നു. - സാമ്രാജ്യസ്ഥാപനം - വിജയകരമായ ആക്രമണങ്ങൾ.

4. ചെങ്കിസ്ഖാന്റെ മരണം - ആഭ്യന്തര കലാപങ്ങൾ - പിൻഗാമികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ - ഈജിപ്ഷ്യൻ സേനയുമായുള്ള നിരന്തര ഏറ്റുമുട്ടൽ - സൈനിക ബലക്ഷയം.

5. സൈനിക പരിഷ്ക്കാരങ്ങൾ - കൊറിയർ സമ്പ്രദായം - ദശാംശസമ്പ്രദായം - നിയമസംഹിത - നികുതി സമ്പ്രദായം - ഭരണനേട്ടങ്ങൾ - മംഗോളിയൻ ആക്രമണം വൻമതിൽ നിർമ്മാണത്തിന് കാരണമായി.

6.

| | |
|---|---|
| ജോച്ചി | റഷ്യൻ പുൽമേടുകൾ |
| ചഗട്ടേ | ട്രാൻസ്ഓക്സിയാന |
| തൊലയു | പരമ്പരാഗത ഭൂമികൾ |
| ഒഗോഡിയ | പിൻഗാമി |

## സംഗ്രഹം

ലോകത്തിലെ നാടോടി സാമ്രാജ്യങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് മംഗോളിയൻ സാമ്രാജ്യമാണ്. മംഗോളിയരുടെ ഏറ്റവും ശക്തനായ ഭരണാധികാരി ചെങ്കിസ്ഖാനായിരുന്നു. യൂറോപ്പും, ഏഷ്യയും ഉൾപ്പെടുന്ന ഒരു വലിയ സാമ്രാജ്യം ചെങ്കിസ്ഖാൻ സ്ഥാപിച്ചു. ഒരു വൻ സൈനിക ശക്തിയായി മംഗോളിയർ വളർന്നു. ഒരു സുസ്ഥിര ഭരണക്രമം ചെങ്കിസ്ഖാൻ സ്ഥാപിച്ചു. ചെങ്കിസ്ഖാന്റെ സൈനിക സംവിധാനം അതിശയകരമാണ്. ലോകം തന്നെ കീഴടക്കണമെന്നതായിരുന്നു ചെങ്കിസ്ഖാന്റെ ആഗ്രഹം. ചെങ്കിസ്ഖാൻ ലോകം കണ്ട ജേതാക്കളിൽ ശ്രദ്ധേയനായ രാജാവായിരുന്നു. ഭരണപരിഷ്ക്കാരങ്ങൾ സാമ്രാജ്യത്തെ നേട്ടങ്ങളിലേക്ക് വഴി തെളിച്ചു. നിയമസംഹിത, കൊറിയർ സമ്പ്രദായം, ദശാംശ സമ്പ്രദായം എന്നിവ എടുത്തു പറയേണ്ടവയാണ്. ചെങ്കിസ്ഖാന് ശേഷം മംഗോളിയൻ സാമ്രാജ്യം അധഃപതിച്ചു.

## തുടർപ്രവർത്തനങ്ങൾ/തുടർമൂല്യനിർണയ പ്രവർത്തനങ്ങൾ

- ചെങ്കിസ്ഖാന്റെ സൈനിക ഭരണപരിഷ്ക്കാരങ്ങളെ പറ്റി ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.
- മംഗോളിയൻ സാമ്രാജ്യത്തിന് ലോകചരിത്രത്തിലുള്ള പ്രാധാന്യം അന്വേഷിച്ച് ഒരു ലേഖനം തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| മംഗോളിയൻ ജനതയെ ഏകോപിപ്പിച്ച ഘടകങ്ങളെ തിരിച്ചറിയാൻ | | | |
| ചെങ്കിസ്ഖാന്റെ ജീവിതത്തെ വിശദമാക്കാൻ | | | |
| മംഗോളിയൻ സാമ്രാജ്യം സ്ഥാപിക്കുന്നതിൽ ചെങ്കിസ്ഖാൻ വഹിച്ച പങ്ക് വിലയിരുത്താൻ | | | |
| ചെങ്കിസ്ഖാന്റെ ഭരണനേട്ടങ്ങളെ വിശദമാക്കാൻ | | | |
| ചെങ്കിസ്ഖാനു ശേഷമുള്ള മംഗോളിയൻ ചരിത്രം വിശകലനം ചെയ്യാൻ | | | |
| മംഗോളിയൻ സാമ്രാജ്യത്തിന്റെ അധഃപതന കാരണങ്ങളെ വിലയിരുത്താൻ | | | |

## തുടർവായനയ്ക്ക്

- Puffin’s History of the World - (Vol.I) : Roshan Dalal
- Chingis Khan: A.H.Haqqi
- ലോകചരിത്രം (ഒന്നാംഭാഗം): കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- http://www.coldsiberia.org/
- Mongol (2007) - Film

5

# ഫ്യൂഡലിസം




## ആമുഖം

പടിഞ്ഞാറൻ യൂറോപ്പിൽ ഒമ്പതും പതിനാറും നൂറ്റാണ്ടുകൾക്കിടയിൽ ഉണ്ടായ സാമൂഹിക-രാഷ്ട്രീയ മാറ്റങ്ങളാണ് ഈ പാഠഭാഗത്തിലൂടെ അനാവരണം ചെയ്യുന്നത്. ഫ്യൂഡലിസത്തിന്റെ ആവിർഭാവവും ഒരു സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതി എന്ന നിലയിലുള്ള മാറ്റങ്ങളും ഫ്യൂഡലിസത്തിലെ സാമൂഹ്യക്രമങ്ങളും ഇതിൽ പ്രതിപാദിക്കുന്നു. തുടർന്ന് ഫ്യൂഡൽ കാലഘട്ടത്തിലെ സാമൂഹിക-സാമ്പത്തിക ബന്ധങ്ങളെ ബാധിക്കുന്ന ഘടകങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. പിന്നീട് കത്തീഡ്രൽ പള്ളികളുടെ നിർമ്മാണവും അതുമായി ബന്ധപ്പെട്ട് ചെറുപട്ടണങ്ങളുടെ ഉദയവും, സാമൂഹ്യ അസ്വസ്ഥതകളും പരാമർശിക്കുന്നു. രാഷ്ട്രീയ മാറ്റങ്ങളെകുറിച്ചും അതിലൂടെ ഉണ്ടായ ദേശരാഷ്ട്രങ്ങളുടെ ഉദയത്തെകുറിച്ചും ഈ പാഠഭാഗം അനാവരണം ചെയ്യുന്നുണ്ട്.

## പഠനനേട്ടങ്ങൾ

- ഫ്യൂഡലിസത്തിന്റെ ആവിർഭാവം വിശകലനം ചെയ്യുന്നു.
- ഫ്യൂഡലിസത്തിന്റെ വളർച്ചയെ സഹായിച്ച ഘടകങ്ങളും പ്രധാന സവിശേഷതകളും വിലയിരുത്തുന്നു.
- ഫ്യൂഡലിസത്തിലെ മൂന്ന് ക്രമങ്ങൾ തിരിച്ചറിയുന്നു.
- മനോറിയൽ എസ്റ്റേറ്റുകളുടെയും, നൈറ്റുകളുടെയും പ്രത്യേകതകൾ കണ്ടെത്തുന്നു.
- സാമൂഹിക-സാമ്പത്തിക ബന്ധങ്ങളെയും പുതിയ കാർഷികവിദ്യയേയും വിലയിരുത്തുന്നു.
- പുതിയ പട്ടണങ്ങളും ഗിൽഡ് സമ്പ്രദായവും വിശകലനം ചെയ്യുന്നു.
- സാമൂഹിക-രാഷ്ട്രീയ മാറ്റങ്ങളെകുറിച്ച് വിലയിരുത്തുന്നു.
- ദേശരാഷ്ട്രങ്ങളുടെ ഉദയത്തിന്റെ കാരണങ്ങൾ തിരിച്ചറിയുന്നു.

താഴെ കൊടുത്തിട്ടുള്ള ചിത്രം ശ്രദ്ധിക്കൂ. മദ്ധ്യകാലഘട്ടത്തിലെ യൂറോപ്പിൽ നിലനിന്നിരുന്ന സാമൂഹിക-രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥിതിയെ സൂചിപ്പിക്കുന്നതാണ് ഈ ചിത്രം. അന്നത്തെ സമൂഹം മൂന്ന് തട്ടുകളായിട്ടാണ് ഉണ്ടായിരുന്നത്. ഏറ്റവും മുകളിൽ പുരോഹിതൻമാരും തൊട്ടുതാഴെ പ്രഭുക്കൻമാരും ഏറ്റവും അടിയിലായി കർഷകരും ഉൾപ്പെടുന്നതാണ് ഈ ശ്രേണി.




ഭൂമി കൈവശം വയ്ക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ള ഈ സംവിധാനം ഫ്യൂഡലിസം എന്നറിയപ്പെട്ടു. ഫ്യൂഡ് (Feud)എന്ന ജർമ്മൻ പദത്തിൽ നിന്നാണ് ഫ്യൂഡലിസം എന്ന പദം ഉരുത്തിരിഞ്ഞത്. 'ഒരു തുണ്ടുഭൂമി' എന്നാണ് ഈ വാക്കിന്റെ അർഥം. മധ്യകാലഘട്ടത്തിൽ ഫ്രാൻസിലും പിന്നീട് ഇംഗ്ലണ്ടിലും ദക്ഷിണ ഇറ്റലിയിലും വികാസം പ്രാപിച്ച സാമൂഹിക ക്രമത്തെയാണ് ഫ്യൂഡലിസം സൂചിപ്പിക്കുന്നത്.

**1. ഫ്യൂഡലിസം എന്തെന്ന് വിശദമാക്കുക**

ഫ്യൂഡലിസം എന്താണെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ, ഇനി ഫ്യൂഡലിസത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് നമുക്ക് പരിശോധിക്കാം.

- ഫ്യൂഡലിസം കാർഷികോൽപ്പാദനത്തെ സൂചിപ്പിക്കുന്നു.
- ഫ്യൂഡൽ പ്രഭുക്കൻമാരും കർഷകരും തമ്മിലുള്ള ബന്ധമാണ് ഇതിന്റെ അടിസ്ഥാനം.
- കർഷകർ സ്വന്തം ഭൂമിയിലും പ്രഭുവിന്റെ ഭൂമിയിലും കൃഷി ചെയ്യുന്നു.
- പ്രഭുവിന് കർഷകർ മറ്റു സേവനങ്ങളും നൽകുന്നു.
- പ്രഭു കർഷകർക്ക് സൈനിക സംരക്ഷണം നൽകുന്നു.

മുകളിൽ പ്രതിപാദിച്ച ഫ്യൂഡലിസത്തിന്റെ പ്രത്യേകതകളിൽ നിന്നും വ്യക്തമാക്കുന്നതെന്താണ്?

- ഫ്യൂഡലിസം ഒരു സാമ്പത്തിക വ്യവസ്ഥമാത്രമല്ല.
- ഫ്യൂഡലിസത്തിന് രാഷ്ട്രീയവും സാമൂഹികവുമായ തലങ്ങളുണ്ട്.

**2. ഫ്യൂഡലിസം ഒരു സാമ്പത്തിക വ്യവസ്ഥമാത്രമായിരുന്നില്ല. സമർത്ഥിക്കുക.**

ഫ്രഞ്ചു രാജാവായ ഷാർലിമെയിന്റെ (742 -814)കാലത്ത് റോമാ സാമ്രാജ്യത്തിൽ നിലനിന്ന ചില സമ്പ്രദായങ്ങളിൽ നിന്നാണ് ഫ്യൂഡലിസത്തിന്റെ ഉത്ഭവം. 11-ാംനൂറ്റാണ്ടോടുകൂടിയാണ് യൂറോപ്പിൽ ഫ്യൂഡലിസം സുസ്ഥാപിതമായ ഒരു ജീവിത രീതി എന്ന നിലയിൽ വന്നത്. ഫ്രാൻസ്, ഇംഗ്ലണ്ട്, ഇറ്റലി, ജർമ്മനി ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഈ വളർച്ച ദൃശ്യമായി.

**മൂന്ന് ക്രമങ്ങൾ**

സമൂഹം തങ്ങളുടെ പ്രവർത്തിക്കനുസരിച്ച് മൂന്ന് ക്രമങ്ങളിലെ അംഗങ്ങളാണ്. ഏതൊക്കെയാണ് ഈ മൂന്ന് ക്രമങ്ങളെന്ന് നാം മനസ്സിലാക്കിയതാണല്ലോ?

- പുരോഹിത വർഗം
- പ്രഭുവർഗം
- കർഷകർ




*പടിഞ്ഞാറൻ യൂറോപ്പ് - ഭൂപടം*

**ഒന്നാമത്തെ ക്രമം (പുരോഹിത വർഗം)**

യൂറോപ്പിലെ ക്രിസ്ത്യൻ സമൂഹത്തെ നിയന്ത്രിച്ചിരുന്നത് ബിഷപ്പുമാരും, പുരോഹിതൻമാരും ആയിരുന്നു. ഇവരാണ് ഈ സാമൂഹ്യശ്രേണിയിലെ ഒന്നാമത്തെ വിഭാഗം. കത്തോലിക്കാസഭയ്ക്ക് കീഴിലാണ് യൂറോപ്പിലെ പുരോഹിത വർഗം നിലനിന്നിരുന്നത്. ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രത്യേകതകളെന്തൊക്കെയെന്ന് നമുക്കൊന്ന് പരിശോധിക്കാം.

- കത്തോലിക്ക സഭക്ക് സ്വന്തമായ നിയമങ്ങളും ഭരണാധികാരികൾ നൽകിയ ഭൂമിയുമുണ്ടായിരുന്നു.
- സഭക്ക് നികുതി പിരിക്കാനുള്ള അവകാശം ഉണ്ടായിരുന്നു.
- രാജാവിനെ ആശ്രയിക്കേണ്ടതില്ലാത്ത ശക്തമായൊരു സ്ഥാപനമായിരുന്നു സഭ.
- പാശ്ചാത്യ സഭയുടെ തലവൻ പോപ്പ് ആയിരുന്നു.
- പോപ്പ് റോമിലാണ് താമസിച്ചിരുന്നത്.
- എല്ലാ ഗ്രാമങ്ങൾക്കും സ്വന്തമായി പള്ളികൾ ഉണ്ടായിരുന്നു.
- സമൂഹ പ്രാർഥനക്കും മതപ്രസംഗം കേൾക്കുന്നതിനുമായി എല്ലാ ഞായറാഴ്ചയും ജനങ്ങൾ പള്ളികളിൽ ഒത്തു ചേരും.
- സഭ യൂറോപ്പിലെ ഏറ്റവും സമ്പന്നമായ സ്ഥാപനമായിരുന്നു.
- കർഷകരിൽ നിന്നും നികുതി പിരിച്ചെടുത്തു.

**3. യൂറോപ്പിലെ കത്തോലിക്കാസഭയുടെ പ്രത്യേകതകൾ വിശദമാക്കുക**

**സന്യാസിമാർ** (Monks)

യൂറോപ്യൻ ക്രിസ്തീയ പുരോഹിതവർഗത്തിലെ മറ്റൊരു വിഭാഗമാണ് സന്യാസിമാർ. മറ്റ് പുരോഹിതന്മാരിൽനിന്നും ഇവർ വിഭിന്നരായിരുന്നു. ഏതൊക്കെ തരത്തിൽ വിഭിന്നരായിരുന്നു എന്ന് നമുക്കൊന്ന് പരിശോധിക്കാം.

- സന്യാസിമഠങ്ങൾ (ആശ്രമങ്ങൾ) സ്ഥാപിച്ചു.
- ഒറ്റപ്പെട്ട ജീവിതം നയിച്ചു.
- മനുഷ്യവാസമുള്ള പ്രദേശങ്ങളിൽ നിന്നും അകന്നുമാറിയാണ് സന്യാസിമഠങ്ങൾ സ്ഥാപിച്ചിരുന്നത്.
- ആശ്രമങ്ങളിലെ അംഗങ്ങളെ സന്യാസിമാർ എന്നും തലവനെ ആബട്ട് എന്നും വിളിച്ചു.

സന്യാസിമഠം (Monastery) എന്ന വാക്ക് ഗ്രീക്ക് പദമായ Monas-ൽ നിന്ന് ഉണ്ടായതാണ്. ഏകാന്തവാസം നയിക്കുന്ന ആൾ എന്നാണ് അർഥം

**4. മറ്റ് പുരോഹിതന്മാരിൽ നിന്നും സന്യാസികൾ ഏതൊക്കെ തരത്തിൽ വിഭിന്നരായിരുന്നു**

**രണ്ടാമത്തെ ക്രമം (പ്രഭു വർഗം)**

യൂറോപ്യൻ ഫ്യൂഡൽ സമൂഹത്തിലെ ഒന്നാമത്തെ വിഭാഗമായ പുരോഹിതവർഗത്തെ കുറിച്ചാണല്ലോ നാം മനസ്സിലാക്കിയത്. ഇനി രണ്ടാമത്തെ വിഭാഗമായ പ്രഭുവർഗത്തെ നമുക്ക് പരിചയപ്പെടാം.

രണ്ടാമത്തെ ക്രമത്തിൽപ്പെട്ട പ്രഭുവർഗത്തിന് സാമൂഹ്യപ്രക്രിയകളിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് ഉണ്ടായിരുന്നത്. ഭൂമിക്ക് മേലുള്ള നിയന്ത്രണമാണ് അവർക്ക് ഈ സ്ഥാനം നേടികൊടുത്തത്. ഈ നിയന്ത്രണം ആശ്രിതാവസ്ഥ എന്ന സമ്പ്രദായത്തിന്റെ ഫലമായി ഉണ്ടായതാണ്.

എന്താണ് ആശ്രിതാവസ്ഥ? ആരാണ് ആശ്രിതൻ അഥവാ വാസ്സൽ? നമുക്കൊന്ന് പരിശോധിക്കാം

*ഭൂമിയുടെ അധിപൻ രാജാവായിരുന്നു. രാജാവ് ഭൂമി പ്രഭുക്കന്മാർക്ക് പതിച്ചു കൊടുത്തു. പ്രഭുക്കന്മാർ വൻ ഭൂവുടമകളായി തീർന്നു. പ്രഭുക്കന്മാർ രാജാവിന്റെ ആശ്രിതരായി. രാജാവ് ആശ്രിതന് സംരക്ഷണം നൽകുന്നു. പ്രഭു രാജാവിനോട് കൂറ് പുലർത്തുന്നു. പ്രഭുക്കന്മാർ ഭൂമി കർഷകർക്ക് പതിച്ചു കൊടുത്തു. പ്രഭുക്കന്മാർ യജമാനനും കർഷകൻ ആശ്രിതനുമായി.*

**5. ആശ്രിതാവസ്ഥയുടെ പ്രത്യേകതകൾ വ്യക്തമാക്കുക**

പ്രഭുക്കന്മാർക്ക് ധാരാളം വിശേഷാധികാരങ്ങളുണ്ടായിരുന്നു. അവ എന്തൊക്കെയായിരുന്നു എന്ന് നോക്കാം.

- തന്റെ സമ്പത്തിനുമേലുള്ള പരിപൂർണ നിയന്ത്രണം.
- സ്വന്തമായി സൈന്യത്തെ രൂപീകരിക്കാം.
- സ്വന്തമായ കോടതികൾ.
- പണം അടിച്ചിറക്കാനുള്ള അധികാരം.
- തന്റെ ഭൂമിയിൽ അധിവസിക്കുന്ന എല്ലാ ജനങ്ങളുടേയും യജമാനൻ.

പ്രഭുവിന് സ്വന്തമായി ധാരാളം ഭൂമിയുണ്ടായിരുന്നു. അതിൽ അദ്ദേഹത്തിന്റെ വാസസ്ഥലവും സ്വകാര്യവയലുകളും മേച്ചിൽ പുറങ്ങളും കുടിയാന്മാരായ കർഷകരുടെ വീടുകളും വയലുകളും ഉൾപ്പെട്ടിരുന്നു. പ്രഭുവിന്റെ വീടിനെ മാനർ എന്നാണ് വിളിച്ചിരുന്നത്. ആശ്രിതരായ കർഷകർ സ്വന്തം കൃഷിയിടത്തിലും പ്രഭുവിന്റെ സ്വകാര്യഭൂമിയിലും കൃഷി ചെയ്തിരുന്നു. യുദ്ധമുണ്ടാകുമ്പോൾ യജമാനന്റെ കാലാൾപ്പടയായും അവർ സേവനമനുഷ്ഠിക്കേണ്ടിവന്നു.

**6. പ്രഭുവർഗത്തിന്റെ അധികാരങ്ങൾ വ്യക്തമാക്കുക?**



*മനോറിയൽ എസ്റ്റേറ്റ് (ചിത്രകാരന്റെ ഭാവനയിൽ)*

പ്രഭുവിന്റെ ഗൃഹമാണ് മാനറിന്റെ കേന്ദ്രമെന്ന് നാം മനസ്സിലാക്കിയല്ലോ? ഇതുമായി ബന്ധപ്പെട്ട മറ്റ് വസ്തുതകൾ കൂടി വിശദമാക്കാം.

- ഓരോ പ്രഭുവിനും സ്വന്തമായി മാനർ ഗൃഹമുണ്ട്.
- ഗ്രാമങ്ങളെ നിയന്ത്രിച്ചിരുന്നത് പ്രഭുവാണ്.
- ചില പ്രഭുക്കൻമാർ നൂറുകണക്കിന് ഗ്രാമങ്ങളെ നിയന്ത്രിച്ചിരുന്നു.
- ചെറിയ മനോറിയൽ എസ്റ്റേറ്റിൽ 12 കുടുംബങ്ങളുണ്ടാവും അമ്പതുമുതൽ അറുപത് കുടുംബങ്ങൾ വരെയുള്ള എസ്റ്റേറ്റുകളും ഉണ്ടായിരുന്നു.
- നിത്യ ജീവിതത്തിൽ ആവശ്യമായ എല്ലാ വിഭവങ്ങളും ജോലിക്കാരും ഓരോ മനോറിയൽ എസ്റ്റേറ്റിലും ഉണ്ടാവും.
- എസ്റ്റേറ്റിൽ ഒരു പള്ളിയും പ്രതിരോധത്തിനായുള്ള ഒരു കോട്ടയും ഉണ്ടായിരുന്നു.

മാനർ പൂർണമായി സ്വയം പര്യാപ്തമായിരുന്നില്ല. ഉപ്പ്, ലോഹപാത്രങ്ങൾ എന്നിവ പുറമെ നിന്നാണ് കൊണ്ടുവന്നിരുന്നത്. സംഗീതോപകരണങ്ങൾ, ഗൃഹോപകരണങ്ങൾ, ആഭരണങ്ങൾ എന്നിവ മറ്റ് സ്ഥലങ്ങളിൽ നിന്നാണ് ശേഖരിച്ചിരുന്നത്.

## നൈറ്റുകൾ (Knights)

ഫ്യൂഡൽ യൂറോപ്പിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു നൈറ്റുകളുടെ ആവിർഭാവം.

ആരാണ് നൈറ്റുകൾ? എന്തൊക്കെയായിരുന്നു അവരുടെ സവിശേഷതകൾ? നമുക്കൊരു അന്വേഷണമാവാം.

ഒമ്പതാം നൂറ്റാണ്ടുമുതൽ യൂറോപ്പിൽ പ്രാദേശിക യുദ്ധങ്ങൾ ഇടക്കിടെ നടന്നിരുന്നു.

ഈ യുദ്ധങ്ങളിലെ വിജയങ്ങൾക്ക് കർഷക പടയാളികളുടെ നിപുണി അപര്യാപ്തമായിരുന്നു. നല്ലൊരു കുതിരപ്പട ഇതിനനിവാര്യമായിരുന്നു. ഇത് നൈറ്റുകൾ എന്നറിയപ്പെട്ട ഒരു പുതിയ വിഭാഗത്തിന്റെ ആവിർഭാവത്തിന് കാരണമായി തീർന്നു. നൈറ്റുകൾ യോദ്ധാക്കൻമാരായിരുന്നു. അവർ പ്രഭുക്കന്മാരുമായി ബന്ധപ്പെട്ടവരാണ്. ഫീഫ് എന്നറിയപ്പെട്ട ഒരു ഭൂമി പ്രഭു നൈറ്റിനു നൽകുകയും അത് സംരക്ഷിക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

ഫീഫുമായി ബന്ധപ്പെട്ട മറ്റ് സവിശേഷതകളിലേയ്ക്ക് നമുക്കൊന്ന് എത്തിനോക്കാം.

- പരമ്പരാഗതമായി കൈമാറാം.
- 1000 ഏക്കർ മുതൽ 2000 ഏക്കർ വരെ ഉണ്ടായിരുന്നു.
- നൈറ്റിനും കുടുംബത്തിനുമുള്ള വീട്, പള്ളി, മില്ല്, വീഞ്ഞ് നിർമ്മാണശാല എന്നിവ ഉണ്ടായിരുന്നു.
- കൃഷി ചെയ്തിരുന്നത് കർഷകരായിരുന്നു.



*ഫ്യൂഡൽ കോട്ട - ചിത്രകാരന്റെ ഭാവനയിൽ*

ഇതിനെല്ലാം പകരമായി നൈറ്റ് തന്റെ യജമാനന് കൃത്യമായ ഒരു ഫീസ് നൽകിയിരുന്നു. കൂടാതെ അദ്ദേഹത്തിനുവേണ്ടി യുദ്ധം ചെയ്യാമെന്നും ഉറപ്പ് നൽകി.

**7. ഫ്യൂഡൽ സമൂഹത്തിലെ നൈറ്റുകളുടെ പ്രത്യേകതകൾ എന്തെല്ലാം?**

**മൂന്നാമത്തെ ക്രമം (കർഷകർ)**

ഫ്യൂഡൽ സാമൂഹിക വ്യവസ്ഥയിലെ മൂന്നാമത്തെ വിഭാഗമാണ് കർഷകർ. ആദ്യത്തെ രണ്ട് ക്രമങ്ങളേയും നിലനിറുത്തിയത് ഇവരാണ്. കർഷകരിൽ രണ്ട് വിഭാഗമുണ്ടായിരുന്നു.

- *സ്വതന്ത്ര കർഷകർ അഥവാ കുടിയാന്മാർ.*
- *അസ്വതന്ത്ര കർഷകർ അഥവാ അടിയാളർ*

| സ്വതന്ത്ര കർഷകർ | അസ്വതന്ത്ര കർഷകർ |
|---|---|
| ഇവർ പ്രഭുവിന്റെ കുടിയാന്മാർ എന്ന നിലയിൽ ഭൂമി കൈവശം വച്ചിരുന്നു. വർഷത്തിൽ ചുരുങ്ങിയത് 40 ദിവസമെങ്കിലും പ്രഭുവിന് വേണ്ടി സൈനിക സേവനം നടത്തണം. ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും പ്രഭുവിന്റെ എസ്റ്റേറ്റിൽ പ്രതിഫലമില്ലാതെ ജോലി ചെയ്യണം. | സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല. പ്രഭുവിന്റെ ഭൂമിയിൽ കൃഷി ചെയ്യണം. വേതനം ലഭിച്ചിരുന്നില്ല. പ്രഭുവിന്റെ സമ്മതം ഇല്ലാതെ എസ്റ്റേറ്റ് വിട്ടു പോകാൻ പാടില്ല. പ്രഭുവിന്റെ മില്ലുകളിൽ നിന്നുമാത്രമെ ധാന്യങ്ങൾ പൊടിക്കാൻ പാടുള്ളു. അടിയാളന്റെ വിവാഹത്തെകുറിച്ച് തീരുമാനമെടുക്കുന്നത് പ്രഭുവായിരുന്നു. |

**8. കുടിയാന്മാരും അടിയാന്മാരും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെ വിശദമാക്കുക.?**

## സാമൂഹ്യ-സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ

ഫ്യൂഡൽ കാലഘട്ടത്തിലെ സാമൂഹ്യ-സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിച്ച അനേകം ഘടകങ്ങൾ ഇക്കാലത്തുണ്ടായി. അവ ഏതൊക്കൊയാണെന്നും അവ എങ്ങനെ സ്വാധീനിച്ചു എന്നും നമുക്ക് പരിശോധിക്കാം.

- പരിസ്ഥിതി.
- ഭൂമിയുടെ ഉപയോഗം.
- പുതിയ കാർഷിക സാങ്കേതിക വിദ്യ.

**പരിസ്ഥിതി**

11-ാം നൂറ്റാണ്ടുമുതൽ പരിസ്ഥിതിയിൽ വലിയ മാറ്റങ്ങളുണ്ടായി. എന്തൊക്കെയായിരുന്നു ആ മാറ്റങ്ങൾ

- കാലാവസ്ഥ കൂടുതൽ ഊഷ്മളമായി.
- ശരാശരി താപനില വർധിച്ചു.
- കാലത്തെ മാറ്റം കൃഷിക്ക് വളരെ അനുയോജ്യമായിരുന്നു. എങ്ങനെയൊക്കെ? പരിശോധിക്കാം.
- കർഷകർക്ക് കൂടുതൽ കാലം കൃഷിയിറക്കാൻ സാധിച്ചു.
- മഞ്ഞ് കുറവായതിനാൽ കൃഷി ഭൂമി എളുപ്പം ഉഴുതുമറിക്കാൻ സാധിച്ചു.
- വനം വെട്ടിത്തെളിച്ചതിനാൽ കൃഷി ഭൂമിയുടെ അളവ് കൂടി.

**ഭൂമിയുടെ ഉപയോഗം**

ഭൂമിയുടെ ഉപയോഗം എങ്ങനെ സാമൂഹിക സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിച്ചു എന്ന് നമുക്ക് പരിശോധിക്കാം.

വളരെ പ്രാകൃതമായ കാർഷിക സാങ്കേതിക വിദ്യയാണ് ആ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്നത്. കാളകൾ വലിക്കുന്ന മരക്കലപ്പകൾ മാത്രമാണ് അന്ന് കർഷകർക്ക് ലഭിച്ചിരുന്നത്. ഇതുപയോഗിച്ച് നിലം ഉഴുതുമറിക്കൽ പ്രയാസമേറിയതായിരുന്നു. മണ്ണിന്റെ ഉൽപ്പാദന ക്ഷമത വർധിപ്പിക്കുവാൻ ഇത് അപര്യാപ്തമായിരുന്നു. ചുരുക്കത്തിൽ കനത്ത തോതിലുള്ള കായികാദ്ധ്വാനം കർഷകനിൽ നിന്നും ആവശ്യപ്പെടുന്ന കൃഷി രീതിയാണ് അന്ന് നിലവിലുണ്ടായിരുന്നത്.

അന്ന് നിലവിലുണ്ടായിരുന്ന കൃഷി രീതിയായിരുന്നു വിളമാറ്റ കൃഷി. വിളമാറ്റ കൃഷി രീതി എങ്ങനെയെന്ന് നമുക്ക് പരിചയപ്പെടാം.

കൃഷി ഭൂമിയെ രണ്ടായി വിഭജിച്ച് ഒരു ഭാഗത്ത് ഗോതമ്പ് കൃഷി ചെയ്യുകയും മറുഭാഗം ഒഴിച്ചിടുകയും ചെയ്യും. പിന്നീട് തരിശുഭാഗത്ത് തിന കൃഷി ചെയ്യുകയും മറുഭാഗം തരിശായി ഇടുകയും ചെയ്യും. ഇതിനാണ് വിളമാറ്റ കൃഷി എന്ന് പറയുന്നത്. ഈ സമ്പ്രദായത്തിൽ മണ്ണിന്റെ ഫലപുഷ്ടി ക്രമേണ കുറയുകയും ക്ഷാമങ്ങൾ അസാധാരണമല്ലാതാവകയും ചെയ്തു. ഇത് സാധാരണക്കാരന്റെ ദൈനംദിന ജീവിതം കൂടുതൽ ദുരിത പൂർണ്ണമാക്കി. പോഷകാഹാര കുറവ് ഉണ്ടാകുകയും ക്ഷാമങ്ങൾ പൊട്ടി പുറപ്പെടുകയും ചെയ്തു.

ഇത്തരത്തിലെ ഒരു സാമ്പത്തിക സാമൂഹിക അവസ്ഥയോട് പ്രഭുക്കന്മാരുടെ സമീപനമെന്തായിരുന്നു

- കഷ്ടപ്പാടുകളൊന്നും പ്രഭുക്കൻമാർക്ക് പ്രശ്നമായിരുന്നില്ല.
- തങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിൽ മാത്രമാണ് അവർക്ക് താൽപ്പര്യമുണ്ടായിരുന്നത്.
- കാർഷിക ഭൂമിയിൽ അധികസമയം ചെലവഴിക്കാൻ അവർ കർഷകരെ നിർബന്ധിച്ചു.

ഈ പീഡനങ്ങൾ സഹിക്കാൻ നിർബന്ധിതരായ കർഷകർ സഹന സമരം ഒരു മാർഗമായി സ്വീകരിച്ചു. കൂടുതൽ സമയം സ്വന്തം കൃഷിയിടത്തിൽ തന്നെ ചെലവഴിക്കുകയും ഉല്പന്നങ്ങൾ സ്വന്തമായെടുക്കുകയും ചെയ്തു. കൂലിയില്ലാതെ പ്രഭുവിനു വേണ്ടി അധിക സേവനം ചെയ്യില്ല എന്നവർ തീരുമാനിച്ചു. പുൽമേടുകൾ വനഭൂമികൾ എന്നിവ പ്രഭുക്കന്മാർ സ്വകാര്യസ്വത്തായി കണ്ടപ്പോൾ കർഷകർ അതംഗീകരിക്കാൻ തയ്യാറായില്ല. ഈ ഭൂമികളെല്ലാം സമൂഹത്തിന്റെ പൊതു സ്വത്തായാണ് അവർ കണ്ടത്. ഇതുമായി ബന്ധപ്പെട്ട കലഹങ്ങൾ സാധാരണമായിരുന്നു.

**പുതിയ കാർഷിക സാങ്കേതികവിദ്യ**

- 11-ാം നൂറ്റാണ്ടോടെ സാങ്കേതികവിദ്യയിലുണ്ടായ പുരോഗതി കാർഷിക രംഗത്ത് പ്രതിഫലിക്കാൻ തുടങ്ങി. പുതിയ സാങ്കേതികവിദ്യ കാർഷികരംഗത്തെ എങ്ങനെ സ്വാധീനിച്ചുവെന്ന് നമുക്ക് കണ്ടെത്താം.
- മരക്കലപ്പകൾക്ക് പകരം ഇരുമ്പിന്റെ കലപ്പകൾ ഉപയോഗിക്കാൻ തുടങ്ങി.

- മൃഗങ്ങളെ കലപ്പകളോട് ബന്ധിപ്പിക്കുന്ന രീതികളിൽ മാറ്റം വന്നു.
- കഴുത്ത് പട്ടക്ക് പകരം തോൾ പട്ട ഉപയോഗത്തിൽ വന്നു.
- കുതിരകളുടെ പാദങ്ങളിൽ ഇരുമ്പ് ലാടം ഉപയോഗിക്കാൻ തുടങ്ങി.
- കൃഷി ചെയ്യാൻ വേണ്ടി കാറ്റിന്റെയും ജലത്തിന്റേയും ഊർജം ഉപയോഗിക്കാൻ തുടങ്ങി.
- കാറ്റാടി മില്ലുകളും ജലമില്ലുകളും ഉപയോഗിക്കാൻ തുടങ്ങി.

സാങ്കേതിക വിദ്യയുടെ മാറ്റത്തിന്റെ ചുവടു പിടിച്ച് ഭൂമിയുടെ ഉപയോഗത്തിലും കൃഷി രീതികളിലും മാറ്റങ്ങളുണ്ടായി. ആ മാറ്റങ്ങളിലേയ്ക്ക് നമുക്കൊന്നെത്തി നോക്കാം.

- ഇരുപ്പൂകൃഷി സമ്പ്രദായത്തിൽ നിന്നും ത്രി കൃഷി സമ്പ്രദായത്തിലേക്ക് മാറ്റം.
- ഭക്ഷ്യോൽപ്പാദനം വൻതോതിൽ വർധിച്ചു.
- പയർ വർഗങ്ങളുടെ ഉപയോഗം പോഷകം വർധിപ്പിച്ചു.
- കാലിത്തീറ്റ വർധിക്കാൻ പയർ കൃഷി സഹായിച്ചു.
- കുറച്ച് ഭൂമിയിൽ നിന്നും കൂടുതൽ ഭക്ഷണം ഉൽപ്പാദിപ്പിക്കാൻ സാധിച്ചു.
- ചെറിയ ഭൂമി പോലും കാര്യക്ഷമമായി ഉപയോഗിക്കാൻ തുടങ്ങി.

**9. സാമൂഹിക-സാമ്പത്തിക ബന്ധങ്ങളെ ബാധിക്കുന്ന ഘടകങ്ങൾ ഏതൊക്കെ? വിശദമാക്കുക.**

ഈ കാലഘട്ടത്തിൽ സാമ്പത്തിക രംഗത്തുണ്ടായ ഏറ്റവും വലിയ മാറ്റം പണത്തിന്റെ ഉപയോഗമാണ്. 11-ാം നൂറ്റാണ്ടുമുതൽ ഇടപാടുകൾക്ക് പണം ഉപയോഗിച്ചു തുടങ്ങി. പണത്തിന്റെ ഉപയോഗമുണ്ടാക്കിയ മാറ്റങ്ങൾ നമുക്കൊന്ന് പരിശോധിക്കാം.

- ഫ്യൂഡലിസത്തിന്റെ അടിസ്ഥാനമായ വ്യക്തിപരമായ കെട്ടുപാടുകൾ ദുർബലമായി.
- പ്രഭുക്കന്മാർ സേവനത്തിനുപകരം പണം ആവശ്യപ്പെടാൻ തുടങ്ങി.
- കർഷകർ ഉൽപ്പന്നങ്ങൾ പണത്തിന് വിൽക്കാൻ തുടങ്ങി.
- പണത്തിന്റെ വർധിച്ച ഉപയോഗം വിലയെ ബാധിച്ചു.

**10. പണത്തിന്റെ ഉപയോഗമുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?**

**ഭദ്രാസന പള്ളി നഗരങ്ങൾ (Cathedral-Towns)**

12-ാം നൂറ്റാണ്ടോടുകൂടി ഫ്രാൻസിൽ നിർമ്മിക്കപ്പെട്ട വലിയ പള്ളികളെയാണ് ഭദ്രാസന പള്ളികൾ എന്നു പറയുന്നത്.

ഭദ്രാസന പള്ളിയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

- ഉടമകൾ സന്യാസി മഠങ്ങളായിരുന്നു.

- നിർമ്മാണത്തിൽ ജനപങ്കാളിത്തം ഉണ്ടായിരുന്നു.
- ശിലകൾ കൊണ്ടാണ് നിർമ്മിച്ചിരുന്നത്.
- അവ തീർഥാടന കേന്ദ്രങ്ങളായി മാറി.
- പള്ളികൾക്കു ചുറ്റും ചെറു പട്ടണങ്ങൾ ഉയർന്നുവന്നു.

ഭദ്രാസന പള്ളികളുടെ പ്രധാനപ്പെട്ട സവിശേഷതകളാണ് മുകളിൽ വിവരിച്ചത്. ഇവയുടെ പണി പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ അവ തീർഥാടന കേന്ദ്രങ്ങളായി മാറി. അവയ്ക്കു ചുറ്റുമായി ചെറുപട്ടണങ്ങൾ ഉയർന്നുവന്നു. ഇവ ഭദ്രാസന പള്ളി നഗരങ്ങൾ എന്നറിയപ്പെട്ടു.

**പതിനാലാം നൂറ്റാണ്ടിലെ പ്രതിസന്ധി**

14-ാം നൂറ്റാണ്ടായതോടുകൂടി യൂറോപ്പിന്റെ സാമ്പത്തിക രംഗം ശക്തമായ തിരിച്ചടികൾ നേരിട്ടു. ഇതിന് അടിസ്ഥാനപരമായി മൂന്ന് കാരണങ്ങൾ ഉണ്ടായിരുന്നു.

- കാലാവസ്ഥയിലെ മാറ്റം.
- വ്യാപാരത്തകർച്ച.
- പ്ലേഗ് രോഗബാധ.

**കാലാവസ്ഥയിലെ മാറ്റം:-**

13-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വടക്കെ യൂറോപ്പിലെ കാലാവസ്ഥയിൽ വലിയ മാറ്റങ്ങളുണ്ടായി. അവ എന്തൊക്കെ?

ഊഷ്മളമായ കാലാവസ്ഥ മാറി അതിശൈത്യമുള്ള കാലാവസ്ഥയിലേക്കുള്ള മാറ്റം.

- ഈ മാറ്റം കൃഷിയെ ബാധിച്ചു.
- ഉയർന്ന പ്രദേശങ്ങളിൽ വിളവിറക്കാൻ ബുദ്ധിമുട്ടായി.
- കൊടുങ്കാറ്റുകളും കടൽപ്രളയവും കൃഷിയെ നശിപ്പിച്ചു.
- കൃഷിയുടെ നാശം വരുമാനത്തെ ബാധിച്ചു.

**വ്യാപാരതകർച്ച**

14-ാം നൂറ്റാണ്ടിലുണ്ടായ പ്രതിസന്ധിയുടെ മറ്റൊരു കാരണം വ്യാപാരത്തകർച്ചയാണ്. ലോഹംകൊണ്ടുള്ള പണത്തിന്റെ ക്ഷാമമാണ് ഇതിന് കാരണം. ആസ്ട്രേലിയ, സെർബിയ എന്നിവിടങ്ങളിലെ ഖനികളിലുണ്ടായ വെള്ളിയുടെ ലഭ്യത കുറവാണ് ഇതിലേക്ക് നയിച്ചത്.

**പ്ലേഗ്**

14-ാം നൂറ്റാണ്ടിലെ പ്രതിസന്ധിക്കുള്ള പ്രധാന കാരണം പ്ലേഗ് ബാധയും കറുത്ത മരണവുമാണ്. പ്ലേഗ് പടിഞ്ഞാറൻ യൂറോപ്പിൽ പടർന്ന് പിടിക്കുകയും (1347-1350) അനേകം പേരുടെ മരണത്തിനിടയാക്കുകയും ചെയ്തു. യൂറോപ്പിലെ 20 ശതമാനത്തോളം പേർ പ്ലേഗ് ബാധിച്ചു മരിച്ചു. ചില സ്ഥലങ്ങളിൽ 40 ശതമാനത്തോളം പേർ മരണത്തിന് കീഴടങ്ങി.

ഈ അത്യാഹിതവും പ്രതിസന്ധിയും ധാരാളം സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിച്ചു

- ജനസംഖ്യയിലെ കുറവ് തൊഴിൽ ക്ഷാമമുണ്ടാക്കി.
- കൃഷിയും നിർമ്മാണവും തമ്മിൽ അസന്തുലിതാവസ്ഥ സൃഷ്ടിച്ചു.
- ഉപഭോക്താക്കളുടെ എണ്ണം കുറഞ്ഞു.
- കാർഷികോൽപ്പന്നങ്ങളുടെ വില കുത്തനെ ഇടിഞ്ഞു.
- കൂലി നിരക്കുകൾ വർധിച്ചു.

**സാമൂഹിക അസ്വസ്ഥത**

കാർഷികോൽപ്പന്നങ്ങളുടെ വില കുറയുകയും തൊഴിലാളികളുടെ കൂലി വർധിക്കുകയും ചെയ്തതോടെ ജന്മിമാരുടെ വരുമാനത്തിൽ ഇടിവുണ്ടായി. നിരാശരായ ജന്മിമാർ തൊഴിലാളികളുടെ സേവനം പുനഃസ്ഥാപിക്കാൻ ശ്രമിച്ചു. ഇതിനെ കർഷകർ എതിർത്തു. കാർഷിക കലാപങ്ങൾ പൊട്ടിപുറപ്പെടാൻ ഇത് കാരണമായി.

## കർഷക കലാപങ്ങൾ

- ഫ്ളാൻഡേഴ്സ്–1323
- ഫ്രാൻസ്–1358
- ഇംഗ്ലണ്ട്–1381

മുകളിൽ സൂചിപ്പിച്ച കലാപങ്ങൾ അടിച്ചമർത്തപ്പെട്ടെങ്കിലും അവയ്ക്ക് ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്.

- ലഭ്യമായ നേട്ടങ്ങൾ ഉപേക്ഷിക്കാൻ കർഷകർ തയ്യാറല്ല.
- ഫ്യൂഡൽ ബന്ധങ്ങൾ തിരിച്ചു കൊണ്ടുവരാൻ സാധിക്കില്ല.
- പണ വ്യവസ്ഥയിൽ നിന്നുള്ള തിരിച്ച് പോക്ക് സാധ്യമല്ല.

**രാഷ്ട്രീയ മാറ്റങ്ങൾ**

സ്വേച്ഛാധിപത്യ രാജവാഴ്ചയുടെ ഉയർച്ചയാണ് ഇക്കാലത്തുണ്ടായ ഏറ്റവും പ്രധാന രാഷ്ട്രീയ മാറ്റം. 15-16 നൂറ്റാണ്ടുകളിൽ യുറോപ്യൻ രാജാക്കൻമാർ അവരുടെ സൈനികവും സാമ്പത്തികവുമായ ശക്തി വർദ്ധിപ്പിച്ചു. കരുത്തുറ്റ പുതിയ രാഷ്ട്രങ്ങൾക്ക് അവർ രൂപം നൽകി.

| | |
|---|---|
| ഫ്രാൻസ് | ലൂയി പതിനാലാമൻ |
| ആസ്ട്രിയ | മാക്സി മില്യൻ |
| ഇംഗ്ലണ്ട് | ഹെന്റി ഏഴാമൻ |
| സ്പെയിൻ | ഇസബെല്ല-ഫെർഡിനന്റ് |

മുകളിൽ സൂചിപ്പിച്ച രാജാക്കന്മാർ പരമാധികാര ഭരണാധികാരികളായിരുന്നു. ശക്തമായ സൈന്യം, സ്ഥിരമായ ഉദ്യോഗസ്ഥവൃന്ദം ദേശീയ നികുതി പിരിവ് എന്നീ പ്രക്രിയകൾക്ക് തുടക്കം കുറിച്ചു.

ഈ രാജാക്കന്മാരുടെ വിജയത്തിനുള്ള പ്രധാന കാരണങ്ങളെന്തെന്ന് നമുക്കൊന്ന് പരിശോധിക്കാം.

- ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ച രാജാക്കന്മാരുടെ ശക്തി വർധിപ്പിച്ചു.
- ശക്തമായ സൈന്യം.
- വെടിമരുന്നിന്റെ കണ്ടുപിടിത്തം.
- തോക്ക്, പീരങ്കി എന്നീ ആയുധങ്ങളുള്ള കാലാൾപട.
- നികുതികൾ വർധിപ്പിച്ചുകൊണ്ട് വരുമാനം കൂട്ടി.

രാജാവിൽ കേന്ദ്രീകരിക്കപ്പെട്ട ഭരണ സംവിധാനത്തിനെതിരെ ഫ്യൂഡൽ പ്രഭുക്കന്മാർ നിരന്തര കലാപങ്ങളിലേർപ്പെട്ടു. ഇംഗ്ലണ്ടിലും ഫ്രാൻസിലുമൊക്കെ അരങ്ങേറിയ ഈ കലാപങ്ങൾ രാജാക്കന്മാർ അടിച്ചമർത്തി.

രാജാക്കന്മാരെ എതിർത്ത് പിടിച്ചുനിൽക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഫ്യൂഡൽ പ്രഭുക്കന്മാർ അതിജീവനത്തിനുവേണ്ടി ഒരു തന്ത്രപരമായ നീക്കം നടത്തി. രാജാക്കന്മാരെ എതിർക്കുന്നതിന് പകരം അവർ രാജാവിനോട് കൂറ് പുലർത്താൻ തുടങ്ങി. ഇത് പ്രഭുക്കന്മാർക്ക് ഗുണപരമായി ഭവിച്ചു. രാഷ്ട്രീയ രംഗത്ത് മേധാവിത്വം തുടരാനും ഭരണരംഗത്ത് ശാന്തമായ പദവികൾ ലഭിക്കാനും കാരണമായി.

പുതിയ രാജവാഴ്ച പഴയ അവസ്ഥയിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. രാജാവ് കേന്ദ്രബിന്ദുവായി മാറി. രാജാവ് രക്ഷാധികാരിയാവുകയും രക്ഷാധികാരം പണം കൊടുത്ത് വാങ്ങേണ്ട അവസ്ഥ വരികയും ചെയ്തു. അങ്ങനെ പണം എല്ലാറ്റിന്റേയും അവസാനവാക്കാകുകയും ചെയ്തു. ഇതിലൂടെ ഫ്യൂഡൽ വിരുദ്ധഘടകങ്ങൾ ഭരണ വ്യവസ്ഥയിൽ കയറിപ്പറ്റാൻ ഇടയായി. കച്ചവടക്കാർ, ബാങ്കർമാർ എന്നിവർക്ക് രാജസഭയിൽ പ്രവേശനം ലഭിച്ചു. ശാക്തിക ഘടനയിലുണ്ടായ ഈ മാറ്റമാണ് ഫ്രാൻസിന്റെയും ഇംഗ്ലണ്ടിന്റെയും പിൽക്കാല ചരിത്രത്തെ രൂപപ്പെടുത്തിയത്.

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തര സൂചിക

1. ഭൂമി കൈവശം വയ്ക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ള സമ്പ്രദായം - ഒരു തുണ്ട് ഭൂമി-ഫ്രാൻസിലും ഇംഗ്ലണ്ടിലും ദക്ഷിണ ഇറ്റലിയിലും രൂപം കൊണ്ട പ്രസ്ഥാനം.
2. ഫ്യൂഡൽ പ്രഭുക്കന്മാരും കർഷകരും തമ്മിലുള്ള ബന്ധം- പ്രഭുവിന് കർഷകർ മറ്റ് സേവനങ്ങളും നൽകി - കർഷകർക്ക് സൈനിക സംരക്ഷണം നൽകുന്നു.
3. സ്വന്തമായ നിയമങ്ങളും ഭൂമിയും-നികുതി പിരിക്കാനുള്ള അവകാശം-പോപ്പ്.- റോം - ഗ്രാമങ്ങൾക്ക് സ്വന്തമായി പള്ളികൾ - യൂറോപ്പിലെ സമ്പന്ന സ്ഥാപനം- കർഷകരിൽ നിന്നും നികുതി പിരിച്ചു.

4. സന്യാസിമഠങ്ങൾ-ഒറ്റപ്പെട്ട ജീവിതം-മനുഷ്യവാസ പ്രദേശങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി താമസിച്ചു- സന്യാസിമാരും ആബട്ടും.
5. ഭൂമിയുടെ അധിപൻ രാജാവ് - ഭൂമി പ്രഭുക്കന്മാർക്ക് നൽകി - പ്രഭുക്കന്മാർ ഭൂവുടമകളായി - രാജാവ് ആശ്രിതന് സംരക്ഷണം നൽകി - പ്രഭു രാജാവിനോട് കൂറ് പുലർത്തി.
6. സമ്പത്തിന്മേലുള്ള പരിപൂർണ നിയന്ത്രണം സ്വന്തം സൈന്യവും കോടതിയും- പണം അടിച്ചിറക്കാനുള്ള അധികാരം.
7. യൂറോപ്പിലെ പ്രാദേശിക യുദ്ധങ്ങൾ - കർഷക പടയാളികളുടെ ശേഷി അപര്യാപ്തമായിരുന്നു- കുതിരപ്പട ഇതിനനിവാര്യം- യോദ്ധാക്കളായിരുന്നു- ഭൂമി പ്രഭു നൈറ്റിന് നൽകുന്നു.
8. കുടിയാന്മാർ ഭൂമി കൈവശം വയ്ക്കുന്നു-സൈനികസേവനം - എസ്റ്റേറ്റിൽ പ്രതിഫലമില്ലാതെ ജോലി ചെയ്യണം - അടിയാളർക്ക് ഭൂമി ഇല്ല- വേതനം ലഭിച്ചില്ല- എസ്റ്റേറ്റ് വിട്ടുപോകാൻ പാടില്ല.
9. പരിസ്ഥിതി- ഭൂമിയുടെ ഉപയോഗം - പുതിയ സാങ്കേതിക വിദ്യ.
10. വ്യക്തിപരമായ കെട്ടുപാടുകൾ ദുർബലമായി - സേവനത്തിന് പകരം പണം - പണത്തിന്റെ വർധിച്ച ഉപയോഗം വിലയെ ബാധിച്ചു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഫ്യൂഡലിസത്തിലെ മൂന്ന് ക്രമങ്ങൾ ഏതെല്ലാം?
2. മാനറിന്റെ പ്രത്യേകതകൾ വിവരിക്കുക.
3. പുതിയ കാർഷിക സാങ്കേതിക വിദ്യയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു.
4. കത്തീഡ്രൽ പള്ളികളുടെ സവിശേഷതകൾ വിശദമാക്കുക.

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. പുരോഹിതർ-പ്രഭുവർഗം-കർഷകർ.
2. ഓരോ പ്രഭുവിനും ഓരോ മാനർ - സ്വയം പര്യാപ്തമായിരുന്നില്ല-ലോഹപാത്രങ്ങൾ പുറമേനിന്ന് കൊണ്ടുവന്നു.
3. മരക്കലപ്പകൾക്ക് പകരം ഇരുമ്പ് കലപ്പ - തോൾപട്ട- കാറ്റിന്റെ ഊർജവും ജലോർജവും ഉപയോഗിച്ചു.
4. കല്ലുകൾ കൊണ്ട് നിർമ്മിച്ചു - ജനനിബിഡ പ്രദേശങ്ങൾ - ചെറിയ നഗരങ്ങൾ വളർന്നു.

## സംഗ്രഹം

ഒമ്പതു മുതൽ പതിനാറാം നൂറ്റാണ്ടുവരെ പടിഞ്ഞാറൻ യൂറോപ്പിൽ രൂപം പ്രാപിച്ച സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മാറ്റങ്ങളാണ് ഈ അധ്യായത്തിലൂടെ അനാവരണം ചെയ്യപ്പെട്ടത്. പുരോഹിതർ, പ്രഭുക്കന്മാർ, കർഷകർ എന്നീ മൂന്ന് സാമൂഹിക

ക്രമങ്ങളെ കുറിച്ച് ഈ പാഠഭാഗം വിശദമാക്കുന്നു. സാമൂഹിക-സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിച്ച ഘടകങ്ങളെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. 14-ാം നൂറ്റാണ്ടിലെ പ്രതിസന്ധികളും രാഷ്ട്രീയമാറ്റങ്ങളും ദേശരാഷ്ട്രങ്ങളുടെ ഉദയത്തിന് കാരണമായി.

## തുടർ പ്രവർത്തനങ്ങൾ

ഫ്യൂഡൽ കാലഘട്ടത്തിലെ സാമൂഹിക സാമ്പത്തിക ക്രമങ്ങളെ കുറിച്ച് ഒരു സെമിനാർ പ്രബന്ധം തയറാക്കുക.

സൂചനകൾ

- പുരോഹിതവർഗം
- പ്രഭു വർഗം.
- കർഷകർ.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഫ്യൂഡലിസത്തിന്റെ ആവിർഭാവം വിശകലനം ചെയ്യാൻ | | | |
| ഫ്യൂഡലിസത്തിലെ മൂന്ന് ക്രമങ്ങളെ തിരിച്ചറിയാൻ | | | |
| മനോറിയൽ എസ്റ്റേറ്റുകളുടേയും നൈറ്റുകളുടേയും പ്രത്യേകതകൾ മനസ്സിലാക്കാൻ | | | |
| പുതിയ പട്ടണങ്ങളും ഗിൽഡ് സമ്പ്രദായവും വിശദീകരിക്കാൻ | | | |
| ദേശ രാഷ്ട്രങ്ങളുടെ ഉദയത്തിന്റെ കാരണങ്ങൾ തിരിച്ചറിയാൻ | | | |
| സാമൂഹിക-രാഷ്ട്രീയമാറ്റങ്ങളെ കുറിച്ച് വിലയിരുത്താൻ | | | |

## തുടർ വായനയ്ക്ക്

- ലോകചരിത്രം- കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- ലോകചരിത്ര സംഗ്രഹം - എച്ച്.ജി.വെൽസ്
- വിശ്വചരിത്രാവലോകനം - ജവഹർലാൽ നെഹ്റു.
- Terry Jone's Medieval Lives (BBC Documentary)

6

# നവോത്ഥാനം

## ആമുഖം

ലോകചരിത്രത്തിൽ മധ്യകാലയുഗത്തിന്റെ അന്ത്യവും ആധുനികയുഗത്തിന്റെ ആരംഭവും എന്നാണെന്ന് കൃത്യമായി വേർതിരിക്കാൻ കഴിയില്ല. പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം പതിനാറാം നൂറ്റാണ്ടോടുകൂടി ആധുനികയുഗം ആരംഭിച്ചതായി പറയാം. ആധുനികയുഗത്തിന്റെ ഏറ്റവും സുപ്രധാനമായ സവിശേഷത നവോത്ഥാനമാണ്. നവോത്ഥാനം രൂപപ്പെടാനുണ്ടായ സാഹചര്യം, വിവിധ രംഗങ്ങളിൽ നവോത്ഥാനം ചെലുത്തിയ സ്വാധീനം എന്നിവയാണ് ഈ പാഠഭാഗത്ത് പ്രതിപാദിക്കുന്നത്. പഠിതാവിൽ മാനവികത, ശാസ്ത്രബോധം, യുക്തിചിന്ത എന്നിവ വളർത്താൻ ഈ പാഠഭാഗം സഹായിക്കും.

## പഠനനേട്ടങ്ങൾ

- നവോത്ഥാനത്തിന് വഴി തെളിച്ച ഘടകങ്ങൾ വിശകലനം ചെയ്യുന്നു.
- നവോത്ഥാനം സാഹിത്യം, കല, ശാസ്ത്രം, തത്ത്വചിന്ത, മതം എന്നീ രംഗങ്ങളിൽ ചെലുത്തിയ സ്വാധീനത്തെ വിശദമാക്കുന്നു.
- മാനവികതയുടെ പ്രാധാന്യം വിലമതിക്കുന്നു.
- കോപ്പർനിക്കസിനെയും അദ്ദേഹത്തിന്റെ ശാസ്ത്രനേട്ടങ്ങളെയും തിരിച്ചറിയുന്നു.

നവോത്ഥാനം എന്നാൽ പുനർജന്മം എന്നാണർഥം. പ്രാചീന ഗ്രെക്കോ-റോമൻ കൃതികളുടെ പഠനവും പുനഃപ്രകാശനവുമായിരുന്നു നവോത്ഥാനത്തിന്റെ പ്രധാന സവിശേഷത. ഇതിന്റെ ഫലമായി മനുഷ്യജീവിതത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടായ പുത്തൻ ഉണർവിനെയാണ് നവോത്ഥാനം എന്നു പറയുന്നത്. ഇനി നവോത്ഥാനം രൂപം കൊള്ളാനിടയായ സാഹചര്യങ്ങൾ പരിശോധിക്കാം.

പതിനാലാം നൂറ്റാണ്ടുമുതൽ പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യം വരെ യൂറോപ്പിലെ പല രാജ്യങ്ങളിലും നഗരങ്ങൾ വികാസം പ്രാപിച്ചു. ഫ്ളോറൻസ്, വെനീസ്, റോം തുടങ്ങിയ നഗരങ്ങളെല്ലാം കലയുടെയും വിജ്ഞാനത്തിന്റെയും കേന്ദ്രങ്ങളായി തീർന്നു.

വ്യാപാരവാണിജ്യ ബന്ധം കൂടുതൽ അഭിവൃദ്ധിപ്പെടാൻ തുടങ്ങി. സമൂഹത്തിൽ ഒരു മധ്യവർഗം ഉദയം ചെയ്തു.

ഫ്യൂഡലിസത്തിന്റെ അധഃപതനം മൂലം ഒരു പുതിയ സാമൂഹിക, സാമ്പത്തിക വ്യവസ്ഥിതി നിലവിൽ വന്നു.

അച്ചടിവിദ്യയുടെ കണ്ടുപിടിത്തത്തോടെ ജനങ്ങൾക്ക് പുസ്തകങ്ങൾ ആവശ്യാനുസരണം ലഭ്യമായി. നൂതന ആശയങ്ങൾ മനസ്സിലാക്കാൻ ഇത് സഹായിച്ചു.

ശാസ്ത്രീയമായ പല കണ്ടു പിടിത്തങ്ങളും ഈ കാലയളവിൽ ഉണ്ടായി. നഗരസംസ്ക്കാരം ത്വരിതപ്പെടുത്താൻ ഇത് സഹായിച്ചു. യുക്തി ബോധവും സ്വതന്ത്ര ചിന്തയും വളർന്നു വന്നു.

നവോത്ഥാനത്തിന്റെ ആരംഭം ഇറ്റലിയിലാണ്. ഇറ്റാലിയൻ നഗരങ്ങളുടെ പുനരുദ്ധാരണം നവോത്ഥാനത്തിന് ഏറെ സഹായകരമായി.




*ഇറ്റാലിയൻ നഗരങ്ങൾ – ഭൂപടം*

നഗരങ്ങളുടെ വളർച്ചമൂലം പൗരത്വം എന്ന ആശയം അവരിൽ ഉടലെടുത്തു. വെനീസ്, ജനീവ, ഫ്ളോറൻസ് എന്നീ നഗരങ്ങൾ സാംസ്ക്കാരിക നഗരങ്ങളായി മാറി. സമ്പന്നരായ ഇറ്റാലിയൻ പ്രഭുക്കന്മാർ കലയെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിച്ചു.

1. നവോത്ഥാനത്തിന് വഴിതെളിച്ച ഘടകങ്ങൾ എന്തെല്ലാം?

നവോത്ഥാന സാഹിത്യത്തെപ്പറ്റിയും കല, ശാസ്ത്രം എന്നിവയെപ്പറ്റിയും നമുക്ക് മനസ്സിലാക്കാം.

നവോത്ഥാന കാലഘട്ടത്തിലെ പ്രധാന സാഹിത്യ സംഭാവനകൾ എന്തൊക്കെ എന്ന് നോക്കാം.

ദാന്തെയാണ് ഇറ്റലിയിൽ നവോത്ഥാന സാഹിത്യത്തിന് തുടക്കം കുറിച്ചത്. ഇറ്റാലിയൻ നവോത്ഥാനത്തിന്റെ പ്രവാചകനായിരുന്ന ദാന്തേ രചിച്ച പ്രശസ്തമായ കൃതിയാണ് ഡിവൈൻ കോമഡി. ഗദ്യസാഹിത്യത്തിന് ഒരു മുതൽകൂട്ടായിരുന്നു ഈ രചന. മാക്വെല്ലിയുടെ പ്രിൻസ് ഇക്കാലത്ത് രചിക്കപ്പെട്ട ഒരു വിശിഷ്ഠ ഗ്രന്ഥമാണ്. സ്പാനിഷ് സാഹിത്യത്തിന്റെ അഭിമാനമായിരുന്ന സെർവാന്റിസ് രചിച്ച പ്രശസ്തമായ കൃതിയാണ് ഡോൺകിക്സോട്ട്. ജർമ്മനിയിൽ മാർട്ടിൻ ലൂഥർ ബൈബിൾ ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു.

## നവോത്ഥാന ശാസ്ത്രവും തത്ത്വചിന്തയും

നവോത്ഥാനം ശാസ്ത്ര വിജ്ഞാനത്തെ സമ്പന്നമാക്കി. ശാസ്ത്രജ്ഞൻമാർ പ്രകൃതിയെപറ്റിയും പ്രപഞ്ചത്തെപ്പറ്റിയും നിരീക്ഷണങ്ങളും പരീക്ഷണങ്ങളും നടത്താൻ തുടങ്ങി. ചിന്താ സ്വാതന്ത്ര്യവും അന്വേഷണ കൗതുകവും നൂതന കണ്ടുപിടിത്തങ്ങൾക്ക് കാരണമായി.

ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, രസതന്ത്രം എന്നിവയെക്കുറിച്ചുള്ള കൃതികൾ രചിക്കപ്പെട്ടു. ടോളമി, അവിസെന്ന, അൽ-റാസി, ഇബ്ൻ റഷ്ദ് എന്നിവർ ശാസ്ത്രജ്ഞന്മാരായ തത്ത്വചിന്തകരായിരുന്നു. ഗ്രീക്ക് പണ്ഡിതനായ ടോളമിയുടെ ഏറ്റവും പ്രശസ്തമായ ജ്യോതിശാസ്ത്ര ഗ്രന്ഥമാണ് അൽമാഗെസ്റ്റ് (Almagest).

## നവോത്ഥാനകാല-കലാകാരന്മാരും റിയലിസവും

റിയലിസം എന്നാൽ എന്താണ്?

നവോത്ഥാനകാലത്ത് കലയിലും ചില പരിവർത്തനങ്ങൾ രൂപം കൊണ്ടു. ആധ്യാത്മിക വിഷയങ്ങൾപോലെ തന്നെ, മതേതര വിഷയങ്ങളും കലയിൽ പ്രതിപാദിക്കപ്പെട്ടു. യഥാർഥമായ പുതിയ കലാശൈലികൾ രൂപം കൊണ്ടു. ഇക്കാലത്തെ കലാകാരന്മാരിൽ പ്രധാനിയായിരുന്നു ഫ്ളോറൻസിലെ ശിൽപിയായ ഡൊണാടെല്ലൊ (Donatello).



ഡൊണോടെല്ലൊ

നവോത്ഥാന കലയുടെ മുഖ്യ സവിശേഷത റിയലിസമായിരുന്നു. സൂക്ഷ്മതയോടെ കലാസൃഷ്ടികൾക്ക് രൂപം നൽകി. ശരീര ശാസ്ത്രപഠനം ഈ കാലയളവിൽ വളർന്നു വന്നു.


**ചിത്രകല**

നവോത്ഥാന കലകളിൽ ഏറ്റവും മുൻപന്തിയിൽ നിന്നത് ചിത്രകലയാണ്. ചുമർചിത്രങ്ങൾ എടുത്തു പറയേണ്ടവയാണ്. കടലാസിലും ക്യാൻവാസിലും നിറപ്പകിട്ടാർന്ന മനോഹരചിത്രങ്ങൾ രചിക്കപ്പെട്ടു.



മൈക്കലാഞ്ചലൊ

ലിയനാർഡൊ ഡാവിഞ്ചി, മൈക്കലാഞ്ചലൊ, റാഫേൽ എന്നിവർ പ്രശസ്തരായ ഇറ്റാലിയൻ ചിത്രകാരന്മാരായിരുന്നു. ഡാവിഞ്ചിയുടെ മൊണാലിസയും അന്ത്യ അത്താഴവും (Last supper), മൈക്കലാഞ്ചലൊയുടെ അന്ത്യവിധിയും (Last Judgement) വിശ്വോത്തര കലാസൃഷ്ടികളാണ്.



മൊണാലിസ



അന്ത്യ അത്താഴം

### വാസ്തുശില്പം

വാസ്തുശില്പ രംഗത്തും നവോത്ഥാനം ചില മാറ്റങ്ങൾ സൃഷ്ടിച്ചു. മൈക്കലാഞ്ചലോയുടെയും, റാഫേലിന്റെയും മേൽനോട്ടത്തിൽ നിർമ്മിച്ച റോമിലെ സെന്റ് പീറ്റേഴ്സ് ദേവാലയം നവോത്ഥാന വാസ്തുശില്പ കലയ്ക്ക് ഉദാഹരണമാണ്. മൈക്കലാഞ്ചലോ ശിൽപ്പകലയിലും ശ്രദ്ധേയനായിരുന്നു. ഫിലിപ്പോ ബ്രൂണേലേഷിയാണ് നവോത്ഥാന ശിൽപ്പികളിലെ മറ്റൊരു പ്രധാനി. ഇറ്റാലിയൻ കത്തീഡ്രൽ അദ്ദേഹമാണ് രൂപകൽപ്പന ചെയ്തത്.

**2. നവോത്ഥാനം സാഹിത്യം, കല എന്നീ രംഗങ്ങളിൽ ചെലുത്തിയ സ്വാധീനത്തെ വിശദമാക്കുക.**

ഇനി മാനവികതയുടെ (Humanism) വളർച്ചയെപ്പറ്റി പരിശോധിക്കാം. മാനവികത എന്നാൽ എന്താണ്? അത് നവോത്ഥാനത്തെ എങ്ങനെ സഹായിച്ചു?

മാനവികതയുടെ പ്രതികരണം ആദ്യം പ്രകടമായത് സാഹിത്യരംഗത്തായിരുന്നു. ഇക്കാലയളവിൽ മനുഷ്യൻ മനുഷ്യനെ പറ്റി തന്നെ പഠിക്കാൻ തുടങ്ങി. ദൈവിക പഠനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു മാനുഷികപഠനം. മനുഷ്യന്റെ താൽപ്പര്യങ്ങളെപറ്റിയുള്ള സഹതാപപൂർണമായ പഠനത്തെയാണ് ഹ്യൂമനിസം അഥവാ മാനവികത എന്ന് പറയുന്നത്.


*പെട്രാർക്ക്*

മധ്യകാലഘട്ടത്തിൽ ദൈവിക പഠനങ്ങൾക്ക് പ്രാധാന്യം ലഭിച്ചപ്പോൾ നവോത്ഥാന കാലഘട്ടത്തിൽ മനുഷ്യനും ജീവിതപ്രശ്നങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകി.


മാനവികതയുടെ വളർച്ചയ്ക്ക് ഇറ്റാലിയൻ നഗരവും സർവകലാശാലകളും പ്രധാന പങ്ക് വഹിച്ചു. പാദുവ, ബൊളോഗ്ന എന്നിവയായിരുന്നു പ്രധാന സർവകലാശാലകൾ. നിയമ പഠനത്തിനായിരുന്നു കൂടുതൽ പ്രാധാന്യം. വ്യാപാരവാണിജ്യ ബന്ധം ഇതിന് സഹായകരമായി.

പ്രമാണങ്ങൾ, ഉടമ്പടികൾ ഇവ ഉണ്ടാക്കാനായി നിയമം ആവശ്യമായി വന്നു. ഇറ്റലി നവോത്ഥാനത്തിന്റെ കളിത്തൊട്ടിലായിരുന്നു. ഇറ്റാലിയൻ സാഹിത്യകാരനായ പെട്രാർക്ക് മാനവികതയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്തു. പെട്രാർക്ക് രചിച്ച സുപ്രസിദ്ധമായ പ്രേമകാവ്യമായ 'ലോറ' മാനവികതയുടെ പ്രാധാന്യത്തെ വിലമതിക്കുന്നു.


കോപ്പർനിക്കസ്സ് നവോത്ഥാന ശാസ്ത്രത്തിന് ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ സംഭാവനകളെ പൊതുവെ കോപ്പർനിക്കസ്സിന്റെ വിപ്ലവം എന്ന് അറിയപ്പെടുന്നു. പ്രപഞ്ചത്തെ സംബന്ധിച്ച നിലവിലിരുന്ന ധാരണകളെ ചോദ്യം ചെയ്ത ശാസ്ത്രജ്ഞന്മാരിൽ പ്രധാനി കോപ്പർനിക്കസ്സ് ആയിരുന്നു.

പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്നും ഗ്രഹങ്ങളെല്ലാം അതിനെ വലം വെച്ചുകൊണ്ടിരിക്കയാണെന്നുമാണ് നേരത്തെ ജനങ്ങൾ ധരിച്ചുവെച്ചിരുന്നത്. പ്രപഞ്ച തത്ത്വങ്ങളെ പറ്റി പ്രതിപാദിച്ചുകൊണ്ട് ഒരു ജ്യോതിശാസ്ത്ര വിപ്ലവം കോപ്പർനിക്കസ്സ് തുടങ്ങിവെച്ചു. അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതിയാണ് ജ്യോതിർ ഗോളങ്ങളുടെ ഭ്രമണം. (The Revolution of Heavenly Bodies). തന്റെ വിപ്ലവകരമായ ചിന്താധാരകൾ ഈ കൃതിയിൽ അദ്ദേഹം അവതരിപ്പിച്ചു.

സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യനാണെന്നും ഭൂമിയും മറ്റുഗ്രഹങ്ങളും സൂര്യനെയാണ് ചുറ്റികൊണ്ടിരിക്കുന്നതെന്നും കോപ്പർ നിക്കസ്സ് വാദിച്ചു. (Heliocentric Theory) കത്തോലിക്കാ സഭയുടെ എതിർപ്പ് ഭയന്ന് അദ്ദേഹം അത് പ്രസിദ്ധീകരിച്ചില്ല. എന്നാൽ കോപ്പർനിക്കസ്സിന്റെ ആശയങ്ങൾ പൂർണതയിലെത്തിച്ചത് കെപ്ലറും, ഗലീലിയോയുമാണ്.



*കോപ്പർ നിക്കസ്സ്*



*ഗലീലിയോ*



*കെപ്ലർ*

ജൊഹാനസ് കെപ്ലർ (1571–1630) തന്റെ ഗ്രന്ഥത്തിൽ (കോസ്മോഗ്രാഫിക് ഹിസ്റ്ററി) സൂര്യകേന്ദ്രീകൃത വ്യവസ്ഥയുടെ ഒരു ഭാഗം മാത്രമാണ് ഭൂമി എന്ന സിദ്ധാന്തത്തെ വിവരിച്ചു. ഗലീലിയോ (1564–1642) രചിച്ച ചലനം (The motion) എന്ന കൃതിയിലും ഇതിനെ പറ്റി പ്രതിപാദിച്ചു. ഐസക്ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്തം ഇതിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടതാണ്.




*ഐസക്ന്യൂട്ടൻ*

**3. കോപ്പർനിക്കസ്സിന്റെ ശാസ്ത്രനേട്ടങ്ങൾ പട്ടികപ്പെടുത്തുക**


ഇനി നവോത്ഥാനം ലോകത്തിന് നൽകിയ മറ്റ് സംഭാവനകൾ എന്തൊക്കെയെന്ന് ശ്രദ്ധിക്കാം.

നവോത്ഥാനം രാഷ്ട്രീയ സാമൂഹിക സാമ്പത്തിക മത രംഗങ്ങളിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി. ഇറ്റാലിയൻ ഫ്രഞ്ച്, ഇംഗ്ലീഷ് മുതലായ ദേശീയ ഭാഷകൾ വളർന്നു. ദേശീയബോധം ജനങ്ങളിൽ ഉണ്ടായി. ഇംഗ്ലണ്ട്, ഫ്രാൻസ്, സ്പെയിൻ, പോളണ്ട്, ഇറ്റലി തുടങ്ങിയ ദേശ രാഷ്ട്രങ്ങൾ നിലവിൽ വന്നു.


*ഗുട്ടൻബർഗ്ഗ്*

മാനവിക ആശയങ്ങൾ മതനവീകരണ പ്രക്രിയയ്ക്ക് കാരണമായി. മധ്യകാല യൂറോപ്പിലെ കത്തോലിക്കാ സഭയിലുണ്ടായ അഴിമതികളെയും തെറ്റുകളെയും നവോത്ഥാന പണ്ഡിതന്മാർ തുറന്നുകാട്ടി.


*വില്യം ഹാർവി*


*അച്ചടിയന്ത്രം*

അച്ചടിയന്ത്രം സി.ഇ.1540-ൽ ജർമ്മൻകാരനായ ഗുട്ടൻ ബർഗ്ഗാണ് കണ്ടുപിടിച്ചത് ഏറ്റവും വലിയ വൈജ്ഞാനിക നേട്ടമായിരുന്നു. അച്ചടിച്ച ഗ്രന്ഥങ്ങൾ സമൂഹത്തിൽ നൂതനങ്ങളായ ആശയങ്ങൾ പ്രചരിപ്പിച്ചു.

ശാസ്ത്രരംഗത്തുണ്ടായ മാറ്റങ്ങൾ വിലമതിക്കാനാവാത്തതാണ്. ഇംഗ്ലീഷ് ശാസ്ത്രജ്ഞനായ വില്യം ഹാർവി രക്തചംക്രമണ വ്യവസ്ഥ കണ്ടുപിടിച്ചു. വടക്കുനോക്കി യന്ത്രം, ദൂരദർശിനി എന്നിവയുടെ കണ്ടുപിടിത്തവും ഈ കാലയളവിലെ പ്രധാന നേട്ടങ്ങളായിരുന്നു.

**4. നവോത്ഥാനം ശാസ്ത്ര ലോകത്തിന് നൽകിയ സംഭാവനകൾ വിലയിരുത്തുക.**

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ഗ്രെക്കോ – റോമൻ സംസ്ക്കാരത്തിന്റെ സ്വാധീനം – ഇറ്റാലിയൻ നഗരങ്ങൾ – മതേതരവിഷയങ്ങൾക്ക് കൂടുതൽ പ്രചാരം – മാനവികവിഷയങ്ങളുടെ പഠനം.
2. റിയലിസം – സൂക്ഷ്മതയോടെയുള്ള കലാസൃഷ്ടികൾ ശരീര ശാസ്ത്ര പഠനം – ചിത്രകല – ചുമർചിത്രങ്ങൾ – ലിയനാർഡൊ ഡാവിഞ്ചി – മൈക്കലാഞ്ചലൊ – റാഫേൽ – മൊണാലിസ – അന്ത്യ അത്താഴം – വാസ്തു ശിൽപ്പകല – ഗ്രീക്ക്-റോമൻ വാസ്തുശില്പകല – റോമാനഗരത്തിന്റെ പുനർജീവനം – തത്ത്വചിന്തയുടെ വളർച്ച – ടോളമി – അവിസെന്ന – അൽ-റാസി – ഇബൻ റഷ്ദ.

   സാഹിത്യരംഗത്തുണ്ടായ മാറ്റങ്ങൾ – മാനവിക വിഷയങ്ങളെക്കുറിച്ചുള്ള പഠനം – മാനുഷിക മൂല്യങ്ങളുടെ പഠനം – മനുഷ്യനും ജീവിതപ്രശ്നങ്ങളും വിഷയങ്ങളായി – മാനവികതയുടെ വളർച്ച നഗരങ്ങൾ കേന്ദ്രീകൃതമായ ആദ്യകാല സർവകലാശാലകൾ – നിയമപഠനം – പാദുവ, ബൊളോഗ്ന – ഇറ്റാലിയൻ സാഹിത്യകാരനായ പെട്രാർക്കിന്റെ സ്വാധീനം.
3. സൗരയൂഥ സിദ്ധാന്തം – കോപ്പർനിക്കസിന്റെ വിപ്ലവം.
4. കോപ്പർനിക്കസിന്റെ വിപ്ലവം – പ്രാചീന ക്രിസ്തുമത വിശ്വാസങ്ങളിൽ നിന്നുള്ള വ്യതിചലനം – ജ്യോതിശാസ്ത്ര വിപ്ലവം – സൗരയൂഥ സിദ്ധാന്തം – കെപ്ലർ-ഗലീലിയോ – ഐസക്ന്യൂട്ടൻ – വ്യത്യസ്ത മേഖലകളിൽ ദൂരവ്യാപകമായ ഫലങ്ങൾ – വില്യം ഹാർവി.

## വിലയിരുത്തൽ ചോദ്യങ്ങൾ

1 നവോത്ഥാനം രൂപം കൊള്ളാനുള്ള കാരണങ്ങൾ വിശദീകരിക്കുക.

2. മാനവികത എന്നാൽ എന്ത്? അതിന്റെ വളർച്ചയെപ്പറ്റി വിവരിക്കുക?

3. നവോത്ഥാനത്തിന്റെ സ്വാധീനം കലയിലും സാഹിത്യത്തിലും ഉണ്ടാക്കിയ മാറ്റങ്ങളെപ്പറ്റി ഒരു ലേഖനമെഴുതുക.

4. കോപ്പർ നിക്കസ്സിന്റെ വിപ്ലവം എന്താണ്? വിലയിരുത്തുക.

5. നവോത്ഥാനം ലോകത്തിന് നൽകിയ സംഭാവനകൾ വിശദമാക്കുക.

6. ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| സാഹിത്യകാരൻമാർ | കൃതികൾ |
|---|---|
| ദാന്തെ | ഡിവൈൻകോമഡി |
| മാക്യവെല്ലി | |
| സെർവെന്റിസ് | |
| മാർട്ടിൻലൂഥർ | |

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ഇറ്റാലിയൻ നഗരങ്ങളുടെ പുനരുദ്ധാരണം - നഗരങ്ങൾ - ഫ്ളോറൻസ്, വെനീസ്സ്, റോം - വ്യാപാര ബന്ധങ്ങളിലുണ്ടായ പുരോഗതി - മതനവീകരണം - സ്വതന്ത്രചിന്ത - ശാസ്ത്രനേട്ടങ്ങൾ.

2. നവോത്ഥാനം സാഹിത്യരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ - മാനുഷികപഠനം - ഹ്യൂമനിസം - ഇറ്റാലിയൻ നഗരം - ലോറ - പ്രേമകാവ്യം - പാദുവ - ബോളോഗ്ന - സർവകലാശാലകൾ

3. കലയിലുണ്ടായ പരിവർത്തനങ്ങൾ - റിയലിസം - മതേതര വിഷയങ്ങൾ - പുതിയ കലാശൈലികൾ - ഡൊണാറ്റെല്ലൊ - ചിത്രകലയിലുണ്ടായ പുരോഗതി - ചുമർചിത്രങ്ങൾ - ലിയനാർഡോ ഡാവിഞ്ചി - മൈക്കലാഞ്ചലൊ - റാഫേൽ -സെന്റ് പീറ്റേഴ്സ് ദേവാലയം - പോപ്പുമാരുടെ പ്രോത്സാഹനം - ഫിലിപ്പോ ബ്രൂണേലേഷി - ഇറ്റാലിയൻ കത്തീഡ്രൽ.

4. കോപ്പർ നിക്കസിന്റെ വിപ്ലവം - സൗരയൂഥ സിദ്ധാന്തം (Heliocentric Theory) - ജ്യോതിശാസ്ത്ര വിപ്ലവം - കെപ്ലർ - ഗലീലിയോ - ഐസക്ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്തം - ശാസ്ത്ര രംഗത്ത് സമൂലമായ മാറ്റങ്ങൾ.

5. ഗ്രീക്ക് - ലാറ്റിൻ കൃതികളുടെ പുനഃപ്രകാശനവും പഠനവും - വൈജ്ഞാനികമായ നവോന്മേഷം - അച്ചടിവിദ്യയുടെ കണ്ടു പിടിത്തം - ശാസ്ത്രസാഹിത്യരംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ - ഇറ്റലി - നവോത്ഥാനത്തിന്റെ കളിതൊട്ടിൽ ഇറ്റാലിയൻ നഗരങ്ങളുടെ ആവിർഭാവം - മാനവികത - പുതിയ സർവ്വകലാശാലകൾ - കലയിലും സാഹിത്യത്തിലും നൂതന ആശയങ്ങൾ - റിയലിസം - ചിത്രകല - വാസ്തുശില്പകല - ലിയനാർഡോ ഡാവിഞ്ചി - മൈക്കലാഞ്ചലോ - റാഫേൽ - മൊണാലിസ - അന്ത്യഅത്താഴം - സെന്റ് പീറ്റേഴ്സ് ചർച്ച് - കോപ്പർനിക്കസ് വിപ്ലവം - സൗരയൂഥസിദ്ധാന്തം - വില്യം ഹാർവി - രക്തചംക്രമണ വ്യവസ്ഥ - വടക്കുനോക്കിയന്ത്രം - ദൂരദർശിനി.

6.

| | |
|---|---|
| ദാന്തെ | ഡിവൈൻ കോമഡി |
| മാക്യവെല്ലി | ദി പ്രിൻസ് |
| സെർവെന്റസ് | ഡോൺക്വിക്സോട്ട് |
| മാർട്ടിൻ ലൂഥർ | ബൈബിൾ വിവർത്തനം |

## സംഗ്രഹം

ആധുനികയുഗത്തിന്റെ ഏറ്റവും സുപ്രധാനമായ സവിശേഷത നവോത്ഥാനമാണ്. നവോത്ഥാനം എന്നാൽ പുനർജന്മം എന്നാണർഥം. ഗ്രീക്ക്-ലാറ്റിൻ കൃതികളുടെ പുനഃ പ്രകാശനവും പഠനവും ഈ കാലയളവിൽ രൂപം കൊണ്ടു. ഇങ്ങനെയുണ്ടായ വൈജ്ഞാനികമായ നവോന്മേഷത്തെയാണ് നവോത്ഥാനമെന്ന് വിശേഷിപ്പിക്കുന്നത്. നിരവധി കാരണങ്ങൾ നവോത്ഥാനത്തിന് പ്രേരകമായി. അച്ചടി വിദ്യയുടെ കണ്ടുപിടിത്തം സുപ്രധാനമായ നേട്ടമായിരുന്നു. കലാ-സാഹിത്യ രംഗത്തു മാത്രമല്ല ശാസ്ത്ര രംഗത്തും ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടായി. മാനവികത എന്ന ആശയം നവോത്ഥാന കാലഘട്ടത്തിൽ വളർന്നു വന്നു. അച്ചടിവിദ്യയുടെ ആവിർഭാവത്തോടുകൂടി ജനങ്ങളുടെ ഇടയിൽ പുതിയ ആശയങ്ങൾ വളർന്നുവന്നു. ലിയനാർഡോ ഡാവിഞ്ചി, മൈക്കലാഞ്ചലോ, റാഫേൽ തുടങ്ങിയ കലാകാരന്മാർ അതിമനോഹരങ്ങളായ സൃഷ്ടികൾക്ക് രൂപം കൊടുത്തു. തത്ത്വചിന്തയും ശാസ്ത്രചിന്തയും നവോത്ഥാനത്തെ കൂടുതൽ സജീവമാക്കി. നവോത്ഥാന കലകളിൽ ഏറ്റവും മുൻപന്തിയിൽ നിന്നത് ചിത്രകലയാണ്. ചുമർചിത്രങ്ങൾ മനോഹരമായി ആലേഖനം ചെയ്തിരുന്നു. നവോത്ഥാന ശാസ്ത്രജ്ഞന്മാർ വരച്ചുകാട്ടിയ വഴിയിലൂടെയാണ് വിവിധ ശാസ്ത്ര ശാഖകൾ അതിവേഗം വളർന്നുവന്നത്. കോപ്പർനിക്കസ്സും അനുയായികളും ശാസ്ത്രരംഗത്ത് സമൂലമായ മാറ്റങ്ങൾ വരുത്തി.

## തുടർ പ്രവർത്തനങ്ങൾ/തുടർമൂല്യനിർണയ പ്രവർത്തനങ്ങൾ

- നവോത്ഥാന കാലഘട്ടത്തിലെ ചിത്രകല, വാസ്തുശിൽപ്പകല എന്നിവയെപറ്റി ഒരു പ്രബന്ധം അവതരിപ്പിക്കുക.
- നവോത്ഥാന കലാകാരന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം ഉണ്ടാക്കുക.
- ശാസ്ത്രരംഗത്ത് നവോത്ഥാനം നൽകിയ പ്രതിഫലനങ്ങളെ പറ്റി ഒരു സെമിനാർ സംഘടിപ്പിക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെ ടേണ്ടതുണ്ട് |
|---|---|---|---|
| നവോത്ഥാനം എന്താണെന്ന് തിരിച്ചറിയാൻ | | | |
| നവോത്ഥാനത്തിന് വഴിതെളിച്ച കാരണങ്ങളെ വിശകലനം ചെയ്യാൻ | | | |
| മാനവികതയുടെ പ്രാധാന്യത്തെ വിലമതിക്കാൻ | | | |
| നവോത്ഥാനം വിവിധ രംഗങ്ങളിൽ ചെലുത്തിയ സ്വാധീനത്തെ വിലയിരുത്താൻ | | | |
| കോപ്പർനിക്കസിനെയും അദ്ദേഹത്തിന്റെ ശാസ്ത്ര നേട്ടങ്ങളെയും തിരിച്ചറിയാൻ | | | |

## തുടർവായനയ്ക്ക്

- ലോകചരിത്രം (ഒന്നാംഭാഗം): കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- Mastering Modern World History : Norman lowe
- The Story of Civilization : Arjun Dev
- Puffin's History of World : Roshan Dalal.
- http://www.learner.org/interactives/renaissance
- History of the Renaissance (Documentary)

7

# അധിനിവേശവും ചെറുത്തുനിൽപ്പും

## ആമുഖം

അമേരിക്കയിലെ ആദ്യകാല സംസ്കാരങ്ങൾ, അമേരിക്കയിലെ യൂറോപ്യൻ അധിനിവേശങ്ങൾ, അധിനിവേശങ്ങൾക്ക് വഴിതെളിച്ച ഭൂമിശാസ്ത്ര പര്യവേഷണങ്ങൾ, അധിനിവേശത്തിനെതിരായ അമേരിക്കയിലെ ജനങ്ങളുടെ ചെറുത്തുനിൽപ്പുകൾ എന്നിവയാണ് ഈ പാഠഭാഗത്ത് പരാമർശിക്കുന്നത്. അമേരിക്കയിലെ ആദ്യകാല സംസ്ക്കാരങ്ങളായ ആസ്ടെക്ക്, മായൻ, ഇൻക എന്നിവയുടെ സവിശേഷതകൾ, സ്പെയിൻകാരും, പോർച്ചുഗീസുകാരും അമേരിക്കയിലേക്ക് നടത്തിയ പര്യവേഷണങ്ങൾ, അമേരിക്കയിലെ സ്പാനിഷ് സാമ്രാജ്യം, വടക്കേ അമേരിക്കയിലെ 13 ബ്രിട്ടീഷ് കോളനികൾ, കോളനി ഭരണത്തിനെതിരായി നടന്ന സ്വാതന്ത്ര്യ സമരം, ലാറ്റിനമേരിക്കൻ ജനതയുടെ പോരാട്ടങ്ങൾ എന്നിവ ഇവിടെ വിശദമായി ചർച്ച ചെയ്യുന്നു. ഒരു ജനതയുടെ ജീവിതരീതികളും അവർ നേരിട്ട പ്രതിസന്ധികളും അതിനെതിരായി നടത്തിയ പോരാട്ടങ്ങളും പിൽക്കാലത്ത് ഒരു ലോകശക്തിയാകാൻ അവർക്ക് സാധിച്ചതെങ്ങനെയെന്നും ഇതിലൂടെ പഠിതാവിന് ബോധ്യപ്പെടും.

## പഠനനേട്ടങ്ങൾ

- അമേരിക്കയിലെ ആദ്യകാല സംസ്കാരങ്ങളായ ആസ്ടെക്, മായൻ, ഇൻക സംസ്കാരങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- അമേരിക്കയിലെ ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങളെ തിരിച്ചറിയുന്നു.
- ഭൂമിശാസ്ത്ര പര്യവേഷണങ്ങളുടെ സ്വാധീനം വിലയിരുത്തുന്നു.
- ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങൾ പട്ടികപ്പെടുത്തുന്നു.
- അമേരിക്കയിലെ 13 ബ്രിട്ടീഷ് കോളനികൾ തിരിച്ചറിയുന്നു.
- അമേരിക്കയുടെ സ്വാതന്ത്ര്യസമരത്തെ വിശകലനം ചെയ്യുന്നു.
- ലാറ്റിനമേരിക്കയിലെ സ്വാതന്ത്ര്യ പോരാട്ടങ്ങളെ വിലയിരുത്തുന്നു.

ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ വൻകരകളിലെ മനുഷ്യ ജീവിതത്തിന്റെ സവിശേഷതകളും അവിടങ്ങളിലെ മനുഷ്യന്റെ നേട്ടങ്ങളും പുരോഗതിയുമാണല്ലോ മുൻ പാഠഭാഗങ്ങളിൽ നമ്മൾ ചർച്ച ചെയ്തത്. എന്നാൽ മറ്റ് രണ്ട് ഭൂഖണ്ഡങ്ങളായ തെക്കേ അമേരിക്കയിലും വടക്കേ അമേരിക്കയിലും മനുഷ്യ ജീവിതം എങ്ങനെയായിരുന്നുവെന്ന് നോക്കാം.



*ആദിമ അമേരിക്കൻ സംസ്കാരങ്ങൾ*

### ആദിമ സംസ്കാരങ്ങൾ

ആസ്ടെക്, മായൻ, ഇൻക എന്നിവയായിരുന്നു പ്രാചീന അമേരിക്കയിലെ പ്രധാന സംസ്കാരങ്ങൾ. ഇവയോരോന്നിന്റെയും വിശദാംശങ്ങളിലേക്ക് നോക്കാം.

**1. ഭൂപടം പരിശോധിച്ച് പ്രാചീന അമേരിക്കൻ സംസ്കാരങ്ങൾ ഏതെല്ലാം ഭൂഖണ്ഡങ്ങളിലാണെന്ന് കണ്ടെത്തുക.**

**ആസ്ടെക് സംസ്കാരം**

പന്ത്രണ്ടാം നൂറ്റാണ്ടോടെ ആസ്ടെക്കുകൾ വടക്കൻ പ്രദേശത്ത് നിന്നും മെക്സിക്കോയുടെ മധ്യതാഴ്‌വാരങ്ങളിലേക്ക് കുടിയേറി. മറ്റ് ഗോത്രങ്ങളെ തോൽപ്പിച്ച് അവർ തങ്ങളുടെ സാമ്രാജ്യ വിസ്തൃതി വർധിപ്പിച്ചു. അവരുടെ സമൂഹത്തെ പല തട്ടുകളായി തിരിച്ചിരുന്നു. പ്രഭുക്കന്മാർ, യോദ്ധാക്കൾ, പുരോഹിതന്മാർ എന്നിവരായിരുന്നു സമൂഹത്തിന്റെ മുകൾത്തട്ടിൽ വ്യാപാരികൾക്കും വിദഗ്ദ്ധരായ കൈത്തൊഴിലുകാർക്കും ഭിഷഗ്വരന്മാർക്കും വിവേകികളായ അധ്യാപകർക്കും സമൂഹം ആദരവ് നൽകിയിരുന്നു. ആസ്ടെക്കുകളുടെ മറ്റ് സാംസ്കാരിക സവിശേഷതകൾ എന്തെല്ലാമായിരുന്നു.

- മെക്സിക്കോ തടാകത്തിൽ ചിനമ്പകൾ എന്ന കൃത്രിമ ദ്വീപുകൾ നിർമ്മിച്ചു.
- ഫലഭൂയിഷ്ടമായ കൃത്രിമ ദ്വീപുകളിൽ തെനോച്തിത്‌ലാൻ എന്ന തലസ്ഥാനം സ്ഥാപിച്ചു.
- സൂര്യദേവനെ ആരാധിക്കാനായി നിരവധി ക്ഷേത്രങ്ങൾ നിർമ്മിച്ചു.
- ചോളം, ബീൻസ്, മത്തങ്ങ, ഉരുളക്കിഴങ്ങ് തുടങ്ങിയവ കൃഷി ചെയ്തു.
- ഗോത്രങ്ങളായിരുന്നു ഭൂമിയുടെ ഉടമകൾ.
- കർഷകർ അടിമകളെപ്പോലെ പ്രഭുക്കന്മാരുടെ ഭൂമിയിൽ കൃഷി ചെയ്തു.
- കുട്ടികൾക്ക് വിവിധ രംഗങ്ങളിൽ വിദ്യാഭ്യാസവും പരിശീലനവും നൽകി.



*ചിനമ്പകൾ*
*(ചിത്രകാരന്റെ ഭാവനയിൽ)*

- പതിനാറാം നൂറ്റാണ്ടോടെ ദുർബലമാകാൻ തുടങ്ങി.

**മായൻ സംസ്കാരം**

മെക്സിക്കോയിലെ മായൻ സംസ്കാരം പതിനൊന്ന്, പതിനാല് നൂറ്റാണ്ടുകൾക്കിടയിലാണ് വികസിച്ചത്. ചോളം കൃഷി അവരുടെ സംസ്കാരത്തിന്റെ മുഖമുദ്രയായിരുന്നു. ശക്തമായ കൃഷി മിച്ചോൽപ്പാദനത്തിന് വഴിതെളിച്ചു. മിച്ചോൽപ്പാദനത്തിലൂടെ ലഭിച്ച സമ്പത്ത് വാസ്തുവിദ്യ, ജ്യോതിശാസ്ത്രം, ഗണിത ശാസ്ത്രം എന്നിവയുടെ പുരോഗതിക്ക് ചെലവഴിച്ചു. ചിത്രരൂപത്തിലുള്ള എഴുത്തുവിദ്യയും അവർ വികസിപ്പിച്ചു.

**ഇൻക സംസ്കാരം**

തെക്കേ അമേരിക്കയിലെ ഏറ്റവും വ്യാപകമായ സംസ്കാരം ഇൻകകളുടേതായിരുന്നു.

പെറുവായിരുന്നു അവരുടെ കേന്ദ്രം. പന്ത്രണ്ടാം നൂറ്റാണ്ടോടെയാണ് ഇൻക സംസ്കാരം വികസിച്ചുവന്നത്.

- അധികാരത്തിന്റെ കേന്ദ്രം രാജാവായിരുന്നു.
- ക്യൂച്ചുവ (Quechua) എന്ന കൊട്ടാര ഭാഷ എല്ലാപേർക്കും സംസാരിക്കാൻ കഴിയണമായിരുന്നു.
- മുതിർന്നവരുടെ സഭയാണ് ഓരോ ഗോത്രവും ഭരിച്ചിരുന്നത്.
- പർവതങ്ങളിലൂടെ റോഡുകൾ നിർമ്മിച്ചു.
- കൃഷിയായിരുന്നു സംസ്കാരത്തിന്റെ അടിസ്ഥാനം.
- അഴുക്കുചാലും ജലസേചന സൗകര്യങ്ങളും വികസിപ്പിച്ചു.
- ചോളം, ഉരുളക്കിഴങ്ങ് തുടങ്ങിയവ കൃഷി ചെയ്തു.
- തുന്നലും മൺപാത്ര നിർമ്മാണവും വികസിച്ചിരുന്നു.
- ക്യുപു (Quipu) എന്ന കണക്കുകൂട്ടൽ സമ്പ്രദായം നിലനിന്നിരുന്നു.

**2. അമേരിക്കയിലെ പ്രാചീന സംസ്കാരങ്ങളുടെ പൊതുസവിശേഷതകൾ പട്ടികപ്പെടുത്തുക.**

## യൂറോപ്യന്മാരുടെ പര്യവേഷണങ്ങൾ



*ലോക ഭൂപടം*

ഭൂപടം ശ്രദ്ധിക്കൂ. യൂറോപ്പിനും അമേരിക്കയ്ക്കും ഇടയിലായി കാണുന്നത് അറ്റ്ലാന്റിക് സമുദ്രമാണ്.



വടക്കുനോക്കിയന്ത്രം

അറ്റ്ലാന്റിക് സമുദ്രം കടന്നാണ് യൂറോപ്യന്മാർ അമേരിക്കയിലെത്തിയത്. എന്തൊക്കെയായിരിക്കാം അതിന് വഴി തെളിച്ച ഘടകങ്ങൾ?

- വടക്കുനോക്കിയന്ത്രത്തിന്റെ കണ്ടുപിടിത്തം.
- യാത്രാവിവരണങ്ങൾ വ്യാപകമായതും ഭൂമിശാസ്ത്രപരമായ അറിവ് വർദ്ധിച്ചതും.
- വൻതോതിൽ ഉൽപ്പന്നങ്ങൾ വഹിച്ചുകൊണ്ട് പോകാൻ കഴിയുന്ന വലിയ കപ്പലുകളുടെ നിർമ്മാണം.
- എതിരാളികളുടെ കപ്പലുകളുടെ ആക്രമണങ്ങളെ ചെറുക്കാൻ കഴിയുന്ന കപ്പലുകളുടെ നിർമ്മാണം.
- 1477-ൽ ടോളമിയുടെ ജ്യോഗ്രഫിഎന്ന ഗ്രന്ഥം അച്ചടിച്ചത്.

അമേരിക്കയിലെ പര്യവേഷണങ്ങൾക്ക് ഏറ്റവും കൂടുതൽ താൽപ്പര്യം കാണിച്ചത് യൂറോപ്യൻ രാഷ്ട്രങ്ങളായ സ്പെയിനും പോർച്ചുഗലുമായിരുന്നു. അതിനുള്ള കാരണങ്ങളാണ് താഴെപ്പറയുന്നത്.

- യൂറോപ്യൻ സാമ്പത്തിക വ്യവസ്ഥയ്ക്കുണ്ടായ തകർച്ച.
- പ്ലേഗും യുദ്ധങ്ങളും മൂലം വ്യാപാരം തകരുകയും സ്വർണത്തിന്റെയും വെള്ളിയുടെയും ശേഖരത്തിൽ കുറവുവരുകയും ചെയ്തു.
- 1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയതോടെ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള കര വഴിയുള്ള വ്യാപാരം തടസ്സപ്പെട്ടു.
- സ്പാനിഷ് രാജാവിന്റെ സാമ്രാജ്യത്വ വികസന മോഹം.


കൊളംബസ്

യൂറോപ്പിൽ നിന്നും അമേരിക്കയിലെത്തിയ ആദ്യത്തെ നാവികൻ ക്രിസ്റ്റഫർ കൊളംബസ് ആയിരുന്നു. 1492 ഒക്ടോബർ 12-നാണ് അദ്ദേഹം അമേരിക്കയിലെത്തിയത്. സാന്താ മരിയ എന്ന കപ്പലിന്റെ നേതൃത്വത്തിലുള്ള കപ്പൽപ്പടയിലാണ് അദ്ദേഹം അമേരിക്കയിലെത്തിയത്. പിന്റ, നിന എന്നിവയായിരുന്നു പടയിലെ മറ്റ് കപ്പലുകൾ. കിഴക്കൻ പ്രദേശത്തേക്കുള്ള യാത്രാമാർഗം തേടിയാണ് യഥാർഥത്തിൽ കൊളംബസ് യാത്ര തിരിച്ചത്. എന്നാൽ അദ്ദേഹം എത്തിച്ചേർന്നത് അമേരിക്കയിലും. അദ്ദേഹം താൻ എത്തിച്ചേർന്ന സ്ഥലത്തിന് 'സാൻസാൽവദോർ' എന്ന പേര് നൽകി. താൻ എത്തിച്ചേർന്നത് ഒരു പുതിയ ഭൂഖണ്ഡത്തിലാണെന്ന് കൊളംബസ് അറിഞ്ഞില്ല. പിന്നീട് ഇറ്റാലിയൻ ഭൂമിശാസ്ത്രകാരനായ അമറിഗോ വെസ്പുച്ചി ഈ പ്രദേശത്തേക്ക് നിരന്തരം യാത്രകൾ നടത്തുകയും അതൊരു പുതിയ ഭൂഖണ്ഡമാണെന്ന് തെളിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പേരുമായി ബന്ധപ്പെടുത്തി

പുതുതായി കണ്ടെത്തിയ ഭൂഖണ്ഡങ്ങൾക്ക് അമേരിക്ക എന്ന പേര് നൽകി. അങ്ങനെ തെക്കേ അമേരിക്കയും വടക്കേ അമേരിക്കയും രൂപം കൊണ്ടു.

**3. യൂറോപ്യന്മാരുടെ സാമ്പത്തിക, രാഷ്ട്രീയ, മത താൽപ്പര്യങ്ങളാണ് അമേരിക്കയുടെ കണ്ടെത്തലിന് വഴിതെളിച്ചത് – സമർഥിക്കുക.**

## അമേരിക്കയിലെ സ്പാനിഷ് സാമ്രാജ്യം

അറ്റ്ലാന്റിക് സമുദ്രം മുറിച്ചുകടന്ന് അമേരിക്കയിലെത്തിയ സ്പെയിൻകാർ അവിടെ ഒരു സാമ്രാജ്യം സ്ഥാപിച്ചു. സൈനികശക്തി, വെടിമരുന്നിന്റെയും കുതിരകളുടെയും ഉപയോഗം എന്നിവയാണ് അവരെ അതിന് സഹായിച്ചത്. സ്വർണത്തിനോടും വെള്ളിയോടുമുള്ള ആർത്തി മൂലം സ്പെയിൻകാർ അവിടെ ആക്രമണങ്ങൾ നടത്തി. യുദ്ധങ്ങളും കഠിനമായ നിർബന്ധിത അധ്വാനവും പകർച്ചവ്യാധികൾക്ക് കാരണമായി. ഹെർനാൻ കോർട്ടസ്, ഫ്രാൻസിസ്കോ പിസ്സാരോ എന്നിവരാണ് അമേരിക്കയിൽ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കാൻ സ്പെയിനിനെ സഹായിച്ചത്. ഇവരുടെ ശ്രമങ്ങൾക്ക് സ്പെയിനിലെ പ്രഭുക്കന്മാരുടെയും സമ്പന്നരുടെയും പിന്തുണ ഉണ്ടായിരുന്നു.

## പോർച്ചുഗീസുകാർ അമേരിക്കയിൽ

കൊളംബസിനുശേഷം പോർച്ചുഗീസ് നാവികനായ കബ്രാൾ 1500-ൽ തെക്കെ അമേരിക്കയിലെ ബ്രസീലിലെത്തി. ഇത് പോർച്ചുഗീസ് സ്വാധീനം അമേരിക്കയിൽ വ്യാപിക്കുന്നതിന് ഇടയാക്കി. ഇവിടെ നിന്നും മരങ്ങൾ മുറിച്ച് വൻതോതിൽ തടി അവർ പോർച്ചുഗലിലേക്ക് കൊണ്ടുപോയി. പോർച്ചുഗീസുകാരുടെ തടിവ്യാപാരം അവരും ഫ്രഞ്ചുകാരായ വ്യാപാരികളും തമ്മിൽ പലപ്പോഴും സംഘർഷങ്ങൾക്ക് കാരണമായി. പോർച്ചുഗീസുകാർ പിന്നീട് ബ്രസീലിൽ കരിമ്പ് കൃഷി ആരംഭിച്ചു. കരിമ്പ് കൃഷിക്കും മില്ലുകളിൽ പണിയെടുക്കാനും തദ്ദേശീയ ജനങ്ങളെ പോർച്ചുഗീസുകാർ നിർബന്ധിച്ചു. എന്നാൽ അവർ വിസമ്മതിച്ചപ്പോൾ പോർച്ചുഗീസുകാർ ബലാൽക്കാരമായി അവരെ പിടിച്ച് അടിമകളാക്കി പണിയെടുപ്പിച്ചു.

**4. സ്പെയിനും പോർച്ചുഗലും അമേരിക്കയിൽ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചതെങ്ങനെ? വിശദമാക്കുക**

## ഭൂമിശാസ്ത്ര പര്യവേഷണങ്ങളുടെ സ്വാധീനം

ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങൾ യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിൽ ദൂരവ്യാപകങ്ങളായ ഫലങ്ങൾ സൃഷ്ടിച്ചു.

- കപ്പൽ യാത്രകളും സമുദ്ര വ്യാപാരവും ശക്തിപ്പെട്ടു.

- സ്വർണത്തിന്റെയും വെള്ളിയുടെയും വൻതോതിലുള്ള ഖനനം അന്താരാഷ്ട്ര വ്യാപാരത്തെയും വ്യവസായവൽക്കരണത്തെയും ത്വരിതപ്പെടുത്തി.
- ഇംഗ്ലണ്ട്, ഫ്രാൻസ്, ബെൽജിയം, ഹോളണ്ട് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങൾ കൂട്ടുടമാ കമ്പനികൾ സ്ഥാപിക്കുകയും അമേരിക്കയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ കച്ചവടം ചെയ്യുകയും ചെയ്തു.
- യുദ്ധങ്ങളും പകർച്ചവ്യാധികളും മൂലം തദ്ദേശീയ ജനസംഖ്യയിൽ വൻകുറവുണ്ടായി.
- തദ്ദേശീയർ ഖനികൾ, തോട്ടങ്ങൾ, മില്ലുകൾ, എന്നിവിടങ്ങളിൽ അടിമകളായി മാറി.
- ആസ്ടെക്ക്, ഇൻക സംസ്കാരങ്ങൾ തകർന്നു.
- തദ്ദേശീയർ നേരിട്ട ശക്തമായ ചൂഷണവും മോശപ്പെട്ട തൊഴിൽ സാഹചര്യങ്ങളും.
- അമേരിക്കയിലെ ജനങ്ങൾ ചെറുത്തുനിന്നപ്പോൾ ആഫ്രിക്കയിൽ നിന്നും അടിമകളെ അമേരിക്കയിലെ തോട്ടങ്ങളിലേക്ക് കൊണ്ടുവന്നു.

പതിനെട്ടാം നൂറ്റാണ്ടാകുമ്പോൾ വടക്കേ അമേരിക്കയിലെയും പത്തൊമ്പതാം നൂറ്റാണ്ടോടെ തെക്കേ അമേരിക്കയിലെയും ജനങ്ങൾ യൂറോപ്യന്മാരുടെ അധിനിവേശത്തിനും ചൂഷണത്തിനും എതിരായി ശക്തമായ ചെറുത്തുനിൽപ്പുകളും സമരങ്ങളും സംഘടിപ്പിച്ചു.

**5. കൊളംബസിന്റെയും കബ്രാളിന്റെയും പര്യവേഷണങ്ങൾ അമേരിക്കയിൽ സൃഷ്ടിച്ച ഫലങ്ങൾ എന്തെല്ലാം?**

## അമേരിക്കൻ സ്വാതന്ത്ര്യ സമരം

വടക്കേ അമേരിക്കയുടെ കിഴക്കൻ തീരത്തുള്ള പതിമൂന്ന് ബ്രിട്ടീഷ് കോളനികൾ പതിനെട്ടാം നൂറ്റാണ്ടിൽ മാതൃരാജ്യമായ ബ്രിട്ടനെതിരെ നടത്തിയ സമരമാണ് അമേരിക്കൻ സ്വാതന്ത്ര്യ സമരം. കോളനികൾ ഏതൊക്കെയാണെന്ന് നോക്കാം.

- ന്യൂ യോർക്ക്
- ന്യൂ ഹാംപ്ഷെയർ
- ന്യൂ ജെർസി
- കണക്ടികറ്റ്
- ന്യൂ ഫൗണ്ട് ലാൻഡ്
- റോഡ് ഐലൻഡ്
- ഫില ാഡെൽഫിയ




അമേരിക്കയിലെ കോളനികൾ

- സൗത്ത് കരോലിന
- നോർത്ത് കരോലിന
- വെർജീനിയ
- ദെലാവെയർ
- മസ്സാച്ച്യുസെറ്റ്
- ജോർജ്ജിയ

കോളനികൾ ബ്രിട്ടനെതിരായ സമരം നടത്താനുള്ള പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

- കോളനികളിലെ വ്യവസായത്തിലും വാണിജ്യത്തിലും ബ്രിട്ടൻ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ.
- ബ്രിട്ടന്റെ ഉൽപ്പന്നങ്ങൾ മാത്രമേ കോളനികൾ ഇറക്കുമതി ചെയ്യാവൂ എന്നുള്ള ബ്രിട്ടന്റെ നിബന്ധന.
- ബ്രിട്ടൻ ഫ്രാൻസുമായി നടത്തിയ സപ്തവത്സര യുദ്ധത്തിന്റെ ചെലവിന്റെ ഒരു ഭാഗം കോളനികൾ വഹിക്കണമെന്നുള്ള ആവശ്യം.
- കോളനികളുടെ മേൽ പ്രത്യക്ഷ നികുതികൾ ചുമത്തിയത്.
- കോളനികളിലെ നിയമപരമായ എല്ലാ പ്രമാണങ്ങളിലും സ്റ്റാമ്പ് നികുതി ഏർപ്പെടുത്തിയ 1765 ലെ സ്റ്റാമ്പ് നിയമം.
- ഈയം, ചായം, കടലാസ്സ്, കണ്ണാടി, തേയില എന്നിവയുടെ മേൽ നികുതി ചുമത്തിയത്.

തുടർന്ന് കോളനിയിലെ ജനങ്ങൾ ബ്രിട്ടന്റെ നികുതി വർധനവിനെതിരായി ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. പ്രാതിനിധ്യമില്ലാതെ നികുതി പിരിക്കുന്നത് സ്വേച്ഛാധിപത്യപരമാണ് എന്ന ജെയിംസ് ഓട്ടിസിന്റെ മുദ്രാവാക്യം ഈ കാലഘട്ടത്തിലാണ് അമേരിക്കയിൽ മുഴങ്ങിക്കേട്ടത്. ഇതിനെത്തുടർന്ന് തേയില ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ മേലുള്ള നികുതി പിൻവലിച്ചു. 1773 ഡിസംബറിൽ ഒരു തണുപ്പുള്ള രാത്രിയിൽ റെഡ് ഇന്ത്യക്കാരുടെ വേഷമണിഞ്ഞ ഒരു വിഭാഗം അമേരിക്കൻ ജനത ബോസ്റ്റൻ തുറമുഖത്ത് നങ്കൂരമിട്ടിരുന്ന ഒരു കപ്പലിൽ കയറുകയും അതിലുണ്ടായിരുന്ന തേയിലപ്പെട്ടികൾ കടലിലേക്കെടുത്തെറിയുകയും ചെയ്തു. ഈ സംഭവം ബോസ്റ്റൻ ടീ പാർട്ടി എന്നറിയപ്പെടുന്നു.

**6. പ്രാതിനിധ്യമില്ലാതെ നികുതി പിരിക്കുന്നത് സ്വേച്ഛാധിപത്യമാണ് എന്ന മുദ്രാവാക്യത്തിന്റെ പ്രസക്തി പരിശോധിക്കുക.**

ഇനി അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ ചില നാൾവഴികൾ പരിശോധിക്കാം;

- 1774 – കോളനികളുടെ പ്രതിനിധികൾ സമ്മേളിച്ച ഫിലാഡൽഫിയയിലെ ഒന്നാമത്തെ അമേരിക്കൻ കോൺഗ്രസ്സ്.
- 1775 – രണ്ടാം അമേരിക്കൻ കോൺഗ്രസ്സ് ഒലിവ് ബ്രാഞ്ച് പെറ്റീഷൻ എന്നറിയപ്പെടുന്ന നിവേദനം തയ്യാറാക്കി ബ്രിട്ടീഷ് രാജാവിന് സമർപ്പിച്ചു.
- 1775 – ജോർജ് വാഷിംഗ്ടണിന്റെ നേതൃത്വത്തിൽ കോളനി സൈന്യം ബ്രിട്ടനെതിരെ യുദ്ധം ആരംഭിച്ചു.

- 1776 – മൂന്നാമത്തെ അമേരിക്കൻ കോൺഗ്രസ്സ് ഫിലാഡെൽഫിയയിൽ സമ്മേളിച്ച് പ്രശസ്തമായ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി.
- 1781 – ബ്രിട്ടീഷ് സൈന്യം കീഴടങ്ങി.
- 1783 – വെഴ്സായി ഉടമ്പടി പ്രകാരം യുദ്ധം പൂർണ്ണമായി അവസാനിച്ചു.

തുടർന്ന് 13 കോളനികൾ സ്വതന്ത്രമാവുകയും അവ ഒന്നിച്ച് ചേർന്ന് അമേരിക്കൻ ഐക്യനാടുകളായി (USA) മാറുകയും ചെയ്തു. ജോർജ് വാഷിംഗ്ടൺ അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡന്റായി.

**7. അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിന് വഴിതെളിച്ച സാഹചര്യം പരിശോധിക്കുക.**

## ലാറ്റിനമേരിക്കൻ വിപ്ലവം

തെക്കേ അമേരിക്കയാണ് ലാറ്റിനമേരിക്ക എന്നറിയപ്പെടുന്നത്. സ്പെയിനും പോർച്ചുഗലുമാണ് ഇവിടെ ആധിപത്യം സ്ഥാപിച്ചിരുന്നത്. സ്പാനിഷ് ഭാഷയും പോർച്ചുഗീസ് ഭാഷയുമാണ് ഇവിടെ കൂടുതലും സംസാരിച്ചിരുന്നത്. ഇവ രണ്ടും ലാറ്റിൻ ഭാഷയുടെ ഭാഗമായതിനാലാണ് ഈ പ്രദേശം ലാറ്റിനമേരിക്ക എന്നറിയപ്പെടുന്നത്. മധ്യ അമേരിക്കയിലെയും തെക്കേ അമേരിക്കയിലെയും രാജ്യങ്ങൾ സ്പെയിനിന്റെയും പോർച്ചുഗലിന്റെയും ആധിപത്യത്തിനെതിരായി പത്തൊമ്പതാം നൂറ്റാണ്ടിൽ നടത്തിയ വിപ്ലവങ്ങളാണ് ലാറ്റിനമേരിക്കൻ വിപ്ലവം എന്നറിയപ്പെടുന്നത്.




*ലാറ്റിനമേരിക്ക-ഭൂപടം*



*സൈമൺ ബോളിവർ*

ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ബ്രസീൽ ഒഴികെ മറ്റെല്ലാ രാജ്യങ്ങളിലും സ്പെയിനിന്റെ ആധിപത്യമാണ് നിലനിന്നിരുന്നത്. ബ്രസീൽ പോർച്ചുഗീസ് നിയന്ത്രണത്തിലായിരുന്നു. 1806-ൽ വെനിസുലയിലാണ് വിപ്ലവം ആരംഭിച്ചത്. തുടർന്ന് മെക്സിക്കോ, അർജന്റീന, ചിലി, ന്യൂഗ്രനാഡ, പെറു, ഇക്വഡോർ, ബൊളീവിയ, ബ്രസീൽ, കൊളംബിയ എന്നിവിടങ്ങളിലേക്ക് വിപ്ലവം വ്യാപിച്ചു. 1826 ആകുമ്പോൾ തെക്കേ അമേരിക്കയിലെ മിക്കവാറും എല്ലാ രാജ്യങ്ങളും യൂറോപ്യൻ ആധിപത്യത്തിൽ നിന്നും മോചിതരായി.

ലാറ്റിനമേരിക്കൻ വിപ്ലവത്തിന് നേതൃത്വം നൽകിയ നിരവധി നേതാക്കൾ ഉണ്ടായിരുന്നു. ഫ്രാൻസിസ്കോ മിരാൻഡ ആയിരുന്നു ഇതിൽ ആദ്യത്തെയാൾ. അദ്ദേഹത്തിന്റെ മരണശേഷം ജോസെസാൻ മാർട്ടിൻ, സൈമൺ ബോളിവർ എന്നിവർ ലാറ്റിനമേരിക്കൻ വിപ്ലവത്തിന് നേതൃത്വം നൽകി. സാൻ മാർട്ടിന് പെറു ഗവൺമെന്റ് 'സംരക്ഷകൻ' (Protector) എന്ന സ്ഥാനപ്പേര് നൽകി. തെക്കേ അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ ജോർജ് വാഷിംഗ്ടൺ എന്നറിയപ്പെടുന്ന സൈമൺ ബോളിവറെ 'വിമോചകൻ' (Liberator) എന്ന് ജനങ്ങൾ വിളിച്ചു.


*ജോസെസാൻ മാർട്ടിൻ*

**8. യൂറോപ്യൻ ആധിപത്യത്തിനെതിരായ ലാറ്റിനമേരിക്കയുടെ പോരാട്ടം വിലയിരുത്തുക.**

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തര സൂചിക

1. ആസ്ടെക്ക്-വടക്കേ അമേരിക്ക, ഇൻക-തെക്കേ അമേരിക്ക, മായൻ-മധ്യ അമേരിക്ക.
2. കൃഷി, ശാസ്ത്ര പുരോഗതി, അധികാര കേന്ദ്രം, സാമൂഹിക വിഭജനം.
3. യൂറോപ്പിന്റെ സാമ്പത്തിക പ്രതിസന്ധി, വ്യാപാര താൽപ്പര്യങ്ങൾ, ക്രിസ്തുമത പ്രചരണം, സാമ്രാജ്യത്വ വികസനം.
4. സ്പെയിൻ-കൊളംബസ്, പോർച്ചുഗൽ-കബ്രാൾ, ബ്രസീൽ-കോർട്ട്സ്, പിസ്സാരോ
5. സമുദ്ര യാത്രകൾ, വ്യാപാരം, അടിമത്തം, സംസ്കാരങ്ങളുടെ തകർച്ച.
6. കോളനി ഭരണം - നികുതികൾ ഏർപ്പെടുത്തി - അമേരിക്കക്കാർക്ക് ഭരണത്തിൽ പങ്കാളിത്തമില്ല.
7. അമേരിക്കയിലെ 13 കോളനികൾ - ബ്രിട്ടൻ - സ്വാതന്ത്ര്യ സമരം - ജോർജ് വാഷിംഗ്ടൺ- അമേരിക്കൻ ഐക്യനാടുകൾ.
8. ലാറ്റിനമേരിക്ക - മിരാൻഡ, സാൻ മാർട്ടിൻ, സൈമൺ ബോളിവർ.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. അമേരിക്കയിലെ പ്രാചീന സംസ്കാരങ്ങളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
2. യൂറോപ്യന്മാരെ ഭൂമിശാസ്ത്ര പര്യവേഷണങ്ങൾക്ക് പ്രേരിപ്പിച്ച ഘടകങ്ങൾ വിശദമാക്കുക.

3. അമേരിക്കയിലെ യൂറോപ്യൻ കൊളോണിയലിസം അവിടത്തെ ജനങ്ങളെ ബാധിച്ചതെങ്ങനെ?
4. അമേരിക്കയിലെ സ്വാതന്ത്ര്യ സമരത്തിന്റെ കാരണങ്ങൾ വിശദമാക്കുക.
5. ലാറ്റിനമേരിക്കൻ വിപ്ലവത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
6. ചുവടെ തന്നിട്ടുള്ള പട്ടിക ക്രമപ്പെടുത്തുക

| എ | ബി |
|---|---|
| കബ്രാൾ | സംരക്ഷകൻ |
| ജോർജ് വാഷിംഗ്ടൺ | ബ്രസീൽ |
| ജോസെസാൻ മാർട്ടിൻ | വിമോചകൻ |
| സൈമൺ ബോളിവർ | അമേരിക്കൻ സ്വാതന്ത്ര്യ സമരം |

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. ആസ്ടെക്ക്, മായൻ, ഇൻക - കൃഷി, എഴുത്തുവിദ്യ, ശാസ്ത്ര പുരോഗതി, സാമൂഹിക വിഭജനം, ക്ഷേത്രങ്ങൾ, തൊഴിൽ.
2. വടക്കുനോക്കി യന്ത്രം, ഭൂമിശാസ്ത്രപരമായ അറിവ്, വ്യാപാരം, യൂറോപ്പിന്റെ സാമ്പത്തിക പ്രതിസന്ധി, കപ്പലുകളുടെ നിർമ്മാണം, ക്രിസ്തുമത പ്രചാരണം, സാമ്രാജ്യത്വ വികസന മോഹം.
3. ചൂഷണം, അടിമത്തം, സംസ്കാരങ്ങളുടെ തകർച്ച, പകർച്ചവ്യാധികൾ, യുദ്ധങ്ങൾ.
4. ബ്രിട്ടൻ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ, നികുതിഭാരം.
5. ലാറ്റിനമേരിക്ക-സ്പെയിൻ-പോർച്ചുഗൽ-മിരാൻഡ, സാൻ മാർട്ടിൻ, സൈമൺ ബോളിവർ.
6.

| എ | ബി |
|---|---|
| കബ്രാൾ | ബ്രസീൽ |
| ജോർജ് വാഷിംഗ്ടൺ | അമേരിക്കൻ സ്വാതന്ത്ര്യ സമരം |
| ജോസെസാൻ മാർട്ടിൻ | സംരക്ഷകൻ |
| സൈമൺ ബോളിവർ | വിമോചകൻ |

## സംഗ്രഹം

അമേരിക്കയിലെ പ്രാചീന സംസ്കാരങ്ങൾ ആസ്ടെക്ക്, മായൻ, ഇൻക എന്നിവയായിരുന്നു. ഇവ തമ്മിൽ ചില സാമ്യങ്ങളും വ്യത്യാസങ്ങളും ഉണ്ടായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്യന്മാർ ഇവിടേക്ക് ഭൂമിശാസ്ത്ര പര്യവേഷണങ്ങൾ നടത്തി. സ്പെയിനും പോർച്ചുഗലുമാണ് ഇതിന് നേതൃത്വം നൽകിയത്. സാമ്പത്തിക, മത,

രാഷ്ട്രീയ താൽപ്പര്യങ്ങളാണ് ഇത്തരം പര്യവേഷണങ്ങൾക്ക് അവരെ പ്രേരിപ്പിച്ചത്. യൂറോപ്യന്മാരുടെ പര്യവേഷണങ്ങൾ പിൽക്കാല ചരിത്രത്തിൽ ദൂരവ്യാപകങ്ങളായ ഫലങ്ങൾ സൃഷ്ടിച്ചു. പതിനെട്ടാം നൂറ്റാണ്ടിൽ വടക്കേ അമേരിക്കയിൽ ബ്രിട്ടന്റെയും പത്തൊമ്പതാം നൂറ്റാണ്ടിൽ തെക്കേ അമേരിക്കയിൽ സ്പെയിനിന്റെയും പോർച്ചുഗലിന്റെയും കൊളോണിയൽ ഭരണത്തിനെതിരായി ജനങ്ങൾ പോരാട്ടം സംഘടിപ്പിച്ചു. ഈ പോരാട്ടങ്ങൾ അമേരിക്കയുടെ വിമോചനത്തിന് വഴിതെളിച്ചു.

### തുടർ പ്രവർത്തനം/തുടർ മൂല്യനിർണയ പ്രവർത്തനം

- അമേരിക്കയിലെ സംസ്കാരങ്ങൾ, അധിനിവേശം, വിമോചനം എന്നിവയെ കുറിച്ച് ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.

### സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| അമേരിക്കയിലെ ആദ്യകാല സംസ്കാരങ്ങളെ തിരിച്ചറിഞ്ഞ് വിശകലനം ചെയ്യാൻ | | | |
| യൂറോപ്യന്മാരുടെ അമേരിക്കയിലെ ഭൂമിശാസ്ത്ര പര്യവേഷണങ്ങളെ കണ്ടെത്താൻ | | | |
| ഭൂമിശാസ്ത്ര പര്യവേഷണങ്ങളുടെ സ്വാധീനത്തെ വിലയിരുത്താൻ | | | |
| അമേരിക്കയിലെ 13 ബ്രിട്ടീഷ് കോളനികളെ തിരിച്ചറിയാൻ | | | |
| അമേരിക്കയിലെ സ്വാതന്ത്ര്യ സമരത്തെ വിശകലനം ചെയ്യാൻ | | | |
| ലാറ്റിനമേരിക്കയിലെ വിപ്ലവങ്ങളെ വിശദീകരിക്കാൻ | | | |

### തുടർ വായനയ്ക്ക്

- The Story of Civilization - Arjun Dev
- ലോക ചരിത്രം (രണ്ടാം ഭാഗം) - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- അമേരിക്കൻ ഐക്യനാടിന്റെ ചരിത്രം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- വിശ്വ ചരിത്രാവലോകനം - ജവഹർലാൽ നെഹ്റു
- ലോക ചരിത്ര സംഗ്രഹം - എച്ച്.ജി.വെൽസ്
- Guns , Germs and Steel - Conquest (Documentary)
- The American Revolution (Documentary)

8

# വ്യവസായ വിപ്ലവം



## ആമുഖം

വ്യവസായ വിപ്ലവം ഇംഗ്ലണ്ടിൽ ആരംഭിക്കാനിടയായ സാഹചര്യങ്ങൾ, മനുഷ്യ ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ഇത് ചെലുത്തിയ സ്വാധീനം, വ്യവസായ വിപ്ലവത്തിനെതിരെ ഉയർന്ന് വന്ന പ്രതിഷേധ പ്രസ്ഥാനങ്ങൾ, ഫ്രഞ്ച് വിപ്ലവം, നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ എന്നിവയാണ് ഈ പാഠഭാഗത്തിലൂടെ നാം ചർച്ച ചെയ്യുന്നത്. ഉൽപ്പാദന പ്രക്രിയ മനുഷ്യകരങ്ങളിൽ നിന്നും യന്ത്രങ്ങളിലേയ്ക്ക് മാറിയതെങ്ങനെയെന്നും അത് പിൽക്കാല ലോകചരിത്രത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്നും ഇവിടെ പ്രതിപാദിക്കുന്നു. ഫ്രഞ്ച് വിപ്ലവത്തിന്റെ മുഖ്യാശയങ്ങളും നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങളും അത് ലോകജനതയെ എത്രത്തോളം സ്വാധീനിച്ചുവെന്നും നമുക്കിവിടെ പരിശോധിക്കാം.

## പഠനനേട്ടങ്ങൾ

- വ്യവസായ വിപ്ലവം ഇംഗ്ലണ്ടിൽ ആരംഭിക്കാനിടയായ സാഹചര്യം തിരിച്ചറിയുന്നു.
- വ്യവസായ വിപ്ലവത്തിന്റെ മുഖ്യ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ വിലയിരുത്തുന്നു.
- വ്യവസായ വിപ്ലവത്തിനെതിരെ ഉയർന്ന് വന്ന പ്രതിഷേധ പ്രസ്ഥാനങ്ങളെ തിരിച്ചറിയുന്നു.
- ഫ്രഞ്ച് വിപ്ലവത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശകലനം ചെയ്യുന്നു.
- നെപ്പോളിയൻ ബോണപ്പാർട്ടിന്റെ പരിഷ്ക്കാരങ്ങൾ വിലയിരുത്തുന്നു.

യന്ത്രവൽക്കരണത്തിന്റെ ഭാഗമായി വ്യവസായ മേഖലകളിൽ വന്ന മാറ്റങ്ങളെ സൂചിപ്പിക്കുവാനാണ് വ്യവസായ വിപ്ലവം എന്ന പദം ഉപയോഗിക്കുന്നത്.1780 കൾക്കും 1850 കൾക്കും മധ്യേ ഇംഗ്ലണ്ടിലാണ് വ്യവസായ വിപ്ലവം ആരംഭിച്ചത്. പുതിയ യന്ത്രങ്ങളുടെയും പുത്തൻ സാങ്കേതിക വിദ്യയുടെയും കണ്ടെത്തൽ ഈ കാലയളവിൽ ഉൽപ്പാദനം പതിന്മടങ്ങ് വർധിക്കാനിടയായി.



*ഗാർഹിക വ്യവസ്ഥ*



*ഫാക്ടറി സമ്പ്രദായം*

കൈവേലയിൽ നിന്നും യന്ത്രവേലയിലേക്കുള്ള മാറ്റം സൂചിപ്പിക്കുന്ന ചിത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആധുനികതയിലേക്കുള്ള നമ്മുടെ പ്രയാണത്തിന്റെ സുപ്രധാനമായ ഒരു കാൽവയ്പ്പായിരുന്നു ഇത്. തുണി വ്യവസായത്തിന്റെ ആരംഭവും കൽക്കരി, ഇരുമ്പ്, ആവിശക്തി, കനാലുകൾ, റെയിൽവേ തുടങ്ങിയവയുടെ കണ്ടെത്തലും പരിഷ്കരണവും ഈ കാലഘട്ടത്തിലുണ്ടായി. വ്യവസായ വിപ്ലവം സ്ത്രീകളുടെയും കുട്ടികളുടെയും തൊഴിലാളികളുടെയും ജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങളും ഇതിനെ തുടർന്നുണ്ടായ പ്രതിഷേധ പ്രസ്ഥാനങ്ങളെക്കുറിച്ചും നാം ഇവിടെ വിശകലനം ചെയ്യുന്നു.

## വ്യവസായ വിപ്ലവം ഇംഗ്ലണ്ടിൽ ആരംഭിക്കാനിടയായ ഘടകങ്ങൾ

ആധുനിക വ്യവസായ വിപ്ലവം ആരംഭിച്ചത് ഇംഗ്ലണ്ടിലാണ്. ഇംഗ്ലണ്ടും വെയിൽസും സ്കോട്‌ലണ്ടും ഒരു രാജ വാഴ്ചയുടെ കീഴിൽ ഏകീകരിച്ചതിനാൽ 17-ാം നൂറ്റാണ്ടു മുതൽ അവിടെ രാഷ്ട്രീയ സ്ഥിരത ഉണ്ടായിരുന്നു. രാഷ്ട്രത്തിന് പൊതുവായ ഒരു നിയമ വ്യവസ്ഥയും ഏകീകൃത നാണയ സമ്പ്രദായവും ദേശീയ സ്വഭാവമുള്ള കമ്പോളവും നിലവിൽ വന്നു. കൂടാതെ പണം ഒരു വിനിമയ മാധ്യമമായി ഉപയോഗിക്കുവാനും തുടങ്ങി.

18-ാം നൂറ്റാണ്ടിൽ ബ്രിട്ടനിലാരംഭിച്ച കാർഷിക വിപ്ലവം അസംസ്കൃത വസ്തുക്കളും തൊഴിലാളികളെയും നൽകി വ്യവസായ വിപ്ലവത്തെ പരിപോഷിപ്പിക്കുകയാണുണ്ടായത്. യൂറോപ്പിൽ വളർന്നുവന്ന മഹാനഗരങ്ങളിൽ പകുതിയും ഇംഗ്ലണ്ടിലായിരുന്നു. ഇത് ബ്രിട്ടനെ ആഗോള വ്യാപാരകേന്ദ്രമാക്കി മാറ്റി. നദികളിലൂടെയുള്ള ഗതാഗത സൗകര്യങ്ങൾ വികസിച്ചതും ബ്രിട്ടന് അനുകൂലമായി.

ഇംഗ്ലണ്ടിൽ വ്യവസായ വിപ്ലവം ആരംഭിക്കുന്നതിനുള്ള മറ്റ് അനുകൂല ഘടകങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം

- ബ്രിട്ടനിലെ പ്രാദേശിക ബാങ്കുകളുടെ വികാസം.
- രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കോളനികളും.
- ജനസംഖ്യാ വർധനവ്.
- റെയിൽവേ നിർമ്മാണത്തിലുണ്ടായ പുരോഗതി.

1. വ്യവസായ വിപ്ലവം എന്താണെന്ന് വിശദീകരിക്കുക

**കണ്ടുപിടിത്തങ്ങൾ- തുണിവ്യവസായം, കൽക്കരി, ഇരുമ്പ്, ആവിശക്തി**

വ്യവസായ വിപ്ലവം വിവിധ മേഖലകളിൽ നിരവധി കണ്ടുപിടിത്തങ്ങൾക്ക് വഴിയൊരുക്കി. തുണിവ്യവസായ രംഗത്തെ കണ്ടുപിടിത്തങ്ങളുടെ ഒരു പട്ടികയാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| ജോൺകെ | ഫ്ളൈയിംഗ് ഷട്ടിൽ |
| ജെയിംസ് ഹാർഗ്രീവ്സ് | സ്പിന്നിംഗ് ജന്നി |
| റിച്ചാർഡ് ആർക്ക്റൈറ്റ് | വാട്ടർ ഫ്രെയിം |
| സാമുവൽ ക്രോംപ്ടൻ | മ്യൂൾ |
| എഡ്മണ്ട് കാർട്ട്റൈറ്റ് | പവർലൂം |

കൽക്കരി, ഇരുമ്പ്, ആവിശക്തി എന്നിവയിലെ പ്രധാന കണ്ടുപിടിത്തങ്ങളാണ് ചുവടെ തന്നിട്ടുള്ളത്.

| | |
|---|---|
| എബ്രഹാം ഡാർബി ഒന്നാമൻ | ബ്ലാസ്റ്റ് ഫർണസ് |
| എബ്രഹാം ഡാർബി രണ്ടാമൻ | വാർപ്പിരുമ്പ് |
| എബ്രഹാം ഡാർബി മൂന്നാമൻ | ലോകത്തിലെ ആദ്യ ഇരുമ്പ് പാലം |
| ഹെൻറി കോർട്ട് | പുഡ്ഢിംഗ് ഫർണസ് |
| ഹെൻറി കോർട്ട് | റോളിംഗ് മിൽ |
| ജെയിംസ് വാട്ട് | ആവിയന്ത്രം |

## കനാലുകളും റെയിൽവേയും

ഗതാഗത രംഗത്തെ പുരോഗതി വ്യവസായ വിപ്ലവത്തിന്റെ പ്രധാന സവിശേഷതയായിരുന്നു. നഗരങ്ങളിലേക്ക് കൽക്കരി എത്തിക്കുന്നതിനു വേണ്ടിയാണ് കനാലുകൾ ആദ്യമായി നിർമ്മിക്കപ്പെട്ടത്. ഭാരവും, ഘനവും കൂടിയ കൽക്കരി കൊണ്ടുപോകുന്നതിന് റോഡിനെക്കാൾ സുഗമവും സൗകര്യപ്രദവുമായിരുന്നു കനാൽ മാർഗം. 1788 മുതൽ 1796 വരെയുള്ള കാലഘട്ടത്തിൽ ഈ ആവശ്യത്തിലേക്കായി നിരവധി കനാലുകൾ നിർമ്മിക്കപ്പെട്ടു. ഗതാഗത രംഗത്ത് മറ്റൊരു ശ്രദ്ധേയമായ മാറ്റത്തിന് തുടക്കം കുറിച്ച ഒന്നായിരുന്നു റെയിൽവേയുടെ വികാസം. സാധനങ്ങൾ കൊണ്ടുപോകുന്നതിനും യാത്ര ചെയ്യാനും ചെലവുകുറഞ്ഞതും വേഗതയേറിയതുമായ ഒരു മാർഗമായി ഇത് വികസിച്ചു. ആവിയന്ത്രം കൊണ്ട് പ്രവർത്തിക്കുന്ന തീവണ്ടിയുടെ ഉപജ്ഞാതാവായിരുന്നു ജോർജ് സ്റ്റീവൻസൺ

**2. വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി വിവിധ രംഗങ്ങളിലുണ്ടായ കണ്ടുപിടിത്തങ്ങൾ പട്ടികപ്പെടുത്തുക.**

### വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ

വ്യവസായ വിപ്ലവം നിരവധി ദൂരവ്യാപകങ്ങളായ ഫലങ്ങൾ സൃഷ്ടിച്ചു. അവ എന്തൊക്കെയെന്ന് നോക്കാം.

- ഫാക്ടറി സമ്പ്രദായത്തിന്റെ ആവിർഭാവം.
- കൂറ്റൻ വ്യവസായ നഗരങ്ങളുടെ വളർച്ച.
- വ്യവസായ മുതലാളിമാർ എന്ന പുതിയ വർഗത്തിന്റെ ഉത്ഭവം.
- പുതിയ കമ്പോളങ്ങൾക്ക് വേണ്ടിയുള്ള മത്സരം.

വ്യവസായ വിപ്ലവം സ്ത്രീകളുടെയും കുട്ടികളുടെയും തൊഴിലാളികളുടെയും ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. ഇവ ഏതൊക്കെയെന്ന് പരിശോധിക്കാം.



*വ്യവസായ വിപ്ലവ കാലത്തെ ചൂഷണം - ചിത്രകാരന്റെ ഭാവനയിൽ*

- തൊഴിലാളികൾ കൂലിപ്പണിക്കാരായി മാറി.
- മുതലാളിമാരുടെ ചൂഷണം വർധിച്ചു.
- നഗരത്തിലെ ജനസംഖ്യ വർധിച്ചതോടെ പകർച്ചവ്യാധികൾ മൂലമുള്ള മരണവും വർധിച്ചു.
- കുറഞ്ഞ വേതനത്തിന് സ്ത്രീകളും കുട്ടികളും പണിയെടുക്കാൻ നിർബന്ധിതരായി.
- ബാലവേല വർധിച്ചു.

**പ്രതിഷേധ പ്രസ്ഥാനങ്ങൾ**

വ്യവസായ വിപ്ലവത്തിനെതിരായി നിരവധി പ്രതിഷേധ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു.

- ഭക്ഷ്യലഹളകൾ.
- വോട്ടവകാശത്തിനുവേണ്ടിയുള്ള സമരങ്ങൾ.
- നെഡ് ലുഡ്ഡിന്റെ നേതൃത്വത്തിലാരംഭിച്ച ലുഡ്ഡിസം (തങ്ങളുടെ ദുരിതത്തിന് കാരണം യന്ത്രങ്ങളാണെന്ന് കരുതിയ തൊഴിലാളികൾ ആരംഭിച്ച പ്രക്ഷോഭം.)

**3. വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ വിലയിരുത്തുക.**

## ഫ്രഞ്ച് വിപ്ലവം

രാഷ്ട്രീയ സ്വേച്ഛാധിപത്യത്തിന് എതിരെ സാമൂഹിക സമത്വത്തിനുവേണ്ടിയുള്ള ഒരു പോരാട്ടമായിരുന്നു 1789 ലെ ഫ്രഞ്ച് വിപ്ലവം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയായിരുന്നു വിപ്ലവത്തിന്റെ പ്രധാന മുദ്രാവാക്യങ്ങൾ. ഫ്രാൻസിലുണ്ടായ മാറ്റങ്ങൾ ഒരളവോളം മറ്റെല്ലാ യൂറോപ്യൻ രാജ്യങ്ങളേയും സ്വാധീനിച്ചു.

ഫ്രാൻസ് ഭരിച്ചിരുന്ന ബൂർബൻ രാജാക്കൻമാരുടെ സ്വേച്ഛാധിപത്യ നടപടികളും, സാമൂഹിക അസമത്വങ്ങളും ഈ വിപ്ലവത്തിന് കളമൊരുക്കി. ജനങ്ങളുടെ അഭിപ്രായത്തിന് ഇവർ യാതൊരു വിലയും കൽപ്പിച്ചില്ല. ലൂയി പതിനാലാമന്റെ കാലത്തോടെയാണ് ഫ്രാൻസിൽ അനിയന്ത്രിത രാജവാഴ്ച ഉച്ചസ്ഥായിയിലായത്. അന്നത്തെ ഫ്രഞ്ചു ജനതയെ മൂന്നായി തരംതിരിച്ചു. വൈദിക വിഭാഗവും, പുരോഹിതന്മാരും ഒന്നാം എസ്റ്റേറ്റ് എന്നും, പ്രഭുക്കന്മാരും ഭരണവുമായി ബന്ധപ്പെട്ട മറ്റുള്ളവരും ഭൂവുടമകളും രണ്ടാം എസ്റ്റേറ്റ് എന്നും വേർതിരിക്കപ്പെട്ടു. ഇവരെ നികുതി ഭാരത്തിൽ നിന്നും എന്നന്നേയ്ക്കുമായി ഒഴിവാക്കിയിരുന്നു. യാതൊരു അവകാശങ്ങളുമില്ലാത്ത കർഷകരും പട്ടിണിപ്പാവങ്ങളും അടങ്ങുന്നതായിരുന്നു, ഫ്രാൻസിലെ മൂന്നാമത്തെ എസ്റ്റേറ്റ്. രാജ്യത്തിനാവശ്യമായ നികുതിഭാരം മുഴുവനും ചുമത്തിയിരുന്നത് ഇവരുടെ മേലായിരുന്നു.

ഫ്യൂഡൽ ആശയത്തെ മുറുകെപിടിച്ചുകൊണ്ടായിരുന്നു ഫ്രഞ്ച് ഭരണാധികാരികൾ രാജാധികാരം നിലനിർത്തിയത്. 'ഞാനാണു രാഷ്ട്രം' എന്ന ലൂയി പതിനാലാമന്റെ കുപ്രസിദ്ധവചനം ഈ ആശയത്തിന്റെ ശക്തമായ പ്രതിഫലനമാണ്. ഫ്രഞ്ച് പാർലമെന്റായ എസ്റ്റേറ്റ് ജനറൽ 1614 നു ശേഷം വിളിച്ചുകൂട്ടിയിരുന്നില്ല. ഫ്രാൻസിലെ നിയമങ്ങൾ അനീതി നിറഞ്ഞതും ക്രൂരവുമായിരുന്നു.

**4. ഫ്രഞ്ചു വിപ്ലവത്തിന്റെ സാമൂഹിക - രാഷ്ട്രീയ കാരണങ്ങൾ എന്തെല്ലാം? വിശകലനം ചെയ്യുക**

## തത്ത്വചിന്തകന്മാരുടെ സ്വാധീനം

ഫ്രഞ്ച് വിപ്ലവത്തിന് ശക്തി പകർന്ന ചിന്തകന്മാരെയും അവരുടെ ആശയങ്ങളെയും പരിചയപ്പെടാം.

- വോൾട്ടയർ -ശക്തവും ജനക്ഷേമപരവുമായ സ്വേച്ഛാധിപത്യത്തിനു വേണ്ടി വാദിച്ചു.
- മൊണ്ടെസ്ക്യു-നിയന്ത്രിത രാജവാഴ്ചയെ അനുകൂലിച്ചു.
- രാജാധികാരം ദൈവദത്തമാണെന്ന വാദം റൂസ്സോ തിരസ്കരിച്ചു. മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു; എന്നാൽ എവിടെയും അവൻ ചങ്ങലയിലാണ് - റൂസ്സോ (സോഷ്യൽ കോൺട്രാക്ട്)



*വോൾട്ടയർ* *റൂസ്സോ* *മൊണ്ടെസ്ക്യൂ*

1688 ലെ ഇംഗ്ലണ്ടിലെ രക്തരഹിത വിപ്ലവവും 1776 ലെ അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യസമരവും ഫ്രഞ്ച് വിപ്ലവത്തിന് ആവേശം പകർന്നു. ഫ്രഞ്ച് പാർലമെന്റായ സ്റ്റേറ്റ്സ് ജനറൽ വിളിച്ചുകൂട്ടിയത് വിപ്ലവത്തിനു തുടക്കം കുറിച്ചു. സ്റ്റേറ്റ്സ് ജനറലിലെ ഒന്നും രണ്ടും എസ്റ്റേറ്റുകൾ തങ്ങളെ പരാജയപ്പെടുത്തും എന്നു മനസ്സിലാക്കിയ മൂന്നാമത്തെ എസ്റ്റേറ്റ് ദേശീയ അസംബ്ലിയെന്ന് സ്വയം നാമകരണം ചെയ്ത് അടുത്തുള്ളൊരു ടെന്നീസ് കോർട്ടിൽ സമ്മേളിക്കുകയും ഈ അസമത്വങ്ങൾക്കെതിരെ പോരാടാൻ ദൃഢപ്രതിഞ്ജയെടുക്കുകയും ചെയ്തു. ഈ സംഭവത്തിനെ 'ടെന്നീസ് കോർട്ട് പ്രതിജ്ഞ' (Tennis Court Oath) എന്നറിയപ്പെടുന്നു. കുറെ നാളുകൾക്കുശേഷം രാജാവ് പ്രതിനിധികളുടെ ആവശ്യത്തിന് കീഴടങ്ങുകയും ദേശീയ സഭയെ അംഗീകരിക്കുകയും ചെയ്തു.

എന്നാൽ ഫ്രാൻസിലെ ദേശീയ അസംബ്ലിയെ തകർക്കാനുള്ള ശ്രമത്തിനെതിരെ ജനങ്ങൾ സംഘടിച്ചു.ഏകാധിപത്യത്തിന്റെ പ്രതീകമായി കരുതിയിരുന്ന ബാസ്റ്റിൽകോട്ട ഇവർ ആക്രമിക്കുകയും തടവുകാരെ മോചിപ്പിക്കുകയും ചെയ്തു. വിപ്ലവം ക്രമേണ രക്തരൂക്ഷിതമാകാൻ തുടങ്ങിയതോടെ ഗത്യന്തരമില്ലാതെ അന്നത്തെ രാജാവായ ലൂയി പതിനാറാമൻ കീഴടങ്ങി. ദേശീയ അസംബ്ലി നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു മനുഷ്യാവകാശ പ്രഖ്യാപനം.

## ഫ്രഞ്ചുവിപ്ലവത്തിന്റെ ഫലങ്ങൾ

- മനുഷ്യാവകാശ പ്രഖ്യാപനം.
- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ ആശയങ്ങൾക്കു പ്രാധാന്യം ലഭിച്ചു.
- ദേശീയതയുടെ വളർച്ചയ്ക്ക് കാരണമായി.
- ആധുനിക ജനാധിപത്യ ഭരണത്തിന് അടിത്തറയിട്ടു.
- നെപ്പോളിയൻ ബോണപ്പാർട്ട് ഫ്രാൻസിൽ അധികാരത്തിൽ വന്നു.
- രാജാധികാരം ദൈവദത്തമാണെന്ന സിദ്ധാന്തത്തിനു അന്ത്യം കുറിച്ചു.

**5. ഫ്രഞ്ചു വിപ്ലവത്തിന്റെ ഫലങ്ങൾ വിലയിരുത്തുക**

## നെപ്പോളിയൻ ബോണപ്പാർട്ട്

ലോകചരിത്രത്തിലെ മഹാജേതാക്കളുടെ മുൻനിരയിൽ സ്ഥാനമുണ്ടായിരുന്ന നെപ്പോളിയൻ ബോണപ്പാർട്ട് ഫ്രഞ്ചുവിപ്ലവത്തിന്റെ സൃഷ്ടിയായിരുന്നു. കോർസിക്കയിൽ ജനിച്ച് പാരീസിലെ മിലിട്ടറി അക്കാഡമിയിൽ വിദ്യാഭ്യാസം നേടിയ നെപ്പോളിയൻ വളരെ ചെറുപ്പത്തിൽ തന്നെ ഫ്രഞ്ച് സൈന്യത്തിൽ ഒരു ഉദ്യോഗസ്ഥനായി ചേർന്നു. പടിപടിയായി തന്റെ അധികാരം ഉറപ്പിച്ച നെപ്പോളിയൻ 1799–ൽ നിലവിൽ അധികാരത്തിലിരുന്ന അഞ്ചംഗങ്ങളുടെ ഒരു ഡയറക്ടറിയെ പുറത്താക്കുകയും തൽസ്ഥാനത്ത് ഒരു കോൺസുലേറ്റ് സ്ഥാപിക്കുകയും ചെയ്തു. ഇതിൽ ഒന്നാം കോൺസൽ ആയ നെപ്പോളിയൻ 1804 ഓടെ ഫ്രഞ്ച് ചക്രവർത്തിയായി അധികാരമേറ്റു.

### നെപ്പോളിയന്റെ പരിഷ്കാരങ്ങൾ

ഇംഗ്ലണ്ടിനെ തകർക്കാൻ നെപ്പോളിയൻ നടപ്പിലാക്കിയ സാമ്പത്തിക ഉപരോധമായിരുന്നു കോണ്ടിനെന്റൽ വ്യവസ്ഥ. ഇതനുസരിച്ച് യൂറോപ്പ് മുഴുവൻ ഇംഗ്ലണ്ടുമായുള്ള കച്ചവടം ബഹിഷ്കരിക്കാനും ഇംഗ്ലണ്ടിനെതിരെ യൂറോപ്പിലെ തുറമുഖങ്ങളെല്ലാം അടച്ചിടാനും വ്യവസ്ഥ ചെയ്തു. മറ്റ് പരിഷ്ക്കാരങ്ങൾ ചുവടെ തന്നിട്ടുള്ളവയാണ്.



*നെപ്പോളിയൻ*

- കേന്ദ്രീകൃതഭരണ വ്യവസ്ഥ ഏർപ്പെടുത്തി.
- രാജ്യത്തെ ജില്ലകളായി വിഭജിച്ചു.
- കൃഷിക്കു പ്രോത്സാഹനം നൽകി.
- ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
- നിയമ സംഹിത നടപ്പിലാക്കി.
- വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലാക്കുകയും ഒരു പൊതു വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തു.
- ഗവൺമെന്റിന്റെ നിയന്ത്രണത്തിൻ ഒരു സർവകലാശാല സ്ഥാപിച്ചു.
- പാരീസ് നഗരം മോടിപിടിപ്പിക്കുകയും പൊതുമരാമത്തു പണികൾ വികസിപ്പിക്കുകയും ചെയ്തു.
- ദേശീയബോധം, സ്വാതന്ത്ര്യബോധം തുടങ്ങിയ ആശയങ്ങൾ യൂറോപ്പിലാകമാനം പ്രചരിപ്പിച്ചു.

**6. ഫ്രഞ്ച് വിപ്ലവത്തിന്റെ ആശയങ്ങൾ നെപ്പോളിയന്റെ പരിഷ്ക്കാരങ്ങളിൽ എത്രമാത്രം പ്രതിഫലിച്ചിരുന്നു?**

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. വ്യവസായത്തിന്റെ മേഖലയിൽ വന്ന മാറ്റങ്ങളെ സൂചിപ്പിക്കുവാനാണ് വ്യവസായ വിപ്ലവം എന്ന പദം ഉപയോഗിക്കുന്നത്. ഇംഗ്ലണ്ടിലാണ് വ്യവസായ വിപ്ലവം ആരംഭിച്ചത്. പുതിയ യന്ത്രങ്ങളുടെയും പുത്തൻ സാങ്കേതിക വിദ്യയുടെയും കണ്ടെത്തൽ ഈ കാലയളവിൽ വൻതോതിലുള്ള ഉൽപ്പാദനം സാധ്യമാക്കി തീർത്തു.
2. ഫ്ളൈയിംഗ്ഷട്ടിൽ- സ്പിന്നിംഗ് ജെന്നി- വാട്ടർ ഫ്രെയിം- മ്യൂൾ- പവർലൂം - ബ്ലാസ്റ്റ് ഫർണസ് -പുഡ്ലിംഗ് ഫർണസ്- റോളിംഗ് മിൽ- ആവിയന്ത്രം.
3. ഫാക്ടറി സമ്പ്രദായം, നഗരങ്ങൾ, മുതലാളിത്തം, സ്ത്രീകളുടെയും കുട്ടികളുടെയും ജീവിതത്തിലെ മാറ്റങ്ങൾ, പ്രതിഷേധ പ്രസ്ഥാനങ്ങൾ.
4. തൊഴിലാളികൾ കൂലിപ്പണിക്കാരായി മാറി - മുതലാളിമാരുടെ ചൂഷണം - കുറഞ്ഞവേതനത്തിന് സ്ത്രീകളും പണിയെടുക്കേണ്ടിവന്നു - ബാലവേല വർധിച്ചു. - ഫ്രാൻസ് ഭരിച്ചിരുന്ന ബൂർബൻ രാജാക്കന്മാരുടെ സ്വേച്ഛാധിപത്യഭരണരീതി-അഴിമതി നിറഞ്ഞ ഭരണം - ഞാനാണ് രാഷ്ട്രമെന്ന ആശയം തുടങ്ങിയവ.
5. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം ലഭിച്ചു - ദേശീയതയുടെ വളർച്ച- നെപ്പോളിയൻ അധികാരത്തിൽ വന്നു.
6. കേന്ദ്രീകൃത ഭരണം, ബാങ്ക് ഓഫ് ഫ്രാൻസ്, ദേശീയത, നിയമസംഹിത, ഗതാഗതം, കൃഷി

## വിലയിരുത്തൽ ചോദ്യങ്ങൾ

1. വ്യവസായ വിപ്ലവം ഇംഗ്ലണ്ടിൽ ആരംഭിക്കുവാനുള്ള കാരണങ്ങൾ എന്തെല്ലാം?
2. സാമൂഹിക അസമത്വം എങ്ങനെയാണ് ഫ്രഞ്ചു ജനതയെ വിപ്ലവത്തിലേക്ക് നയിച്ചത്?
3. ഫ്രഞ്ചുവിപ്ലവത്തിന്റെ ഫലങ്ങൾ വിശകലനം ചെയ്യുക.
4. നെപ്പോളിയൻ ബോണപ്പാർട്ടിന്റെ നിയമ സംഹിതയുടെ പ്രാധാന്യമെന്ത് ?
5. കോണ്ടിനെന്റൽ വ്യവസ്ഥ എന്നാൽ എന്ത്?

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. രാഷ്ട്രീയ സുസ്ഥിരത, ഏകീകൃത നാണയ സമ്പ്രദായം, ദേശീയസ്വഭാവമുള്ള കമ്പോളം, റെയിൽവെ നിർമ്മാണത്തിലുണ്ടായ പുരോഗതി.
2. സമൂഹത്തിലെ ഉന്നതവിഭാഗത്തിൽപ്പെട്ട പ്രഭുവർഗവും വൈദികരും, പ്രത്യേകാവകാശമുള്ളവരും നികുതിഭാരം ഇല്ലാത്തവരുമായിരുന്നു.എന്നാൽ ഇടത്തട്ടുകാരും കർഷകരും അടങ്ങുന്ന മൂന്നാമത്തെ വിഭാഗത്തിന്റെ അവസ്ഥ ദയനീയമായിരുന്നു. എല്ലാ നികുതിഭാരവും അവരുടെ ചുമലിലായിരുന്നു.

3. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം ലഭിച്ചു. ദേശീയതയുടെ വളർച്ചയ്ക്ക് കാരണമായി. ആധുനിക ജനാധിപത്യത്തിന് അടിത്തറയിട്ടു.

4. സിവിൽകോഡ്, ക്രിമിനൽ കോഡ്, കൊമേഴ്സ്യൽ കോഡ് എന്നിങ്ങനെ മൂന്നായി നിയമ സംഹിതയെ വിഭജിച്ചു.

5. ഇംഗ്ലണ്ടിനെ തകർക്കാൻ നെപ്പോളിയൻ കണ്ടെത്തിയ മാർഗമായിരുന്നു കോണ്ടിനെന്റൽ വ്യവസ്ഥ. ഇതു പ്രകാരം യൂറോപ്പ് മുഴുവൻ ഇംഗ്ലണ്ടിനെതിരെയുള്ള കച്ചവടം ബഹിഷ്കരിക്കുവാനും ഇംഗ്ലണ്ടിനെതിരെ യൂറോപ്പിലെ തുറമുഖങ്ങളെല്ലാം അടച്ചിടാനും ഇതിൽ വ്യവസ്ഥ ചെയ്തു.

## സംഗ്രഹം

ഇംഗ്ലണ്ടിൽ വ്യാവസായിക വിപ്ലവം ആരംഭിച്ചതോടെ കുടിൽ വ്യവസായങ്ങൾ നശിയ്ക്കാൻ തുടങ്ങി. പരുത്തി വസ്ത്ര നിർമ്മാണമേഖല, ഗതാഗതം, റെയിൽവെ, തുടങ്ങിയവയെ ഈ വിപ്ലവം സ്വാധീനിച്ചു. ഫ്രഞ്ച് വിപ്ലവത്തിന് രാഷ്ട്രീയ സാമൂഹിക സാമ്പത്തിക ബൗദ്ധിക കാരണങ്ങളുണ്ടായിരുന്നു. റൂസ്സോ, വോൾട്ടയർ, മൊണ്ടെസ്ക്യു തുടങ്ങിയ ചിന്തകൻമാർ ഫ്രഞ്ച് വിപ്ലവത്തിന് ശക്തമായ സ്വാധീനം നൽകി. നെപ്പോളിയന്റെ കോണ്ടിനെന്റൽ വ്യവസ്ഥ സാമ്പത്തികമേഖലയെ വളരെയധികം സ്വാധീനിച്ചു. നെപ്പോളിയന്റെ നിയമസംഹിത മറ്റ് രാജ്യക്കാർക്കും ഒരു മാതൃക ആയിരുന്നു.

## തുടർ പ്രവർത്തനങ്ങൾ/തുടർ മൂല്യനിർണയ പ്രവർത്തനങ്ങൾ

- വ്യവസായ വിപ്ലവകാലത്തെ പ്രധാന കണ്ടുപിടിത്തങ്ങൾ നടത്തിയവരുടെ പേരുകളും അവരുടെ കണ്ടുപിടിത്തങ്ങളും പട്ടികപ്പെടുത്തുക.
- വ്യവസായ വിപ്ലവകാലത്തെ ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ ഉൾക്കൊള്ളുന്ന ആൽബം തയ്യാറാക്കുക.
- ഫ്രഞ്ച് വിപ്ലവത്തിന് വഴിതെളിച്ച സാഹചര്യങ്ങളും സ്വാധീനവും ഉൾപ്പെടുത്തി ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.

## ഇന്റേൺഷിപ്പ്

- നിങ്ങളുടെ സമീപത്തുള്ള ഒരു ഫാക്ടറി സന്ദർശിച്ച് അതിന്റെ പ്രവർത്തനം, തൊഴിലാളികളുടെ സ്ഥിതി, ഉല്പന്നങ്ങൾ, ഉടമസ്ഥത തുടങ്ങിയവയെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെ ടേണ്ടതുണ്ട് |
|---|---|---|---|
| വ്യവസായ വിപ്ലവം എന്താണെന്ന് തിരിച്ചറിയാൻ | | | |
| വ്യവസായ വിപ്ലവത്തിന് വഴി തെളിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്യാൻ | | | |
| വ്യവസായ വിപ്ലവത്തിന്റെ സവിശേഷതകൾ വിശദമാക്കാൻ | | | |
| വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ വിലയിരുത്താൻ | | | |
| വ്യവസായ വിപ്ലവത്തിനെതിരായി ഉയർന്നുവന്ന പ്രതിഷേധ പ്രസ്ഥാനങ്ങളെ വിശദമാക്കാൻ | | | |
| ഫ്ഞ്ച് വിപ്ലവത്തിന്റെ കാരണങ്ങളെ വിശകലനം ചെയ്യാൻ | | | |
| ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനത്തെ പട്ടികപ്പെടുത്താൻ | | | |
| നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങളെ വിലയിരുത്താൻ | | | |

## തുടർ വായനയ്ക്ക്

- ലോകചരിത്രം- കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്
- വിശ്വചരിത്രാവലോകനം – ജവഹർലാൽ നെഹ്രു.
- The story of civilization - Arjun Dev
- The Luddites - Documentary
- Women of the Industrial Revolution - Documentary
- French Revolution - History Channel Documentary

# 9

# ആധുനികതയിലേക്ക്

ആമുഖം

പാശ്ചാത്യവൽക്കരണത്തിനും വ്യവസായ വൽക്കരണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ആധുനിക ജപ്പാന്റെ ഉയർച്ചയും മധ്യകാലം മുതൽ ചൈന ഭരിച്ചിരുന്ന മഞ്ചുരാജവംശത്തെ പുറത്താക്കി സൺയാത് സെന്നിന്റെ നേതൃത്വത്തിൽ ഒരു റിപ്പ ബ്ലിക് സ്ഥാപിക്കുന്നതും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയും മാവോ സേ തൂങ്ങിന്റെ സംഭാവനകളും ഈ പാഠ ഭാഗത്തിലൂടെ നാം ചർച്ച ചെയ്യുന്നു. റഷ്യൻ വിപ്ലവത്തെക്കു റിച്ചും ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും വിപ്ലവം സൃഷ്ടിച്ച പ്രത്യാഘാതങ്ങളെക്കുറിച്ചും ഇവിടെ പരാമർശിച്ചിട്ടു ണ്ട്.

## പഠനനേട്ടങ്ങൾ

- ഷോഗൻ ഭരണാധികാരികളെ പുറത്താക്കി മെയ്ജി ഭരണം പുനഃസ്ഥാപിക്കാനിടയായ സാഹചര്യം തിരിച്ചറിയുന്നു.
- ജപ്പാന്റെ വളർച്ചയുടെ ഘട്ടങ്ങൾ വിലയിരുത്തുന്നു.
- സൺയാത്സെന്നിന്റെ സംഭാവനകൾ വിശകലനം ചെയ്യുന്നു.
- ചൈനയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയും മാവോസേതുങ്ങിന്റെ പരിഷ്ക്കാരങ്ങളും തിരിച്ചറിയുന്നു.
- റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നു.
- ലെനിൻ, സ്റ്റാലിൻ തുടങ്ങിയവരുടെ സ്വാധീനം വിലയിരുത്തുന്നു.

## ജപ്പാന്റെ ഉയർച്ച – മെയ്ജി പുനഃസ്ഥാപനം

പാശ്ചാത്യ ശക്തികളുമായും പുറംലോകവുമായും യാതൊരു ബന്ധവും പുലർത്താതെ തികഞ്ഞ ഏകാന്തതയിൽ കഴിഞ്ഞിരുന്ന രാജ്യമായിരുന്നു ജപ്പാൻ. എന്നാൽ 1853–ൽ അമേരിക്ക കമ്മൊഡോർ മാത്യു പെറിയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ ജപ്പാനിലേക്കയക്കുകയും ഒരു സന്ധിയിലേർപ്പെടുകയും ചെയ്തു. ഇതിൻപ്രകാരം രണ്ട് തുറമുഖങ്ങൾ അമേരിക്കയ്ക്കായി തുറന്നുകൊടുത്തു. ചൈനയെപ്പോലെ തന്നെ ജപ്പാനെയും അമേരിക്ക ഒരു കമ്പോളമായാണ് കണ്ടത്. ഈ കാലയളവിൽ ജപ്പാനുമായി വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്ന ഒരേയൊരു പാശ്ചാത്യരാജ്യം ഹോളണ്ടായിരുന്നു.

പെറിയുടെ ആഗമനം ജപ്പാന്റെ രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കി. 1868–ൽ നടന്ന ശക്തമായ ഒരു പ്രക്ഷോഭത്തിൽ നിലവിലുള്ള പട്ടാളഭരണാധികാരികളായ ഷോഗൻമാരെ പുറത്താക്കുകയും മെയ്ജി ചക്രവർത്തിയുടെ ഭരണം പുനഃസ്ഥാപിക്കുകയും ചെയ്തു. കിഴക്കൻ തലസ്ഥാനം എന്നർഥമുള്ള ടോക്കിയോ രാജ്യത്തിന്റെ തലസ്ഥാനമായി മാറുകയും ചെയ്തു. ഈ സംഭവമാണ് മെയ്ജി പുനഃസ്ഥാപനം എന്ന പേരിൽ അറിയപ്പെടുന്നത്.

**1. മെയ്ജി പുനഃസ്ഥാപനം എന്താണെന്ന് വിശകലനം ചെയ്യുക.**

### ആധുനികവൽക്കരണം

മെയ്ജി ചക്രവർത്തിമാരുടെ ഭരണം ജപ്പാനിൽ ആധുനികവൽക്കരണത്തിന് തുടക്കം കുറിച്ചു. 'സമ്പന്നമായ രാഷ്ട്രം, ശക്തമായ സൈന്യം' എന്നീ മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് പുതിയ ഭരണകൂടം രാഷ്ട്രത്തിന് ശക്തമായ അടിത്തറയിട്ടു. ഫ്യൂഡൽ പ്രഭുക്കന്മാരുടെ കൈയിൽ നിന്ന് തദ്ദേശഭരണം ഉദ്യോഗസ്ഥന്മാരിലേക്ക് മാറ്റി. നിർബന്ധിത സൈനികസേവനം നടപ്പിലാക്കുകയും സാമ്പത്തിക പരിഷ്ക്കാരങ്ങൾ വ്യാപിപ്പിക്കു

കയും ചെയ്തു. പുതിയ ഭരണഘടനയ്ക്ക് രൂപം നൽകുകയും നവീന വിദ്യാഭ്യാസ രീതി ആവിഷ്ക്കരിക്കുകയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്കൂൾ വിദ്യാഭ്യാസം നിർബന്ധമാക്കുകയും ചെയ്തു. പാശ്ചാത്യ രീതിയിലുള്ള പാഠ്യപദ്ധതി ആവിഷ്ക്കരിച്ചതോടൊപ്പം ജപ്പാന്റെ ചരിത്രപഠനത്തിനും പ്രാധാന്യം നൽകി. അമേരിക്കയിലെ വിദഗ്ദരായ പരിശീലകരുടെ സേവനം വിദ്യാഭ്യാസ രംഗത്ത് ജപ്പാൻ ഉപയോഗിച്ചു.

**വ്യവസായവൽക്കരണം**

സാമ്പത്തികരംഗത്തെ ആധുനികവൽക്കരിക്കാൻ മെയ്ജി ഭരണകൂടം പ്രധാന പങ്കു വഹിച്ചു. ടോക്കിയോ മുതൽ യോക്കോഹാമ തുറമുഖം വരെയുള്ള ജപ്പാന്റെ ആദ്യത്തെ റെയിൽവേ പാത 1870–72 കാലഘട്ടത്തിൽ നിർമിച്ചു. ടെലഗ്രാഫ്, ടെലഫോൺ എന്നിവ വൻതോതിൽ നിർമിക്കാൻ തുടങ്ങി. പരുത്തിത്തുണി വ്യവസായവും സിൽക്ക് വ്യവസായവും വേഗത്തിൽ പുരോഗതി പ്രാപിച്ചു. ഫാക്ടറികളുടെ എണ്ണത്തിൽ വർധനവുണ്ടായി. ജാപ്പനീസ് ഉൽപ്പന്നങ്ങൾ വിദേശത്തേക്ക് കയറ്റുമതി ചെയ്ത് യൂറോപ്യൻ ഉൽപ്പന്നങ്ങളുമായി മത്സരത്തിലേർപ്പെട്ടു.

**ദൈനംദിന ജീവിതം**

ആധുനികസമൂഹമായുള്ള ജപ്പാന്റെ പരിവർത്തനം ജനങ്ങളുടെ ജീവിതരീതിയിലും ദൃശ്യമായിരുന്നു. കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് അണുകുടുംബങ്ങൾ കടന്നുവന്നു. ഈ പുതിയ കുടുംബസങ്കൽപ്പം പുതിയ ഉൽപ്പന്നങ്ങളുടെയും വീടുകളുടെയും നിർമ്മാണത്തിന് വഴിതെളിച്ചു.

**ജപ്പാൻ ആഗോളശക്തിയായി മാറുന്നു**

മെയ്ജി ഭരണത്തിനുകീഴിൽ രണ്ടാംലോക മഹായുദ്ധം വരെ ജപ്പാന്റെ ശക്തി അടിക്കടി ഉയർന്നുകൊണ്ടിരുന്നു. എന്നാൽ രണ്ടാം ലോകമഹായുദ്ധാനന്തരം ഉണ്ടായ ഹിരോഷിമ, നാഗസാക്കി അണുസ്ഫോടനങ്ങൾ ജപ്പാന്റെ മുന്നേറ്റത്തെ തടഞ്ഞുനിറുത്തി.


1945 നുശേഷം ജപ്പാന്റെ സമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിക്കാനുള്ള പരിശ്രമങ്ങളെ ഒരു 'യുദ്ധാനന്തര അത്ഭുതം' എന്നാണ് വിശേഷിപ്പിക്കുന്നത്. ഭരണകൂടവും ഉദ്യോഗസ്ഥ വിഭാഗവും വ്യവസായമേഖലയും സംയുക്തമായി പ്രവർത്തിച്ചത് രാജ്യത്തെ പുരോഗമനത്തിന്റെ പാതയിലേക്ക് നയിച്ചു. 1964-ൽ ടോക്കിയോവിൽ വച്ചു നടന്ന ഒളിമ്പിക്സ് മത്സരങ്ങൾ ജപ്പാന്റെ സാങ്കേതിക വ്യാവസായിക പുരോഗതിക്ക് ആക്കം കൂട്ടി.

ഒരു വികസിതരാജ്യമെന്ന നിലയിൽ ഇന്ന് ജപ്പാൻ സുസ്ഥിരമായ രാഷ്ട്രീയ വ്യവസ്ഥിതിയും ഉന്നതമായ സാങ്കേതിക വിദ്യയും ഉപയോഗിച്ച് ലോകത്തിലെ ഒരു വൻശക്തിയായി മുന്നേറിക്കൊണ്ടിരിക്കുന്നു.

**2. രണ്ടാം ലോകയുദ്ധത്തിന് ശേഷമുള്ള ജപ്പാന്റെ പുരോഗതി വിലയിരുത്തുക**

## ചൈനീസ് റിപ്പബ്ലിക്കും ഡോ.സൺയാത്സെന്നും

17-ാം നൂറ്റാണ്ടിന്റെ മധ്യകാലം മുതൽ ചൈന ഭരിച്ചിരുന്ന മഞ്ചു ഭരണകൂടത്തെ പുറത്താക്കിക്കൊണ്ട് 1911-ൽ ഡോ.സൺയാത്സെന്നിന്റെ നേതൃത്വത്തിൽ ചൈനയിൽ ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു. ഡോ.സൺയാത്സെന്നിനെ ആധുനിക ചൈനയുടെ സ്രഷ്ടാവായി വിളിക്കുന്നു.


*ഡോ.സൺയാത്സെൻ*

**ഡോ.സൺയാത്സെന്നിന്റെ മൂന്ന് തത്വങ്ങൾ**

- ദേശീയത
- ജനാധിപത്യം
- സോഷ്യലിസം

രാഷ്ട്രപുരോഗതിക്കായി സൺയാത്സെൻ പ്രഖ്യാപിച്ച മൂന്ന് തത്വങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

സൺയാത്സെന്നിന്റെ നേതൃത്വത്തിൽ രൂപീകരിച്ച രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു കുമിന്താങ് പാർട്ടി. കുമിന്താങ് പാർട്ടിയുടെ നാല് പ്രധാന ലക്ഷ്യങ്ങളായിരുന്നു ആഹാരം, വസ്ത്രം, പാർപ്പിടം, ഗതാഗതം എന്നിവ. സെന്നിന്റെ മരണശേഷം ചിയാങ് കൈഷക് കുമിന്താങ് പാർട്ടിയുടെ നേതൃത്വം ഏറ്റെടുത്തു. എന്നാൽ ഇടുങ്ങിയ സാമൂഹികാടിത്തറയും പരിമിതമായ രാഷ്ട്രീയ വീക്ഷണങ്ങളും മൂലം കുമിന്താങ് പാർട്ടി രാജ്യത്തെ ഏകീകരിക്കുന്നതിൽ പരാജയപ്പെട്ടു. ജനങ്ങൾ അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുപകരമായി ഒരു സൈനികക്രമം രൂപപ്പെടുത്താനാണ് കുമിന്താങുകൾ ശ്രമിച്ചത്.

## ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി

1921-ലാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയ്ക്ക് മുഖ്യ പങ്ക് വഹിച്ച വ്യക്തിയായിരുന്നു മാവോസേതൊങ്.

ചിയാങ് കൈഷക്കിന്റെ നേതൃത്വത്തിലുള്ള അഴിമതി നിറഞ്ഞ ഭരണത്തിനെതിരെ മാവോയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റുകൾ ശക്തിയായി പ്രതികരിച്ചു. കൈഷക്കിന്റെ അക്രമത്തിൽ നിന്നും രക്ഷ നേടുന്നതിനായി പുതിയ താവളം തേടി മാവോസേതൊങും അനുയായികളും 1934-ൽ കിഴക്കൻ ചൈനയിലെ കിയാങ്സി മുതൽ വടക്ക് പടിഞ്ഞാറൻ പ്രവിശ്യയായ ഷെൻസി വരെ ഒരു യാത്ര നടത്തി. ഈ യാത്രയെയാണ് 'ലോംഗ് മാർച്ച്'


*മാവോസേതൊങ്*

എന്ന് വിശേഷിപ്പിക്കുന്നത്. ഈ യാത്രയിൽ ഭൂപ്രഭുക്കന്മാരുടെ ഭൂമിപിടിച്ചെടുക്കുകയും അവ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു. കർഷകരുടെ ദുരിതങ്ങൾ മനസ്സിലാക്കുവാനും അവരെ അടുത്തറിയുവാനും ഈ യാത്ര മാവോയെ സഹായിച്ചു.

3. ലോംഗ് മാർച്ചിന്റെ പ്രാധാന്യം വിശദീകരിക്കുക

**പുതിയ ജനാധിപത്യത്തിന്റെ രൂപീകരണം**

1949-ൽ മാവോസേതുങ്ങിന്റെ നേതൃത്വത്തിൽ ചൈനയിൽ ഒരു പുതിയ ജനകീയ റിപ്പബ്ലിക്ക് സ്ഥാപിച്ചു. 'പുതിയ ജനാധിപത്യം' എന്ന ആശയത്തിലധിഷ്ഠിതമായിരുന്നു ഇത്. സമ്പദ്‌വ്യവസ്ഥയെ ഗവൺമെന്റിന്റെ നിയന്ത്രണത്തിലാക്കുകയും സ്വകാര്യ ഉടമസ്ഥത അവസാനിപ്പിക്കുകയും ചെയ്തു. ഒരു സോഷ്യലിസ്റ്റ് മനുഷ്യനെ (Socialist Man) സൃഷ്ടിക്കുകയായിരുന്നു മാവോയുടെ മുഖ്യ ലക്ഷ്യം. ഇത് അഞ്ച് ഇടങ്ങളിൽ അധിഷ്ഠിതമായിരുന്നു. ഇവയാണ് താഴെ സൂചിപ്പിച്ചിരിക്കുന്നത്.

- പിതൃഭൂമി.
- ജനങ്ങൾ.
- തൊഴിലാളി.
- ശാസ്ത്രം.
- പൊതുസ്വത്ത്.

കർഷകർക്കും സ്ത്രീകൾക്കും വിദ്യാർഥികൾക്കും വേണ്ടി മാവോ പൊതുസംഘടനകൾ രൂപീകരിച്ചു. അദ്ദേഹത്തിന്റെ ഇത്തരം ആശയങ്ങളെ പാർട്ടിയുടെ ഒരു വിഭാഗം പിന്നീടുള്ള കാലഘട്ടങ്ങളിൽ ചോദ്യം ചെയ്യാൻ തുടങ്ങി.

## റഷ്യൻ വിപ്ലവം

സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടിയുള്ള ഇരുപതാം നൂറ്റാണ്ടിലെ ആദ്യത്തെ വിപ്ലവമായിരുന്നു 1917 ലെ റഷ്യൻ വിപ്ലവം. റഷ്യ ഭരിച്ചിരുന്ന സാർ ചക്രവർത്തിമാരുടെ അഴിമതി നിറഞ്ഞ ഭരണത്തിനെതിരായുള്ള ഒരു ജനകീയ പ്രക്ഷോഭമായിരുന്നു ഇത്.

**കാരണങ്ങൾ**

**സർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം**

റഷ്യൻ ഭരണാധികാരികളെ 'സർ' (Tsar) എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. റഷ്യ ഭരിച്ചിരുന്ന സർ നിക്കോളാസ് രണ്ടാമൻ ഒരു കഴിവില്ലാത്ത ഭരണാധികാരിയായിരുന്നു. ഭരണം നിയന്ത്രിച്ചിരുന്നത് അദ്ദേഹത്തിന്റെ ഭാര്യയും റാസ്പുട്ടിൻ എന്ന കപടസന്ന്യാസിയുമായിരുന്നു. അഴിമതിയും സ്വജനപക്ഷപാതവും നിറഞ്ഞ ഈ ഭരണത്തിനെതിരെയുള്ള ജനങ്ങളുടെ പ്രതിഷേധമായിരുന്നു റഷ്യൻ വിപ്ലവം.

**സാമ്പത്തിക സാമൂഹിക കാരണങ്ങൾ**

റഷ്യയിൽ രണ്ടു വർഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഭരണാധികാരികളും ഭരിക്കപ്പെടുന്നവരും. ഭരണവിഭാഗത്തിൽപ്പെട്ടവരുടെ ജീവിതം സുഖലോലുപതയിലായിരുന്നുവെങ്കിൽ സാധാരണക്കാരുടെ ജീവിതം വളരെ ദയനീയമായിരുന്നു. സാമൂഹികവും സാമ്പത്തികവുമായി കർഷകരെ അടിച്ചമർത്തി. ഇവർക്കുള്ള നികുതിയും ഭാരിച്ചതായിരുന്നു.

**ബൗദ്ധിക കാരണങ്ങൾ**

മാക്സിംഗോർക്കി, ടോൾസ്റ്റോയ്, ലെനിൻ, സ്റ്റാലിൻ തുടങ്ങിയവരുടെ ആശയങ്ങൾ റഷ്യൻ വിപ്ലവത്തെ വളരെയധികം സ്വാധീനിച്ചു. സാമൂഹിക സാമ്പത്തിക അസമത്വങ്ങൾക്കെതിരെ പോരാടുന്നതിന് ഈ ചിന്തകന്മാർ റഷ്യൻ ജനതയെ ഏറെ സഹായിച്ചു.

**പെട്ടന്നുണ്ടായ കാരണം**

സാമ്രാജ്യത്വമോഹമാണ് ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുക്കുവാൻ റഷ്യയെ പ്രേരിപ്പിച്ചത്. എന്നാൽ ഒരു യുദ്ധം നടത്താനുള്ള കഴിവ് നിലവിലുള്ള ഭരണകൂടത്തിനുണ്ടായിരുന്നില്ല. മറ്റേതൊരു യൂറോപ്യൻ രാജ്യത്തെക്കാളും റഷ്യയിൽ സമ്പത്തുണ്ടായിരുന്നെങ്കിലും ആയുധങ്ങളും മറ്റ് യുദ്ധസാമഗ്രികളും കുറവായിരുന്നു. യുദ്ധത്തിൽ റഷ്യൻ സമ്പദ് വ്യവസ്ഥ തകരുകയും വൻ ആൾനാശം ഉണ്ടാവുകയും ചെയ്തു. ഈ സംഭവങ്ങൾ വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിനുള്ള പെട്ടെന്നുള്ള കാരണമായി.

**4. റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ വിലയിരുത്തുക**

**ബോൾഷെവിക്കുകളും മെൻഷെവിക്കുകളും.**

റഷ്യൻ രാഷ്ട്രീയ പാർട്ടികളിൽവച്ചേറ്റവും പ്രധാനപ്പെട്ടത് സോഷ്യൽ ഡെമോക്രാറ്റിക് ലേബർ പാർട്ടിയായിരുന്നു. എന്നാൽ ഈ പാർട്ടി രണ്ടായി പിരിഞ്ഞിരുന്നു. ഈ ഗ്രൂപ്പുകളും അതിന്റെ നേതാക്കന്മാരെയുമാണ് ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നത്.

| ബോൾഷെവിക് | മെൻഷെവിക് |
|---|---|
| ലെനിൻ, ട്രോട്സ്കി | കെറൻസ്കി, പ്ലെഖനോവ് |

റഷ്യൻ വിപ്ലവത്തിന് രണ്ട് ഘട്ടങ്ങളുണ്ടായിരുന്നു. സാർ ഭരണത്തെ പുറത്താക്കി അലക്സാണ്ടർ കെറൻസ്കിയുടെ കീഴിൽ ഒരു പുതിയ ഗവൺമെന്റ് രൂപീകരിച്ച ഒന്നാം ഘട്ടം ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്നു. എന്നാൽ കെറൻസ്കിയുടെ നേതൃത്വത്തിലുണ്ടാക്കിയ ഭരണകൂടവും അഴിമതിനിറഞ്ഞതും കഴിവില്ലാത്തതുമായിരുന്നു. കെറൻസ്കിയെ പുറത്താക്കി ലെനിന്റെ നേതൃത്വത്തിൽ തൊഴിലാളികളുടെ ഒരു

ഗവൺമെന്റ് രൂപീകരിച്ചതായിരുന്നു രണ്ടാംഘട്ടം. 1917 ഒക്ടോബർ മാസത്തിലുണ്ടായ ഈ സംഭവത്തെ ഒക്ടോബർ വിപ്ലവം എന്നാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. ഇതിനെത്തുടർന്ന് റഷ്യ 1923 ൽ യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക് (USSR) ആയി മാറി.



*ലെനിൻ*

## വിപ്ലവത്തിന്റെ അനന്തരഫലങ്ങൾ

മാനവചരിത്രത്തിൽ ദൂരവ്യാപകമായ പല ഫലങ്ങളും ഉണ്ടാക്കിയ ഒന്നായിരുന്നു റഷ്യൻ വിപ്ലവം. ഇവ ഏതൊക്കെയാണെന്ന് നോക്കാം.

- സർ ചക്രവർത്തിമാരുടെ ദുർഭരണത്തിന് അന്ത്യം കുറിച്ചു.
- കൃഷിഭൂമി കണ്ടുകെട്ടി കർഷകർക്ക് വിതരണം ചെയ്തു.
- സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് വ്യാപിച്ചു.
- ഫ്യൂഡലിസവും മുതലാളിത്തവും അവസാനിച്ചു.

**5. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ വിശകലനം ചെയ്യുക.**

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. കമ്മഡോർ പെറിയുടെ ആഗമനം - 1868-ൽ ഷോഗൻമാരെ പുറത്താക്കുന്നു. - മെയ്ജി ചക്രവർത്തിമാരുടെ ഭരണം പുനഃസ്ഥാപിക്കുന്നു.
2. സമ്പദ് വ്യവസ്ഥയുടെ പുനരുദ്ധാരണം - ടോക്കിയോ ഒളിമ്പിക്സ് 1964 - സുസ്ഥിരമായ രാഷ്ട്രീയ വ്യവസ്ഥിതി - ഉയർന്ന സാങ്കേതികവിദ്യ.
3. മാവോയുടെ നേതൃത്വത്തിൽ - 1934 കിയാങ്സി മുതൽ ഷെൻസി വരെ.
4. സർ (Tsar) ചക്രവർത്തിമാരുടെ ദുർഭരണം - സാമ്പത്തിക കാരണങ്ങൾ - സാമൂഹിക അസമത്വം - ടോൾസ്റ്റോയ് - ലെനിൻ തുടങ്ങിയവരുടെ സംഭാവനകൾ - ഒന്നാം ലോകയുദ്ധത്തിലേറ്റ പരാജയം.
5. സർ ഭരണം അവസാനിച്ചു - കൃഷിഭൂമി കൃഷിക്കാർക്ക് - സോഷ്യലിസത്തിന്റെ വ്യാപനം.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ജപ്പാന്റെ ആധുനികവൽക്കരണത്തെക്കുറിച്ച് വിവരിക്കുക?
2. സൺയാത്സെന്നിന്റെ മൂന്ന് തത്ത്വങ്ങൾ ഏവ?
3. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ച വർഷം ഏത്?
4. റഷ്യയിലെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ രണ്ട് വിഭാഗങ്ങൾ ഏതെല്ലാം?

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. സമ്പന്നമായ രാഷ്ട്രം, ശക്തമായ സൈന്യം - ഉദ്യോഗസ്ഥന്മാരുടെ ഭരണം - നവീന വിദ്യാഭ്യാസരീതി - പാശ്ചാത്യ പാഠ്യപദ്ധതി - നിർബന്ധിത വിദ്യാഭ്യാസം.
2. ജനാധിപത്യം - സോഷ്യലിസം - ദേശീയത.
3. 1921.
4. ബോൾഷെവിക്കുകളും മെൻഷെവിക്കുകളും.

## സംഗ്രഹം

വിദേശാധിപത്യത്തിൻ കീഴിൽ വളർച്ച മുരടിച്ച ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ ലോകത്തിലെ വൻ ശക്തികളായിത്തീർന്നത് ലോകജനതയ്ക്ക് മാതൃകയാണ്. ചൈനയിൽ സൺയാത്സെന്നിന്റെയും മാവോസേതൊങ്ങിന്റെയും സംഭാവനകൾ നിസ്തുലമാണ്. സാമ്പത്തിക അസമത്വങ്ങൾ തുടച്ചുമാറ്റി റഷ്യയിൽ സമത്വവും സോഷ്യലിസവും സ്ഥാപിക്കുന്നതിൽ റഷ്യൻ വിപ്ലവം വഹിച്ച പങ്ക് ശ്രദ്ധേയമാണ്.

## തുടർ പ്രവർത്തനങ്ങൾ/തുടർ മൂല്യനിർണയ പ്രവർത്തനങ്ങൾ

- സൺയാത്സെൻ, മാവോസേതൂങ്ങ് തുടങ്ങിയവരുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.
- ലെനിന്റെ സംഭാവനകളെ വിശകലനം ചെയ്യുന്ന ഒരു സെമിനാർ സംഘടിപ്പിക്കുക.
- റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങളും ഫലങ്ങളും ഉൾക്കൊള്ളുന്ന ഒരു സെമിനാർ പേപ്പർ തയാറാക്കുക.
- ജപ്പാന്റെയും ചൈനയുടെയും പുരോഗതി വിശകലനം ചെയ്യുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ആധുനിക ജപ്പാന്റെ പുരോഗതി തിരിച്ചറിഞ്ഞ് വിലയിരുത്താൻ | | | |
| സൺയാത്സെന്നിന്റെ തത്വങ്ങളെ വിശദീകരിക്കാൻ | | | |
| ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ | | | |
| റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ വിലയിരുത്താൻ | | | |
| റഷ്യൻ വിപ്ലവത്തിന്റെ അനന്തരഫലങ്ങൾ തിരിച്ചറിയാൻ | | | |

## തുടർവായനയ്ക്ക്

- ലോകചരിത്രം (രണ്ടാം ഭാഗം) - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- ലോകചരിത്രസംഗ്രഹം - എച്ച്.ജി. വെൽസ്
- വിശ്വചരിത്രാവലോകനം - ജവഹർലാൽ നെഹ്റു
- Japan: Miracle in Asia - Documentary
- Meiji Revolution - Documentary
- China: A Century of Revolution - PBS Documentary

# 10

# യുദ്ധവും സമാധാനവും

## ആമുഖം

1914 മുതൽ 1945 വരെയുള്ള ലോകത്തിന്റെ ചരിത്രമാണ് ഈ പാഠഭാഗത്തിൽ പ്രതിപാദിക്കുന്നത്. ഭീകരമായ രക്തച്ചൊരിച്ചിൽ ഉളവാക്കിയ ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും യുദ്ധാനന്തരം ലോകത്ത് ആവിർഭവിച്ച ഫാഷിസവും നാസിസവും ലോക സമാധാന പരിപാലത്തിനുവേണ്ടി രൂപംകൊണ്ട ആദ്യത്തെ ആഗോള സംഘടനയായ സർവരാഷ്ട്രസഖ്യം, രണ്ടാം ലോകയുദ്ധത്തിനു വഴിതെളിച്ച ഘടകങ്ങൾ, യുദ്ധത്തിന്റെ ദൂരവ്യാപകങ്ങളായ ഫലങ്ങൾ, ലോകസമാധാനം പരിരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണവും പ്രവർത്തനങ്ങളും തുടങ്ങിയവയാണ് ഈ പാഠഭാഗത്തിൽ പരാമർശിച്ചിട്ടുള്ളത്.

## പഠനനേട്ടങ്ങൾ

- ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശകലനം ചെയ്യുന്നു.
- ഫാഷിസം, നാസിസം എന്നിവയുടെ പ്രവർത്തനം വിലയിരുത്തുന്നു.
- രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ, ഫലങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു.
- ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണവും പ്രവർത്തനങ്ങളും പട്ടികപ്പെടുത്തുന്നു.
- യുദ്ധത്തിനും അക്രമത്തിനും എതിരായ വീക്ഷണം രൂപപ്പെടുത്തുന്നു.

## ഒന്നാം ലോകയുദ്ധം

1914-ൽ നാലു വർഷം നീണ്ടുനിന്ന അതിഭീകരമായ ഒരു യുദ്ധം യൂറോപ്പിൽ പൊട്ടിപ്പുറപ്പെട്ടു. ഏതാണ്ടെല്ലാ യൂറോപ്യൻ രാജ്യങ്ങളും രണ്ടു ചേരികളായി തിരിഞ്ഞ് പങ്കെടുത്ത ഈ യുദ്ധം ലോകത്തിലെ മിക്ക രാഷ്ട്രങ്ങളെയും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബാധിച്ചു. യൂറോപ്പിലെ രാജ്യങ്ങൾക്കിടയിൽ നിലനിന്നിരുന്ന സാമ്പത്തിക മത്സരവും പരസ്പര വൈരാഗ്യവും ഭയവും ആശങ്കയും ഇത്തരമൊരു പൊട്ടിത്തെറി അനിവാര്യമാക്കി. കരമാർഗം, കടൽമാർഗം എന്നപോലെ ആകാശമാർഗവും നടന്ന ആദ്യത്തെ യുദ്ധമായിരുന്നു ഇത്.

### കാരണങ്ങൾ

- *കോളനികൾക്കു വേണ്ടിയുള്ള കിടമത്സരങ്ങൾ*

മിക്ക യൂറോപ്യൻ രാഷ്ട്രങ്ങളും ഏഷ്യയിലും ആഫ്രിക്കയിലും കോളനികൾ കയ്യടക്കുന്നതിന് ശ്രമം തുടങ്ങി. വ്യവസായത്തിലും വാണിജ്യത്തിലും നാവിക ശക്തിയിലും ജർമ്മനിക്കുണ്ടായ വളർച്ച ബ്രിട്ടനിൽ ഭീതിയും അസൂയയും ആശങ്കയുമുളവാക്കി.

- *ആക്രമണോൽസുകമായ ദേശീയത*

സ്വന്തം രാജ്യത്തോടുള്ള അതിരുകടന്ന സ്നേഹം അന്യരാജ്യങ്ങളോടുള്ള വിദ്വേഷവും അസഹിഷ്ണുതയും വർധിപ്പിച്ചു. 1870-ലെ ഫ്രാങ്കോ-പേർഷ്യൻ യുദ്ധത്തിൽ ജർമ്മനി ഫ്രാൻസിനുമേൽ അടിച്ചേൽപ്പിച്ച കർശനവും അപമാനകരവുമായ ഉടമ്പടിയും, ഫ്രാൻസിലെ അൽസെയിസ്-ലൊറെയിൽ പ്രദേശങ്ങൾ പിടിച്ചെടുത്തതും ഫ്രാൻസിൽ ജർമ്മനിക്കെതിരെ ഒടുങ്ങാത്ത പക വളർത്തുന്നതിന് പര്യാപ്തമായി.

- *സൈനിക സഖ്യങ്ങൾ*



*ഒന്നാം ലോകയുദ്ധഭൂമി*

യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള ശത്രുതയും പരസ്പര ഭയവും സൈനിക സഖ്യങ്ങൾ രൂപീകരിക്കുന്നതിന് കാരണമായി. *ജർമ്മനി, ആസ്ട്രിയ, ഇറ്റലി എന്നീ രാജ്യങ്ങൾ* ത്രികക്ഷി സഖ്യത്തിനും (Triple Alliance) *ഫ്രാൻസ്, ഇംഗ്ലണ്ട്, റഷ്യ, ജപ്പാൻ* എന്നിവർ ത്രികക്ഷി സൗഹാർദ്ദ സഖ്യത്തിനും (Triple Entente) രൂപം നൽകി. ഓരോ രാജ്യവും ആയുധങ്ങൾ ശേഖരിക്കാൻ തുടങ്ങിയത് രാജ്യങ്ങൾ തമ്മിലുള്ള പകപോക്കിനു കാരണമായി.

- *അന്താരാഷ്ട്ര പ്രതിസന്ധികൾ*

മൊറോക്കോ കൈയ്യടക്കുന്നതിനെ സംബന്ധിച്ച് യൂറോപ്യൻ രാഷ്ട്രങ്ങൾക്കിടയിൽ രൂപപ്പെട്ട മൊറോക്കൻ പ്രതിസന്ധിയും ബാൾക്കൻ പ്രദേശങ്ങൾ കൈവശപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ ബാൾക്കൻ പ്രതിസന്ധിയും ഒന്നാംലോക യുദ്ധത്തിന് വഴിതെളിച്ചു.

ആസ്ട്രിയ-ഹംഗറിയുടെ കിരീടാവകാശിയായ ആർച്ച്ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനന്റിനെയും പത്നിയെയും സെർബിയക്കാരനായ പ്രിൻസെപ്പ് എന്ന യുവാവ് 1914 ജൂൺ 28നു വെടിവച്ചു കൊന്നതാണ് ഒന്നാം ലോക യുദ്ധം പെട്ടന്നു പൊട്ടിപ്പുറപ്പെടാനുള്ള കാരണം. ഇതിനെ തുടർന്ന് ആസ്ട്രിയ സെർബിയയ്ക്കെതിരെ അസ്വീകാര്യമായ വ്യവസ്ഥകൾ അടങ്ങുന്ന അന്ത്യശാസനം നൽകി. സെർബിയയുടെ മറുപടി സ്വീകാര്യമല്ലായിരുന്നു. തുടർന്ന് ആസ്ട്രിയ ജൂലായ് 28-ന് സെർബിയയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. റഷ്യൻ സൈന്യം സെർബിയയെ സഹായിക്കുന്നത് നിർത്തുവാൻ ജർമ്മനി ആവശ്യപ്പെട്ടു. ഇത് റഷ്യ നിരസിച്ചതിനെ തുടർന്ന് ജർമ്മനി റഷ്യയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ചുരുക്കത്തിൽ ലോകത്തിലെ വൻശക്തികളെല്ലാം പങ്കെടുത്ത ഒരു യുദ്ധമായി ഇത് മാറി.

**1. ഒന്നാം ലോകയുദ്ധത്തിന് വഴിതെളിച്ച കാരണങ്ങൾ വിശകലനം ചെയ്യുക.**

**യുദ്ധത്തിന്റെ ഫലങ്ങൾ**

- പല യൂറോപ്യൻ രാജ്യങ്ങളിലേയും രാജവാഴ്ചയുടെ അന്ത്യം കുറിക്കുന്നതിന് ഒന്നാം ലോകയുദ്ധം കാരണമായി.
- യുദ്ധാനന്തരം കോളനി വിരുദ്ധ സമരങ്ങൾ പല രാജ്യങ്ങളിലും ആവിർഭവിച്ചു.
- ഒന്നാം ലോകയുദ്ധത്തിന്റെ ഫലമായിരുന്നു 1917-ലെ റഷ്യൻ വിപ്ലവം.
- ജർമ്മനി, ആസ്ട്രിയ തുടങ്ങിയ രാജ്യങ്ങൾ തകർന്നു.

- നിരവധി സ്വതന്ത്ര രാജ്യങ്ങൾ നിലവിൽ വന്നു.
- യൂറോപ്പ് ദേശീയതയുടെ അടിസ്ഥാനത്തിൽ പുന:സംഘടിക്കപ്പെട്ടു.
- സർവരാഷ്ട്ര സഖ്യത്തിന്റെ രൂപീകരണം.

**ദുരന്തഫലങ്ങൾ**

ലോകം അന്നുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വിനാശകരമായ യുദ്ധമായിരുന്നു ഒന്നാം ലോകയുദ്ധം. പ്രത്യക്ഷമായോ പരോക്ഷമായോ ഈ യുദ്ധം ലോകത്തിലെ എല്ലാ രാജ്യങ്ങളെയും ബാധിച്ചു. യുദ്ധത്തിൽ ഏകദേശം ഒരു കോടിയോളം സൈനികർ കൊല്ലപ്പെടുകയും രണ്ടു കോടിയിലധികം പേർക്ക് പരുക്കേൽക്കുകയും ചെയ്തു. തൊഴിലില്ലായ്മ, പട്ടിണി, ദാരിദ്ര്യം, പോഷകാഹാരക്കുറവ് തുടങ്ങിയവ എല്ലാ രാജ്യങ്ങളിലും ദൃശ്യമായി. വ്യവസായങ്ങളും ഗതാഗതവും താറുമാറായി. ഭക്ഷ്യോൽപ്പാദനം കുറഞ്ഞു. നാണയപ്പെരുപ്പം വർധിച്ചു. ജീവിതച്ചെലവ് കുതിച്ചുയർന്നതോടുകൂടി ജീവിതം ദുരിതപൂർണമായി.

**2. ഒന്നാം ലോകയുദ്ധം വിതച്ച ദുരന്തഫലങ്ങളെ വിശകലനം ചെയ്യുക**

**സർവരാഷ്ട്രസഖ്യം**

മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിക്കുന്നതരത്തിലുള്ള ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉളവാക്കിയ ഒന്നായിരുന്നു ഒന്നാം ലോകയുദ്ധം. ഒഴിവാക്കുന്നതിനും ലോകസമാധാനം പരിരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഒരു സംഘടനയുടെ രൂപീകരണം അനിവാര്യമാണെന്ന് മനസ്സിലാക്കി. 1919-ലെ പാരീസ് സമാധാന സമ്മേളനത്തിന്റെ പ്രധാന ഉദ്ദേശ്യം ഒരു സർവരാഷ്ട്ര സമിതിയുടെ രൂപീകരണമായിരുന്നു. അമേരിക്കൻ പ്രസിഡന്റ് വുഡ്രോവിൽസന്റെ പതിനാലിനതത്ത്വങ്ങളിൽ ഒന്നായ ലോകസമാധാനവും സുരക്ഷിതത്വവും എന്ന ലക്ഷ്യം നിറവേറുന്നതിനുവേണ്ടിയാണ് സർവരാഷ്ട്ര സഖ്യം എന്ന സംഘടന രൂപീകൃതമായത്.

**ലക്ഷ്യങ്ങൾ**

- അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക.
- വിവിധ രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങൾ സമാധാനപരമായ മാർഗങ്ങളിലൂടെ പരിഹരിക്കുക.
- ലോകരാഷ്ട്രങ്ങൾക്കിടയിൽ സാമ്പത്തികവും സാമൂഹികവുമായ നവീകരണം വളർത്തുക.
- അംഗരാഷ്ട്രങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യം ഉറപ്പുവരുത്തുക.

**ഘടകങ്ങൾ**

സർവരാഷ്ട്ര സമിതിക്ക് പ്രധാനമായും മൂന്നു ഘടകങ്ങൾ ഉണ്ടായിരുന്നു.

- **അസംബ്ലി** • **കൗൺസിൽ** • **സെക്രട്ടേറിയറ്റ്**

ഇതുകൂടാതെ ഒരു അന്താരാഷ്ട്ര നീതിന്യായ കോടതിയും അന്താരാഷ്ട്ര തൊഴിൽ സംഘടനയും സമിതിക്കുണ്ടായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തോടെ സർവ്വരാഷ്ട്രസഖ്യത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു.

## ഫാഷിസം

ഒന്നാം ലോകയുദ്ധത്തിന്റെ ഫലമായിട്ടാണ് ഇറ്റലിയിൽ ഫാഷിസവും ജർമ്മനിയിൽ നാസിസവും ഉടലെടുത്തത്. യുദ്ധാനന്തരം പ്രതീക്ഷ വച്ചുപുലർത്തിയ ഇറ്റലിക്ക് തികഞ്ഞ നിരാശയാണുണ്ടായത്. വളരെയധികം ആളുകൾക്ക് ജീവഹാനി നേരിട്ടതോടൊപ്പം യുദ്ധത്തിന്റെ കെടുതികളും കഷ്ടപ്പാടുകളും വളരെ വലുതായിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടെ ഭരിച്ചിരുന്ന ഗവൺമെന്റിന് കഴിഞ്ഞില്ല. ഈ സാഹചര്യത്തിലാണ് ഒരു രക്ഷകനെപ്പോലെ ബെനിറ്റോ മുസ്സോളിനി രംഗപ്രവേശനം ചെയ്യുന്നത്. ജനങ്ങൾ ഒരു ശക്തനായ നേതാവിനെ കാത്തിരിക്കുകയായിരുന്നു. മുസ്സോളിനിയേയും അദ്ദേഹത്തിന്റെ രാഷ്ട്രീയ പാർട്ടിയായ ഫാഷിസത്തെയും ജനങ്ങൾ ഇരുകൈയ്യും നീട്ടി സ്വീകരിച്ചു.

**ബെനിറ്റോ മുസ്സോളിനി**

ആദ്യഘട്ടത്തിൽ മുസ്സോളിനി ഒരു സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനായിരുന്നു. സോഷ്യലിസ്റ്റ് പത്രമായ അവന്തിയുടെ പത്രാധിപരായിരുന്ന അദ്ദേഹം യുദ്ധത്തിൽ നിന്ന് പിരിഞ്ഞ പട്ടാളക്കാരെയും യുവജനങ്ങളെയും സംഘടിപ്പിച്ച് ഫാഷിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. മുസ്സോളിനിയുടെ അനുയായികളെ ബ്ലാക്ക് ഷർട്ട്സ് എന്ന പേരിൽ അറിയപ്പെട്ടു.



*മുസ്സോളിനി*

*കൂട്ടിക്കെട്ടിയ ദണ്ഡുകളും അതിന് വിലങ്ങനെ വച്ച മഴുവും- ഫാഷിസ്റ്റ് എന്ന പദം അർഥമാക്കുന്ന ആശയം.*

രാഷ്ട്രത്തിനതീതമായോ രാഷ്ട്രത്തിനെതിരായോ യാതൊന്നും പാടില്ലെന്ന് ഫാഷിസ്റ്റ് സിദ്ധാന്തം നിഷ്ക്കർഷിക്കുന്നു. മറ്റെല്ലാ പാർട്ടികളെയും നിരോധിച്ച മുസ്സോളിനി ഫാഷിസ്റ്റ് പാർട്ടിയുടെ ആദർശങ്ങൾ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചും പത്രം, റേഡിയോ, സിനിമ തുടങ്ങിയ മാധ്യമങ്ങൾ ഫാഷിസ്റ്റ് പാർട്ടിയുടെ അധീനതയിലാക്കുകയും ചെയ്തു.

**മറ്റ് പരിഷ്ക്കാരങ്ങൾ**

- പൊതുചിലവ് വെട്ടിക്കുറച്ചു.
- നാണയസ്ഥിരത കൈവരിച്ചു.
- വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ നടക്കിലാക്കി.
- വിദേശനയം യുദ്ധത്തെയും സാമ്രാജ്യത്വത്തെയും നീതീകരിക്കുന്നതായിരുന്നു.
- 1936-ൽ റോം-ബേർലിൻ-ടോക്കിയോ അച്ചുതണ്ട് രൂപീകരിക്കുന്നതിന് മുഖ്യ പങ്കു വഹിച്ചു.
- രണ്ടാം ലോക മഹായുദ്ധത്തോടെ ഇറ്റലി പരാജയപ്പെടുകയും ഫാഷിസ്റ്റ് ഭരണം അവസാനിക്കുകയും ചെയ്തു.

## നാസിസം

ഒന്നാം ലോകയുദ്ധത്തിന്റെ കെടുതികൾ ഏറ്റവുമധികം അനുഭവിച്ചത് ജർമ്മനിയായിരുന്നു. യുദ്ധത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ജർമ്മനിക്ക് ഏറ്റെടുക്കേണ്ടിവന്നു. ഭീമമായ സാമ്പത്തികത്തകർച്ച ജർമ്മനിക്ക് നേരിടേണ്ടിവന്നു. യുദ്ധാനന്തരം ജർമ്മനിയുമായി ഒപ്പുവച്ച വേഴ്സായി ഉടമ്പടിയെ പല നിബന്ധനകളും രാജ്യത്തിനപമാനകരമായിരുന്നു. ഈ സാഹചര്യത്തിലാണ് ആകർഷകങ്ങളായ വാഗ്ദാനങ്ങളുമായി നാസി പാർട്ടിയുടെ വക്താവ് അഡോൾഫ് ഹിറ്റ്ലറിന്റെ വരവ്.



*ഹിറ്റ്ലർ*

**അഡോൾഫ് ഹിറ്റ്ലർ**

ഒന്നാം ലോകയുദ്ധാനന്തരം അസംതൃപ്തരായ യുവജനങ്ങളെ കോർത്തിണക്കി ഹിറ്റ്ലർ 'നാഷണൽ സോഷ്യലിസ്റ്റ് ജർമ്മൻ വർക്കേഴ്സ് പാർട്ടി' (നാസി പാർട്ടി) രൂപീകരിച്ചു. 1923-ൽ ഗവൺമെന്റിനെതിരെ കലാപം സംഘടിപ്പിച്ചതിന് ഹിറ്റ്ലറെ അറസ്റ്റ് ചെയ്യുകയും ജയിലഴിക്കുള്ളിലാക്കുകയും ചെയ്യുന്നു. അവിടെ വച്ചാണ് ഹിറ്റ്ലർ നാസിസത്തിന്റെ സുവിശേഷ ഗ്രന്ഥമായി അറിയപ്പെടുന്ന 'മെയിൻ കാംഫ്'അഥവാ 'എന്റെ സമരം' എഴുതിയത്.

1933-ൽ ജർമ്മൻ പ്രസിഡന്റ് ഹിൻഡൻബർഗ് ഹിറ്റ്ലറെ ചാൻസലറായി നിയമിച്ചു. 1934-ൽ ഹിൻഡൻബർഗ് അന്തരിച്ചപ്പോൾ ഹിറ്റ്ലർ ചാൻസലർ സ്ഥാനവും പ്രസിഡന്റ് സ്ഥാനവും തന്നിൽ ഏകീകരിച്ച് ഒരു പുതിയ ഭരണകൂടത്തിന് തുടക്കം കുറിച്ചു.

- ഫാഷിസത്തിന്റെ ജർമ്മൻ പതിപ്പായിരുന്നു നാസിസം.
- സമഗ്രാധിപത്യത്തിൽ വിശ്വസിച്ച ഹിറ്റ്ലർ നാസി പാർട്ടി ഒഴികെയുള്ള മറ്റ് പാർട്ടികളെ നിരോധിച്ചു.
- ഗസ്റ്റപ്പോ എന്നറിയപ്പെടുന്ന രഹസ്യപ്പോലീസിനെ നിലനിർത്തി.

- ഹിറ്റ്ലറുടെ അനുയായികളെ തവിട്ടുകുപ്പായക്കാർ (Brown Shirts) എന്ന പേരിൽ അറിയപ്പെട്ടു.

## വംശസിദ്ധാന്തം

ജനങ്ങളിൽ ശ്രേഷ്ഠന്മാർ ആര്യന്മാരാണെന്ന് ഹിറ്റ്ലർ വിശ്വസിച്ചു. ആര്യന്മാരിൽ ശ്രേഷ്ഠരായ ജർമ്മൻകാർ ജൂതന്മാരെ ഭൂമുഖത്ത് നിന്നും നിഷ്കാസനം ചെയ്യുമെന്ന് നാസികൾ കരുതി. 1935-ൽ എല്ലാ ജൂതന്മാരെയും ഹിറ്റ്ലർ സർവീസിൽ നിന്ന് പുറത്താക്കി. ആയിരക്കണക്കിന് ജൂതന്മാരെ ജർമ്മൻ ജയിലുകളിൽ (കോൺസൻട്രേഷൻ ക്യാമ്പ്) അടച്ചും പിന്നീട് ക്രൂരമായി കൊലപ്പെടുത്തുകയും ചെയ്തു.

**3. ഹിറ്റ്ലറുടെ വംശസിദ്ധാന്തത്തെ വിശകലം ചെയ്യുക.**

## രണ്ടാം ലോകയുദ്ധം

ഭാവിയിലെ യുദ്ധങ്ങൾ ഒഴിവാക്കുന്നതിനായുള്ള യുദ്ധം എന്നായിരുന്നു ഒന്നാം ലോകയുദ്ധത്തെ വിശേഷിപ്പിച്ചിരുന്നത്. എന്നാൽ രണ്ട് ദശകങ്ങൾക്ക് ശേഷം മറ്റൊരു യുദ്ധം ലോകത്ത് പൊട്ടിപ്പുറപ്പെട്ടു. ഒന്നാം ലോക യുദ്ധത്തേക്കാൾ തികച്ചും ഭീകരമായ ഒന്നായിരുന്നു ഇത്. ഈ യുദ്ധത്തിന്റെ പ്രധാന കാരണങ്ങളും അത് ലോകജനതയെ എത്രത്തോളം സ്വാധീനിച്ചുവെന്നും നമുക്കിവിടെ വിശകലനം ചെയ്യാം.

### കാരണങ്ങൾ

- **വേഴ്സായി ഉടമ്പടി**

ഒന്നാം ലോകയുദ്ധാനന്തരം ഒപ്പുവച്ച വേഴ്സായി ഉടമ്പടി യുദ്ധത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ജർമ്മനിയുടെ മേൽ അടിച്ചേൽപ്പിച്ചു. യുദ്ധത്തിൽ വിജയിച്ച സഖ്യകക്ഷികൾ ജർമ്മനിയെ നിരായുധീകരിക്കുകയും അവരുടെ കോളനികൾ തട്ടിയെടുക്കുകയും ചെയ്തു. ഇത് ജർമ്മൻകാരിൽ പ്രതികാര മനോഭാവം വളർത്തി. ക്രമേണ വേഴ്സായി ഉടമ്പടിയിലെ വ്യവസ്ഥകളെ ഓരോന്നായി ലംഘിച്ചുകൊണ്ട് ഹിറ്റ്ലർ രണ്ടാം ലോകയുദ്ധത്തിന് വഴിമരുന്നിട്ടു.

- **സർവരാഷ്ട്രസഖ്യത്തിന്റെ പരാജയം**

ലോകത്ത് സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിൽ സർവരാഷ്ട്ര സമിതി പരാജയപ്പെട്ടു. തുടക്കം മുതൽ തന്നെ ഇത് വൻശക്തികളുടെ കൈയിലെ ഒരു കളിപ്പാവയായി മാറി. സഖ്യത്തിന്റെ ഈ നിഷ്ക്രിയ സമീപനം രണ്ടാം ലോകയുദ്ധത്തിന് കാരണമായി.

- **കമ്പോളങ്ങൾക്കും കോളനികൾക്കും വേണ്ടിയുള്ള കിടമത്സരങ്ങൾ**

ലോകത്തിലെ ഭൂരിഭാഗം കോളനികളെയും കമ്പോളങ്ങളെയും നിയന്ത്രിച്ചിരുന്നത് ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, ഹോളണ്ട് എന്നീ രാജ്യങ്ങളായിരുന്നു. എന്നാൽ

ഇറ്റലി, ജർമ്മനി, ജപ്പാൻ എന്നീ രാജ്യങ്ങൾക്ക് കോളനികളൊന്നും ലഭിച്ചില്ല. ഇത് ഈ രാഷ്ട്രങ്ങൾക്കിടയിൽ കടുത്ത അസംതൃപ്തിയുണ്ടാക്കി. ഈ സാഹചര്യത്തിൽ മറ്റ് ചെറിയ രാജ്യങ്ങളെ ആക്രമിച്ച് തങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാൻ ഇറ്റലി, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ ശ്രമിച്ചു. ജപ്പാൻ മഞ്ചൂറിയ ആക്രമിച്ചതും ഇറ്റലി അബിസ്സീനിയ ആക്രമിച്ചതും ജർമ്മനിയുടെ പിന്നീടുണ്ടായ ആക്രമണ പരമ്പരകളും ഇതിനുദാഹരണങ്ങളായിരുന്നു.

**മറ്റ് കാരണങ്ങൾ**

- ആക്രമണോത്സുകമായ ദേശീയത.
- ദേശീയ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ.
- 1929-ലെ സാമ്പത്തിക മാന്ദ്യം.

1939-ൽ ഹിറ്റ്ലറുടെ പോളണ്ടാക്രമണത്തോടെ രണ്ടാം ലോകയുദ്ധം ആരംഭിച്ചു.

**4. രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ വിലയിരുത്തുക.**

**അച്ചുതണ്ട് ശക്തികളും സഖ്യശക്തികളും**

യുദ്ധമാരംഭിക്കുന്നതിന് മുമ്പ് തന്നെ യൂറോപ്പിലെ വൻ ശക്തികൾ ചേർന്ന് സൈനിക സഖ്യങ്ങൾ രൂപീകരിച്ചിരുന്നു. അച്ചുതണ്ട് ശക്തികൾ, സഖ്യശക്തികൾ എന്നീ പേരുകളിൽ ഇവ അറിയപ്പെട്ടു.

| | |
|---|---|
| അച്ചുതണ്ട് ശക്തികൾ | *ഇറ്റലി, ജർമ്മനി, ജപ്പാൻ* |
| സഖ്യശക്തികൾ | *ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക, സോവിയറ്റ് യൂണിയൻ* |

## യുദ്ധഗതി

ആദ്യഘട്ടത്തിൽ യുദ്ധം അച്ചുതണ്ട് ശക്തികൾക്ക് അനുകൂലമായിരുന്നെങ്കിലും 1941-ൽ ജപ്പാൻ അമേരിക്കയുടെ കീഴിലുള്ള നാവിക കേന്ദ്രമായ പേൾ ഹാർബർ ആക്രമിച്ചതോടെ അമേരിക്കയും യുദ്ധത്തിൽ പങ്കാളിയായി. ഇത് സഖ്യകക്ഷികളുടെ കരുത്ത് വർദ്ധിപ്പിച്ചു. 1945-ഓടെ ഹിറ്റ്ലറും മുസ്സോളിനിയും സഖ്യകക്ഷികൾക്ക് കീഴടങ്ങി. 1945 ആഗസ്റ്റ് 6ന് ജപ്പാനിലെ ഹിരോഷിമയിലും ആഗസ്റ്റ് 9ന് നാഗസാക്കിയിലും അമേരിക്ക അണുബോംബ് വർഷിച്ചതോടെ തകർന്നടിഞ്ഞ ജപ്പാനും ഒടുവിൽ കീഴടങ്ങി. അങ്ങനെ 1919-ൽ പാരീസ് ഉടമ്പടിയോടെ രണ്ടാം ലോകയുദ്ധത്തിന് തിരശ്ശീല വീണു.

**ഫലങ്ങൾ**

- അഞ്ചു കോടിയോളം ജനങ്ങൾക്ക് ജീവഹാനി നേരിട്ടു. പരിക്കേറ്റവരുടെയും അഭയാർത്ഥികളായവരുടെയും കണക്ക് ഇതിലും വലുതായിരുന്നു.

- യൂറോപ്യൻ സമ്പദ്‌വ്യവസ്ഥയെ യുദ്ധം തകർത്തു.
- വൻ ശക്തികളുടെ പതനവും അമേരിക്കയുടെയും റഷ്യയുടെയും ഉയർച്ചയും
- ശീതസമരത്തിന്റെ തുടക്കം.
- ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം.
- ഏഷ്യയിലും ആഫ്രിക്കയിലും കോളനികൾ സ്വാതന്ത്രമായി.

## ഐക്യരാഷ്ട്ര സംഘടന

ഭാവിതലമുറയെ യുദ്ധത്തിൽ നിന്ന് മോചിപ്പിക്കുന്നതിനും ലോകത്ത് സമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിനും വേണ്ടി രൂപീകരിക്കപ്പെട്ട ഒന്നായിരുന്നു ഐക്യരാഷ്ട്ര സംഘടന. 1945 ഒക്ടോബർ 24-നാണ് ഇത് നിലവിൽവന്നത്.

**ലക്ഷ്യങ്ങൾ**

- ഭാവി തലമുറയെ യുദ്ധത്തിൽ നിന്ന് രക്ഷിക്കുക.
- രാജ്യങ്ങൾ തമ്മിൽ സഹകരണം ഉറപ്പുവരുത്തുക.
- മനുഷ്യന്റെ മൗലികാവകാശങ്ങൾ ഉറപ്പുവരുത്തുക.
- ലോകജനതയുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുക.

**ഘടകങ്ങൾ**

- പൊതുസഭ
- രക്ഷാസമിതി
- സാമ്പത്തിക സാമൂഹിക സമിതി
- സെക്രട്ടേറിയറ്റ്
- അന്താരാഷ്ട്ര നീതിന്യായ കോടതി
- ട്രസ്റ്റീഷിപ്പ് കൗൺസിൽ

മേൽപ്പറഞ്ഞ ഘടകങ്ങൾക്ക് പുറമേ ചില പ്രത്യേക ഏജൻസികളും സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ പ്രധാന പ്പെട്ടവയാണ് :

- അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO)
- ലോകാരോഗ്യ സംഘടന (WHO)
- ഭക്ഷ്യ-കാർഷിക സംഘടന (FAO)
- അന്താരാഷ്ട്ര നാണയനിധി (IMF)
- യുനെസ്കോ (UNESCO)
- യൂനിസെഫ് (UNICEF)
- അന്താരാഷ്ട്ര അണുശക്തി ഏജൻസി (IAEA)



*യു.എൻ. സെക്രട്ടേറിയറ്റ്*

*യു.എൻ.ഒ.യിൽ ഇന്ന് 193 അംഗരാജ്യങ്ങൾ ഉണ്ട്. ദക്ഷിണകൊറിയക്കാരനായ ബാൻ കി മൂൺ ആണ് ഇപ്പോഴത്തെ സെക്രട്ടറി ജനറൽ.*

ഒരു മൂന്നാംലോക യുദ്ധത്തിൽ നിന്നും ലോകരാഷ്ട്രങ്ങളെ സംരക്ഷിക്കുന്നതിൽ സുപ്രധാനമായ പങ്കാണ് ഐക്യരാഷ്ട്ര സംഘടനയ്ക്കുള്ളത്.

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തര സൂചിക

1. കോളനികൾക്ക് വേണ്ടിയുള്ള മത്സരങ്ങൾ - തീവ്രദേശീയത - സൈനികസഖ്യങ്ങൾ - മൊറോക്കൻ പ്രതിസന്ധി - ബാൾക്കൻ പ്രതിസന്ധി - ആസ്ട്രിയ-ഹംഗറിയുടെ കിരീടാവകാശിയുടെ കൊലപാതകം.
2. പ്രത്യക്ഷമായോ പരോക്ഷമായോ ഈ യുദ്ധം എല്ലാ രാജ്യങ്ങളെയും ബാധിച്ചു. ഒരു കോടിയോളം സൈനികർ കൊല്ലപ്പെടുകയും രണ്ട് കോടിയിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. തൊഴിലില്ലായ്മ, പട്ടിണി, ദാരിദ്ര്യം, നാണയപ്പെരുപ്പം ഇവ എല്ലാ രാജ്യങ്ങളിലും ദൃശ്യമായി.
3. വംശങ്ങളിൽ ശ്രേഷ്ഠന്മാർ ആര്യന്മാരാണെന്ന് ഹിറ്റ്ലർ വിശ്വസിച്ചു. ആര്യന്മാരിൽ ശ്രേഷ്ഠർ ജർമ്മൻകാരും - ജൂതരെ ഭൂമുഖത്ത് നിന്നും നിഷ്ക്കാസനം ചെയ്യണമെന്ന് ഹിറ്റ്ലർ കരുതി.
4. വേഴ്സായി ഉടമ്പടി - സർവരാഷ്ട്രസഖ്യത്തിന്റെ പരാജയം - കോളനികൾക്ക് വേണ്ടിയുള്ള കിടമത്സരങ്ങൾ - 1929-ലെ സാമ്പത്തിക മാന്ദ്യം

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഫാഷിസവും നാസിസവും ആവിർഭവിക്കാനുണ്ടായ ഘടകങ്ങൾ ഏവ?
2. ഒന്നാം ലോകയുദ്ധത്തിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാം?
3. മെയിൻ കാംഫ്എഴുതിയതാര്?
4. ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ ഏവ?

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. ഒന്നാം ലോകയുദ്ധാനന്തരം വിജയിച്ച ശക്തികൾ യുദ്ധത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ജർമ്മനിയുടെയും ഇറ്റലിയുടെയും മേൽ കെട്ടിവച്ചു. യുദ്ധാനന്തരം ഒപ്പുവച്ച വേഴ്സായി ഉടമ്പടി ജർമ്മനിക്കപമാനകരമായിരുന്നു. ഈ സാഹചര്യങ്ങൾ നിലനിൽക്കെയാണ് ഇറ്റലിയിൽ ഫാഷിസവും ജർമ്മനിയിൽ നാസിസവും രൂപംകൊള്ളുന്നത്.
2. കോളനികൾക്കുവേണ്ടിയുള്ള മത്സരങ്ങളുടെ അക്രമാസക്തമായ ദേശീയത, സൈനിക സഖ്യങ്ങളുടെ രൂപീകരണം.
3. ഹിറ്റ്ലർ.

4. ഭാവിതലമുറയെ യുദ്ധത്തിൽ നിന്ന് രക്ഷിക്കുക, രാജ്യങ്ങൾ തമ്മിൽ സഹകരണം ഉറപ്പുവരുത്തുക, മനുഷ്യന്റെ മൗലികാവകാശം ഉറപ്പുവരുത്തുക, ലോക ജനതയുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുക.

## സംഗ്രഹം

ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഭയാനകമായിരുന്നു ഒന്നും രണ്ടും ലോകയുദ്ധങ്ങൾ. കോടിക്കണക്കിന് ആളുകളും ജീവനും സ്വത്തും ഈ യുദ്ധത്തിലൂടെ നഷ്ടമായി. ലോകത്ത് സമാധാനവും സുരക്ഷിതത്വവും നിലനിർത്തുവാൻ രൂപീകരിച്ച സർവ്വരാഷ്ട്രസംഖ്യം ഒരു പരാജയമായിരുന്നു. മുസ്സോളിനിയുടെയും ഹിറ്റ്ലറിന്റെയും സ്വേച്ഛാധിപത്യ പ്രവണതകൾക്കേറ്റ തിരിച്ചടിയായിരുന്നു രണ്ടാം ലോകയുദ്ധം. ലോക സമാധാനം നിലനിർത്തുവാൻ ഐക്യരാഷ്ട്ര സംഘടന പ്രധാന പങ്കുവഹിക്കുന്നു.

## തുടർ പ്രവർത്തനങ്ങൾ/തുടർ മൂല്യനിർണയ പ്രവർത്തനങ്ങൾ

- ഫാഷിസവും നാസിസവും തമ്മിലുള്ള സാമ്യങ്ങൾ പട്ടികപ്പെടുത്തുക.
- രണ്ടാം ലോകയുദ്ധവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ഒരു ടൈം ലൈൻ തയാറാക്കുക.
- ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനം വിലയിരുത്തുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ തിരിച്ചറിഞ്ഞ് വിശകലനം ചെയ്യാൻ | | | |
| ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ വിശദമാക്കാൻ | | | |
| രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശകലനം ചെയ്യാൻ | | | |
| ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ വിശദീകരിക്കാൻ | | | |

## തുടർ വായനയ്ക്ക്

- ലോകചരിത്രം (രണ്ടാം ഭാഗം) - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- ലോകചരിത്ര സംഗ്രഹം- എച്ച്. ജി. വെൽസ്
- Contemporary World History : Arjun Dev.
- Puffin's History of the World : Roshan Dalal
- The Great Wars - PBS Documentary